
ഇപ്പോഴും
മിണ്ടാതിരുന്നാൽ....
UNION CHRISTIAN COLLEGE
Magazine 2009 - 2010

www.federalbank.co.in

# WE JUST REVAMPED THE WAY YOU BANK

Our new and improved website brings to you an at-home banking experience.

**www.federalbank.co.in**

Internet banking has never been so cool. With an all new look and better user interface, our website has just redefined convenience. Log on to www.federalbank.co.in today for a banking experience that leaves you with more than just a smile. Because after all, clicking is believing.




24x7 PHONE BANKING
1800 425 1199
1800 420 1199

FEDERAL BANK
YOUR PERFECT BANKING PARTNER

24x7 online customer support | Logical segmentation of info | Intuitive navigation | Region specific | Street view of offices | Integration with Google map | Working hours of all offices | Live & historical share price | Faster site search with Google engine | Download & open accounts | Product comparison | Easy access of online activities | User-friendly calculators | Product queries | Fund transfers | Inward remittance | Grievance registration | Online application for jobs & assignments

The Federal Bank Limited, Regd. Office: Aluva



# സമർപ്പണം

ചരിത്രം വിജയിയെന്ന്
രേഖപ്പെടുത്തിയവർക്കു പിറകിൽ
പതിയാതെ പോയ മുഖങ്ങൾക്ക്.........
പോരാട്ടങ്ങൾ വിജയങ്ങളായപ്പോൾ
വിസ്മൃതിയിലാണ്ടുപോയ ജീവിതങ്ങൾക്ക്.........
വിജയം തുടർക്കഥയായപ്പോൾ
മറക്കപ്പെട്ടുപോയ പോരാളികൾക്ക്.........

| | |
|---|---|
| Chief Editor | : Dr. Varghese John |
| Staff Advisor | : Dr. Sibu M. Eapen |
| Student Editor | : Sinto Paul |
| Staff Editors | : Dr.Ancy Eapen<br>Dr. Sonia Chacko<br>Ms. Usha Rani |
| Sub Editors | : Johnson<br>Ammu<br>Pranav |
| Committee Members | : Shebin<br>Meera<br>Tonson<br>Vivek<br>John<br>Nivin<br>Rockey<br>Sajeer<br>Sivadas<br>Arun |
| Layout | : Rajesh Kumar |
| Designing & Printing | : National Offset, Vallam, Perumbavoor. |
| Cover Design | : Ance Theresa |


## STATEMENT OF OWNERSHIP

Statement of Ownership and Other Partnership

| | |
|---|---|
| Place of Publication | : Aluva |
| Periodicity of Publication | : Annually |
| Printer's Name | : Varghese John |
| Nationality | : Indian |
| Address | : Principal, U.C. College, Aluva. |
| Publisher's Name | : -do- |
| Editor's Name | : Sinto Paul |
| Nationality | : Indian |
| Address | : Editor, U.C.College, Aluva |
| Printed at | : National Offset, Vallam, Perumbavoor. |

I, Varghese John hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Principal

# എഡിറ്റോറിയൽ

പ്രിയ സുഹൃത്തേ......
എനിക്കും നിനക്കുമിടയിൽ
ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഈ
കറുത്ത ഗോപുരങ്ങളെ നീ
കാണാതിരിക്കുന്നതെന്തുകൊണ്ട് ?
നമ്മുടെ വിശ്വാസങ്ങളെ
തകർത്തെറിഞ്ഞുകൊണ്ടിരിക്കുന്ന
യാഥാർത്ഥ്യങ്ങളെ
നമ്മിൽ നിന്നും മറച്ച് പിടിക്കുന്ന
പ്രത്യയശാസ്ത്രങ്ങളുടെ
കറുത്തിരുണ്ട ഗോപുരങ്ങൾ.
അവകാശസമരങ്ങളെ
അടിച്ചമർത്തിക്കൊണ്ടിരിക്കുന്ന
അധികാരത്തിന്റെ അടഞ്ഞകോട്ടകൾ.
നമ്മുടെ സ്നേഹബന്ധങ്ങളെ
ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുന്ന
അഹങ്കാരത്തിന്റെ ഇരുണ്ട തടവറകൾ.
ഈ കെട്ടുപാടുകളെ
നാം പൊട്ടിച്ചെറിയേണ്ടിയിരിക്കുന്നു.
അധികാരികൾക്ക് തളർത്താനാകാത്ത
നിയമങ്ങൾക്ക് മൂടിക്കെട്ടാനാകാത്ത
ഒരു ശബ്ദം നാം ഉയർത്തേണ്ടിയിരിക്കുന്നു.....
യാഥാർത്ഥ്യങ്ങളെ തുറന്നു കാട്ടുന്ന
അവകാശങ്ങൾക്ക് വേണ്ടി പടപൊരുതുന്ന
വ്യക്തിബന്ധങ്ങളെ വേർതിരിച്ചറിയുന്ന
നമ്മുടെ ശബ്ദം ഈ കാലത്തിന്റെ
അനിവാര്യതയായി തീർന്നിരിക്കുന്നു.....

എഡിറ്റർ

## Former Principal



Union Christian College is entering another decade in its long history of shaping lives, and being shaped by them too. Each one of us ? student, teacher, or non teaching staff ? has become part of this history. And once again it is time to look back at the year we have left behind us. It is time to congratulate all those who did well; to thank all those who helped; to give our best wishes to those who are leaving; and to think ahead, both for life in the college and for the life of the college.

One must say that the College has done reasonably well this year too in terms of the results of University examinations and University ranks; in terms of achievements in sports, games, arts and culture; in terms of academic endeavours; in terms of student activities; and of the activities of the NCC, NSS, and the various clubs and associations. I am sure that this College Magazine will carry evidence of all these. I congratulate all students who contributed to each of these, and those who gave leadership.

The life of the College in fact has been made up of these, and much more than these. It has been the creation of many who did countless routine things, and also of many who took initiative, guided, facilitated, and were responsible. We have to be grateful to each one of them for their time, efforts, and good will.

As we look ahead for our lives and the life of the College, it is important for each one of us ? student, teacher, or non teaching staff ? to ask two questions to ourselves: How did life in the College help to shape me, if it did? How did I help to shape the life of the College, if I did? Our honest answers would mean a lot in deciding what the future holds for us.

My best wishes.

Dr. Varghese John



Dr. T. Thomas Philip
B. Sc., M.Sc. (Calicut), Ph.D. (Guelph)
PDF (Guelph), PDF (British Columbia)

I am delighted to pen a few words as the new College Magazine is released, and that too, during the Navathy year of the College.

Union Christian College is a unique institution in several ways. The spirit of inclusiveness, tolerance, East - West cooperation, memorable teacher - student relationship and fervent adherence to the eternal principles are just a few of them.

We are excited to be around during the Navathy year. This year we have a number of projects already launched or waiting to be launched. All these must strengthen our tradition and heritage and revitalize us to move into the centenary year of this great institution.

Let this college Magazine be a fitting memento of the ethos of the College and spur us to greater achievements ahead.

My Hearty congratulations to the Editorial Board and to all those whose efforts and goodwill went into the publication of this college Magazine.

Dr. T. Thomas Philip
PRINCIPAL

# ഉള്ളം






## കവിതകൾ

ദൈവത്തെത്തേടി 11
തടവുചാട്ടം 15
Raindrops 16
ആത്മഹത്യ 18
പ്രളയം 18
പിന്നേയ് തിരക്കില്ലെങ്കിൽ 25
ശിഷ്ടം 28-29
അച്ഛന്റെ ഉണ്ണി 34
അത്ഭുതം 35
പ്രണയസങ്കടങ്ങൾ 39
Still Wandering 40
മലയാളത്തിന്റെ പൈങ്കിളി 46
ഓർമ്മ 47
കാരണങ്ങൾ 56
പ്രണയിച്ചപ്പോൾ 61
സാമൂഹ്യജീവി 61
എന്റെ പ്രിയസുഹൃത്തിന് 62
ജീവിതത്തിന്റെ തംബുരു ശ്രുതിമീട്ടുമ്പോൾ 67
പിറവി 71
ശൈലി 71
ചിത 72
What matters Word's 76
നിറങ്ങൾ 79
രുദ്രവീണ 80
ചവറ്റുകുട്ട 85
हे जवान, तुम्हें सलाम। 86
शायरी....., इस दिल की.... 87
സഞ്ചാരം 88
മഴ ഓർമ്മപ്പെടുത്തുന്നത് 89
യാത്രാമൊഴി 96



## നൊസ്റ്റാൾജിയ

എഴുപതുകളിലെ യുസി 32-33
ഓർമ്മച്ചിത്രങ്ങൾ 53-55



## വിവരണം

കപ്രിക്കാട് - ചില വിഹ്വലചിന്തകൾ 58 - 59



## സിമ്പോസിയം

ആഗോള സാമ്പത്തിക പ്രതിസന്ധി 19-23



## സംഭാഷണം

സേതു 12-14
ഭാരതീയ ശാസ്ത്രീയ നൃത്തസങ്കല്പം 73 - 74
പരിപ്പുവട, കട്ടൻചായ മുന്നരപ്പതിറ്റാണ്ട് ചരിത്രം 90-91



## കഥകൾ


മുടി 17
ഇ മെയിൽ കാലത്തെ പോസ്റ്റ്മാൻ 26-27
പ്രതീക്ഷ 38
Echoes of Life 44-45
മാർട്ടിൻ പുണ്യവാളന്റെ തിരോധാനം 48
ഒരു കുഞ്ഞു ഭൂമികുലുക്കം 63-64
ഒരിക്കൽക്കൂടി 92




## കുറിപ്പുകൾ


ഒരിടം തേടി 57
ഇപ്പോൾ മിണ്ടാതിരുന്നാൽ 75
തെരുവ് 82




## ലേഖനം


Survival After Death 30-31
കോപ്പൻഹേഗൻ- കൊഴിഞ്ഞുപോയ ഹരിതപ്രതീക്ഷ 41
Fear Mongering & Politics : Strategy Nouveau 50-52
പഠിക്കാനുണ്ട് ഓസ്കർ ജേതാക്കളിൽ നിന്ന് 60
സ്വാതന്ത്ര്യത്തിന് വയസാകുന്നു 77-78
മൊബൈൽ ചിലയ്ക്കുമ്പോൾ നാം കേൾക്കുന്നത് 83-84
ഭൗതികശാസ്ത്രവും തത്വശാസ്ത്രവും 93-94
Jain Temple 95




## അനുസ്മരണം


ഒരു ജീവന്മുക്തന്റെ കർമ്മപാത 42-43




## റിപ്പോർട്ടുകൾ


Principal's Report 105-112
College Union Report 113-115
NSS Report 116-119
NCC Report Boys 121-122
NCC Report Girls 123-125
Sports Report 126-127




## നിരൂപണം


വിശുദ്ധമായ ഈഡിപ്പസ് കോംപ്ലക്സ് 36-37
ജനപ്രിയതയുടെ രാഷ്ട്രീയം 68 - 70




# EDITORIAL BOARD

**Staff Advisor**



Dr. Sibu M. Eapen

**Sub Editors**



Johnson



Ammu



Pranav

**Committee Members**



Shebin



Meera



Tonson



Vivek



John



Anju



Chanchana



Sajeer



Sivdas



Arun



Nivin



Rocky

# ആദരാഞ്ജലികൾ..........



പ്രൊഫ. പാലേലി നാരായണൻ നമ്പൂതിരി

# ആദരാഞ്ജലികൾ..........





## MIDHUN THOMAS

*"When you lose some one you love,
you gain an angel whose name already know..."*





# ദൈവത്തെത്തേടി

**ഗീതാഞ്ജലിയിൽ നിന്നും മൊഴിമാറ്റം**

Prof. Mary Poulose

ഇനി മതി
കീർത്തനാലാപവും
മന്ത്രജപങ്ങളും
ആരെയർപ്പിച്ചു നീ ?
വിഭുവില്ല കോവിലിൽ
ദൈവമുപേക്ഷിച്ച ദേവാലയങ്ങളിൽ
ദേവാലയത്തിന്റെ വാതിലും ബന്ധിച്ചു
കോവിലിന്നിരുളാർന്ന മൂലയിൽ
നീ തേടുവതേതു പൊരുളിനെ ?

കൺതുറന്നീടുക കാണുക
പീഠമൊഴിഞ്ഞിരിക്കുന്നു

അവനെവിടെ ?
അവനിവിടെ...
അവനിയുടെ പശിയാറ്റുവാൻ
കർഷകൻ നിലമുഴുതു തപിക്കുന്നിടങ്ങളിൽ
പാത പണിയുവോർ
പാറ പിളർക്കുന്നിടങ്ങളിൽ
ഏറെ വെയിലേറ്റു
പൊടിയണിഞ്ഞ്
മഴയേറ്റു
നിറം കെട്ടൊരാടയോർത്ത്
അവനിവിടെ
പണിയെടുത്തുഴലുവോർക്കൊപ്പം
ഭാരം ചുമന്നു കിതച്ച്
ഉഴറി വീണടിയുവോർക്കൊപ്പം

സേതു. മലയാളകഥാസാഹിത്യ രംഗത്തും നോവൽ രചനയിലും വ്യക്തി മുദ്ര പതിപ്പിച്ച എഴുത്തുകാരൻ.

തന്റെ സൃഷ്ടികളിലൂടെ അദ്ദേഹം തീർത്ത അടയാളങ്ങൾ ആസ്വാദനപർവ്വത്തിന്റെ പാണ്ഡവപുരക്കാഴ്ചകൾക്കു നിറം പകരുന്നു.

യൂണിയൻ ക്യാംപസിന്റെ സന്തതിയായ സേതുവുമായുള്ള വർത്തമാനത്തിൽ നിന്നും...



**? പൂർവ്വ വിദ്യാർത്ഥി എന്ന നിലയിൽ നോക്കുമ്പോൾ യു. സി. കോളേജ് താങ്കളുടെ എഴുത്തിനെ എങ്ങനെ സ്വാധീനിച്ചിട്ടുണ്ട്?**

പാരമ്പര്യത്തിൽ ഊന്നി നിൽക്കാനിഷ്ടപ്പെടുന്ന കോളേജാണ് യു. സി. ശാന്തമായ അന്തരീക്ഷം. ഒരു നാട്ടുമ്പുറത്തുകാരനെന്ന നിലയിൽ ആ അന്തരീക്ഷവുമായി യോജിച്ചു പോകാൻ സാധിച്ചിരുന്നു. പൊതുവെ അച്ചടക്കം, അപകർഷതാബോധം എന്നിവ പ്രകടമായിരുന്നു. എന്തായാലും കലാലയ ജീവിതത്തിൽ സാഹിത്യപരമായും കലാപരമായും യാതൊരുവിധ പ്രവർത്തനങ്ങളും ഉണ്ടായിരുന്നില്ല. കുറ്റിപ്പുഴ സാറിന്റെ മലയാളം ക്ലാസിൽ പഠിക്കാൻ സാധിച്ചില്ല എന്നത് വല്ലാത്തൊരു നഷ്ടമായി കരുതുന്നു.

**? എഴുത്തിന്റെ മേഖലയിൽ കഥാകൃത്ത്, നോവലിസ്റ്റ്- ഇവയിൽ ഏതായി അറിയപ്പെടാനാണ് ആഗ്രഹം ?**

ഉത്തരം പറയാൻ ബുദ്ധിമുട്ടുള്ള ചോദ്യമാണ്. രണ്ടും ഇഷ്ടമാണ്. ഏങ്കിലും കഥയിൽ എനിക്ക് കൂടുതൽ കയ്യടക്കം ഉണ്ടെന്ന ആത്മവിശ്വാസം ഉണ്ട്. തുടർച്ചയായി നമ്മൾ നവീകരിക്കപ്പെടണം. ഞാൻ അതിനു ശ്രമിക്കുന്ന ആളാണ്. കഥയ്ക്ക് പരിമിതികൾ കൂടുതലാണ്. ജീവിതത്തിനെ കുറച്ചുകൂടി ആഴത്തിലും പരപ്പിലും കാണുന്നത് നോവലാണ്. കഥ, ചെറിയ ക്യാൻവാസിലൂടെ കാണുന്ന വലിയ ലോകമാണ്. രണ്ടിനെയും താരതമ്യപ്പെടുത്തേണ്ട കാര്യമില്ല. രണ്ടും രണ്ടാണ്. നോവലിസ്റ്റ് എന്നു ചിലർ വിശേഷിപ്പിക്കാറുണ്ട്, അതിനോട് താൽപര്യമില്ല. കുറച്ചെങ്കിലും നല്ല കഥകൾ എഴുതിയിട്ടുണ്ട്.

**? സാഹിത്യത്തിലേക്കുള്ള കടന്നു വരവു മുതൽ ഇപ്പോൾ പണിപ്പുരയിലുള്ള നോവൽ വരെ, എഴുത്തിന്റെ ഈ യാത്രയെ പിൻതിരിഞ്ഞു നോക്കുമ്പോൾ എന്തു തോന്നുന്നു ?**

എന്നെ സംബന്ധിച്ചിടത്തോളം ഇത്രയും നാളത്തെ സമ്പാദ്യം അല്ലെങ്കിൽ നേട്ടം എന്നത് സാഹിത്യം ഇത്രനാൾ കൊണ്ടുനടന്നു എന്നതാണ്. എന്റെ തലമുറയിലെ പലർക്കും എഴുതാൻ പറ്റാതായിട്ടും ഞാനിന്നും എഴുതുന്നുണ്ട്. ഒന്നുമില്ലെങ്കിലും ഇന്നും സ്വപ്നം കാണാൻ കഴിയുന്നു. പ്രായമായെങ്കിലും ഈ എഴുത്ത് എനിക്ക് മടുക്കുന്നില്ല. കുറെ വായനക്കാരുള്ളതിനാൽ അവർക്കും മടുത്തിട്ടില്ലെന്നു കരുതാം.

**? ഇത് എങ്ങനെ സാധിക്കുന്നു ?**

മുമ്പു സൂചിപ്പിച്ചതുപോലെ ഞാൻ എന്റെ മനസ്സിനെ എപ്പോഴും നവീകരിക്കാൻ ശ്രമിക്കുന്നു. പലർക്കും കഴിയാതെ പോകുന്നത് അതാണ്. ഇന്റർനെറ്റ്, ബ്ലോഗ് തുടങ്ങിയ ആധുനിക സങ്കേതങ്ങൾ വളരെ കാലങ്ങളായി ഉപയോഗിക്കുന്ന വ്യക്തിയാണ് ഞാൻ. തുടക്കം മുതലേ കഥയെഴുതാൻ കംപ്യൂട്ടർ ഉപയോഗിക്കുന്നു. എനിക്ക് മാറ്റങ്ങൾ ഉൾക്കൊള്ളാനും സ്വയം തിരുത്താനും സാധിക്കുന്നു. അതുകൊണ്ടാണ് ഉള്ളിലൊരു പുതുമ നിലനിർത്താൻ കഴിയുന്നത്.

**? സാങ്കേതിക വികാസം സാഹിത്യത്തെ വളർത്തുകയാണോ തളർത്തുകയാണോ ചെയ്യുന്നത്?**

വളരെ ഗുണങ്ങളും ദോഷങ്ങളും ഉണ്ട്. ഗുണം പത്രാധിപരെയോ, വിമർശകരെയോ പേടിക്കേണ്ട. അവാർഡുകൾ നോക്കേണ്ട. നമുക്ക് നമ്മുടേതായ Space ഇടം കിട്ടും. സർവ്വോപരി, വ്യത്യസ്തമായ ഒരു ശബ്ദം കേൾപ്പിക്കാനുള്ള പുതിയ മാധ്യമം ഇവിടെ തുറന്നു കിട്ടിയിരിക്കുകയാണ്. അതിനെ നിഷേധിക്കരുത്. ആരെങ്കിലുമൊക്കെ അതിൽനിന്നും വളർന്നു വരുന്നുണ്ടാകും. മറ്റൊന്ന്, **എന്തെന്തു വികാസങ്ങൾ സംഭവിച്ചാലും അച്ചടിച്ച പുസ്തകം മാത്രമേ നിലനിൽക്കുകയുള്ളൂ. പുസ്തകവായന എന്നത് നമ്മുടെ സ്വകാര്യതയിൽ നാം നടത്തുന്ന വലിയൊരു കർമ്മമാണ്. സർഗ്ഗപരമായ ഒരു കൂട്ടായ്മ അവിടെ നടക്കും.** പക്ഷേ അത് ആധുനിക സങ്കേതങ്ങളായ blog മുതലായവയിൽ കാണാൻ സാധിക്കില്ല.

**? അക്കാദമികളുടെ പ്രവർത്തനം ഇന്ന് സാഹിത്യത്തിന് ഏതെങ്കിലും രീതിയിൽ ഗുണം ചെയ്യുന്നുണ്ടോ ?**

എനിക്ക് തോന്നുന്നില്ല. അക്കാദമികൾക്കൊരിക്കലും സാഹിത്യകാരന്മാരെ സൃഷ്ടിക്കാനോ സാഹിത്യത്തെ പരിപോഷിപ്പിക്കാനോ സാധിക്കുമെന്നു തോന്നുന്നില്ല. അക്കാദമിക്ക് ആകെക്കൂടി ചെയ്യാവുന്നത് പലതരം സംവാദങ്ങൾക്ക് വേദിയൊരുക്കുക എന്നതാണ്. ഗവേഷണങ്ങൾക്കൊക്കെ വളരെ ഉപകരിക്കുന്ന നല്ല ലൈബ്രറിയുണ്ട് നമ്മുടെ അക്കാദമിയിൽ. അവാർഡു കൊടുക്കുന്നതിൽ അക്കാദമികൾക്ക് വലിയ പങ്കുണ്ടെന്ന് എനിക്കു തോന്നുന്നില്ല.

**? കഥയിലാണ് കൂടുതൽ കയ്യടക്കം എന്നു പറഞ്ഞു. ആ ഒരു മേഖലയിൽ മാഷിന്റെ കഥകൾക്കുള്ള ഇടത്തെ കുറിച്ച് എന്തു തോന്നുന്നു ?**

അത് അടയാളപ്പെടുത്തേണ്ടത് വായനക്കാരാണല്ലോ. ഞാൻ കുറെ നല്ല കഥകളെഴുതിയിട്ടുണ്ടെന്നെനിക്ക് ഉറപ്പുണ്ട്. എഴുത്തുകാരൻ എന്ന നിലയിൽ എഴുതിക്കഴിഞ്ഞാൽ എന്റെ കർമ്മം കഴിഞ്ഞു എന്നാണ് ഞാൻ കരുതുന്നത്. ഞാൻ ഉദ്ദേശിക്കുന്ന രീതിയിൽ കൃതികളുടെ പഠനം നടക്കണം എന്നില്ല. ഒരു കൃതി വായിക്കുമ്പോൾ എഴുത്തുകാരനും വായനക്കാരനും തമ്മിൽ സർഗ്ഗപരമായ ഒരു ബന്ധം വരുന്നു. അപ്പോഴാണ് കൃതിക്കൊരു പൂർണ്ണത ലഭിക്കുന്നത്.

**? ബൗദ്ധികമായ ഒരു എഴുത്തിനെ മലയാളം തള്ളിക്കളയുന്നുണ്ടോ ? എന്താണ് ഈ എഴുത്തിടത്തെ കുറിച്ചു പറയാനുള്ളത്?**

ങ്ങാനയില്ല. ആനന്ദിനെപ്പോലുള്ള എഴുത്തുകാർക്ക് ധാരാളം വായനക്കാരുണ്ട്. 60 കളുടെ ഒടുവിൽ മറ്റ് ഇന്ത്യൻ ഭാഷകളിൽ ഇങ്ങനെയുള്ള കഥകളാരും തൊടില്ല. എന്നിരിക്കെ ഇത് വലിയൊരു ഭാഗ്യമാണ്. വിമർശനങ്ങൾ വരെ നല്ലൊരു സൂചനയാണ്. ഇത് കാണിക്കുന്നത് വളരെ നല്ലൊരു വായനാസമൂഹം കേരളത്തിൽ ഇന്നും ഉണ്ട് എന്നതാണ്. അവഗണിക്കുന്നതിനേക്കാൾ നല്ലതാണ് അധിക്ഷേപിക്കുന്നത്.

**? അടയാളങ്ങൾ എന്ന കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ നോവലിന്റെ എഴുത്തനുഭവത്തെക്കുറിച്ച്...**

മലയാളികൾ ചില ശാഠ്യങ്ങൾ കാണിക്കുന്നു. അവർ സാഹിത്യം എങ്ങനെയാവണം എന്നതിനെക്കുറിച്ച് നേരത്തെ തന്നെ ഒരു രൂപരേഖ നിർമ്മിച്ചിരിക്കുകയാണ്. സാഹിത്യം വളരെ വിശാലമായ ലോകമാണ്. അതിൽ എങ്ങനെസഞ്ചരിക്കാനുള്ള സ്വാതന്ത്ര്യവും നമുക്കുണ്ട്. 'അടയാളങ്ങൾ' എന്ന കൃതിയിലെ പ്രിയംവദ എന്ന കഥാപാത്രം കുറേ നാൾ എന്നെ പിന്തുടർന്നിരുന്നു. ആ കഥാപാത്രം ജീവിതത്തിലെ വ്യത്യസ്തങ്ങളായ അനുഭവങ്ങളിലൂടെ കടന്നു പോകുന്നു. എന്റെ മറ്റു കൃതികളിൽ നിന്നും വ്യത്യസ്തമായ ഒന്നാണ് അടയാളങ്ങൾ എന്ന് പരക്കെ അഭിപ്രായങ്ങൾ ഉണ്ടെങ്കിലും എനിക്ക് അങ്ങനെ തോന്നുന്നില്ല. എഴുതിയിട്ടുകൂടി പ്രിയംവദ എന്നെ മാനസികമായി പിന്തുടർന്നു. അങ്ങനെയാണ് 'കിളിമൊഴികൾക്കപ്പുറം' എഴുതുന്നത്.

**? കൃതികളിൽ ഫാന്റസി എന്ന സങ്കേതം കൂടുതൽ ഉപയോഗിക്കുന്നതായി കണ്ടു. അതിന്റെ കാരണം?**

ഫാന്റസി എന്നതിനോടു യോജിപ്പില്ല. കഥാപാത്രങ്ങളുടെ ചില അയഥാർത്ഥ്യമായ തലങ്ങളുണ്ട്. ഇതിനെ ശക്തമായി അവതരിപ്പിക്കണമെങ്കിൽ അയഥാർത്ഥ്യമായ തലത്തിലേക്ക് കഥാപാത്രത്തെ കൊണ്ടുപോണം. പലപ്പോഴും ഞാൻ കൈകാര്യം ചെയ്യാൻ ശ്രമിക്കുന്ന പ്രമേയം റിയലിസ്റ്റിക്കായി പറയുവാൻ സാധിക്കില്ല. ഞാനതിനെ കുറച്ചുകൂടി വ്യത്യസ്തമായ രീതിയിൽ സമീപിക്കും. ഉദാഹരണത്തിന് പാണ്ഡവപുരത്തിലെ ദേവിയുടെ കഥ നമുക്കൊരിക്കലും യഥാതഥം പറയുവാൻ സാധിക്കില്ല. റിയലിസ്റ്റിക്കായി പറയുന്നതിന് ഒരുപാട് പരിമിതികളുണ്ട്. ഇതിനെ അതിജീവിക്കാൻ മറ്റു പല ഉപകരണങ്ങളും കയ്യിൽ വേണം. അത് ഫാന്റസിക്കുവേണ്ടിയുള്ള ഫാന്റസിയാവുന്നില്ല.

**? 'നിയോഗം' ക്ലാസിക്കൽ ടച്ചുള്ള ഒരു നോവൽ ആണ്. കൂട്ടത്തിൽ നിന്നും വേറിട്ടു നിൽക്കുന്ന ഒരു കൃതി. ഇതിനെക്കുറിച്ച്...**

'നിയോഗം' വാസ്തവത്തിൽ എനിക്ക് വളരെ പ്രിയപ്പെട്ട കൃതിയാണ്. അധികം ശ്രദ്ധിക്കപ്പെട്ടില്ല. അതിനെപ്പറ്റി നല്ലൊരു നിരൂപണം നമ്മുടെ ഡോ. എം. നമ്പ്യാർ എഴുതിയിട്ടുണ്ട്. 'നിയോഗം' ഇംഗ്ലീഷിൽ 'The Wings of the life' എന്ന പേരിൽ മൊഴി മാറ്റിയിട്ടുണ്ട്. നല്ല പ്രതികരണമായിരുന്നു. പാണ്ഡവപുരത്തേക്കാൾ കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടതായിരുന്നു നിയോഗം എന്നു തോന്നുന്നു. ഏറ്റവും ഒടുവിൽ വന്ന 'സൂര്യനെത്തൊട്ട പെൺകുട്ടി' എന്ന നോവലെറ്റ് വളരെ ഇഷ്ടപ്പെട്ടതാണ്. അതാരും ശ്രദ്ധിച്ചില്ല.

**? പാണ്ഡവപുരം വളരെ ശ്രദ്ധിക്കപ്പെട്ട കൃതിയാണല്ലോ. ഇത് എഴുതാനുള്ള പ്രേരണ എന്തായിരുന്നു?**

ആദ്യം ഞാൻ 'വിശ്വനാഥൻ എന്ന ഭൂതം' എന്ന പേരിൽ ഒരു ചെറു കഥ എഴുതി. അതൊരുതരത്തിലുള്ള കറുത്ത നർമ്മമായിരുന്നു. ഇല്ലാത്ത ഭൂതകാലം സൃഷ്ടിച്ച് അതിൽ അഭിരമിക്കുന്ന ആ കഥയിലെ കഥാപാത്രം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. പിന്നെ എനിക്ക് ആ വിഷയത്തിൽ കുറച്ചുകൂടി സാധ്യത കാണാൻ കഴിഞ്ഞു. അങ്ങനെയാണ് പാണ്ഡവപുരം എഴുതുന്നത്. **നമ്മുടെ എഴുത്തിനുള്ള പ്രേരണ, അബോധമനസ്സിൽ നടത്തുന്ന ചലനങ്ങളാണ്. ഇവ നമ്മെ അലട്ടാൻ തുടങ്ങുമ്പോഴാണ് നാം രചനയിലേക്ക് കടക്കുന്നത്.** എഴുതിത്തുടങ്ങിയപ്പോൾ വേറെ ചില വ്യത്യസ്ത തലങ്ങളിലേക്ക് ഇതെന്നെ കൊണ്ടെത്തിച്ചു. 'ദേവി'യുടെ മനസ്സിൽ നടക്കുന്ന കാര്യങ്ങൾ കല്പിതകാലത്തിലാണ് എന്നതുതന്നെ വളരെ വ്യത്യസ്തമായ ചട്ടക്കൂടു തീർക്കുന്നു. അതുകൊണ്ടുതന്നെയാണ് അതിപ്പോഴും ചർച്ചചെയ്യപ്പെടുന്നതും വായിക്കുന്നതും. ചില രചനകൾ എഴുത്തുകാരനപ്പുറം വളരും. പാണ്ഡവപുരം അത്തരത്തിലൊന്നാണ്.

**? സിനിമയായ പാണ്ഡവപുരവും നോവലിൽ നിലനിൽക്കുന്ന പാണ്ഡവപുരവും എങ്ങനെ വിലയിരുത്തുന്നു?**

മലയാളത്തിൽ സിനിമ തീരെ നന്നായില്ല. ഇംഗ്ലീഷ് പരിഭാഷ വായിച്ചിട്ട് ബംഗാളിയിൽ ഫിലിം ചെയ്തിട്ടുണ്ട്. സ്വതന്ത്രമായ ആവിഷ്കാരം എന്ന രീതിയിൽ അത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഇതിൽ നോവലിന്റെ ചട്ടക്കൂടിനെയും സിനിമയുടെ ചട്ടക്കൂടിനെയും ഉടച്ചു പുതിയൊരു സമീപനം കൊണ്ടുവന്നിട്ടുണ്ട്. ഇതുവഴി ഒരു മാധ്യമത്തിൽ നിന്ന് മറ്റൊരു മാധ്യമത്തിലേക്ക് പകർന്നാട്ടം സാധ്യമാണ് എന്നാണ് തെളിയിച്ചത്.

**? നമ്മുടെ സാഹിത്യം ക്ലാസിസം, നിയോക്ലാസിസം, റൊമാന്റിസം ഇതെല്ലാം കടന്ന് പോസ്റ്റ്മോഡേണിസത്തിൽ എത്തിനിൽക്കുന്നു. ഉത്തരാധുനികതയെക്കുറിച്ച് എന്താണഭിപ്രായം?**

നമ്മുടെ സമകാലീന ജീവിതത്തിലെ സങ്കീർണ്ണതകളെ രചനയിൽ കൊണ്ടുവരാൻ പഴയ രചനാ സമ്പ്രദായം പോരാതെ വരും. അപ്പോൾ ഭാഷയും ശൈലിയും ഉടച്ചു വാർക്കേണ്ടതായി വരും. ഇതൊരു തുടർച്ചയാണ്. (ട്രെന്റ് എന്നതിലപ്പുറം). പക്ഷെ കുറച്ചു കാലം കഴിഞ്ഞാൽ ഇതു പോകും. തലമുറകളായി ഇതു പ്രവഹിക്കുന്നു. നമ്മളൊക്കെ അതിന്റെ കരക്കിരുന്ന് വെള്ളം കോരി കളിക്കുന്ന കുട്ടികൾ മാത്രം. എല്ലാ കാലഘട്ടത്തിലും എഴുത്തുകാരുണ്ട്. അവർ അവരുടേതായ കാര്യങ്ങൾ ചെയ്തിട്ട് അവരുടെ വഴിക്ക് പോകും. ഇത് എല്ലാ അളക്കലും ചൊരിയലും നടത്തുന്ന കാലമാണ്. ആധുനികത വന്നു. ഇതും എത്ര കാലം നിലനിൽക്കും? ഞാൻ ആധുനികതയുടെ കാലത്ത് എഴുതിയിരുന്ന ആളാണ്. ആധുനികൻ എന്ന അവകാശവാദങ്ങളില്ല. സസ്യശാസ്ത്രത്തിലെന്നപോലെ സാഹിത്യകൃതികളെ കള്ളി തിരിച്ചു നിർത്തുന്നതിൽ താല്പര്യമില്ല.

**? എഴുത്തിന്റെ വഴിയിലെ സൗഹൃദങ്ങളെക്കുറിച്ച് ....**

മുകുന്ദൻ, കാക്കനാടൻ, സക്കറിയ ഞങ്ങൾ തമ്മിൽ നല്ലൊരു ബന്ധമുണ്ട്. പക്ഷെ പുതിയ തലമുറയിൽ ഇത്തരം സൗഹൃദങ്ങളുണ്ടോ എന്നെനിക്ക് സംശയമാണ്. വ്യക്തിപരമായി ബന്ധമുള്ള പല എഴുത്തുകാരും ഉണ്ട്. **എനിക്ക് വളരെ ഇഷ്ടപ്പെട്ട എഴുത്തുകാരനായിരുന്നു വി.കെ.എൻ. പക്ഷെ അദ്ദേഹം മലയാളത്തിൽ വേണ്ടത്ര വായിക്കപ്പെട്ടില്ല.** അദ്ദേഹം ഒരു ഹാസ്യ സാഹിത്യകാരൻ എന്നൊന്നുമല്ല അറിയപ്പെടേണ്ടിയിരുന്നത്. ഒരു വലിയ ജീനിയസ്സായിരുന്നു അദ്ദേഹം.

**? ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയമാണ് എഴുത്തുകാരന്റെ സാമൂഹിക പ്രതിബദ്ധത'. ഇതേക്കുറിച്ച് എന്താണഭിപ്രായം?**

എഴുത്തുകാരനെപ്പോഴും ജനപക്ഷത്തു നിൽക്കുന്ന ആളായിരിക്കണം. കാരണം നമ്മൾ ചിത്രീകരിക്കാൻ നോക്കുന്നത് അല്ലെങ്കിൽ സമീപിക്കാൻ നോക്കുന്നത് നമുക്കു ചുറ്റുമുള്ള ജീവിതാവസ്ഥകളെയാണ്. അടിസ്ഥാനപരമായി നോക്കിയാൽ എല്ലാ മഹത്തായ സാഹിത്യവും മനുഷ്യാവസ്ഥകളെപ്പറ്റിയുള്ള നേർക്കാഴ്ചയാണ്. ഇനി ചോദ്യത്തിന്റെ രാഷ്ട്രീയവശമാണ് ഉദ്ദേശിക്കുന്നത് എങ്കിൽ, എന്റെ അഭിപ്രായത്തിൽ ആനുകാലിക രാഷ്ട്രീയത്തിൽ തികഞ്ഞ അരാഷ്ട്രീയതയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇത് എന്നെ ഭയപ്പെടുത്തുന്നു. ഇവിടെ ഒരു എഴുത്തുകാരന്റെ വ്യക്തിപരമായ സത്യസന്ധതയാണ് ചോദ്യം ചെയ്യപ്പെടുന്നത്. സമൂഹത്തിനുവേണ്ടിയുള്ള എഴുത്തുകാരന്റെ രാഷ്ട്രീയ ഇടപെടലുകൾ തീർത്തും വ്യക്തിപരമാണ്.

**? നിലനിൽക്കുന്ന ചരിത്രത്തെ അടയാളപ്പെടുത്തുന്നതാവണം എഴുത്ത് എന്ന് നിരൂപകന്മാരുടെ ഇടയിൽ നിന്നുരുത്തിരിഞ്ഞ ഒരു വാദമുണ്ട്. ഇതിനോടെങ്ങനെ പ്രതികരിക്കുന്നു ?**

നിലനിൽക്കുന്ന ചരിത്രം എന്താണ് എന്നതിനെ ആശ്രയിച്ചിരിക്കും ഇത്. നമുക്ക് പഴയ ചരിത്രത്തെ തള്ളിക്കളയാൻ പറ്റുമോ? അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് നമ്മൾ വളരുന്നത്. എന്നെ സംബന്ധിച്ചിടത്തോളം മുൻകാല ചരിത്രത്തിൽ നിന്ന് ആർജിച്ചെടുത്ത സംസ്കാരവും പൈതൃകവുമാണ് എന്റെ വ്യക്തിത്വരൂപീകരണത്തെ സ്വാധീനിക്കുന്നത്. ആ ഒരു ആർജ്ജിത സംസ്കാരത്തിൽ നിന്നുകൊണ്ടാണ് ഞാൻ ഭാവിയിലേക്ക് ഉറ്റു നോക്കുന്നത്. അതിനെ തള്ളിക്കളഞ്ഞ് എനിക്കൊരു നിലനില്പില്ല.

**? ഒട്ടനവധി വിവാദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. വിവാദങ്ങളിൽ നിന്നൊഴിഞ്ഞ് നിൽക്കുന്ന ഒരാൾ എന്ന നിലയിൽ ഇതെങ്ങനെ നോക്കിക്കാണുന്നു ?**

മാധ്യമങ്ങൾ എന്തെങ്കിലും വീണുകിട്ടുന്നുണ്ടോ എന്ന് നോക്കി നടക്കുന്ന കാലമാണിത്. പ്രമുഖരായ പല എഴുത്തുകാരും നിസ്സാരമായ കാര്യങ്ങൾ പറഞ്ഞ് മീഡിയ ശ്രദ്ധ ആകർഷിക്കുന്നു. ഇത് മീഡിയ ആഘോഷിക്കുകയാണ്. സാഹിത്യരചന ഗൗരവപൂർവ്വം ഉത്തരവാദിത്വപൂർവ്വം ചെയ്യേണ്ട കാര്യമാണ്. വിവാദങ്ങൾ സൃഷ്ടിക്കുന്നതുകൊണ്ട് എഴുത്തുകാരനോ സാഹിത്യത്തിനോ സമൂഹത്തിനോ ഒരു പ്രയോജനവുമില്ല. പലരും ആ ആഴ്ചയിലെ വാചകമേളയിൽ എത്താൻ പാടുപെടുന്ന ദൃശ്യമാണ് കാണുന്നത്.

**? ഔദ്യോഗികജീവിതവും എഴുത്തും എങ്ങനെ കൊണ്ടുപോകുന്നു?**

ഇത് ഒരു ബുദ്ധിമുട്ടായിട്ട് തോന്നിയിട്ടില്ല. ഓഫീസ് വിട്ടുകഴിഞ്ഞാൽ ഞാൻ അതിനെകുറിച്ച് ആലോചിക്കാറില്ല. എനിക്ക് എന്റേതായ ലോകത്ത് മുഴുകാൻ സാധിക്കുന്നു. കൂടുതൽ അഭിനിവേശം എന്നു ചോദിച്ചാൽ സാഹിത്യം എന്നായിരിക്കും ഉത്തരം. ഒരു ബാങ്കുദ്യോഗസ്ഥനാവുക എന്നതിനേക്കാൾ എത്രയോ ബുദ്ധിമുട്ടാണ് ഒരു എഴുത്തുകാരനാകുക എന്നത്. എവിടെ നിന്നോ വീണ അല്പം വെളിച്ചം അല്ലെങ്കിൽ ശാപമാണ് ഒരാളെ എഴുത്തുകാരനാക്കുന്നത്.

**? ക്യാമ്പസ് രാഷ്ട്രീയത്തെക്കുറിച്ച് എന്താണഭിപ്രായം?**

ഞാനൊരിക്കലും ക്യാമ്പസ് രാഷ്ട്രീയത്തിനെതിരല്ല. ഒരളവിൽ അത് വേണ്ടതാണ്. പക്ഷെ ഏത് തരത്തിലുള്ള രാഷ്ട്രീയം എന്നതാണ് വിഷയം. **സായുധ രാഷ്ട്രീയത്തോട് യോജിപ്പില്ല, അത് രാഷ്ട്രീയമല്ല. മറ്റാർക്കോവേണ്ടി കരുവാക്കപ്പെടുന്നു വിദ്യാർത്ഥികൾ. അരാഷ്ട്രീയം ഒരിക്കലും ഉൾക്കൊള്ളാൻ പറ്റില്ല. ആരോഗ്യകരമായ ഒരു മത്സരം നല്ലതാണ്.**

**? വരുന്ന തലമുറയിലെ യുവസമൂഹത്തോട് എന്താണ് പറയാനുള്ളത്?**

വിദ്യാർത്ഥികളോട് മാത്രമല്ല, എഴുതുന്നവരോടു കൂടി പറയാനുള്ളത് വായനക്കാരെ സൃഷ്ടിക്കുകകൂടി ചെയ്യണം. ഇടം ചുരുങ്ങിവരുന്നു. രചനകളിൽ കടന്നുകൂടുന്ന തീക്ഷ്ണതയും ജാഡയും വായനക്കാരെ അകറ്റുന്നു. ലോകത്തെ ഏത് മഹത്തായ എഴുത്തുകാരനും ലളിതമായ രീതിയിലേ എഴുതിയിട്ടുള്ളൂ. ഇത് വായനക്കാരനെ നല്ല ആസ്വാദകനാക്കി അടുപ്പിച്ചു നിർത്തും. അത്തരം സാഹചര്യങ്ങൾ സൃഷ്ടിക്കണം.

<u>തയ്യാറാക്കിയത്</u>
Midhun Murali
Neethu Valsan
Vishnu Prasad



# തടവുചാട്ടം

നഷ്ടബോധത്തിന്റെ സ്പർശനമേറ്റേറ്റു
കുഷ്ഠം പിടിച്ചൊരീ മനസ്സുമായ് ഭ്രാന്തമായ്

വ്രണിത വികാരങ്ങൾ നീറുമ്പോഴും, നീറ്റലറിയാതെ
മൂകനായ്
കാലം ജീവപര്യന്തം ശിക്ഷിച്ച ഘാതകൻ
ഞാനിരിപ്പൂ ഏകനായ്
ചുറ്റും കൂരിരുട്ടാണ്, തണുത്തൊരീ രാവിന്റെ
തേങ്ങലും
മനസ്സിന്റെ കുറ്റം ചുമത്തലും പരിഹാസവും സാന്ത്വനങ്ങളും
ഞാനറിയുന്നു
വീണ്ടും അറിയില്ലെന്നു നടിക്കുന്നു.
കർമ്മ ദോഷത്തിന്റെ കുറ്റം ചുമത്തി
നാവിലണഞ്ഞു ബോംബുമായ്, കഴുകന്റെ കണ്ണുമായ്
മാംസം കരിക്കാൻ മനം കരിക്കാൻ വിധികർത്താക്കളാം
സമൂഹം
വാദിയും വാദവും പ്രതിയും പ്രതിപാദ്യവും ഞാൻ തന്നെ
വിധിയുടെ ഗതി മാത്രമവർ തീറെഴുതുന്നു.

..............................

Faseela



# RAINDROPS

Some raindrops do often
Take me to my past,
Where I find myself tied with
An invisible knot of relationships.

When I saw my mom leave me
At the doorstep of my playschool,
A raindrop slowly crawled to the
Far corner of my tender eyes.

When the time came to part
From my chum after school,
A tiny drop of rain fell
Heavily into my heart's notebook.

When I left my father's home
To a new world as they told me,
A cold droplet of pounding pain
Crept into my inner soul.



When I saw [illegible] pen lie
Motionless [illegible] white,
I felt the [illegible] me
To be [illegible] worthy.

When I saw my dear children
Go abroad to greater heights,
I found a drop of drizzle in my eyes
Which was surprisingly absent in theirs.

As this little second fills me
With these little memories,
[illegible] and only that old raindrop
Remains in that old place...

I find myself tied with
An invisible knot of relationships.

ARYA M. P.
I B. A ENGLISH

# മുടി

**പു**തിയ വസ്ത്രവും ധരിച്ച് ഞാൻ കണ്ണാടിക്ക് മുന്നിൽ ഇരുന്നു. കാണുവാൻ തരക്കേടില്ലാത്ത മുഖം. തോളിനു പിന്നിലൂടെ മുടി താഴേക്ക് വളർന്നിരിക്കുന്നു. ഇടതുവശത്തുകൂടി ഞാൻ മുടി മുന്നിലേക്കെടുത്തു. മടിത്തട്ടിൽ അവ വളഞ്ഞൊടിഞ്ഞ് അനുസരണയോടെ കിടന്നു. ഞാനതിനെ സ്നേഹപൂർവ്വം തലോടി. നന്നായി ചീകി മിനുക്കി. മുടിയേക്കാൾ കറുത്ത പർദ്ദ അതിനെ മുഴുവനും മറയ്ക്കുമാറ് അണിഞ്ഞു.



ഞാനെന്റെ മുടി മുറിയ്ക്കുവാൻ പോകുന്നു. അനേക ദിവസത്തെ ചിന്തകളുടെയും പരിശ്രമത്തിന്റെയും ഫലമായി അതിന് ഏറ്റവും അനുയോജ്യമായ ഒരിടം കണ്ടെത്തി. നഗരത്തിന്റെ നിഴലിൽ കഴിയുന്ന ആ പ്രദേശത്ത് ഇങ്ങനെയൊരിടം കണ്ടെത്താൻ ബുദ്ധിമുട്ടായിരുന്നു. കറുത്ത ചുവരിൽ വെളുത്ത പെയിന്റ് കൊണ്ടെഴുതിയ ലിബർട്ടി എന്ന പേര് വായിച്ചു കൊണ്ട് ഞാൻ അകത്തേക്കു കയറി.

എന്റെ മുടി മുഴുവനായും മുറിച്ചു തരണം. കഴിയുമെങ്കിൽ ഒരു മുടി പോലും ബാക്കി വെയ്ക്കരുത്.

അരുതാത്തതെന്തോ പറഞ്ഞതു പോലെ ആ സ്ത്രീ എന്നെ നോക്കി. അവർ കൂടുതലൊന്നും ചോദിക്കുന്നതിനു മുമ്പേ ഞാൻ പറഞ്ഞു. പറ്റില്ലെങ്കിൽ പറഞ്ഞോളൂ ഞാൻ വേറെ ഇടം നോക്കാം. മുടി മുറിയ്ക്കുമ്പോൾ അവരുടെ കൈ വിറയ്ക്കുന്നതായി എനിക്കു തോന്നി. തലയിൽ നിന്ന് എന്തോ ഭാരം ഒഴിഞ്ഞതു പോലെ. തറയിൽ എന്റെ മുറിച്ചിട്ട മുടിയിഴകൾ നിലം കാണാതെ നിറഞ്ഞു കിടന്നു. അങ്ങനെ ഊണിലും ഉറക്കത്തിലും എന്റെ സന്തത സഹചാരിയായ എന്റെ മുടി എന്നെ വിട്ടു പോയി. അത് ഒരിക്കലും എന്റെ ശരീരത്തിന്റെ ഭാഗമല്ലെന്ന് മനസ്സിലാക്കിയതിന്നാണ്. ശരീരത്തിൽ നിന്ന് വെട്ടി മാറ്റുമ്പോഴും അവയെന്നെ വേദനിപ്പിച്ചില്ല.

ചെറുപ്പകാലത്ത് ഞാൻ ഇഷ്ടാനുസരണം വീട്ടിൽ പാറി നടന്നു. വീട്ടുകാരെന്നെ തട്ടത്തിൽ തളച്ചു. മുടി തട്ടവും കഴിഞ്ഞ് വളരാൻ തുടങ്ങി. മുടി കെട്ടി വയ്ക്കാൻ അവരെന്നോടാവശ്യപ്പെട്ടു. പിന്നിലേക്ക് മാത്രമായിരുന്ന തട്ടം എന്റെ മുഖം കൂടി മറയ്ക്കാനാരംഭിച്ചു.പുറം ലോകം കാണുവാൻ എന്റെ കണ്ണുകളെ മാത്രം അവർ അനുവദിച്ചു. അങ്ങനെ അഴിയിട്ട ജനലിലൂടെ ഞാൻ ലോകത്തെ കാണുവാൻ പഠിച്ചു.

തോളോളം നീളത്തിൽ ചുരുണ്ട മുടിയും കഴുത്തിൽ കറുത്ത ചരടിൽ കെട്ടിയ രുദ്രാക്ഷവുമുള്ള ഒരു സുഹൃത്തെനിക്കുണ്ടായിരുന്നു. അപരിഷ്കൃതമായ രൂപവും ആധുനികതയുടെ സന്തതിയുമായിരുന്നു അയാൾ. ജനനിബിഡമായ സദസ്സിൽ അയാൾ എപ്പോഴും വിപ്ലവം പ്രസംഗിച്ചു.

ഒരിക്കൽ അയാൾ ചോദിച്ചു എന്തിനാണിങ്ങനെ മുടി വരിഞ്ഞു കെട്ടിയിരിക്കുന്നത്. അത് അഴിച്ചിടുക.

സൂര്യൻ അസ്തമിക്കുന്നതും നോക്കി ഞാൻ ജനലിനരികിൽ ഇരുന്നു. നീ അപ്പോഴും കണ്ണുകൾ തുറന്നിട്ടില്ല. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കു നോക്കുമ്പോൾ വെളിച്ചം.

എന്റെ ബോധം ആദിത്യത്തിന്റെ അന്തർധാരയിൽ സ്പർശിക്കും പോലെ.ഒരബോധപ്രേരണ. ഞാനെന്റെ കറുത്തിരുണ്ട പർദ്ദ വലിച്ചൂരി വെള്ളത്തിലെറിഞ്ഞു. കനമുള്ള എന്തോ എന്നോണം അത് പുഴയുടെ അടിത്തട്ടിലേക്കു കുത്തനെ താഴ്ന്നു. ദൂരെ പടിഞ്ഞാറെ ചക്രവാളത്തിൽ അരുണസൂര്യൻ അസ്തമിക്കുന്നു. ഒരു പൊൻപുലരിയുമായി നാളെ ഉദിക്കാൻ. ഒരു നേർത്ത തണുത്ത കാറ്റ് എന്നെ തഴുകി ഉണർത്തി. ഞാൻ തിരിഞ്ഞു നോക്കി ആ സ്ത്രീ പോയിക്കഴിഞ്ഞിരുന്നു.

Aswathy J. B.
I B. A Psychology



# ആത്മഹത്യ

**ഞാ**ൻ മരിക്കാൻ പോയതായിരുന്നു
പെട്ടെന്ന് മഴ പെയ്തു
ജീവിതം എന്നെ പിടിച്ചു നിർത്തി
മടുപ്പു കൊണ്ട് ഞരമ്പിലമർന്ന ബ്ലേഡിനെ
വേദനയുടെ രുധിരഭയം അടർത്തി മാറ്റി
വീണ്ടും ജീവിതത്തിലേക്ക് കാൽ വെച്ചപ്പോൾ
സങ്കടങ്ങൾ മഴത്തുള്ളികളായ് പൊഴിഞ്ഞു പോയി
പിന്നെ ഒരോട്ടമായിരുന്നു........................മടക്കം......................
അപ്പോൾ പോക്കറ്റിൽ ഒരു വൈബ്രേഷൻ
'വൺ ടെക്സ്റ്റ് മെസേജ് റിസീവ്ഡ്" നൗ വാട്ട്?
എടാ കുടയെടുക്കാമായിരുന്നില്ലേ?
മഴ നനഞ്ഞാൽ പനി വരും ............ അവൾ............
ആകാശം പിളർന്ന് ഭൂമിയിലേക്കു പതിക്കുന്ന
മഴത്തുള്ളികൾക്കൊപ്പം ഭൂമിയും പിളർന്ന് ഞാനും........

..............................
Anand .K
II BA English



# പ്രളയം

**ഗ**ർഭപാത്രത്തിൽ വിള്ളലുകൾ
കാൽപാദത്തിൽ അരിച്ചിറങ്ങിയ
രക്തത്തിനു ഉപ്പുരസം
പിറവിക്ക് മരണം സംഭവിക്കുന്നു
അരിഞ്ഞു വീഴ്ത്തിയ മുലകൾ ചുരന്നു
വെളുപ്പ്, ചുവപ്പ് പിന്നെ കറുപ്പ്
ഒടുവിൽ പ്രളയം

..............................
Divya P.S.
I M.A Malayalam

# ആഗോള സാമ്പത്തിക പ്രതിസന്ധി

## - അനുഭവവും വിശകലനവും

ചരിത്രപാഠം

ലോകം ഇന്ന് വലിയൊരു പ്രതിസന്ധിയെ ഉറ്റുനോക്കികൊണ്ടിരിക്കുകയാണ്. അതിന്റെ ഭീകരമായ ശക്തിയിൽ ലോകത്തിലെ വൻ ശക്തികളായ അമേരിക്കയും ബ്രിട്ടനും ജപ്പാനും മൂക്കുകുത്തി വീണു കഴിഞ്ഞു. ബാങ്കുകൾ പൊളിഞ്ഞു. തൊഴിലില്ലായ്മ വർദ്ധിച്ചു. ഉൽപാദനം കുറഞ്ഞു. അതിന്റെ അനന്തരഫലങ്ങൾ ലോകത്തെ കിടിലം കൊള്ളിക്കുന്നു. ലോക സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ഈ പ്രതിഭാസത്തെ ആഗോള സാമ്പത്തിക പ്രതിസന്ധി എന്ന ഓമനപേരിട്ട് വിളിക്കുന്നു.

ആദ്യമായിട്ടല്ല ലോകം ഇത്തരമൊരു പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നത്. 1930 കളിൽ ലോകം ഇതിലും വലിയ പ്രതിസന്ധിയെ കണ്ടിട്ടുണ്ട്, ലോകം കണ്ടതിൽ ഏറ്റവും വലിയ പ്രതിസന്ധിയായിരുന്നു അത്. അന്നും ഏറ്റവും അധികം കഷ്ടപ്പെട്ട രാജ്യം അമേരിക്ക തന്നെയായിരുന്നു. അവിടെ തൊഴിലില്ലായ്മ മുപ്പത്തിമൂന്ന് ശതമാനമായിട്ടാണ് വർദ്ധിച്ചത്. പല ധനകാര്യ സ്ഥാപനങ്ങളും പാപ്പരായി യുദ്ധത്തിന്റെ ആ കാലഘട്ടങ്ങളിൽ ആഗോള പ്രതിസന്ധി എരിതീയിൽ എണ്ണയൊഴിക്കുന്നതുപോലെയായിരുന്നു. പലരും പട്ടിണികിടന്ന് മരിക്കുന്ന അവസ്ഥയിലെത്തി. ഗവൺമെന്റുകൾ ഈ പ്രതിഭാസം കണ്ട് അന്തം വിട്ടു നിന്നു. ലോക സാമ്പത്തിക പ്രതിസന്ധി 1940 കളിൽ അവസാനിക്കുമ്പോഴെക്കും അന്നത്തെ സൂപ്പർ ശക്തികളായിരുന്ന ബ്രിട്ടനും ഫ്രാൻസും ജർമനിയും യൂറോപ്പു മുഴുവനും അമേരിക്കയും അതിന്റെ സംഹാര ശക്തിക്കുമുൻപിൽ തോൽവി സമ്മതിച്ചു കഴിഞ്ഞിരുന്നു.

1936 ൽ ഇറങ്ങിയ ജോൺ മൈനാൾഡ്കീൻസ് എന്ന പ്രശസ്തനായ സാമ്പത്തിക ശാസ്ത്രജ്ഞൻ ഈ പ്രതിസന്ധിയെക്കുറിച്ച് ആഴമായി പഠിക്കുകയും അതിനെക്കുറിച്ച് ഒരു പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ആ പ്രശസ്തമായ പുസ്തകത്തിന്റെ പേരായിരുന്നു - ഇക്കണോമിക് തിയറി ഓഫ് ഇംകം ആന്റ് എംപ്ലോയ്മെന്റ്". ലോകത്തെ കിടിലം കൊള്ളിച്ച ആ സാമ്പത്തിക പ്രതിസന്ധിയെ അദ്ദേഹം അതിൽ വസ്തുനിഷ്ഠമായി വിലയിരുത്തി. കീൻസിനു മുമ്പത്തെ ക്ലാസിക്കൽ ഇക്കണോമിസ്റ്റുകൾ പറഞ്ഞിരുന്നത് സപ്ലേ ആവശ്യകതയെ (demand) ഉണ്ടാക്കുമെന്നായിരുന്നു. ഗവൺമെന്റിന്റെ സ്വാധീനം കമ്പോളത്തിൽ ആവശ്യമില്ലെന്നു അവർ വാദിച്ചു. അന്നത്തെ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞന്മാരൊക്കെ - ആഡംസ്മിക്കും ജെ. ബി. സേയെയും പോലുള്ളവർ സാമ്പത്തിക പ്രതിസന്ധി എന്ന പ്രതിഭാസത്തെ സ്വപ്നം പോലും കണ്ടിരുന്നില്ല.

1930 കളിലെ സാമ്പത്തിക പ്രതിസന്ധി ക്ലാസിക്കൽ ഇക്കണോമിസ്റ്റുകളുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചു. ഈ സമയത്താണ് ജോൺ കീൻസ് രംഗത്ത് വരുന്നത്. കമ്പോളത്തെ പറ്റി അന്നുണ്ടായിരുന്ന വിശ്വാസങ്ങൾ തകിടം മറിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വാദമുഖങ്ങൾ, കമ്പോളത്തിൽ ഗവൺമെന്റിന്റെ ഉറപ്പായ സാന്നിദ്ധ്യം വേണമെന്ന് അദ്ദേഹം ശക്തമായി വാദിച്ചു. ഇനിയൊരു സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ ഏറ്റവും ശക്തമായ ഉപകരണം അതുമാത്രമായിരിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു. തൊഴിലില്ലായ്മയെ ചെറുക്കാനും ഉൽപാദനം വർദ്ധിപ്പിക്കാനും സാമൂഹിക നിലവാരം ഉയർത്താനും ഗവൺമെന്റിനാൽ സാധിക്കുമെന്ന് അദ്ദേഹം തന്റെ പ്രസിദ്ധമായ പുസ്തകത്തിലൂടെ ശക്തിയുക്തം പ്രസ്താവിച്ചു.

വർഷങ്ങൾക്കു ശേഷം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ലോകം മറ്റൊരു സാമ്പത്തിക പ്രതിസന്ധിയെ ഉറ്റുനോക്കികൊണ്ടിരിക്കുന്നു. ആശ്ചര്യമെന്നു പറയാം ഈ സാമ്പത്തിക പ്രതിസന്ധിയുടെയും ഉത്ഭവം അമേരിക്കയിൽ നിന്നു തന്നെയായിരുന്നു. ചരിത്രം അവരെ ഒന്നും പഠിപ്പിച്ചില്ല എന്നല്ല ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്. ലോകത്തെ നയിച്ചുകൊണ്ടിരിക്കുന്ന രാജാവിന് വീഴ്ചപറ്റിയപ്പോൾ സൈന്യത്തിന് എന്തുപറ്റിയെന്ന് പറയേണ്ട ആവശ്യമില്ലല്ലോ ? ആഗോള പ്രതിസന്ധി മറ്റു രാജ്യങ്ങളിലേയ്ക്കും വ്യാപിച്ചു.

ലോകത്തെ വമ്പൻ കുത്തകകളായ ജനറൽ മോട്ടോർസും, അമേരിക്കയുടെ സാമ്പത്തിക സ്രോതസായിരുന്ന ബാങ്കുകളായ സിറ്റി ബാങ്കും, എ. ഐ. ജി ബാങ്കും, കോടതിയിൽ പാപ്പർ ഹർജി ഫയൽ ചെയ്തു. ജനറൽ മോട്ടോർസ് കടക്കെണിയിൽ നിന്ന് രക്ഷിക്കാൻ ഗവൺമെന്റിനോട് എഴുപതിനായിരം കോടി രൂപയാണ് ആവശ്യപ്പെട്ടത്. അമേരിക്ക മാത്രമല്ല, വികസിത രാജ്യമായ ബ്രിട്ടനും ഫ്രാൻസും ഇറ്റലിയും ജപ്പാനും പ്രതിസന്ധിയുടെ ഇരകളായി. ഈ രാജ്യത്തിലെ വളർച്ചാനിരക്ക് കുത്തനെകുറഞ്ഞു ഉൽപാദനം നിലച്ചു, തൊഴിലില്ലായ്മ കൂടി, ബാങ്കുകൾ തകർന്നു. എന്തിനേറെ മറ്റൊരു 1930 കൾ പുനരവതരിക്കുകയാണോ എന്ന സംശയം ഉണ്ടായി.

ഇപ്പോൾ മിണ്ടാതിരുന്നാൽ....

വികസ്വര രാജ്യങ്ങളും അവികസിത രാജ്യങ്ങളും ഈ പ്രതിസന്ധിയുടെ ചുഴിയിൽ അകപ്പെട്ടു. അവികസിത രാജ്യങ്ങളായിരുന്നു പ്രതിസന്ധിയുടെ ഏറ്റവും കൂടുതൽ ദുരിതം അനുഭവിച്ചത്. ആഫ്രിക്കയിലെ രാജ്യങ്ങൾ തീരാദുഃഖത്തിന്റെ പിടിയിലായി. പട്ടിണികിടന്ന് മരിക്കുന്നവരുടെ എണ്ണം വളരെയധികം വർദ്ധിച്ചു. ഉൽപാദനം കുറഞ്ഞപ്പോൾ പണപ്പെരുപ്പം വർദ്ധിച്ചത് ജനങ്ങൾക്ക് ഇരുട്ടടിയായി. ആവശ്യസാധനങ്ങൾക്ക് പോലും തീപിടിച്ച വിലയായി. ബംഗ്ലാദേശ് എന്ന കൊച്ചു രാജ്യത്ത് ഒരു കിലോ ഉരുളക്കിഴങ്ങിന് നൂറുഡോളർ വിലയായി.

സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ നമുക്ക് കാണാൻ സാധിക്കും, ആഗോള സാമ്പത്തിക പ്രതിസന്ധി പെട്ടെന്നുണ്ടായ പ്രതിഭാസമല്ലായിരുന്നു. ഇതിന്റെ തുടക്കം തൊണ്ണൂറുകൾ തൊട്ടുതന്നെ തുടങ്ങിയിരുന്നു. ആഗോളികരണത്തിന്റെ പ്രത്യാഘാതമാണ് ആഗോളപ്രതിസന്ധി എന്നു വാദിക്കുന്നവരേറെയുണ്ട്. ആഗോളവത്കരണം ശക്തി പ്രാപിക്കുന്നത് തൊണ്ണൂറുകളിലായിരുന്നല്ലോ. അതിനുശേഷമുണ്ടായ സ്ഥിതിഗതികൾ നമുക്കു ഒന്ന് നോക്കാം.

ഓഹരി സൂചികയിലെ കുതിച്ചുചാട്ടം,പെട്രോളിയം ഉത്പന്നങ്ങളുടെ വൻ വില വർദ്ധന, സ്വർണ്ണത്തിൽ നിക്ഷേപിക്കാനുള്ള ആളുകളുടെ വ്യഗ്രത, ഭക്ഷ്യപ്രതിസന്ധി എന്നിവയാൽ 90 കളിൽ അയ്യായിരത്തിനു താഴെ നിന്നിരുന്ന ഇന്ത്യൻ ഓഹരി സൂചിക 2005 ൽ ഇരുപത്തിയൊന്നായിരം കടന്നുകുതിച്ചു. പെട്രോളിന് അന്താരാഷ്ട്ര വിപണിയിൽ നാൽപത് ഡോളർ ഉണ്ടായിരുന്നത് നൂറ്റിനാൽപത്തിയേഴായി. രണ്ടായിരത്തി എട്ടിൽ കുതിച്ചുയർന്നു. സ്വർണ്ണത്തിൽ നിക്ഷേപമിറക്കാനാഗ്രഹിക്കുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. അമേരിക്കപോലുള്ള രാജ്യങ്ങൾ കൃഷിസ്ഥലങ്ങൾ പെട്രോളിയം ഉൽപാദിപ്പിക്കുന്ന ട്രോഷ എന്ന സസ്യത്തിനായി വിനിയോഗിച്ചു മറ്റു രാജ്യങ്ങളിലും ഇതേതരത്തിലുള്ള പ്രതികരണങ്ങളുണ്ടായി. ഇങ്ങനെനോക്കിയാൽ കഴിഞ്ഞ പതിനഞ്ച് വർഷമായി ലോക സാമ്പത്തികമേഖല ചൂടുപിടിച്ച് വരികയായിരുന്നെന്ന് മനസ്സിലാക്കാം

ആഗോള സാമ്പത്തിക പ്രതിസന്ധി ഒരു ദിനം രാവിലെ ഉണ്ടായ പ്രതിഭാസമായിരുന്നില്ല. **അതിന്റെ തുടക്കം അമേരിക്കയിലായിരുന്നു എന്നു മുൻപേ പറഞ്ഞല്ലോ. വാസ്തവങ്ങൾ നോക്കുകയാണെങ്കിൽ ഒരു കാര്യം മനസ്സിലാക്കാം. 1930 കളിലും** സംഭവിച്ച ആഗോള സാമ്പത്തിക പ്രതിസന്ധി തുടങ്ങിയത് മുതലാളിത്തവ്യവസ്ഥിതി തുടർന്നിരുന്ന രാജ്യങ്ങളിലായിരുന്നു.

**മുതലാളിത്ത വ്യവസ്ഥയിൽ കമ്പോളങ്ങളെ നിയന്ത്രിക്കാൻ ഗവൺമെന്റിന് അധികാരമില്ല. അതിനാൽ ബാങ്കുകകൾ കൂടുതൽ ലാഭം കൊയ്യുവാൻ വളരെയധികം പണം തുച്ഛമായ പലിശയ്ക്ക് നൽകി . ഈ ലാഭക്കൊതിയായിരുന്നു സാമ്പത്തിക പ്രതിസന്ധിയുടെ തുടക്കമായി വിശേഷിപ്പിക്കുന്നത്.** തുടർന്ന് വലിയൊരു വിഭാഗം കടക്കെണിയിലായി. ഗ്രീൻലാന്റ് പോലുള്ള രാജ്യങ്ങൾ തന്നെ സാമ്പത്തിക പ്രതിസന്ധിയിൽ തകർന്നു തരിപ്പണമായി.

ഒരു കാര്യം പറയാനാഗ്രഹിക്കുന്നു. ചരിത്രം ലോകത്തെ ഒന്നും പഠിപ്പിച്ചില്ല. ഗവൺമെന്റിന്റെ സ്വാധീനം ലോകകമ്പോളത്തിൽ ഉണ്ടാകണം എന്ന് പറഞ്ഞ ആ മഹാനായ സാമ്പത്തിക ശാസ്ത്രജ്ഞനായ കീൻസിന്റെ വാക്കുകൾ ലോകം അവഗണിച്ചു. അമേരിക്ക പോലുള്ള മുതലാളിത്ത രാജ്യങ്ങളിൽ അത്തരം നിയന്ത്രണത്തിന് ഒരു ഗവൺമെന്റിന്റെ ശക്തിയില്ലാതെപോയി. പക്ഷെ സാമ്പത്തിക പ്രതിസന്ധിയിൽ ഇന്ത്യയും, ചൈനയും പിടിച്ചു നിന്നു. രണ്ടു കൂട്ടരും ആറു ശതമാനത്തിനു മുകളിൽ വളർച്ചാ നിരക്ക് കൈവരിച്ചു. ലോകത്തെ നയിക്കുന്നത് ഇനി ഇവരായിരിക്കുമെന്ന് ലോകം പ്രഖ്യാപിച്ചു. ഈ രണ്ടു രാജ്യങ്ങളിലും ഗവൺമെന്റിന്റെ ശക്തമായ സാന്നിധ്യം ലോക കമ്പോളത്തിലുണ്ടായിരുന്നു എന്നതായിരുന്നു വാസ്തവം.

ആഗോളവത്കരണം ആവശ്യപ്പെടുന്നത് ഗവൺമെന്റിന്റെ സ്വാധീനം കമ്പോളത്തിൽ വേണ്ട എന്നാണ്. ആ വാദമുഖം താഴെ വീണു കഴിഞ്ഞു. ആഗോളസാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ ഗവൺമെന്റിന്റെ സ്വാധീനം അത്യാവശ്യമെന്ന് ലോകം ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ആഗോള പ്രതിസന്ധി ഗവൺമെന്റിന്റെ സ്വാധീനത്തിൽ മാത്രമെ അതിജീവിക്കാൻ കഴിയൂ എന്ന് ലോകം വിശ്വസിച്ചാൽ നല്ലത്. അല്ലെങ്കിൽ ഇനിയും വലിയ പ്രതിസന്ധി ലോകം കാണാൻ ഇരിക്കുന്നു.

Eljo
I B.A Economics

# ആഗോള സാമ്പത്തിക പ്രതിസന്ധിയും ലോകരാഷ്ട്രീയവും



മൂലധനം മുതലാളിത്ത സാമ്രാജ്യങ്ങളെ നിശ്ചയിക്കുമ്പോൾ സാമ്പത്തികം എന്ന വാക്കിന്റെ മാനദണ്ഡങ്ങൾ മാറ്റി വായിക്കേണ്ടതുണ്ട്. കൊളോണിയൽ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കും സോവിയറ്റ് യൂണിയന്റെ പതനത്തിനും ശേഷം ലോകത്തിന്റെ ഏകധ്രുവമായി മാറിയ അമേരിക്കൻ കൈയ്യൂക്കിന് മർമ്മത്തു തന്നെ കൊണ്ട ഒരിരുട്ടടിയാണ് 2009ൽ നേരിടേണ്ടി വന്ന സാമ്പത്തിക പ്രതിസന്ധി. അമേരിക്കൻ ഭൂഖണ്ഡം നേരിട്ട ഓഹരി വിപണി തകർച്ചയും സാമ്പത്തിക മാന്ദ്യവും ആഗോളതലത്തിൽ എങ്ങനെ പിടിമുറുക്കുന്നു, എന്ന വിശകലനങ്ങൾ അനുഭവത്തിന്റെ പ്രകാശത്തിൽ മാത്രമാണ് മുഴുവനായി കെട്ടഴിക്കാൻ കഴിയുന്നത്. ഏറെ പരിചിതമായ വസ്തുതകളെ ...ളും വിശകലനങ്ങൾക്കും അനുഭവങ്ങൾക്കും പ്രാധാന്യം കൊടുക്കുമ്പോൾ അന്താരാഷ്ട്ര ബന്ധങ്ങളിൽ രാജ്യങ്ങൾ സ്വീകരിക്കുന്ന നിലപാടും ഇന്ത്യൻ വിപണിയെ ആഗോളസാമ്പത്തിക മാന്ദ്യം ഏതെല്ലാം രീതികളിൽ ബാധിക്കുന്നു എന്നതും ചർച്ചാവഹമാക്കേണ്ടത് അനിവാര്യതയാണ്.

1930കളിലെ വൻ സാമ്പത്തിക മാന്ദ്യത്തിൽ നിന്നു കരകയറിയ ശേഷം അമേരിക്ക നേരിട്ട ഏറ്റവും വലിയ ഓഹരി വിപണി തകർച്ചയാണ് 2009 ൽ കണ്ടത്. ലോകത്തിന്റെ തന്നെ സമ്പത്തിനെ നിയന്ത്രിച്ചിരുന്ന അമേരിക്കൻ സാമ്രാജ്യം നേരിട്ട തകർച്ച ബാധിച്ചത് വൻകിട കമ്പനികളെയാണ്. AIG പോലുള്ള സ്ഥാപനങ്ങളെ സാമ്പത്തിക മാന്ദ്യം കഴുത്തു ഞെരിക്കുമ്പോൾ മുതലാളിത്ത കുത്തക കമ്പനികളെ ആശ്രയിച്ചിരുന്ന ഓരോ വിപണിയും അതിന്റെ ഞരക്കങ്ങൾ അറിഞ്ഞു. മൂലധനത്തിന്റെ ആധിക്യം സൃഷ്ടിച്ചെടുത്ത മുതലാളിത്തവ്യവസ്ഥിതിയുടെ സുഖലോലുപമായ ചിലന്തി വലകൾ ലോകം മുഴുവനുള്ള ഒരുപാട് തൊഴിലാളികളെ ചിറകിനടിയിൽ ചവിട്ടിയൊതുക്കി സംരക്ഷിച്ചു. **ലാഭവിഹിതങ്ങൾ അമേരിക്കൻ സാമ്രാജ്യത്തിന്റെ സ്വേച്ഛാധിപത്യത്തിന് അരക്കിട്ട് അടിത്തറകൾ ഉറപ്പിക്കാൻ യുദ്ധഭൂമികളിൽ തീ തുപ്പിയപ്പോൾ വിറച്ച മൂന്നാം കിട രാഷ്ട്രങ്ങൾ മാത്രമാണ് സാമ്പത്തിക മാന്ദ്യത്തിൽ ഏറെയൊന്നും കുലുങ്ങാതിരുന്നത്.** അമേരിക്ക, ഇറാൻ, ഇറാക്ക്, അഫ്ഗാൻ, യുദ്ധഭൂമികളിൽ ചെലവഴിച്ച പണം സാമ്പത്തിക മാന്ദ്യത്തിന് ഒരു വിധത്തിൽ വഴിയൊരുക്കിയപ്പോൾ അന്താരാഷ്ട്ര നിലപാടുകളിൽ മാറ്റങ്ങൾ വന്നത് ചർച്ചാവഹമാണ്.

ബഹുരാഷ്ട്ര കുത്തകകളുടെ തകർച്ച കൃത്യമായും ഗുണം ചെയ്യുന്നത് പൊതു മേഖലാസ്ഥാപനങ്ങളെയാണ്. ഇന്ത്യയും ചൈനയും പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന രാജ്യങ്ങളിൽ ആഗോള സാമ്പത്തിക മാന്ദ്യം ഒരു പരിധി വരെ ഗുണം ചെയ്യും. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇത്തരത്തിലുള്ള ശാക്തീകരണം വഴി രാജ്യത്തിന്റെ സമ്പദ്ഘടനയിൽ ഉയർച്ചയുണ്ടാകുമ്പോൾ ലോകരാഷ്ട്രങ്ങളുടെ മുൻനിരയിലേക്ക് ഇന്ത്യ പോലൊരു മൂന്നാം കിട രാഷ്ട്രത്തിന്റെ ഇടം കണ്ടെത്തലാണ് സംഭവിക്കുന്നത്.

സാമ്രാജ്യത്വ ശക്തികളുടെ തകർച്ച പ്രോലെറ്റേറിയൻ വർഗ്ഗത്തിന്റെ ശാക്തികരണമായിരിക്കുമെന്ന പ്രവചനാത്മകമായ മാർക്സിയൻ പ്രത്യയശാസ്ത്രം പ്രതീക്ഷയുടേതാണ്. പക്ഷേ ആഗോളസാമ്പത്തിക മാന്ദ്യം കൊണ്ട്, കണ്ണുമടച്ചൊരു വർഗ്ഗ സമരവും പ്രോലെറ്റേറിയൻ ശാക്തീകരണവും സംഭവിക്കുമെന്ന പ്രതീക്ഷ വിഡ്ഢിത്തമാണ്. പക്ഷേ പൊതു മേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണവും കുത്തകകമ്പനികളുടെ തകർച്ചയും ആശാവഹമാണ്.

അമേരിക്കൻ നവകൊളോണിയൻ സാമ്രാജ്യവത്ക്കരണ അജണ്ടകളുടെ അതിശക്തമായ ഭീഷണിയിൽ നിന്ന് ഒരു പരിധിവരെ രക്ഷപ്പെടുവാൻ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഈ ശാക്തീകരണം വലിയ അളവിൽ സഹായകരമാണ്. ഇന്ത്യ പോലൊരു വൈവിധ്യങ്ങൾ വെല്ലു വിളിച്ചു കൊണ്ടു തന്നെ നിൽക്കുന്ന ദേശീയതയുടെ അതിർത്തിക്കുള്ളിൽ പുറത്തുനിന്നുള്ള അശ്വമേധങ്ങളെ പേടിക്കേണ്ടതില്ലെന്ന് ഒരു വലിയ കരുതലോടെ തന്നെ പറയാമെന്നു തോന്നുന്നു.

ഇതു പോലെതന്നെ ചൈനയുടെ സാമ്പത്തിക ശാക്തീകരണവും എടുത്തുപറയേണ്ട ഒന്നാണ്. ആഗോള സാമ്പത്തിക മാന്ദ്യം വലിയ തോതിൽ സഹായകരമായത് ചൈനയ്ക്കാണ്. ലോകരാഷ്ട്രങ്ങളുടെ മുൻനിരയിലേക്ക് ചൈന വരുമ്പോൾ ഇന്ത്യാ, ചൈനാ രാജ്യങ്ങളുടെ നയപരമായ ബന്ധവും ചർച്ച ചെയ്യേണ്ടതുണ്ട്. ഒരു പരിധിവരെ ചൈനയുടെ സാമ്പത്തിക ശാക്തീകരണം ഇന്ത്യൻ അതിർത്തികളെ ബാധിക്കും എന്ന ആശങ്കയാണ്, വലിയ ബലികൾ കൊടുത്തു ആസിയാൻ പോലൊരു കരാറിനെ പിന്തുണയ്ക്കാൻ സർക്കാർ നിർബന്ധിതരാകുന്നത് എന്നതും എടുത്തു പറയേണ്ടതാണ്.

Anu K. Antony
III B. A English

# ആഗോള സാമ്പത്തിക പ്രതിസന്ധി - ഇന്ത്യൻ അനുഭവം

സാമ്പത്തിക വ്യവസ്ഥ, അത് എത്തരത്തിലുള്ളതായാലും, ഒരു സമൂഹത്തിന്റെ വ്യക്തിപരവും സാമൂഹികവുമായ തലങ്ങളിൽ സ്വാധീനം ചെലുത്തുന്നതാണ്. ആഗോള സാമ്പത്തിക പ്രതിസന്ധി ഏറെ ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. എന്നാൽ അതിന്റ വിശകലനത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് അധികമൊന്നും പ്രശ്നവൽക്കരിക്കപ്പെടാതെ പോയ സാമ്പത്തികരംഗത്തുണ്ടായ ഉന്നതി.(Economic Boom) 2006 ന് മുൻപ് അനുഭവപ്പെട്ട സാമ്പത്തികരംഗത്തെ ഈ ബൂം തന്നെയാണ് ഒരു പ്രതിസന്ധിയിലേക്ക് നയിച്ചത്.

ഇരുപത്തൊന്നാം നൂറ്റാണ്ടു കണ്ട സാമ്പത്തിക രംഗത്തെ അതിശയിപ്പിക്കുന്ന വളർച്ച, പ്രത്യേകിച്ചും മുതലാളിത്ത സാമ്പത്തിക വ്യവസ്ഥ നിലനിൽക്കുന്ന രാജ്യങ്ങളിൽ വരാനിരിക്കുന്ന പ്രതിസന്ധിയുടെ മുന്നോടിയായിരുന്നു. അനിയന്ത്രിത ക്യാപിറ്റലിസം, എന്ന ആശയത്തിനു പിറകിൽ ചുക്കാൻ പിടിച്ച ഫെഡറൽ റിസർവ് അടക്കമുള്ള സ്ഥാപനങ്ങളുടെ അധികാരികൾ 1998 മുതൽ സ്വീകരിച്ച നയങ്ങളുടെ പരിണിത ഫലമായിരുന്നു. അമേരിക്കയിൽ ഇൻഷുറൻസ് കമ്പനികളുടേയും ബാങ്കുകളുടേയും തകർച്ചയോടെ ലോകം തിരിച്ചറിഞ്ഞത്. subprime crisis എന്നറിയപ്പെടുന്ന ഈ സാമ്പത്തിക രംഗത്തെ പ്രശ്നം ശരിയായ നിബന്ധനകളൊന്നും വയ്ക്കാതെ ലോൺ അനുവദിച്ചതിൽ നിന്ന് തുടങ്ങുന്നു. ബാങ്കുകൾ തന്നെ റേറ്റിങ് ഏജൻസികളും ഇൻഷുറൻസ് കമ്പനികളുമായി പ്രവർത്തിച്ചത്, ഈ പ്രശ്നത്തിന്റെ ആഴം വർദ്ധിപ്പിച്ചു. മൂർത്തമായ ഒരു സാമ്പത്തികരംഗത്തിന് പുറത്ത് അമൂർത്തമായ ഒരു സാമ്പത്തിക വ്യവസ്ഥ - ഫിനാൻസ് ക്യാപ്പിറ്റലിസം വളർന്നു വന്നു. എന്നാൽ 2006 -ൽ അനുഭവപ്പെട്ട ക്രൂഡ് ഓയിലിന്റെ വിലയിലുണ്ടായ കുതിപ്പ് സാമ്പത്തിക വ്യവസ്ഥയെ ബാധിക്കുകയും അത് എല്ലാ ഭാഗങ്ങളിലേക്ക് പടരുകയും ചെയ്തു.

**അമേരിക്കയിൽ പ്രധാനമായും അനുഭവപ്പെട്ട ഈ തകർച്ച ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ സ്വാഭാവികമായും മറ്റെല്ലാ രാജ്യങ്ങളേയും ബാധിച്ചു. ഇന്ത്യയെ സംബന്ധിച്ചു പറയുമ്പോൾ ഏറ്റവും ചെറിയ തോതിൽ മാത്രമേ ഇത് അനുഭവപ്പെടുന്നുള്ളൂ. അത് ഒരു പരിധിവരെ ഇന്ത്യ സ്വീകരിച്ച സാമ്പത്തിക അച്ചടക്കത്തിന്റെ - റിസർവ് ബാങ്കിന്റെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുണ്ടായ ത്വരിതമായ നടപടികളുടെ - ഫലമാണ്.** മുതലാളിത്ത സാമ്പത്തികരംഗത്തെ സ്വീകരിക്കുമ്പോഴും അതിൽ നിലനിൽക്കുന്ന പ്രശ്നങ്ങളിൽ നേരത്തെ നടപടികൾ എടുക്കുന്നതതിൽ RBI വിജയിച്ചു. ദേശസാൽക്കരണത്തിലൂടെ ഇന്ത്യ നേടിയെടുത്ത അച്ചടക്കമുള്ള ഒരു ബാങ്കിംഗ് സംവിധാനം, സംവിധാനത്തെയും, ഇൻഷുറൻസ്, റേറ്റിംഗ് സ്ഥാപനങ്ങളേയും വ്യത്യസ്ഥമാക്കി വയ്ക്കുന്നതിൽ ഇന്ത്യയ്ക്കുണ്ടായ ജയം ഇവയെല്ലാം ഇതിൽ പ്രധാനമാണ്. ഇന്ത്യയിലെ ബാങ്കുകളേയും ക്യാപ്പിറ്റൽ മാർക്കറ്റിനേയും നിയന്ത്രിക്കുന്നതിൽ SEBI യും RBI യും വലിയ പങ്കുവഹിച്ചു. അതിനാൽതന്നെ അമേരിക്കയിൽ ഉണ്ടായതുപോലെ ഒരു തകർച്ച ഇന്ത്യൻ ബാങ്കിംഗ് രംഗത്തുണ്ടായില്ല.

എന്നാൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ ഈ പ്രതിസന്ധി ബാധിക്കുകതന്നെ ചെയ്തു. 9% ആയിരുന്ന വളർച്ച ഈ വർഷത്തിൽ 7% ആയി കുറഞ്ഞു. വ്യാവസായിക സേവന രംഗങ്ങളിൽ ഈ തകർച്ച വ്യക്തമാണ്. റിയൽ എസ്റ്റേറ്റ്, കെട്ടിട നിർമ്മാണം, സോഫ്റ്റ്‌വെയർ, ടൂറിസം എന്നീ മേഖലകളിൽ വളരെയധികം ബാധിച്ചു. മറ്റ് രാഷ്ട്രങ്ങളിലുണ്ടായ സാമ്പത്തിക പ്രതിസന്ധി ഇന്ത്യയുടെ കയറ്റുമതിയെയും ഇറക്കുമതിയെയും പ്രതികൂലമായി ബാധിച്ചു. വിദേശ നിക്ഷേപവും ദേശിയ നിക്ഷേപവും കാര്യമായി കുറഞ്ഞതും, പുതിയ പദ്ധതികൾ വേണ്ടെന്നു വച്ചതും ഈ തകർച്ചക്ക് ആക്കം കൂട്ടി. തൊഴിൽ കൂട്ടുന്നതിനും സാമ്പത്തികവ്യവസ്ഥയിലേക്ക് പണം എത്തിക്കുന്നതിനും ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതികൾ ഈ മാന്ദ്യത്തിൽ നിന്ന് കരകയറുന്നതിന് ഒരു പരിധിവരെ സഹായിച്ചു.

സാധാരണക്കാരന് സാമ്പത്തികമാന്ദ്യം അനുഭവപ്പെട്ടത് വിലക്കയറ്റത്തിന്റെ രൂപത്തിലാണ്. നാണ്യപ്പെരുപ്പനിരക്ക് വർദ്ധിച്ചത് ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയമായിരുന്നു. അവശ്യസാധനങ്ങളുടെ വില വർദ്ധിച്ചതും തൊഴിൽ നഷ്ടപ്പെട്ടതും സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാക്കി. സോഫ്റ്റ്‌വെയർ കമ്പനികളും, എയർ ഇന്ത്യ അടക്കമുള്ള സ്ഥാപനങ്ങളും ജീവനക്കാരെ പിരിച്ചുവിട്ടതും, പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചിറങ്ങിയവർ ജോലി കിട്ടുവാനില്ലാതെ ഉന്നത വിദ്യാഭ്യാസത്തിനും റിസർച്ചിനും മറ്റും പോയതും വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളെ മാന്ദ്യം എങ്ങനെ ബാധിച്ചു എന്നതിന് തെളിവാണ്. ഇന്ത്യയുടെ ദേശിയ വരുമാനത്തിലേക്ക് ഏറ്റവുമധികം സംഭാവന ചെയ്യുന്ന ടൂറിസം രംഗവും വിദേശ ഇന്ത്യാക്കാരുടെ വരുമാനത്തിലുണ്ടായ കുറവും സാമൂഹികരംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കി. വിദേശരാജ്യങ്ങളിൽ നിന്ന് തിരിച്ചു വന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഗവൺമെന്റിന്റെ നേരിട്ടുള്ള ഇടപെടൽ വേണ്ടി വന്നു.

വിദേശ വരുമാനം ഏറ്റവുമധികം കൈപ്പറ്റുന്ന സംസ്ഥാനമെന്ന രീതിയിലും, മാറ്റങ്ങളെ ഏറ്റവും പെട്ടെന്ന് ഉൾക്കൊള്ളുന്ന രീതിയിലും കേരളം പ്രാധാന്യമർഹിക്കുന്നു. വിദേശവരുമാനത്തിലുണ്ടായ കുറവ് സംസ്ഥാനത്തിന്റെ വരുമാനത്തെ ഗണ്യമായി കുറച്ചു. ടൂറിസം രംഗത്ത് വിദേശികളുടെ വരവിലുണ്ടായ കുറവും ഇതിന് ആക്കം കൂട്ടി. വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരം കാഴ്ചവെച്ച കേരളത്തിന്റെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് പ്രതിസന്ധി അനുഭവപ്പെട്ടു. റിയൽ എസ്റ്റേറ്റ് രംഗത്ത് 2006 മുതൽ ഉണ്ടായ മാറ്റം പെട്ടെന്ന് ഇല്ലാതായത് ഇടനിലക്കാരനെ വല്ലാതെ വലച്ചു. ഗവൺമെന്റിന്റെ SEBI പോലുള്ള പദ്ധതികൾ മറ്റ് സംസ്ഥാനങ്ങളിൽ ഏറെ ഗുണം ചെയ്തു. എന്നാൽ കേരളത്തിൽ ഇത്തരത്തിലുള്ള സ്വാധീനം കുറവായിരുന്നു.

Anupama
III B. A Economics

# ആഗോളസാമ്പത്തിക പ്രതിസന്ധിയുടെ മുതലാളിത്ത വഴി

മൂലധനത്തിന്റെ രൂപീകരണത്തിലൂടെ കൈമാറ്റത്തിലൂടെ മുതലാളിത്തം അതിന്റെ ഉച്ചസ്ഥായിയിലെത്തിയിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് ലോകരാഷ്ട്രങ്ങൾ ഇന്നു കടന്നു പോയിരിക്കുന്നത്. ഉല്പാദന മേഖലകളിൽ സംഭവിക്കുന്ന കുത്തകകളുടെ സംയോജനവും രാജ്യാതിർത്തികളെ മായ്ച്ചു കളയുന്ന ആഗോളവത്ക്കരണവും നൂതന അധിനിവേശ തന്ത്രങ്ങളായി ഇന്നു രൂപപ്പെട്ടിരിക്കുന്നു. മൂന്നാം ലോക രാഷ്ട്രങ്ങളുടെ സ്വത്വത്തെ തന്നെ കവർന്നെടുക്കുന്ന സാംസ്ക്കാരികാധിനിവേശ മാതൃകകളായി ഒരു പുത്തൻ ആഗോളസാമ്പത്തിക നയം തന്നെ ഉരുത്തിരിഞ്ഞു വന്നിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് മുതലാളിത്ത രാഷ്ട്രങ്ങളും അവയുടെ നിയന്ത്രണത്തിലുള്ള IMF ഉം ലോകബാങ്കും ഭീതിയോടെ നോക്കിക്കാണുന്ന ആഗോളസാമ്പത്തിക പ്രതിസന്ധിയുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയം വിശകലനത്തിനു വിധേയമാക്കേണ്ടത്.

supply creates its own demand എന്ന ക്ലാസിക്കൽ സാമ്പത്തിക ശാസ്ത്രജ്ഞരുടെ (J.B.Say) വാദമുഖത്തെ മുൻനിർത്തി ആത്മ വിശ്വാസത്തോടെ മുന്നേറിയ ലോകസാമ്പത്തിക രംഗം 1930 കളിൽ ഒരു മാന്ദ്യത്തിലേക്കു കൂപ്പുകുത്തി. മുതലാളിത്തത്തിന്റെ കീഴിൽ രൂപപ്പെടുന്ന മാത്സര്യാന്തരീക്ഷവും മൂലധനത്തിന്റെ വളർച്ചയും അമിതോല്പാദനം എന്ന വൻ വിപത്തിലേക്കു നയിക്കുമെന്ന കാൾ മാർക്സിന്റെ ക്രാന്തദർശിത്വത്തിന് പ്രസക്തിയുണ്ടെന്ന് മുതലാളിത്തം അന്നു തിരിച്ചറിഞ്ഞു. അനിയന്ത്രിതമായ മുതലാളിത്ത വ്യവസ്ഥിതിക്കകത്ത് യാതൊരു വീക്ഷണവുമില്ലാതെ ഉത്പാദന പ്രവർത്തനങ്ങളിൽ ഇത്തരം പ്രതിസന്ധികൾ ഒഴിവാക്കാനാവാത്തതാണെന്നും മുതലാളിത്തം ഇതിൽ നിന്നും കരകയറുമെന്നും എന്നാൽ ഇത്തരം പ്രതിസന്ധികൾ തമ്മിലുള്ള അകലം കുറഞ്ഞ് കുറഞ്ഞ് മുതലാളിത്തം എന്ന വ്യവസ്ഥിതിയുടെ അന്ത്യത്തിനവ കാരണമാകുമെന്നും 1867ൽ മൂലധനത്തിലൂടെ മാർക്സ് പ്രവചിച്ചു. പ്രതിസന്ധി മറികടക്കാൻ ഗവൺമെന്റിന്റെ ഇടപെടൽ എന്ന കെയ്നീഷ്യൻ തത്വശാസ്ത്രത്തെ മുൻ നിർത്തി ആ മാന്ദ്യത്തെ മറികടക്കാൻ അന്ന് ലോകരാഷ്ട്രങ്ങൾക്കായെങ്കിലും അതൊരു സ്ഥായിയായ തിരിച്ചുവരവായിരുന്നില്ല.

മുതലാളിത്തത്തിന്റെ അടിത്തറയിൽ വിള്ളൽ വീഴ്ത്തിയ great depression ന്റെ തുടർച്ചയെന്നോണം 1970 കളിലും 80 കളിലും 90 കളിലും ലോകരാഷ്ട്രങ്ങൾ സാമ്പത്തിക മാന്ദ്യത്തെ അഭിമുഖീകരിച്ചു. 2001 കടന്ന് 2008 സബ്പ്രൈം മോർട്ട്ഗേജ് വരെ എത്തി നിൽക്കുമ്പോൾ ലാഭത്തിലും ചൂഷണത്തിലും അധിഷ്ഠിതമായ ഒരു സാമ്പത്തിക വ്യവസ്ഥിതിയുടെ അപചയത്തെയാണ് അതു തുറന്നു കാണിക്കുന്നത്.

അനിയന്ത്രിതമായ രീതിയിലുള്ള ബാങ്കുകളുടെ കടം കൊടുക്കലും ഊതി വീർപ്പിച്ച ഓഹരി വിപണിയും റിയൽ എസ്റ്റേറ്റ് വിപണിയും വാൾ സ്ട്രീറ്റിന്റെ തകർച്ചയ്ക്കു തന്നെ കാരണമായി. ഇൻഷുറൻസ് ഭീമനായ AIG യുടെയും മറ്റു കുത്തകകമ്പനികളുടെയും തകർച്ച ലോകരാഷ്ട്രങ്ങളുടെ സാമ്പത്തിക സുരക്ഷാ ബോധത്തെ പ്രതികൂലമായി ബാധിച്ചു. **അമേരിക്കയെന്ന മുതലാളിത്ത ഭീമനേറ്റ തിരിച്ചടി ഏക ധ്രുവ ലോകമെന്ന ആശയത്തിന്റെ പ്രതീകാത്മകമായ തകർച്ചയായിരുന്നു. സാമ്പത്തിക മേഖലയിലെ ആഗോളവത്ക്കരണം, സാമ്പത്തിക മാന്ദ്യത്തിന്റെയും ആഗോളീകരണത്തിനിടയാക്കി.** മുതലാളിത്ത രാഷ്ട്രങ്ങൾ സൃഷ്ടിച്ച പ്രതിസന്ധിയുടെ ഫലം മൂന്നാം ലോകരാഷ്ട്രങ്ങളിലേക്കും കയറ്റപ്പെട്ടു. ഉല്പാദനം കുറഞ്ഞതിന്റെ ഫലമായി ഉത്പന്നങ്ങൾ കെട്ടിക്കിടക്കുകയും ലോകമാന്ദ്യത്തിലേക്ക് കൂടുതലായി ആഴ്ന്നിറങ്ങുകയും ചെയ്തു. അമേരിക്കൻ തൊഴിലില്ലായ്മ 9.7% ത്തോളം എത്തിച്ചേർന്നു. IMF ഉം ലോകബാങ്കും ആഗോളസാമ്പത്തിക വളർച്ചാനിരക്കിൽ വൻകുറവുണ്ടാകുമെന്ന് പ്രവചിച്ചു.

ഈ പ്രതിസന്ധിയെ മറികടക്കാനായി മുതലാളിത്ത രാഷ്ട്രങ്ങൾ വൻതുകയ്ക്കുള്ള സാമ്പത്തികപായ്ക്കേജുകൾ പ്രഖ്യാപിച്ചു. പാപ്പരായ ബാങ്കുകളെയും സ്വകാര്യകമ്പനികളേയും ഏറ്റെടുക്കുന്നതിനായി 7000 കോടി ഡോളറിന്റെ പാക്കേജ് അമേരിക്ക പ്രഖ്യാപിച്ചു. ലാഭത്തിന്റെ സ്വകാര്യവൽക്കരണവും നഷ്ടത്തിന്റെ പൊതുവൽക്കരണവുമെന്ന ഈ ആശയത്തിന്റെ നീതിയും നൈതികതയും ചോദ്യം ചെയ്യപ്പെടേണ്ടതുതന്നെയാണ്.

ഈ സാമ്പത്തികപ്രതിസന്ധിയെ മറികടക്കാൻ കഴിഞ്ഞത് പൊതുമേഖല ശക്തമായ ഇന്ത്യയും ചൈനയും പോലുള്ള ചില രാഷ്ട്രങ്ങൾക്ക് മാത്രമാണ്. ഇടതുപക്ഷാശയങ്ങളുടെ ശക്തമായ സ്വാധീനം സാമ്പത്തികമേഖലയുടെ ഉദാരവൽക്കരണമെന്ന ആപത്തിൽ നിന്ന് ഈ രാഷ്ട്രങ്ങളെ രക്ഷിക്കുകയുണ്ടായി.

ഇവിടെയാണ് മാർക്സിയൻ സിദ്ധാന്തങ്ങളുടെയും സോഷ്യലിസ്റ്റ് ആശയങ്ങളുടെയും പ്രാധാന്യം മനസ്സിലാക്കേണ്ടത്. മൂലധനത്തിന്റെയും ഉല്പാദനോപകരണങ്ങളുടേയും സ്വകാര്യവൽക്കരണത്തിനു പകരം പൊതുമേഖലയുടേയും സഹകരണത്തിന്റെയും പ്രാധാന്യത്തിലൂന്നിയ വികസന സങ്കല്പമാണ് മാർക്സിയൻ സിദ്ധാന്തം മുന്നോട്ടു വച്ചത്. നിക്കോളാസ് സർക്കോസിയും മാർപ്പാപ്പയും മൂലധനം എന്ന കൃതിക്കു നൽകിയ പ്രചരണം സോഷ്യലിസ്റ്റ് ആശയങ്ങളുടെ ആധിപത്യം ഉറപ്പിച്ചു. മാർഗരറ്റ് താച്ചറുടെ there is no alternative (TINA) എന്നതിനു പകരം There is a socialist alternative. എന്നു നമുക്ക് ഉപസംഹരിക്കാം

Aswathy Rebecca Asok
II B. A Economics




ANCE
IIIrd BA History



# പിന്നേയ് തിരക്കില്ലെങ്കിൽ

നീയറിഞ്ഞോ ?
അന്നാമ്മയിപ്പോൾ ആൻമേരിയാണത്രേ
ഇന്നലെ
കയ്യില്ലാത്ത ബ്ലൗസിട്ട്
കവലയിൽ നിന്നു
കയ്യും കാലുമെടുത്തു പറഞ്ഞത്
സ്ത്രീകൾ അടുക്കളയിൽ വീർപ്പുമുട്ടുകയാണെന്നത്രേ
അമ്മിക്കല്ലിൽ അരഞ്ഞു തീരുന്നത്
തേങ്ങായല്ല അവളുടെ ഭാവിയാണത്രേ
ഇന്നലെയുടുത്ത സാരി
അപ്പുറത്തെ സാറാമ്മയുടെതാണത്രേ

ഞാനെന്തു പറയാനാണന്നേയ്
പണ്ടൊരു ചെമ്മീൻ കലത്തിലിട്ട്
കുഴച്ചുണ്ടിരുന്ന ആളാ
ഇപ്പൊ ന്യൂഡിൽസുവേണോന്ന്
കല്ലിലരച്ച ചമ്മന്തിയേ
ഉച്ചായൻ കഴിക്കൂന്ന് പറഞ്ഞിട്ട്
ഞെളിഞ്ഞിരുന്നവളാ

ഒന്നു ചോദിച്ചോട്ടെ നിന്റെ
മിക്സിയിലരഞ്ഞു തീരുന്നത്
എന്റെയായുസ്സാണോ
നീയിടയ്ക്ക് വിസിലടിക്കുന്നത്
ഊതി ഊതി കണ്ണെരിഞ്ഞിട്ടും
കത്താത്ത ഈയടുപ്പിനെ
കളിയാക്കാനാണോ
കണ്ണൻദേവനും കോഷ്ലാനുമൊക്കെ
കടുംകാപ്പിയോടു സ്വാദുള്ളതാണോ
അന്നാമ്മ ആൻമേരിയായി
കുഞ്ഞാപ്പിയെ ഇനിയെന്തു ചെയ്യും

ഒടുവിൽ
തണുപ്പിച്ചും തണുക്കാതെയും
വേവിച്ചും വേവിക്കാതെയും
പൊരിച്ചും കരിച്ചും
നീയിങ്ങനാഘോഷിക്കുമ്പോൾ
ഞാനിവിടെ

നടക്കട്ടെ
നടക്കട്ടെ
വി.ടി. ഇനിയും
നാടകം കളിക്കട്ടെ
അടുക്കളയിൽ നിന്ന്

Neethu Valsan
II B. A Malayalam



# ഇ - മെയിൽ കാലത്തെ പോസ്റ്റ്മാൻ

## ഓർമ്മയിൽ ഒരു ദിവസം

**അ**മ്മയുടെ അലമാര അങ്ങനെയൊന്നും ഗീതു തുറക്കാറില്ല. തുറക്കാൻ സമ്മതിക്കാറില്ല എന്നതാണു സത്യം. അന്നെന്തോ അത്യാവശ്യത്തിന് അലമാര തുറക്കാൻ അവൾക്ക് അനുവാദം കിട്ടി. മടക്കി വച്ച സാരികൾക്കും അടുക്കി വച്ച പേപ്പറുകൾക്കുമിടയിലൂടെ അവൾ വിരലോടിച്ചു. അമ്മ അങ്ങനെയാണ്, അമ്മയുടെ ഓർമ്മകളെല്ലാം അടുക്കി അലമാരയിൽ വച്ചു പൂട്ടും. അതിനിടയിലൂടെ അവൾ കണ്ണോടിച്ചു. അതാ ഒരു ബുക്ക്. Legacy of Luna ഒരു ദിവസം നെറ്റിൽ പരതിയപ്പോൾ ആ ബുക്കിനെക്കുറിച്ചുള്ള ഒരു ലേഖനം അവൾ വായിച്ചിരുന്നു. Jullia Butterfly Hill Book ആണ്. അവൾ അതെടുത്തു. എടുക്കുന്നതിനിടയിൽ അടുക്കിവച്ചിരുന്നവ ഓരോന്നായി താഴെ വീണു. അമ്മ കാണാതെ അതടുക്കി വയ്ക്കുന്നതിനിടയിലാണ്, അവൾ ആ ചെറിയ ട്രങ്ക് പെട്ടി ശ്രദ്ധിച്ചത്. അവൾക്ക് കൗതുകം തോന്നി, എന്താ ഗീതു അത്? ശബ്ദം കേട്ട് അമ്മ വന്നു. അല്ല ഞാനിതു എടുക്കുന്നതിനിടയിൽ ..... താഴെ വീണു. അവൾ പറഞ്ഞൊപ്പിച്ചു. അമ്മ മകളെ നോക്കി.

അമ്മേ ആ അലമാരിയിൽ ഒരു പെട്ടി കണ്ടല്ലോ അതെന്താ ? അത്താഴത്തിനിടയിൽ ഗീതു ചോദിച്ചു. അതൊന്നുമില്ല എന്റെ പഴയ ബുക്സും ഓഫീസ് രേഖകളുമാ. നീ ഇനി അതിലൊന്നും തൊടണ്ട. അവൾ ഒന്നും മിണ്ടിയില്ല. ഗീതു ഉറങ്ങാൻ മുറിയിലേക്കു പോയി. അമ്മ അവളെ ചെന്നു നോക്കി, ഉറങ്ങി എന്നു ഉറപ്പു വരുത്തി. അലമാരയ്ക്കടുത്തു ചെന്നു, മെല്ലെ ആ ട്രങ്ക് പെട്ടി തുറന്നു. പാറ്റയും കീടങ്ങളും പുറം ലോകം കണ്ട ആശ്വാസത്തിൽ ഓടിയിറങ്ങി. മഞ്ഞക്കറ പിടിച്ച പേപ്പറുകളിൽ തുള വീണിരുന്നു. അവൾ മെല്ലെ അതിൽ തിരഞ്ഞു. അപ്പോഴാണ് അവൾ ആ ബുക്കു കണ്ടത്. ആ ബുക്ക് അവൾക്കു മറക്കുവാൻ സാധിക്കുമായിരുന്നില്ല. കണ്ണുകൾ ഈറനണിഞ്ഞു. മുഖം എന്തെന്നില്ലാതെ തുടുത്തു. മറ്റേതോ ലോകത്തേക്ക് താൻ പോകുന്നതായി അവൾക്കു തോന്നി.

എഴുപതുകളിലെ തന്റെ കലാലയ ജീവിതത്തിലേക്ക് അവൾ തിരിഞ്ഞു നോക്കി. അന്നൊക്കെ ആഘോഷമായിരുന്നു ഓരോ ദിവസവും. ക്ലാസ് കട്ട് ചെയ്ത് കാന്റീനും സിസിയും ബിബിസിയും ചുറ്റി നടന്നത് അവൾ ഓർത്തു. എപ്പോഴാണ് സംഭവിച്ചത്. അവൾ ഓർത്തു. അന്നു കോളേജിന്റെ ആർട്ട്സ് ഡേ ആണ്. പതിവു പോലെ കൂട്ടുകാരികളുമൊത്ത് സിസിയിലെ വേരുകളിൽ പോയിരുന്നു. എവിടുന്നോ ഒരു പേപ്പർ കഷ്ണം വന്നു വീണു. കൂട്ടുകാരികളിലൊരാൾ അതെടുത്തു. എന്നിട്ട് അമ്മുവിനെ കളിയാക്കി ചിരിതുടങ്ങി. മറ്റുള്ളവരും അതാവർത്തിച്ചു. എന്താ അത് അവൾ ആ പേപ്പർ കഷ്ണം തട്ടിപ്പറിച്ചു. അമ്മു എനിക്ക് നിന്നെ ഇഷ്ടമാണ്, ഇതായിരുന്നു കുറിപ്പ്. അവരെല്ലാവരും ചുറ്റും നോക്കി. പക്ഷേ ആരെയും കണ്ടില്ല, അല്ല ആ കൂട്ടത്തിനിടയിൽ ആളെ തിരിച്ചറിഞ്ഞില്ല. പിന്നെയും ഓരോ ദിവസങ്ങൾ ഓരോരോ കുറിപ്പുകൾ വന്നു കൊണ്ടിരുന്നു. ആളെ മാത്രം പിടികിട്ടിയില്ല. ദിവസങ്ങൾ കഴിഞ്ഞു പോയി. അമ്മു മെല്ലെ അസ്വസ്ഥയാവാൻ തുടങ്ങി. നേരിട്ടു കണ്ടിട്ടില്ലാത്ത ആ ആളെ താൻ ഇഷ്ടപ്പെട്ടു തുടങ്ങിയോ എന്ന് അവൾ സംശയിച്ചു. പിന്നെ സംശയം ദൃഢമായി വന്നു. പക്ഷേ ആരാണത്. ആരായാലും കളിപ്പിക്കുന്നതായിരിക്കും അവൾ സ്വയം ആശ്വസിച്ചു.

നാളുകൾ കഴിഞ്ഞു. കോളേജ്ഡേ വന്നു. അവൾക്ക് എന്തെന്നില്ലാത്ത ആഹ്ലാദം തോന്നി. എന്താ കാരണം എന്ന് അവൾക്കും അറിവില്ലായിരുന്നു. പക്ഷേ ഉച്ചയോടെ അവൾക്കതു മനസ്സിലായി.



ഇപ്പോൾ മിണ്ടാതിരുന്നാൽ....

കാരണം അന്നുച്ചയ്ക്ക് കാന്റീനിലെ ആ വരാന്തയിൽ വച്ച് ജയൻ തന്നെ വന്നു പരിചയപ്പെടുത്തി. ഞാൻ ജയൻ. ഫസ്റ്റ് ഇയർ മാത്തമാറ്റിക്സ് വിദ്യാർത്ഥിയാണ്. അവൾ പകച്ചു നിന്നു. ജയൻ തുടർന്നു. 'എനിക്കു തന്നെ ഇഷ്ടമാണ്. ആ കുറിപ്പുകൾ എന്റെയാണ്. തനിക്ക് ഇഷ്ടമായില്ലെങ്കിൽ സോറി. പക്ഷേ എനിക്കിപ്പോഴെ പറയാൻ ധൈര്യം വന്നുള്ളൂ.' അയാൾ പിന്നെയും എന്തൊക്കയോ പറഞ്ഞു കൊണ്ടിരുന്നു. അമ്മു അതൊന്നും കേട്ടില്ല. കുറച്ചു നാൾ അവൾ മുഖം വീർപ്പിച്ചു നടന്നു. ഇഷ്ടമില്ലാത്തതായി അഭിനയിച്ചു. പിന്നെ എപ്പോഴോ രണ്ടുപേരും തമ്മിൽ അടുത്തു. അവൾ പിന്നെയും ആലോചിച്ചു. എപ്പോഴാണ് ഞങ്ങൾക്കിടയിൽ ഈ ബുക്കു വന്നു കയറിയത്. ആ ബുക്ക് ജയൻ ഏറ്റവും ഇഷ്ടപ്പെട്ട ഒന്നായിരുന്നു. അവൾ ആ ബുക്കിലേക്കു നോക്കി. പൊടിപിടിച്ചിരിക്കുന്നു. അവൾ ആ പൊടി തുടച്ചു. 'ഏകാന്തതയുടെ 100 വർഷങ്ങൾ' ആ പേരു പോലെ തന്നെ തന്നെ തനിച്ചാക്കി ജയൻ പോയല്ലോ എന്നോർത്ത് അവൾ സങ്കടപ്പെട്ടു. ഗീതു കുഞ്ഞായിരുന്നപ്പോഴേ ജയൻ മരിച്ചതാണ്. അമ്മു മകളെ നോക്കി. അവൾ നല്ല ഉറക്കത്തിലാണ്.

പെട്ടന്നെന്തോ താഴേക്ക് വീണു. അത് ഒരു കത്തായിരുന്നു. കലാലയത്തിലെ പ്രണയത്തിനിടയ്ക്കെപ്പോഴോ ജയൻ അമ്മുവിനെഴുതിയ കത്ത്. തങ്ങൾ കത്ത് കൈമാറ്റം ചെയ്തിരുന്നത് ഈ ബുക്കിലൂടെ ആണെന്നോർത്തപ്പോൾ അമ്മുവിനു തെല്ലു നാണം വന്നു. ലൈബ്രറി ഹാളിലെ എതിർ ബഞ്ചുകളിലിരുന്ന് തങ്ങൾ കത്തെഴുതിയിരുന്നതും അത് ആ ബുക്കിനുള്ളിലാക്കി കൈമാറ്റം നടത്തിയിരുന്നതും അവളോർത്തു. അവൻ കത്തു വച്ചു തന്നിരുന്ന പേജുകളെയും അതിലെ വാചകങ്ങളെയും വായിച്ചപ്പോൾ അവൾക്കു കോരിത്തരിക്കാതിരിക്കാൻ കഴിഞ്ഞില്ല. പ്രണയത്തിന്റെ ആദ്യ നാളുകളിൽ അവൾ ആ വാചകങ്ങൾ വായിച്ച് അവനോടു പറയും ഈ ഗബ്രിയേൽ മാർക്വിസ് ആളു ശരിയല്ല. എന്തൊക്കയാ എഴുതി പിടിപ്പിച്ചിരിക്കുന്നത്. പിന്നീട് അത് മാറിയതും അവളോർത്തു.

ലൈബ്രറി ഹാളിലെ 14-ാം നമ്പർ ലോക്കറിനു താഴെയാണ് അവൻ ഈ ബുക്കു വയ്ക്കുക. ഉച്ചയ്ക്കു അമ്മു പോയി ബുക്കെടുക്കും കത്ത് മടക്കി ബാഗിൽ വച്ച് മറുപടി കത്ത് ബുക്കിൽ തന്നെ വയ്ക്കും. അമ്മു പോയി കഴിയുമ്പോൾ ജയൻ അതെടുക്കും. തങ്ങൾക്കിടയിലെ ഒരു പോസ്റ്റ്മാനായിരുന്നല്ലോ ഈ ബുക്കെന്നാലോചിച്ചപ്പോൾ അവൾക്ക് തന്റെ നെഞ്ചിൽ ഒരു വേദന അനുഭവപ്പെട്ടു. ആ ബുക്കിലെ കഥാപാത്രങ്ങളെപ്പോലെ മരിച്ചതിനു ശേഷവും ജയൻ തന്റെ അടുത്തു വന്നിരുന്നതായി അമ്മുവിനു തോന്നി. മകളുടെ എന്തു കാര്യമുണ്ടായാലും അമ്മു അത് ആദ്യം പറഞ്ഞിരുന്നത് ഈ ബുക്കിനോടായിരുന്നു. ഇതിലൂടെ തന്റെ ജയൻ ജീവിക്കുന്നതായി അവൾക്ക് അനുഭവപ്പെട്ടു.

അവൾ തന്റെ മുറിയിലേക്കു നോക്കി. മുറിയുടെ ഒരു കോണിലായി മേശമേൽ ഗീതുവിന്റെ ലാപ് ഇരിക്കുന്നു. വീട്ടിൽ കമ്പ്യൂട്ടർ ഉണ്ടെങ്കിലും അവളുടെ പഠനാവശ്യത്തിനാണ് പുതിയ ലാപ്ടോപ്പ് അമ്മു വാങ്ങിച്ചത്. അവൾ കമ്പ്യൂട്ടറിൽ നോക്കി. ദേ ഒരു മെയിൽ വന്നു കിടക്കുന്നു. അവൾ തന്റെ കൈയ്യിലിരിക്കുന്ന ബുക്കിലേക്കു പിന്നെയും നോക്കി. ഗീതു പലപ്പോഴും മെയിൽ അയക്കുമ്പോഴും അമ്മു ആ പഴയ പുസ്തകത്തെക്കുറിച്ചോർക്കാറുണ്ടായിരുന്നു. ലൗ ലെറ്റേഴ്സിനെക്കുറിച്ചുള്ള ഗീതുവിന്റെ അഭിപ്രായം വികലമാണെന്നാണ് അമ്മുവിനു തോന്നിയിട്ടുള്ളത്. കത്തുകളിലൂടെ തങ്ങൾ കൈമാറിയിരുന്ന ആത്മാവ് ഇപ്പോഴത്തെ മെയിലുകൾക്ക് കഴിയില്ലെന്ന് അമ്മു വിശ്വസിച്ചു.

ആർക്കേഡിയോയുടെ രക്തം ഒഴുകിയതിനെക്കുറിച്ചു പറയുന്ന പേജ് എടുത്ത് അതിൽ രക്തക്കറ കണ്ട അമ്മുവിന് അസ്വാസ്ഥ്യത ഒന്നും തോന്നിയില്ല. അവൾ ആ കാലത്തേക്ക് തിരിച്ചു പോയി. കാശ്മീരിലേക്ക് ജയൻ പോയപ്പോൾ വിരഹവും സങ്കടവും താങ്ങാനാവാതെ താൻ എഴുതിയ ഒരു കത്ത് ഈ ബുക്കിനൊടോപ്പം കൊറിയറായാണ് അയച്ചത്. ഈ ബുക്കിൽ വച്ചേ കൊടുക്കൂ എന്ന് അവൾക്കു വാശിയുണ്ടായിരുന്നതു പോലെ തോന്നിച്ചു. പക്ഷേ അന്നത്തെ കത്തിനു പ്രത്യേകത ഉണ്ടായിരുന്നു. തന്റ രക്തം കൊണ്ടെഴുതിയ കത്ത് ബുക്കിൽ വച്ചപ്പോഴാണ് ആ കറ പുരണ്ടത്. കാശ്മീരിൽ ആ കത്ത് എത്തിയതിനു ശേഷം അവൻ ആ കത്തിന്റെ ഒരു തുണ്ട് എടുത്തു തിന്നു എന്ന് പിന്നീട് ജയൻ പറഞ്ഞപ്പോൾ അവൾക്ക് സന്തോഷവും സങ്കടവും സഹിക്കാൻ കഴിഞ്ഞില്ല.

'എന്താ അമ്മേ അത്' ഗീതു എഴുന്നേറ്റു ഓ.......... അമ്മ
യുടെ പോസ്റ്റ്മാൻ. അവൾ കുസൃതി ചിരിയോടെ പറഞ്ഞു.
അമ്മുവിന്റെ കൂട്ടുകാരി മിനി ഈ ബുക്കിനെക്കുറിച്ച് ഗീതുവി
നോടുപറഞ്ഞിട്ടുണ്ടായിരുന്നു. വെറും പോസ്റ്റ്മാനല്ല മോളേ
അത്........ അമ്മയുടെയും അച്ഛന്റെയും ജീവാത്മാവായ
പോസ്റ്റ്മാനാണ്. തിരിച്ചു വെയ്ക്കുന്നതിനിടയിൽ അമ്മു പറ
ഞ്ഞു. 'എന്റെ ഇമെയിൽ കാലത്തെ നടുവൊടിഞ്ഞപോസ്റ്റ്മാൻ'
ഗീതു കളിയാക്കി.



Arathy Madhav
II B.Sc. Chemistry

# ശിഷ്ടം

## താരാട്ട്

**എ**ന്റെ കവിതയ്ക്ക് മരണമില്ല
കാരണമെന്തെന്നാരാഞ്ഞു ലോകം
അവൾ ജനിക്കുന്നില്ലെന്നതു തന്നെ കാരണം
ഇരുൾ പെയ്യും വീടിന്നകകോണിലെങ്ങോ
അക്ഷരങ്ങൾ മുറിഞ്ഞു ചോര പൊടിയുന്നു
വാക്കുകൾ വീണടിഞ്ഞു ജീർണ്ണിക്കുന്നു
എനിക്കെന്റെ പ്രഞ്ജ നഷ്ടപ്പെടുന്നു
വരണ്ട തൊണ്ടയ്ക്കല്പം ദാഹജലം പകരാൻ
ഒരു കുഞ്ഞു കൈയ്യിൽ കരുണപോലുമില്ല
മെലിഞ്ഞ കഴുത്തിലെ മഞ്ഞ നൂൽ വരിഞ്ഞു മുറുകുന്നു
എന്റെ സ്വത്വം എവിടെയോ നഷ്ടപ്പെടുന്നു
കരയരുതെന്നു കരുതിയിരിക്കുമെൻ
മിഴികളിൽ മഴപെയ്തൊടുങ്ങുന്നില്ല
തണുത്ത തളത്തിൽ വെള്ള പുതച്ചുറങ്ങുമ്പോഴുമെൻ മനം
തൂലികതുമ്പിൽ കുരുങ്ങി നിൽക്കും
കവിതയെ താരാട്ടുപാടിയുറക്കും



## കുറിപ്പുകൾ

**എ**ന്റെ ഡയറിത്താളിൽ ഞാൻ കുറിച്ചു വച്ചത്
എന്റെ പ്രതീക്ഷകൾ എന്റെ നൊമ്പരങ്ങൾ
എത്തിപ്പിടിച്ച നേട്ടങ്ങൾ എഴുതി നിറച്ച വരികൾ
നഷ്ടകാലത്തിന്റെ ശേഷിപ്പുകൾ

## ഞാൻ നേടിയത്...

ഗുരുഭൂതരുടെ നല്ല വാക്കുകൾ
സൗഹൃദത്തിന്റെ വസന്തം
സഹജരുടെ അപ്രീതി
പാപത്തിന്റെ നൊമ്പരങ്ങൾ



## എനിക്കായ് നഷ്ടപ്പെട്ടത്...

ഒരു നിറഞ്ഞ പുഞ്ചിരിയുടെ ഭാഗ്യം
കൈപിരിഞ്ഞ ബന്ധം
എണ്ണ കിനിയുന്ന മുടിയിഴകൾ
ശാന്തമായ കണ്ണുകൾ
ജീവസ്സുറ്റ ശബ്ദം
അറിവിനായുള്ള തൃഷ്ണ
പാതി വായിച്ച പുസ്തകം
പ്രതീക്ഷ

## ശിഷ്ടം...

ഉടഞ്ഞു പോയ സമ്മാനം
അപ്പൂർണ്ണമായ കവിത
ഒഴിഞ്ഞ മഷിക്കുപ്പി
ചിന്നിച്ചിതറിയ വാക്കുകൾ
പകർന്നു നൽകാത്ത അറിവ്
ഉറഞ്ഞു പോയ സ്നേഹം
നിറയാത്ത ഡയറിത്താളുകൾ
പിന്നെയീ ഞാനും

Ranjini T. G.
III B. A Economics



ഇപ്പോൾ മിണ്ടാതിരുന്നാൽ....

# Survival after death

"Oh build your ship of death, oh build it in time / and build it lovingly, and put it between / the hands of your soul. Once outside the gate of this walled silvery life of days / once outside upon the grey rashes, where lost souls moon in millions,/ unable to depart. Having no boat to launch upon the shaken, soundless, deepest and longest of seas, / once outside the gate, / what will you do, if you have no ship of the soul?" DH Lawrence , ship of death

These are the lines of DH Lawrence from his poem ' The ship of Death'. Here he speaks about the might of a soul who peacefully sails in the ship of death to the other world.

All religious, Philosophies, assert and postulate a life after death. But the mode of life they propose are different according to their beliefs and culture. Some religions believe that there is incaranation; Others that there is rebirth; some others in trans migration and some in resserution of souls. How will be the life after death ? This was the major question for thinkers. If we analyse the history of philosophy from the period of ancient to the period of disarts the subject matter of their philosophy were concerned with soul and life after death. But in the modern era, philosophy his more concerned about the authropological life earth. But there is a shift in the contemporary world, when philosophy and science are more concerned to know about the life after the disintegration of matter.We have the contribution of contemporary philosophers life. H. Puntani ,Karl, Popher, Paul Ricoer and Markponteis who have contributed towards the philosophy of mind which studies about the soul and after life.

Man is essentially a combination of body and soul, that is, he is of both body and soul. There is a relationship between material body and nonmaterial soul. Regarding this rapport ents. But among them the theories of Plato and Aristotle lays the foundation. According to the Platonic version the body and soul are both independant substances. Oh the other hand Aristotle's version postulates that body and soul are two incomplete substances and together give origin to a single substance man, who is therefore essentially soul and body. But what ever



this rapport be there is one thing that is inevitable that is nothing but death. What is death?

Scientifically speaking death is the sudden stopage of all metabolic activities. Death is a dramatic event which each one of us must confront on his own account. For this event there is no attorneys mediaters and no representatives. No one can take on the death of another. Martin Heidagar states that "every man must always assume his own death himself".

The tragic event of death id singularly dramatic became it is universal, inescapable,imminent, inexorable and fearful.

Does death mark the end of whole man? Or man, who is in the image of God will rot in grave? These are the real epistential questions and do not expect me to give a concrete solution to this problem,Because neither have I ever met any one coming to life after death. The soluton for this problem can be philosophical.

We have seen that soul is something divine. Then what about the body?Isn't it divine. St. paul in this first epistle to corianthians 3:16 says, "your body is the temple of God." Then will this temple be destroyed by worms and mites? This is the real problem of resurrection in christianity. How are we to be raised from death at the time of the second coming?. An account of resurrection is seen in the Gospel of St.Luke 16:19 -31 .There we can see both the rich man and the poor Lafrus in their own bodies. How can this happen ? This brings us to of science which speaks about quantum consciousness that is based on the concept that all things are interested and can affect each other at speed greater than that of light.

Br. Shiju
III B.A. English





മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ബ്ലോഗാന എന്ന പംക്തിയിൽ പ്രസിദ്ധീകരിച്ചത്.

# എഴുപതുകളിലെ യുസി

ആലുവാ യുസി കോളേജിന്റെ കരുത്തും കയ്യിലിരിപ്പും കയ്യൊപ്പും പതിഞ്ഞ ഒരു വസന്തകാല സമരത്തെക്കുറിച്ചാണ് ഈ ബ്ലോഗാന. മിച്ച ഭൂമി സമരം നടക്കുന്ന കാലം. തുണിയില്ലാതെയും സമരം ചെയ്യാമെന്ന് കാമ്പസുകൾ ചിന്തിച്ചു തുടങ്ങും മുമ്പുള്ള കാലം.

എഴുപതുകളിൽ എന്തായിരുന്നു യുസി? പറഞ്ഞു കേട്ട കഥകൾ വച്ച് ഒരന്വേഷണം നടത്തി. കിട്ടിയത് ഏതാനും സമരങ്ങളുടെ വീരഗാഥകൾ. പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തുവാൻ സമരങ്ങളോളം മറ്റെന്തുണ്ട്.

മൂന്നു സമരങ്ങൾ. മൂന്നും ഒന്നിനൊന്നു വ്യത്യസ്തം. വിചിത്രം. മൂന്നിലും യുസിയുടെ കരുത്തുണ്ട്. കയ്യിലിരിപ്പുണ്ട്. കയ്യൊപ്പുണ്ട്. ഒരു പക്ഷേ ഇനി ഒരിക്കലും ഇതുപോലുള്ള സമരങ്ങൾ യുസിയിൽ നടന്നെന്നു വരില്ല.

ഇതിൽ ആദ്യത്തെ സമരം നടക്കുന്നത് 1970ൽ ആണ്. അക്കാലത്തു നടന്ന മറ്റു സമരങ്ങളേയും പോലെ ഹോസ്റ്റലിലാണ് ഈ സമരവും പിറവിയെടുക്കുന്നത്. അന്ന് ആൺ കുട്ടികൾ കാമ്പസിൽ ന്യൂനപക്ഷമല്ല. ആണുങ്ങൾ സർവ്വാധിപത്യം പുലർത്തിയിരുന്ന ആ കാലത്ത് അവർക്ക് പാർക്കാൻ യുസിയിലുണ്ടായിരുന്നത് അഞ്ച് ഹോസ്റ്റലുകൾ, ഹോളണ്ട് ഹോസ്റ്റൽ (ഇന്ന് അദ്ധ്യാപകരുടെ ഹോസ്റ്റൽ) ന്യൂ ഹോസ്റ്റൽ (ഇന്നത്തെ സൈക്കോളജി ബ്ലോക്ക് നിൽക്കുന്നതിനു മുൻപുണ്ടായിരുന്ന മാത്യുബ്ലോക്ക്), ചാക്കോ ഹോസ്റ്റൽ, സ്കിന്നർ ഹോസ്റ്റൽ, ടാഗോർ ഹോസ്റ്റൽ(സർക്കസ് കൂടാരം പോലെ ഒരു ഓഡിറ്റോറിയം ഇന്നു നിൽക്കുന്ന സ്ഥലത്ത് പണ്ടുണ്ടായിരുന്ന ഹോസ്റ്റൽ)

കപ്പപുഴുങ്ങിയതു പോലെ കുറേ ഇള്ളക്കുട്ടികൾ ചുമ്മാ ഉണ്ടുറങ്ങിക്കഴിയുന്ന ഇടമല്ല അന്ന് ഹോസ്റ്റലുകളൊന്നും. ഇന്നത്തെ കിളിനൊച്ചിയും മുല്ലത്തീവും പോലെ ഒന്നാന്തരം പുലിമടകൾ. ജാതി, വർഗ്ഗ, പ്രത്യയശാസ്ത്രഭേദമില്ലാതെ എല്ലാ അവന്മാരും തോളോടുതോൾ ചേർന്നിരുന്ന് റമ്മിയും പന്നിമലർത്തും കളിക്കും. ക,മ,പ അക്ഷരങ്ങളിൽ തുടങ്ങുന്ന വാക്കുകൾ തെരുതെരെ പയറ്റും...................... ഒഴിവുള്ളപ്പോൾ യുസി കടവിൽ കുളിസീൻ പിടിക്കാൻ പോകും................. തെറുപ്പു ബീഡിയും, കള്ളും (ചിലപ്പോൾ സാമി എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന കഞ്ചാവും) എവിടെ കണ്ടാലും ആരതിയുഴിഞ്ഞ് ആനയിക്കും.

അലമ്പു മാത്രമല്ല ഹോസ്റ്റലുകളുടെ മുഖമുദ്ര......... നാലക്ഷരം പഠിച്ച് റാങ്കു നേടുന്നവൻ അവർക്കിടയിലുണ്ട്. ചില 'ബുദ്ധി രാക്ഷസൻമാർ' പഠിക്കാതെയും പാസായിക്കളയും! റേഡിയോ 'അസംബിൾ' ചെയ്തും പോസ്റ്ററെഴുതിയും ട്യൂഷനെടുത്തും ചെലവിന് പണമുണ്ടാക്കുന്നവർ തൊട്ട് റബ്ബർ മുതലാളിമാർ വരെ എച്ചികളായി വാഴുന്ന സമത്വ സുന്ദര ലോകമാണിവിടം. ആർട്സും സ്പോർട്സും ഇലക്ഷനും തല്ലും എന്നു വേണ്ട കോളേജിലെ സകല ഇടപാടുകൾക്കും ആളയച്ച് സഹായിക്കുന്നത് ഇവരാണ്........................

1970 ലെ ഒരു പ്രഭാതം ന്യൂ ഹോസ്റ്റൽ സൂര്യൻ പതിവുപോലെ അന്നും ഉഷാറായുദിച്ചു. തേച്ചു തേച്ചു മലർന്ന ബ്രഷ്, കരി, പൊടി എന്നിത്യാദി സാമഗ്രികൾ കൈയിലേന്തി അന്തേവാസികളിൽ ചിലർ പൈപ്പിൻ ചോട്ടിലേക്കും കത്തിക്കാത്ത കട്ടൻ ബീഡി കടിച്ച് ചിലർ കക്കൂസിലേക്കും നടക്കുന്നു. ഒട്ടും അമാന്തമില്ലാതെ പോയവരെല്ലാം പോയ കോലത്തിൽ തിരികെ വരുന്നു. എവിടെയും വെള്ളമില്ല!. ഏവരിലും രോഷം ആളിക്കത്തി. ഹോസ്റ്റലിൽ വെള്ളമില്ലാത്തത് ഒരു പതിവായിരിക്കുന്നു. ഒന്നു കുളിക്കണമെങ്കിൽ, മനസ്സറിഞ്ഞ് ഒന്ന് അപ്പിയിടണമെങ്കിൽ കുറച്ചപ്പുറത്തുള്ള ആറ്റിൽ പോകണം. ഇനിയും ഇതങ്ങനെ വിട്ടാൽ പറ്റില്ല. ആറ്റുകാലമ്മച്ചിയെ മനസ്സിൽ ധ്യാനിച്ച് ചിലർ നിന്ന നിൽപ്പിൽ പ്രതിജ്ഞയെടുത്തു. ഇല്ല ഇനി വെള്ളം വരാതെ കുളിമുറിയിൽ അഴിച്ചിട്ട ഉടുതുണിയുടുക്കില്ല.

ബി.എ. ഫൈനൽ ഇംഗ്ലീഷ് വിദ്യാർത്ഥി വിദ്യാസാഗറിനു പിന്നിൽ ഹോസ്റ്റലുകൾ അണി നിരന്നു. പല്ലു തേപ്പ്, കുളി എന്നീ പ്രഹസനങ്ങളിൽ വിശ്വാസമുള്ളവരും ഇല്ലാത്തവരും ഒരേ മനസ്സോടെ പ്രതിഷേധത്തിൽ പങ്കു ചേർന്നു. ഒറ്റയ്ക്കല്ല സമാനഗതികേടുകാരായ ചാക്കോ ഹോസ്റ്റലുകാരും കൂട്ടിനുണ്ട്.

നേതാവിന്റെയും അണികളുടെയും വേഷമാണ് ശ്രദ്ധേയം. അരയിൽ ഒരു തോർത്ത്. ചിലർക്ക് ജട്ടി മാത്രം. ലുക്ക് ബാലൻസ് ചെയ്യാൻ ചിലർ തലയിലും കെട്ടി ഒരു തോർത്ത് കണ്ണുകൊള്ളാതിരിക്കാൻ വായിൽ

UC College



ഒരു ബ്രഷും കടിച്ചു പിടിച്ചു. കോളേജിലെ നഗ്നയാഥാർത്ഥ്യങ്ങൾക്കു നേരെ ആ സമരക്കാർ ജാഥയായി നടന്നു. ടി.ബി. തോമസ്സ് സാറിന്റെ വീടാണ് ലക്ഷ്യം. പിടിച്ചടക്കും പിടിച്ചടക്കും പച്ചവെള്ളം പിടിച്ചടക്കും.

ദൈവത്തിന് വേദനിക്കുമാറ് മുഷ്ടി ചുരുട്ടി ആകാശത്തേക്കെറിഞ്ഞ് മുദ്രാവാക്യം വിളിച്ച് അവർ നടന്നു നീങ്ങി. ജാഥ ടി.ബി.ടി യുടെ വീട്ടിലെത്തി. നേതാവ് വിദ്യാസാഗർ ഒരൊറ്റച്ചാട്ടത്തിന് മതിലിൽ ചാടിക്കയറി. ശേഷം അണികളെ സംബോധന ചെയ്തു. 'സ്നേഹിതരെ, നമ്മുടെ സമരം ഈ കോളേജിനെതിരെയല്ല. ഇവിടുത്തെ മാനേജ്മെന്റിനെതിരെയല്ല. മറിച്ച് പഴകിത്തുരുമ്പിച്ച ഇവിടുത്തെ ഇരുമ്പുപൈപ്പുകളോടാണ്'.അന്നത്തെ ക്ലിക്ക് 3 എന്ന ക്യാമറ കൈയ്യിലുണ്ടായിരുന്ന സമരക്കാരിലൊരാൾ നേതാവിന്റെയും അണികളുടെയും ഫോട്ടോയെടുത്തു. ആദ്യമായും അവസാനമായും യുസിയിൽ നടന്ന പച്ചവെള്ള സമരം അങ്ങനെ കാലത്തിന്റെ കണ്ണിൽ പതിഞ്ഞു.

സമരക്കാരുടെ ആവശ്യം ഒറ്റനോട്ടത്തിൽ ടി.ബി.ടി. തിരിച്ചറിഞ്ഞു. അണികളുടെ ആവേശം ഒരിഞ്ച് പൊങ്ങിയാൽ നാണക്കേട് കോളേജിനാണ്. ഹോസ്റ്റലിൽ വെള്ളമെത്തിക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ സാറു സ്വീകരിച്ചു. അങ്ങനെ കടുംകൈ അവസാനിപ്പിച്ച് ഹോസ്റ്റലുകാർ വന്ന വേഷത്തിൽ മടങ്ങി. മറയില്ലാതെ നടന്ന ആ സമരം ഇന്ന് കാലം മറന്നു പോയിരിക്കുന്നു.

# അച്ഛന്റെ ഉണ്ണി



ഉണരുവാനാശിക്കും നേരമെല്ലാം
ഉന്മാദമെന്നെ തളർത്തിടുന്നു
ഓർമ്മകൾ ആഞ്ഞാഞ്ഞടിക്കുമ്പോൾ
എൻ ബുദ്ധിപോലും തരിച്ചിടുന്നു
മധുമന്ദഹാസമെൻ ഹൃത്തടത്തിൽ
ശക്തിതൻ ശ്രോതസ്സായ് മാറിടുന്നു...............!

മുട്ടിലിഴഞ്ഞെന്റെ ചാരെയെത്തി
എന്റെ ഉണ്ണിയെന്റെ മാറോടു ചേർന്നു,
നെഞ്ചോടു ചേർന്നവൻ ചാഞ്ഞുറങ്ങി,
അമ്മതൻ ചൂടേറ്റ് വിരലുകൾ ഊമ്പി,
എന്നുണ്ണി പൊന്നുണ്ണി മെല്ലെയുറങ്ങി,

രാജ്യത്തിൻ കാവലായ് പോയി അച്ഛൻ
നാടിനെ സേവിക്കാൻ പോയി അച്ഛൻ
ഭീകരർ തൻ മുന്നിൽ അടി പതറാതെ
ഓരോരോ ചുവടുകൾ വച്ചു അച്ഛൻ
രാജ്യത്തെ രക്ഷിച്ചു, ഭാരതമക്കൾക്കായ്
തൻ ജീവൻ വീരബലിയുമേകി...........................
നാടിനഭിമാനമായ് മാറി അച്ഛൻ.
വീരനാം അച്ഛന്റെ പൊന്നുണ്ണിയെൻ
വിരലിനെ മുറുകെ പിടിച്ചിടുന്നു
എൻ മാറോടേറ്റം അടുത്തിടുന്നു....

മാഞ്ഞതിലകം ഞാനോർക്കുന്നില്ല
പൊട്ടിയ താലി ചരടിനെയോ
വീണ്ടും ബന്ധിക്കുവാനാശയില്ല
എന്റെ കൺമുമ്പിലെൻ ഉണ്ണി മാത്രം
എന്റെ മനസ്സിലെൻ ഉണ്ണി മാത്രം
ഇനിയോരോ നിമിഷവും ജീവിച്ചീടും
വീരനാം അച്ഛന്റെ പൊന്നുണ്ണിയെ
നാടിൻ യശ്ശസ്സായ് തീർത്തീടുവാൻ,
അച്ഛന്റെ ഉണ്ണിയായ് വളർത്തീടുവാൻ,
ജീവിത പന്ഥാവിൽ വിജയിക്കുവാൻ,
ഈ അമ്മ വളർത്തീടും പൊന്നുണ്ണിയെ.............!

കൂടുതൽ ചാഞ്ഞവൻ ചേർന്നിടുന്നു
അമ്മതൻ മാറോട് ഒട്ടിടുന്നു
ചൂടേറ്റ് വീണ്ടും ഉറങ്ങിടുന്നു.............!



Jisa James
I B.A English

# അത്ഭുതം

പ്രിന്റു ചെയ്ത ജാതകക്കുറുപ്പിൽ നോക്കി
കമ്പ്യൂട്ടർ ജോത്സ്യൻ പ്രവചിച്ചു
18-ാം വയസ്സിൽ അവളുടെ ജീവിതത്തിൽ
ഒരത്ഭുതം സംഭവിക്കും
എന്താണെന്നോതും മുമ്പെ
അടുത്ത കസ്റ്റമറെത്തി
തങ്ങളുടെ ഊഴം കഴിഞ്ഞെന്നറിയിച്ചതിനാൽ
ദുഃഖഭാരവും പേറി പടിയിറങ്ങി
അമ്മയും മകളും
എന്താണാ അത്ഭുതം
പരസ്പരം തലപുകഞ്ഞു ഇരുവരും
അവൾക്കിപ്പോൾ പതിനേഴു നടപ്പ്
ഊണില്ല
ഉറക്കമില്ല
അനാദിയായ ചിന്തതന്നെ
എവിടെ നോക്കിയാലും അത്ഭുതം
ടി.വി. തുറന്നാൽ കാണാം
കണ്ണീർ പരമ്പര 'അത്ഭുതം'
വാരിക വായിച്ചാൽ അതിലും കാണാം
മാന്ത്രിക നോവൽ 'അത്ഭുതം'
പെണ്ണിൻ മനസ്സു നിറയെ അത്ഭുതം
അതു കാണുന്നോർക്കും അത്ഭുതം
ദിനരാത്രങ്ങൾ കഴിയുംന്തോറും
പട്ടിണിപ്പരിവട്ടമായി പാവം
കാണുന്നോരെല്ലാരും ചോദിക്കുന്നു
'ഇതെന്തൊരത്ഭുതം'
അവസാനം
പതിനെട്ടു തികഞ്ഞതിൻ പിറ്റെന്നാൾ
അവൾ
പരലോകത്തെപ്പൂകി
പത്രത്തിൽ വാർത്ത കണ്ടു
"പതിനെട്ടുകാരി, പതിനെട്ടു കിലോ തൂക്കവുമായി
മരണത്തിനു കീഴടങ്ങി"
കണ്ടവർ കണ്ടവർ അത്ഭുതം കൂറി
അത്ഭുതം!
അത്ഭുതം!
അത്ഭുതം!



Sreelakshmi V.R.
I B.A. Malayalam

# വിശുദ്ധമായ ഈഡിപ്പസ് കോംപ്ലക്സ്

## മദർ ആന്റ് സൺ

**സൗ**ന്ദര്യ ശാസ്ത്രത്തിന്റെ ചേരുവകൾ നളപാകം തെറ്റാതെ ചേർന്നിരിക്കുന്ന ഉത്കൃഷ്ടമായ സൃഷ്ടിയാണ് അലക്സാണ്ടർ സോകുറോവിന്റെ അമ്മയും മകനും അഥവാ മദർ ആൻഡ് സൺ എന്ന ചലച്ചിത്രം. മനുഷ്യബന്ധങ്ങളുടെ അസ്ഥിത്വം സങ്കിർണ്ണവും അതിന്ദ്രിയപരവും അനിർവ്വചനിയവുമാണെന്ന വസ്തുത ആണ് വികാരങ്ങളുടെ സംഗിതാത്മകമായ ചിത്രീകരണത്തിലൂടെ സംവിധായകൻ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ സംഗീതം പ്രകൃതിയുടെ നാദമാണ് , ഋതുക്കളുടെയും. ഋതുഭേദങ്ങൾ ചാലിച്ച നിറങ്ങളുടെ വിഷാദവും ഉന്മാദവും ആനന്ദവും വാത്സല്യവും സ്പർശനത്തിന്റെയും ശ്വാസതാളത്തിന്റെയും രതിസൗന്ദര്യവും ക്യാമറയുടെ അതിമനോഹരമായ ആംഗിളുകളിലൂടെ ചിത്രകാവ്യം രചിച്ചിരിക്കുന്നു എന്ന് പ്രേക്ഷകന് നിറഞ്ഞ മനസ്സോടെ അഭിനന്ദിക്കാവുന്ന ചിത്രം കൂടിയാണ് മദർ ആൻഡ് സൺ.

### കഥാഘടനയും സാരാംശവും



പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ ഒരു അമ്മയും മകനും തമ്മിലുള്ള സങ്കിർണ്ണ ബന്ധത്തിന്റെ ആവിഷ്ക്കാരമാണ് ചിത്രം. ഫ്രോയിഡിയൻ ഈഡിപ്പസ് കോംപ്ലക്സിന്റെ അതിമനോഹരമായ വിശദീകരണം തരുന്ന ചിത്രമാണ് മദർ ആൻഡ് സൺ. ഒരു എണ്ണ ഛായാചിത്രത്തിന്റെ സ്തംഭിപ്പിക്കുന്ന സൗന്ദര്യത്തോട് കൂടി ആരംഭിക്കുന്ന ചിത്രം രോഗശയ്യയിൽ കിടക്കുന്ന അമ്മയുടെയും അമ്മയെ ശുശ്രൂഷിക്കാൻ അതിനെക്കാളുപരി പരിലാളിക്കാൻ തന്റെ യൗവ്വനത്തിന്റെ നല്ല നാളുകൾ ചെലവഴിക്കുന്ന മകന്റെയും ബന്ധത്തിന്റെ കഥയാണ്. കഥയെക്കാളുപരി അതൊരു കാവ്യമാണ്. ഒരു കവിതയുടെ താളബോധത്തോടെയും സംഗീതാത്മകതയോടെയും ആണ് ചിത്രം മുന്നോട്ടു പോകുന്നത്. നടക്കാൻ പോകണമെന്ന ആഗ്രഹം പ്രകടിപ്പിക്കുന്ന ഹൃദ്രോഗിയായ അമ്മയെ ചുമന്ന് പൂന്തോട്ടത്തിലിരുത്തുകയും മരത്തണലിലെ ബഞ്ചിൽ അമ്മയെ കിടത്തി അമ്മയുടെ പഴയ ആൽബത്തിലെ കത്തുകളും കുറിപ്പുകളും മകൻ വായിച്ചു കേൾപ്പിക്കുന്ന രംഗത്തിലൂടെ സ്വകാര്യതകളും ഓർമ്മകളും പോലും പങ്കു വയ്ക്കപ്പെടുന്ന ഒരു ബന്ധമാണ് സംവിധായകൻ അവതരിപ്പിച്ചിരിക്കുന്നത്. പ്രസവിച്ചതു കൊണ്ട് ഒരു സ്ത്രീ അമ്മ എന്ന വാക്കിന്റെ അതിർവരമ്പുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കണമെന്നില്ല. ഒരു അമ്മ മകൻ ബന്ധം എന്നതിനേക്കാളുപരി പച്ചയായ സ്ത്രീ പുരുഷ ബന്ധത്തിന്റെ അതിതീവ്രമായ ഒരു ഫ്രോയിഡിയൻ കെമിസ്ട്രിയാണ് സ്വപ്നങ്ങൾ പോലും ഒരുമിച്ചു കൂട്ടുന്ന അമ്മയിലും മകനിലും ഉള്ളത്. സ്പർശനത്തിന്റെ മാസ്മരികമായ അനുഭൂതികളാണ് അമ്മയെ തലോടുന്ന മകനിലൂടെ പ്രേക്ഷകന് പകർന്നു കൊടുക്കാൻ സംവിധായകന് കഴിഞ്ഞത്.

ഒരു പക്ഷേ ഒരു ഇന്ത്യൻ സദാചാര ബോധത്തിന്റെ ഉള്ളിൽ നിന്നു കൊണ്ട് ആസ്വദിക്കുമ്പോൾ ചിത്രത്തിലെ ബന്ധത്തിന്റെ സങ്കിർണ്ണമായ അവതരണം വിപ്ലവകരമെന്ന് പറയേണ്ടി വരും. പക്ഷേ പച്ചയായ മനുഷ്യബന്ധങ്ങളുടെ പരസ്പര പൂരകത്വവും ദേശഭേദങ്ങളുടെ സദാചാരനിയമങ്ങളിൽ ആസ്വാദകനെ കുരുക്കില്ല. ഒരേ ബോദ്ധ്യങ്ങളിൽ ജീവിക്കുന്നവരാണ് ഇരുവരും. അതുകൊണ്ട് തന്നെ അവരുടെ മാനസിക വ്യാപാരങ്ങളും ഏറെക്കുറെ ഒന്ന് തന്നെയായിരിക്കുമെന്ന ഫ്രോയിഡിയൻ മനഃശാസ്ത്ര സമീപനത്തിന്റെ ആവിഷ്ക്കാരമാണ് ചിത്രത്തിലെ ഈശ്വരനെക്കുറിച്ചുള്ള പരാമർശം. ഇരുവരും വിശ്വാസികളാണോയെന്ന് വ്യക്തമാക്കാൻ സംവിധായകൻ അവർക്കുള്ളിലെ സംഘർഷത്തെ അവതരിപ്പിക്കുന്നുണ്ട്. ഈശ്വരൻ അവരെ സ്വപ്നങ്ങളിൽ വേദനിപ്പിക്കുന്നു. അവരുടെ പുറം ലോകത്ത് അവർ അനുഭവിച്ചിട്ടില്ലാത്ത ഒന്നാണ്. ഈ സംഘർഷം ഇരുവരെയും ബന്ധിപ്പിക്കുന്ന അതിതീവ്രമായ സ്നേഹത്തിന്റെയും ആ സ്നേഹം മകന്റെ യൗവ്വനത്തെ നശിപ്പിക്കുന്നു എന്ന അമ്മയുടെ ബോധ്യത്തിന്റെയും അതെവിടെയൊക്കയോ സമൂഹം സൃഷ്ടിച്ചിട്ടുള്ള പാപം, നന്മ എന്നീ ബിംബങ്ങൾക്കിടയിലൂടെ സഞ്ചരിക്കുമ്പോഴുള്ള വേദനയുടേയുമായിരിക്കാം.

ഇവിടെ അമ്മയ്ക്ക് മരിക്കാൻ ഭയമാണ്. പക്ഷേ താൻ മരിക്കേണ്ടതിന്റെ കാരണം മകനാണെന്നും അവർ വിശ്വസിക്കുന്നു. തന്റെ ജിവിതം മകന്റെ യൗവ്വനം നശിപ്പിക്കുന്നതായി അവർ ചിന്തിക്കുന്നു. അവിടെ സംവിധായകൻ ബന്ധിപ്പിക്കാതെ പറഞ്ഞു വച്ചിട്ടുള്ള ഒന്നാണ് മകന്റെ സ്ക്കൂൾ റിപ്പോർട്ടിൽ സ്ക്കൂൾ ജിവനക്കാരിയായ അമ്മ എഴുതി ചേർക്കുന്ന satisfactory അഥവാ സന്തോഷകരം എന്ന അഭിപ്രായം. ഫ്രോയിഡിയൻ ഈഡിപ്പസ് കോംപ്ലക്സിന്റെ പൊസ്സസ്സീവ്നെസ്സിലൂടെ സഞ്ചരിക്കുന്ന ഈ രംഗവും അമ്മയുടെ ഉപബോധ മനസ്സിലെ പശ്ചാത്താപമായി പ്രവർത്തിക്കുന്നു.

തന്റെ അമ്മയുമായുള്ള ബന്ധവും കടപ്പാടും മകനെ ബാധിക്കുന്നത് ഏതു വിധത്തിലാണെന്ന് പ്രേക്ഷകന് വിട്ടിരിക്കുകയാണ് ഒരു പരിധിവരെ സംവിധായകൻ. ഏകാന്തതയിൽ പൊട്ടിക്കരയുന്ന മകന്റെ ചിത്രം ഏറെ ചോദ്യങ്ങളാണ് പ്രേക്ഷകർക്ക് നൽകുന്നത്. അവന്റെ വേദന നഷ്ട യൗവ്വനമാണോ, അമ്മയുടെ ആസന്നമായ മരണമാണോ, എന്നത് സുന്ദരമായ ഒരു ചോദ്യചിഹ്നമാണ്. പക്ഷേ മരിച്ചു കിടക്കുന്ന അമ്മയെ, കരയാതെ, ഒരു ഒറ്റ ഏങ്ങലോടെ മാത്രം തഴുകി ചുംബിക്കുന്ന രംഗത്തിൽ അമ്മയോടുള്ള അവന്റെ തിവ്രത വെറും വൈകാരികതയെക്കാൾ എത്രയോ അപ്പുറത്താണെന്നത് കൃത്യമായി വിനിമയം ചെയ്യപ്പെടുന്നു.

## ഛായാഗ്രഹണം

അലക്സെജ് ഫ്ജോഭോറോവിന്റെ ക്യാമറ, എണ്ണഛായാചിത്രങ്ങളെ വിസ്മയിപ്പിക്കുന്ന സൗന്ദര്യമാണ് പകർത്തിയിരിക്കുന്നത്. ചിത്രത്തിലെ ഋതുഭേദങ്ങളുടെ നിറസങ്കലനം ഓരോ മാനസിക വികാരങ്ങൾ പ്രേക്ഷകനിലേക്ക് കൃത്യമായി വിനിമയം ചെയ്യുന്നു. അരിസ്റ്റോട്ടിലിയൻ കഥാർസിസ്സിന്റെ ധർമ്മം ചിത്രം നിറവേറ്റുന്നത് ഈ അതിമനോഹരമായ ഛായാഗ്രഹണത്തിലൂടെയാണെന്നത് നിസ്സംശയം പറയാം. ഓരോ ഫ്രെയിമുകളും ചിത്രകലയെ അതിശയിപ്പിക്കുന്ന സൗന്ദര്യശാസ്ത്രം ആവാഹിച്ചിരിക്കുന്നു.

## ശബ്ദസങ്കലനം

പ്രകൃതി ശബ്ദങ്ങളെ അതിസുന്ദരമായി ചേർത്തിരിക്കുന്ന ചിത്രം ഇത്രത്തോളം സംഗീതാത്മകവും തീവ്രവും ആകുന്നത് ഈ ശബ്ദസങ്കലനത്തിലൂടെയാണ്. ശ്വാസതാള ങ്ങളുടെ രതിസൗന്ദര്യം മാത്രമല്ല ഏകാന്തമായ കാലൊച്ച കളും, തലോടലിന്റെ, പേജുകൾ മറിയ്ക്കുന്നതിന്റെ, ശബ്ദ ങ്ങൾ പോലും താളാത്മകമായി ഇഴ ചേർന്നിരിക്കുന്ന ഈ ശബ്ദ മിശ്രണത്തിനും സങ്കീർണ്ണമായ ബന്ധത്തിന്റെ ഏകാ ന്തതയുടെ സംഘർഷത്തിന്റെയും കഥാർസിസ്സ് ഉണ്ടാക്കുന്ന തിൽ വ്യക്തമായ പങ്കുണ്ട്. ആസ്വാദനത്തിന്റെ പൂർണ്ണതയും ശബ്ദങ്ങളിലൂടെയും നിറങ്ങളിലൂടെയുമാണ് സാദ്ധ്യമായിരി ക്കുന്നത്.

..............................
Antony
III B. A English



# പ്രതീക്ഷ

ഏറെ പ്രതീക്ഷയോടെയാണ് അയാൾ ആ വലിയ വീടിന്റെ ഗേറ്റ് കടന്ന് കോളിംഗ് ബെൽ അമർത്തിയത്. ഏതാനും നിമിഷങ്ങൾക്കു ശേഷം വാതിൽ തുറന്ന് ഒരു സ്ത്രീ പുറത്തു വന്നു. എന്തു വേണം ? മാഡം ഞാൻ എബനെസ്സർ കമ്പനിയിൽ നിന്നു വരുന്നു. ഞങ്ങളുടെ കമ്പനിയുടെ പുതിയ പ്രോഡക്ട് പരിചയപ്പെടുത്താൻ..............................'വേണ്ട ഒന്നും വേണ്ട' 'മാഡം ജസ്റ്റ് ഒന്ന് നോക്കിയാൽ മതി' ഇഷ്ടപ്പെട്ടെങ്കിൽ മാത്രം 'സോറി എനിക്ക് വേണ്ടാത്തതി നാലാണ്'.

ആ സ്ത്രീ അകത്തു കടന്ന് വാതിൽ അടച്ചു. അയാൾ തിരിഞ്ഞു നടന്നു. വിശാലമായ മുറ്റം കടന്ന് റോഡിലെത്തിയപ്പോൾ അയാൾക്ക് വല്ലാത്ത ചൂട് അനുഭവപ്പെട്ടു. അയാൾ തൊട്ട് എതിർവശം കണ്ട വീട്ടി ലേക്ക് കയറി. ഗേറ്റ് പൂട്ടിയിരിക്കുന്നു. പിറുപിറുത്തു കൊണ്ട് തിരിഞ്ഞു നടക്കവേ അയാൾ തന്റെ കമ്പനി മാനേ ജരെ ഓർത്തു. ഇന്നും കൂടി തനിക്ക് ഒരു പ്രോഡക്ട് പോലും വിൽക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ജോലിക്ക് വരേണ്ടന്ന അയാളുടെ താക്കീതും ഓർമ്മ വന്നു. ഉച്ച കഴിഞ്ഞു. കാലത്തു മുതൽ തുടങ്ങിയ നടപ്പാണ്. ഇതു വരെ ഒരെണ്ണം പോലും സെയിൽ ആയിട്ടില്ല. ഇങ്ങനെ ചിന്തിച്ച് കൊട്ടാരം പോലുള്ള ആ വീടിന്റെ കോളിംഗ് ബെല്ലിൽ വിരൽ അമർത്തി.

വാതിൽ അല്പം മാത്രം തുറന്ന് ഗൗരവത്തിൽ ഒരു ചോദ്യം എന്തുവേണം ? മാഡം ഞാൻ എബനെസ്സർ കമ്പനിയിൽ നിന്നും...............വാതിൽ ആഞ്ഞടിച്ച് ആ സ്ത്രീ അകത്തേക്കു പോയി. അയാൾ ഒരു നിമിഷം അവിടെ നിന്നുപോയി. 'ഹൊ' എന്തൊരു സ്ത്രീ. പല വീടുകളിൽ കയറിയിട്ടുണ്ട്. ഇങ്ങനെയൊരനുഭവം ആദ്യ മായാണ്. അയാൾ തിരിഞ്ഞു നടക്കവേ ആലോചിച്ചു.

അവിടന്നങ്ങോട്ട് ഒരുപാട് കടകൾ. നല്ല വിശപ്പുണ്ട്. ഹോട്ടൽ ബോർഡ് ഒന്നുരണ്ടിടങ്ങളിൽ കണ്ടെ ങ്കിലും അയാൾ കയറിയില്ല. വല്ലാത്ത ചൂട്. കാലുകൾ വേദനിച്ചു തുടങ്ങിയിരിക്കുന്നു. ഇനി നടക്കാൻ വയ്യ. അയാൾ ഒരു കടത്തിണ്ണയിൽ ഇരുന്നു. കുറച്ചു കഴിഞ്ഞ് അയാൾ എഴുന്നേറ്റു നടത്തം ആരംഭിച്ചു. അല്പം ഒന്ന് നടക്കേണ്ടി വന്നു ഒരു വീടു കണ്ടെത്താൻ. ഗേറ്റ് തുറന്നു കിടക്കുകയായിരുന്നു. വീടിന്റെ മുൻവശത്തു തന്നെ വൃദ്ധയായ ഒരു സ്ത്രീ ഇരിക്കുന്നുണ്ടായിരുന്നു. 'ആരാ' ? 'ഞാൻ എബനെസ്സർ കമ്പനിയിൽ നിന്നും വരുന്നു. ഇവിടെ വേറെ ആരും ഇല്ലേ' ? 'എന്നോട് പറയാൻ പറ്റാത്തതാണോ' ? 'അതല്ല മാഡം ഞങ്ങളുടെ കമ്പനിയുടെ പുതിയ പ്രോഡക്ട് പരിചയപ്പെടുത്താൻ ............................'

'ഇവിടെ ഞാനും മകനുമാണ് താമസം. മകൻ ഇപ്പോൾ ഇവിടെയില്ല കമ്പനിയുടെ പ്രോഡക്ട് എന്നെ പരിചയപ്പെടുത്തുന്നതിന് ബുദ്ധിമുട്ടുണ്ടോ' ? ഒരിക്കലുമില്ല മാഡം ഇത് ഞങ്ങളുടെ കമ്പനിയുടെ ഏറ്റവും പുതിയ പ്രോഡക്ട്, പോർട്ടബിൽ വേപൊറൈസർ.വേപൊറൈസർ ഇവിടെയുണ്ടല്ലോ ? .............................. ആയിരിക്കാം പക്ഷേ ഇത് അതിൽ നിന്നും വളരെ വ്യത്യസ്തമാണ്. ഇത് പ്രവർത്തിക്കുന്നത് ബാറ്ററിയിലാണ് മറ്റു വേപൊറൈസറുകൾ പോലെ കറന്റിലല്ല. അതുകൊണ്ട് തന്നെ യാത്രകൾക്കിടയിലും നിങ്ങൾക്കിത് ഉപ യോഗിക്കാനാകും. ഇതിന് ഭാരം വളരെ കുറവാണ്. വെള്ളം നിറയ്ക്കാനും കളയാനും വളരെ എളുപ്പം.

അയാൾ ആ വേപൊറൈസർ ആ സ്ത്രീയ്ക്ക് കൈമാറി. അവർ അത് തിരിച്ചും മറിച്ചും പരിശോധിച്ചു.
'ഇതിന്റെ വില പറഞ്ഞില്ലല്ലോ
'ഇതിന് വെറും ഇരുനൂറു രൂപയേ ഉള്ളൂ
'വളരെക്കുറവു തന്നെ'
'ഞാൻ ബില്ലെഴുതട്ടെ മാഡം.'
'ഇതു വളരെ നല്ലതു തന്നെ പക്ഷേ എനിക്കിപ്പോൾ വേണ്ട.'
'മാഡം............അത്..........'
എനിക്കിപ്പോൾ വാങ്ങാൻ ഉദ്ദേശമില്ല.'
'മാഡം പൈസയുടെ കാര്യമാണെങ്കിൽ ഓർഡർ തന്നാൽ ഞങ്ങൾ മറ്റൊരു ദിവസം......
എനിക്ക് വാങ്ങാൻ ഉദ്ദേശ്യമില്ലാത്തതിനാലാണ്. '
അവർ അകത്തേക്കു പോയി.

അയാൾ അവിടെ കുറച്ചു നേരം നിന്നു. പിറുപിറുത്തു കൊണ്ട് നടന്നകന്നു. തിരിച്ചു പോകാൻ സമയമാ യി. അയാൾ ബസ് സ്റ്റോപ്പിലേക്കു നടന്നു. മാനേജരുടെ മുഖം മനസ്സിൽ തെളിഞ്ഞു. പിന്നെ അമ്മയുടെയും. കൊച്ചു വീടിനു മുന്നിൽ തന്നെയും കാത്തിരിക്കുന്ന അമ്മയെ ഓർത്തപ്പോൾ അയാളുടെ മനസ്സു നീറി. മാനേജ രോട് എന്തു പറയുമെന്നാലോചിച്ച് അയാൾ ബസ്സ് കാത്തു നിന്നു.

Rameeza Parveen
II B.Sc. Computer Science



# പ്രണയ സങ്കടങ്ങൾ

## …ന്നൽക്കാരൻ

…ാനെപ്പോഴും
…ന്നെ മാത്രം കാണുന്നു...
…ണ്ണാടിയിൽ മാത്രമല്ല
…ിലും മണ്ണിലും
…ണയശാസ്ത്രത്തിൽപോലും
…തുകൊണ്ടായിരിക്കാം
…ാനിപ്പോൾ എനിക്ക്
…ദനിക്കുന്നതുകൊണ്ടുമാത്രം
…ന്നിൽ ഞാനുണ്ടാക്കിയ
…റിവുകൾ
…ന്നിക്കെട്ടാൻ ശ്രമിക്കുന്നത്



## നന്ദി




വളരെ വൈകിയാണ്
ആർക്കും ഒരിക്കലും
ഒന്നാകാൻ പറ്റില്ലെന്ന യാഥാർത്ഥ്യം
ഞാൻ തിരിച്ചറിഞ്ഞത്..
ഈ അറിവിന്
നിന്നോട് ഞാൻ കടപ്പെട്ടിരിക്കുന്നു.

## കൂട്ടുകാരി

…ന്റെ കൂട്ടുകാരി
…റ്റാരോടും കൂട്ടുകൂടുന്നത്
…രിക്കിഷ്ടമായിരുന്നില്ല...




എന്തിനധികം,
എന്റെ കൂട്ടുകാരി
മറ്റാരോടും മിണ്ടുന്നതുപോലും
എനിക്ക് സഹിക്കുമായിരുന്നില്ല...
എനിക്കെന്റെ കൂട്ടുകാരിയോടുള്ള
സ്നേഹം കൂടി...കൂടി...കൂടി...
അവൾക്കുചുറ്റും വേലികളെ
കൂടെ കൂട്ടി...കൂട്ടി
അങ്ങനെഅവളൊരു
ജയിൽ പുള്ളിയായി കഴിയവെ,
ഞാനൊരു ജയിലറായി വിലസവെ
ഒരു നാൾ ഉച്ചയുറക്കത്തിൽ
എന്നെയെടുത്തവൾ
ജയിലറയിലാക്കി, ഇടതു വലതു മുൾവേലികൾ

…ത്, നേരെ കിഴക്ക് മതിലുകൾ ചാടി
…കാരനോടൊന്നും പറയാതെ
…നുപുറത്തെ കിളിപാട്ടുപാടി
…ിരിയുന്ന കിറിയുമായി
…പോയവൾ...

## കള്ളൻ

എന്റെ മൊബൈൽ ഫോണിനൊപ്പം
നിന്നെയും കൊണ്ടാണ്
കള്ളൻ കടന്നു കളഞ്ഞത്
ക്ഷമിക്കണം,
നിന്നെ മറ്റിടങ്ങളിൽ
രേഖപ്പെടുത്താൻ ഞാൻ മറന്നു.



## രക്തസാക്ഷി



എന്റെ വിശപ്പിന്റെ നിലവിളി
അവൾക്കുവേണ്ടിയായിരുന്നു..
അവളതു കേൾക്കാത്തതുകൊണ്ട്
ഒരു രക്തസാക്ഷിയാകുന്നതുവരെ
ഞാൻ നിലവിളിച്ചുകൊണ്ടേയിരുന്നു.

Ramesh
III B. A Malayalam

ഇപ്പോൾ മിണ്ടാതിരുന്നാൽ....

# STILLL WANDERING

Still wandering in the lonely plains
Half dead path and half dead grass
Grassy meadows without any flocks
River flowing with the humming of wind

A music comes with fragrance of flowers
Followed by the music like life's dream
Avoiding the cherry and flowing cascade
Music just as loud as the buzzing of bees

Still not wandering for
Food shelter or money….
Just for a shoulder to cry on….
Just for a shoulder to lie on…..

Hari Shankar.K.S
III B.A English




**Your money is now mobile**

Features: Fund transfer up to 50,000/- per day; Bill payment up to 50,000/- per day; Overall limit of Rs 2.5 Lakh a month

SBT freedoM: Funds Transfer, Enquiry Services, Demat Account, Request, Bill Pay, M-Commerce

Advantages: SBI Card Payment, SBI Life Payment; Mobile Top-up for Any Network; Big TV / Tata Sky Payment,

**SBT MOBILE BANKING**

For further details contact your nearest SBT branch **Helpline 0471-2357823**

SBT
STATE BANK OF TRAVANCORE
*A Long Tradition of Trust*
Head Office: Poojappura Thiruvananthapuram www.statebankoftravancore.com
Toll-free Infoline 1800 425 5566

മഹാഗണികൾ
നേരത്തേ ഇല പൊഴിക്കുമ്പോൾ
കണിക്കൊന്ന
കാലം തെറ്റി പൂക്കുമ്പോൾ..............

*അനിവാര്യമാണ് ഈ അവലോകനം*

# കോപ്പൻ ഹേഗൻ - കൊഴിഞ്ഞു പോയ ഹരിത പ്രതീക്ഷ

ഇതാണ് അവസരം. ഇതു നഷ്ടപ്പെടുത്തിയാൽ പിന്നൊന്നു കിട്ടാൻ വർഷങ്ങൾ പലതു വേണ്ടി വരും. ഡെൻമാർക്കിന്റെ തലസ്ഥാനമായ കോപ്പൻ ഹേഗനിൽ നടന്ന പതിനഞ്ചാം ലോകകാലാവസ്ഥ ഉച്ചകോടിയുടെ പ്രാരംഭ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കവേ ഡെൻമാർക്ക് പരിസ്ഥിതിമന്ത്രി കോനി ഹെഡി ഗാർഡ് ആണ് ഇങ്ങനെ പറഞ്ഞത്. ലോകം പാഴാക്കിയത് ആ അവസരം തന്നെ. ഭൂമിയിലെ മുഴുവൻ പരിസ്ഥിതിസ്നേഹികളുടെ മനസ്സിലും നഷ്ടബോധമുണർത്തിയാണ് പന്ത്രണ്ടു ദിവസത്തെ ഉച്ചകോടി സമാപിച്ചത്.

ഈ നഷ്ടത്തെയോർത്ത് ലോകം തീർച്ചയായും പശ്ചാത്തപിക്കും. **ഏറ്റവും കൂടുതൽ രാഷ്ട്രങ്ങളുടെ ഒത്തുകൂടലായ കോപ്പൻ ഹേഗൻ ഉച്ചകോടി വിജയമാക്കാൻ കഴിയാതിരുന്നതിന്റെ വിലകൊടുക്കേണ്ടി വരിക അടുത്ത തലമുറയായിരിക്കും. അപ്പോഴേക്കും തിരിച്ചെടുക്കാൻ കഴിയാത്തവിധം ഭൂമിയിൽ മനുഷ്യന്റെ ആവാസവ്യവസ്ഥ അത്രമേൽ ദുരിതപൂർണ്ണമായിക്കഴിഞ്ഞിരിക്കുമെന്നു തീർച്ച.**

ആശങ്കാ ഭരിതമായ ലോകഭാവിക്കു മുന്നിലിരുന്നാണ് ഉച്ചകോടിയുടെ ചർച്ചാ മേശകൾ ഒരുങ്ങിയത്. ലോകത്ത് വ്യവസായങ്ങൾ വരുന്നതിന് മുൻപ് നമ്മുടെ അന്തരീക്ഷത്തിൽ കാർബൺഡൈഓക്സൈഡ് ഉൾപ്പെടെയുള്ള ഹരിതഗൃഹ വാതകങ്ങളുടെ അളവ് 270 പി.പി.എംമ്മിനടുത്താണ്. ഇന്ന് കാലാവസ്ഥാ മാറ്റത്തിനു വഴിയൊരുക്കി. അന്തരീക്ഷത്തിലെ ചൂടു കൂടി കാർബൺ നിർഗമനത്തിലൂടെ ലോകം നേരിടുന്ന ഭീഷണിയുടെ ഞെട്ടിപ്പിക്കുന്ന എത്രയോ റിപ്പോർട്ടുകൾ കഴിഞ്ഞ അര നൂറ്റാണ്ടിനിടെ പുറത്തു വന്നു കഴിഞ്ഞു.

തിരിച്ചറിവിന്റെ തലത്തിൽ നിന്ന് നടപടിയിലേക്ക് നീങ്ങണമെന്ന ഉദ്ദേശ്യവുമായി 1992-ൽ റിയോഡി ജനീറോയിൽ കാലാവസ്ഥാ ഉച്ചകോടി ചേർന്നെങ്കിലും യു.എസ്. പ്രസിഡന്റ് ജോർജ്ജ് ബുഷ് (സീനിയർ) നിസ്സഹകരിച്ചതോടെ ശ്രമം വിഫലമായി കാർബൺ നിഗമനം കുറയ്ക്കുന്നത് നിയമപരമായ ബാധ്യതയാക്കണമെന്ന ഉദ്ദേശവുമായി 1997-ൽ ജപ്പാനിലെ ക്യോട്ടോയിൽ ചേർന്ന ഉച്ചകോടിയാണു പിന്നീട് ശ്രദ്ധേയമായ ചുവടു വച്ചത്. കാർബൺ നിർഗമനത്തിന് കാരണമാകുന്നവൻ വ്യവസായവത്ക്കരണം നടന്ന സമ്പന്ന രാജ്യങ്ങൾ 2012 ആകുമ്പോഴേക്കും ഹരിതഗൃഹവാതകങ്ങളുടെ നിർഗമനം 1990 നേക്കാൾ 52% കുറയ്ക്കണം എന്നതായിരുന്നു കരാർ. താരതമ്യേന ലളിതമായ ഈ നിർദ്ദേശം അംഗീകരിക്കാനും യു.എസ്. തയ്യാറായില്ല. 187 രാഷ്ട്രങ്ങൾ ഒപ്പു വച്ചു നടപ്പിലാക്കാൻ ആരംഭിച്ച ക്യോട്ടോ ഉടമ്പടി അങ്ങനെ അമേരിക്ക അട്ടിമറിച്ചു. തുടർന്ന് 2007 ൽ ബാലിയിൽ നടന്ന ഉച്ചകോടിയും കാര്യമായ ചലനങ്ങളുണ്ടാക്കിയില്ല. ഇപ്പോൾ അടിയന്തര നടപടികൾ തേടിയാണ് കോപ്പൻഹേഗനിൽ നേതാക്കൾ യോഗം ചേർന്നത്. ഉച്ചകോടിക്കു മുൻപായി ചൈനയും ബ്രസീലും ഇന്ത്യയും കാർബൺ നിർഗമന തീവ്രത 2020ഓടെ യഥാക്രമം 45%, 36%, 25% വീതം വെട്ടി കുറയ്ക്കുമെന്നും, യു.എസ്. ഇത് 17% കുറയ്ക്കുമെന്നും അറിയിച്ചതോടെ പരിസ്ഥിതി പ്രേമികൾ ആഹ്ലാദത്തിലായി.

പക്ഷേ ചർച്ചയ്ക്കായി ഡെൻമാർക്ക് അവതരിപ്പിച്ച രേഖ സമ്പന്നരാജ്യങ്ങളുടെ പക്ഷത്തിൽ നിൽക്കുന്നതാണെന്ന് വികസ്വര രാജ്യങ്ങൾ വിമർശിച്ചതിനെ തുടർന്ന് തുടക്കത്തിൽത്തന്നെ പിൻവലിക്കേണ്ടി വന്നതോടെ ഉച്ചകോടിയുടെ താളം തെറ്റി. വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും തങ്ങളുടെ നിലപാടുകളുമായി ശക്തമായി രംഗത്തുവന്നതോടെ ഉച്ചകോടിക്ക് ഏകാഭിപ്രായത്തിൽ എത്താൻ കഴിഞ്ഞില്ല. അഭിപ്രായ വ്യത്യാസങ്ങൾ രൂക്ഷമായിരുന്ന സ്ഥിതിക്ക് അവസാന ദിവസം യു.എസ്. പ്രസിഡന്റ് ബറാക്ക് ഒബാമയിൽ നിന്ന് ആരും അത്ഭുതങ്ങൾ പ്രതീക്ഷിച്ചില്ല. ഇന്ത്യാക്കാരന്റെ ശരാശരി കാർബൺ നിർഗമനത്തിന്റെ 18 ഇരട്ടിയാണ് ഒരു അമേരിക്കാരന്റേത്. ഈ ദുരവസ്ഥയിലേക്ക് ലോകത്തെ എത്തിച്ചതിൽ ഏറ്റവും വലിയ പങ്കുവഹിച്ച രാജ്യത്തിന്റെ അമരക്കാരൻ ആ ഉത്തരവാദിത്വത്തിനൊത്ത ചുമതലാബോധം കാണിച്ചില്ലെന്ന പരാതി ഉച്ചകോടിയുടെ ബാക്കി പത്രത്തിലുണ്ട്. ഒരു ഉടമ്പടിയും ഉണ്ടാക്കാൻ കഴിയാതെ കോപ്പൻഹേഗൻ ധാരണ മാത്രം ഉണ്ടാക്കി ഉച്ചകോടി പിരിയുകയായിരുന്നു. ഒബാമയുടെ ഇടപെടലിലൂടെ അവസാന നിമിഷമുണ്ടായ ഈ ധാരണയോട് ദരിദ്ര രാജ്യങ്ങളുടെ ഭാഗത്തു നിന്ന് ശക്തമായ എതിർപ്പാണ് ഉണ്ടായത്.

ധാരണ അനുസരിച്ച് അടുത്ത വർഷം പുതിയ ഉടമ്പടി ഉണ്ടാവില്ല. 2020 ൽ ലോകതാപനില വ്യവസായവൽക്കരണം ആരംഭിച്ച കാലത്തേക്കാൾ രണ്ടു ഡിഗ്രിസെൽഷ്യസ് കൂടരുതെന്ന ക്യോട്ടോ ഉടമ്പടി നിലനിൽക്കും. ഒപ്പം വീണ്ടും 2016 ൽ അവലോകനം നടത്തി ഇത് 1.5 ലേക്ക് കുറയ്ക്കാൻ ശ്രമിക്കും. കാർബൺ നിർഗമനം സാധ്യമായത്ര കുറയ്ക്കാൻ യു.എസും വികസ്വര രാജ്യങ്ങളും ശ്രമിക്കുമെങ്കിലും ഇതിനുപ്രത്യേക മാനദണ്ഡമില്ല. വികസ്വര രാഷ്ട്രങ്ങൾക്കു കാർബൺ മുക്ത സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിനുള്ള 10,000 കോടി ഡോളറിന്റെ ഫണ്ടിലേക്ക് യു.എസും ജർമ്മനിയും ബ്രിട്ടനും സംഭാവന നൽകും. ഉച്ചകോടി വിഭാവനം ചെയ്തതിന്റെ ചെറിയൊരംശം മാത്രമാണിത്. കോപ്പൻഹേഗൻ പൂർണ്ണമായി പരാജയപ്പെട്ടിട്ടില്ല എന്ന് ആശ്വസിക്കാൻ മാത്രം ഇതു വകതരുന്നു. ഒരു സുവർണ്ണാവസരം പാഴാക്കി എന്ന ദുഃഖം അവശേഷിക്കുമ്പോഴും ഇന്ത്യയുടെ സ്വരം ആഗോളതലത്തിൽ ഏറ്റവും ശ്രദ്ധയോടെ കേട്ട ഉച്ചകോടി എന്ന് ഇതിനെ വിശേഷിപ്പിക്കാം. ഇന്ത്യ ഒരു ലോകശക്തിയാവുന്നു. വികസ്വര രാഷ്ട്രങ്ങളുടെ നേതൃത്വനിരയിൽ ഇന്ത്യയ്ക്കൊപ്പം നിന്ന ചൈന പോലും അത് ഡെൻമാർക്കിൽ അംഗീകരിച്ചു. പക്ഷേ ഭൂമിയിൽ മനുഷ്യന്റെ നിലനിൽപ് അതിലും എത്രയോ കാര്യമാണ്.

..................................

Eljo Joseph T.
Johnson Devassy
I B.A Economics

ഇപ്പോൾ മിണ്ടാതിരുന്നാൽ....

# ഒരു ജീവന്മുക്തന്റെ കർമ്മ പാത

## (പാലേലി സാർ അനുസ്മരണം)



ഡോ. മ്യൂസ് മേരി ജോർജ്ജ്

**"നൈനം ഛിന്ദന്തി ശസ്ത്രാണി നൈനം ദഹതി
ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുത:"**

**"ഈ ആത്മാവിനെ ആയുധം കൊണ്ടു മുറിക്കാനോ
തീകൊണ്ടു ചുടാനോ വെള്ളം കൊണ്ടു കുതിർക്കുവാനോ
കാറ്റു കൊണ്ടു വരട്ടുവാനോ സാദ്ധ്യമല്ല"**

**മു**റിക്കുന്നതും ചുടുന്നതും ഉണക്കുന്നതും നനയ്ക്കുന്നതും ശരീരത്തെയാണ്. ജീവിതത്തിന്റെ കയറ്റങ്ങളും ഇറക്കങ്ങളും ക്ഷതികളും ഹതികളും ക്ഷരരൂപിയായ ശരീരത്തിന്റെ അനുഭവങ്ങളാണ്. ഈ അനുഭവങ്ങൾ പേറുന്ന ശരീരം ആത്മാവിന്റെ കുപ്പായമാണെന്ന് ഭഗവദ്ഗീത പറയുന്നു. നമുക്കിടയിൽ ജീവിക്കുകയും സാന്നിദ്ധ്യം കൊണ്ടും സംഭാഷണങ്ങൾ കൊണ്ടും ആത്മീയതയെന്ന അറിവിനെ സംവാദാത്മകമായി നിലനിർത്തിപ്പോന്ന പ്രൊഫ. പാലേലി നാരായണൻ നമ്പൂതിരി സാറിനെ ഓർമ്മിക്കുമ്പോൾ മേലുദ്ധരിച്ച ഗീതാവാക്യം മനസ്സിലെത്തുന്നു.

വെളുത്ത ഒറ്റമുണ്ടും അല്ലെങ്കിൽ കാവിമുണ്ടും വെളുത്ത ഷർട്ടും ധരിച്ച് പച്ചക്കറി സഞ്ചി പോലത്തെ ഒരു ബാഗും പിടിച്ച് ഡിപ്പാർട്ടുമെന്റിലേക്കു വരുന്ന നമ്പൂതിരി സാർ ആ പുറങ്കുപ്പായം (പാലേലി നമ്പൂതിരിയെന്ന ജീവിതം) 2009ൽ ഊരിവച്ച് കടന്നു പോയി. സാറിനെക്കുറിച്ച് ചിന്തിക്കുമ്പോൾ യു.സി. കോളേജിൽ ഞാൻ ജോലി കിട്ടിയെത്തിയ ആദ്യ നാളുകളിലൊന്ന് മനസ്സിലേക്കെത്തുന്നു. കാന്റീൻ എവിടെയെന്ന് അറിയില്ല. ചോദിച്ചുമനസ്സിലാക്കി പോകണമെന്നു വിചാരിക്കുമ്പോൾ നമ്പൂതിരി സാറ് ഊണു കഴിക്കാൻ വിളിച്ചു. സാറിനൊപ്പം കാന്റീനിലെത്തി. ഭക്ഷണം വാങ്ങിത്തന്നു. സാറിനൊപ്പമിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ അപരിചതത്വം മുന്നോട്ടു വയ്ക്കുന്ന നിസ്സഹായതയെ മറന്നു പോയി. നമ്മൾ ചോദിക്കാതെ നമ്മുടെ ഒരാവശ്യത്തെ കണ്ടറിയുന്ന കനിവിന്റെ ആ പാഠത്തിൽ നിന്ന് പിന്നീടെത്രയോ പാഠങ്ങളിലേക്ക് അദ്ദേഹം കൂട്ടിക്കൊണ്ടുപോയി. **സാറിന്റെ ഇടതുവശത്തുള്ള സീറ്റിലിരുന്ന് അദ്വൈതവും വിശിഷ്ടവും ദ്വൈതവും വേദസൂക്തങ്ങളും കർമ്മസന്യാസവും ജ്ഞാനയോഗവും കമ്മ്യൂണിസവും സാഹിത്യവും ആനുകാലികവും രാഷ്ട്രീയവും സംസാരിക്കുമ്പോൾ അറിവിന്റെ നൈർമ്മല്യവും വിനയവും ഉറപ്പും ആ വാക്കുകളിൽ മുഴങ്ങിയിരുന്നു.** ജീവിതത്തിൽ അടുത്തിരുന്നു നടത്തുന്ന സംവാദങ്ങൾക്കും വിനിമയങ്ങൾക്കും ഹ്രസ്വമായ പകൽ കാലത്തിന്റെ വെളിച്ചമേയുള്ളൂ എന്നു തിരിച്ചറിയുമ്പോഴേക്കും നമ്പൂതിരിസാർ സ്വയം പിരിഞ്ഞു പോകലിന് തയ്യാറെടുത്തിരുന്നു. അറിവിന്റെ തുറന്ന വിനിമയത്തിന് സാഹചര്യങ്ങൾ ക്ലാസ്സുമുറികളിൽ എപ്പോഴും ഒരുക്കിക്കൊടുത്തിരുന്ന സാറിനെ വിദ്യാർത്ഥികൾ ഒരാചാര്യനെപ്പോലെയാണ് കരുതിയിരുന്നത്. സ്വയം വിരമിക്കാനുള്ള സാറിന്റെ തിരുമാനം അവരെ സംബന്ധിച്ചും വലിയ നഷ്ടമായിരുന്നു.

പറച്ചിലും പ്രവൃത്തിയും തമ്മിൽ വിരുദ്ധമാകുന്നതു കണ്ടാലും കൊണ്ടാലും എനിക്കു പ്രശ്നമാണ്. പക്ഷേ സാറിനോടുള്ള പരിചയക്കാലമത്രയും ഈ പ്രശ്നം കടന്നു വന്നതേയില്ല. താമരയിലയിലെ വെള്ളത്തുള്ളി പോലെ ജീവിതത്തിലെ ആസക്തികൾ അദ്ദേഹത്തിന്റെ കൺമുൻപിലുരുണ്ടു കളിച്ചു. ഇലയെ തൊട്ടിട്ടും തൊടാതെയിരുന്നു. ലോകത്തിൽ ജീവിക്കുമ്പോൾ ജീവിക്കുന്ന ഇടത്തിൽ ഇടപെടുക എന്നത് അനുഭവപരമായ കർതൃത്വത്തിനത്യാവശ്യമാണ്.

എന്നാൽ ഈ ഇടപെടൽ വിദ്വേഷകലുഷമല്ലാത്തതുമാണ്. ആത്മീയതയുടെ രാജപാതയിലൂടെ ചരിക്കുന്നവർ ഇതായിരിക്കും തെരഞ്ഞെടുക്കുക നമ്പൂതിരി സാർ ക്ലാസ് മുറിയിലും സ്റ്റാഫ് റൂമിലും മറ്റുത്തരവാദിത്വരംഗങ്ങളിലും സാമൂഹ്യമായ ഇടങ്ങളിലും വിരമിക്കുന്നതുവരെ എകെപിസിറ്റിഎ എന്ന സംഘടനയിലും പ്രവർത്തിച്ചു. വാക്കിന്റെയും പ്രവൃത്തിയുടെയും രാഷ്ട്രീയം അദ്ദേഹത്തിന് നല്ല നിശ്ചയമുള്ള കാര്യമായിരുന്നു. എനിക്ക് രാഷ്ട്രീയമില്ല സംഘടനയില്ല എന്ന് വെള്ളത്തുണിയുടെ നേർമയിൽ കണ്ണുകെട്ടി വെച്ചു മിഴിച്ചു നോക്കി എല്ലാ ഏടാകൂടങ്ങളുടെയും ഭാഗമായി ജീവിക്കുന്നവർക്കിടയിൽ അദ്ദേഹം ആത്മസാധക കർമ്മങ്ങളെല്ലാം ഊരിവയ്ക്കാവുന്ന മേൽകുപ്പായമായി കരുതി സ്വീകരിച്ചു

ത്യജിച്ചിട്ട് ഭുജിക്കുക എന്ന സംഗരഹിതമായ കർതൃത്വമായതിനാൽ ഇത്തരം പ്രവർത്തനങ്ങൾ കർമ്മ ബന്ധനാക്കിയില്ല. അതിനാൽ മോഹിതനുമാക്കിയില്ല. കർമ്മ പാതകളിൽ സന്നിഹിതനായിരിക്കുമ്പോഴും പാതകളുടെ പാർശ്വ നിലങ്ങളിലെ മോഹനദൃശ്യങ്ങളിലേക്ക് അസന്നിഹിതനായിരിക്കാനും കഴിയുക എന്നത് ജീവൻ മുക്തന്റെ ലക്ഷണമായി കരുതാനാണ് എനിക്കിഷ്ടം

ഒന്നും ചെയ്യാതെയും ഒന്നിലും ബാഹ്യമായി ഇടപെടാതെയും ഇരിക്കുമ്പോഴും ഹൃദയം മന്യാസന്തപ്തമായിരിക്കുന്നയാളിനെ കൊടും പാപിയെന്നാണ് വിളിക്കേണ്ടത്. പലരുടെയും ജീവിതം ഇത്തരത്തിലുള്ള ഉഭയജീവിതത്തിന്റേതാണ് ഒന്നിലും തൊടാത്ത ശുദ്ധരിൽ ശുദ്ധ(ൻ) മനസ്സാകട്ടെ കുടിലോൽക്കുടിലം ആത്മഘാതകമായ ഇത്തരം ഉഭയജീവിതത്തെ നിരാകരിക്കാൻ കഴിയുകയെന്നതും സ്ഥിതപ്രജ്ഞാവസ്ഥയുടെ ലക്ഷണമാണ്. ആയിരിക്കുന്ന ഇടത്തിന്റെ - ചെയ്യേണ്ട ധർമ്മത്തിന്റെ അനുഷ്ഠിക്കേണ്ട വിവേകത്തിന്റെ സൂക്ഷിക്കേണ്ട പ്രതികരണത്തിന്റെ വഴികളിലൂടെ പ്രലോഭനങ്ങളിൽപ്പെടാതെ നടന്നു പോയതിനാൽ അദ്ദേഹം ജീവൻമുക്തനാണ്.

രോഗങ്ങളുടേതും ശാസ്ക്രിയകളുടെതുമായ വേദനയെയും അദ്ദേഹം സമചിത്തതയോടെ സ്വീകരിച്ചു. രോഗത്തിന്റെ കഠിനകാലങ്ങളിലും ഒറ്റത്തിരിയിട്ട നിലവിളക്കു പോലെ തെളിഞ്ഞു കത്തുജ്ഞാനം അദ്ദേഹത്തിൽ വിളങ്ങി. മരണത്തോടടുത്തനാളുകൾ,ദ്രാവകരൂപത്തിൽ അല്പമാത്രം ഭക്ഷണം, പക്ഷേ സുഹൃത്തുക്കളെ കാണുമ്പോൾ ബന്ധങ്ങളുടെ കാതലിലേക്കുള്ള അന്വേഷണങ്ങൾ തന്റെ അറിവിന്റെ ലോകത്തെ തുറക്കുന്ന സംഭാഷണങ്ങൾ എല്ലാം അദ്ദേഹം നിലനിർത്തി. "സംഗച്ഛധ്വംസംവദധ്വം

സംവോ മനാംസി ജാനതാം
ദേവാ ഭാഗം യഥാപൂർവ്വേ
സംജാനാനാ ഉപാസതേ"

പ്രപഞ്ചത്തെക്കുറിച്ചുള്ള സമ്യക് ജ്ഞാനം നേടിയവനെ സമദർശനം സാധ്യമാകൂ. എല്ലാവരും ഒരു പോലെ അറിയുക, ഒരു പോലെ ചിന്തിക്കുക, ഒരു പോലെ പ്രവർത്തിക്കുക മനുഷ്യർ ദേവത്വത്തിലേക്ക് ഉയരണമെങ്കിൽ സമത്വഭാവന ശീലിക്കണമെന്ന് നമ്പൂതിരി സാറിന്റെ ഋഗ്വേദവ്യാഖ്യാനമായ വേദകിരണങ്ങളിലുണ്ട്. ജാത്യാതീതമായ വേദപഠനത്തിന്റെ സാധ്യതകൾ അവതരിപ്പിച്ച അദ്ദേഹത്തിൽ നിന്ന് അവസാനകാലത്തു കേട്ടതും സമഭാവനകളുടെ ദർശനമായിരുന്നു.

തോളിൽ കിടക്കുന്ന തോർത്തു മുണ്ടു പോലെ ആത്മീയതയെ പ്രായോഗികമായി സമീപിക്കുന്നവരെ ഇന്നു ചെയിടത്തും കാണാം. ഈ തോർത്തുമുണ്ട് ഇടയ്ക്ക് മുഖം തുടക്കാം. അരയിൽ കെട്ടാം ഉടുത്തു കളിക്കാം. തലയിലും കെട്ടാം.
എന്നാൽ മനസ്സിനെ ശുദ്ധമാക്കുകയും സംഗവിമുക്തമാക്കുകയും നിർമ്മമാത്മകമാക്കുകയും ചെയ്യുന്ന ആത്മീയതയുടെ ആദർശമാർഗ്ഗമാണ് നമ്പൂതിരി സാറിന്റേത് തന്മൂലം മരണാനന്തരം തന്റെ ശരീരം വിദ്യാർത്ഥികൾക്കു പഠിക്കാൻ കൊടുക്കുന്നതിന് തീരുമാനമെടുക്കാൻ അദ്ദേഹം ബുദ്ധിമുട്ടിയില്ല. മരണാനന്തരം ആത്മീയവാദിയെകാത്തിരിക്കുന്ന കനലാഴികളും തർപ്പണങ്ങളും അദ്ദേഹം വേണ്ടെന്നു വച്ചു. **ജീവൻമുക്തനെ സംബന്ധിച്ചിടത്തോളം ശരീരം പഴന്തുണിയാണ് ഉപയോഗിച്ചു മുഷിഞ്ഞ ആ മുണ്ട് മടക്കി വച്ചാലും കീറിക്കളഞ്ഞാലും കത്തിച്ചു കളഞ്ഞാലും വ്യത്യാസമൊന്നുമില്ല** ശരീരം വൈദ്യപഠനത്തിന് വിട്ടു കൊടുക്കുകയെന്നത് ഭൗതികവാദിയുടെ മാത്രം കാര്യമല്ലെന്ന് വ്യക്തമാകുന്നു. ജീവിതത്തിന്റെ സാരം ഗ്രഹിച്ച് ഉറ്റവരോട് അന്ത്യനിമിഷം യാത്രായാവുന്നു എന്ന് വിടചോദിച്ച അദ്ദേഹത്തിന് ഉപേക്ഷിച്ചു കളയേണ്ടതാണ് ശരീരമെന്നതിനെ സംബന്ധിച്ച് സംശയമൊന്നുമില്ലായിരുന്നു.പക്ഷേ ഉപേക്ഷിക്കുന്നതിനു പകരം സ്വേമേധയാ ദാനം ചെയ്തു. അതും നാരുനാരായി ആളുകൾക്കുപകരിക്കേണ്ടതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞുവെന്ന് മനസ്സിലാക്കാൻ ഞാനിഷ്ടപ്പെടുന്നു. ഭാഗവത ചിന്തകളും വേദകിരണങ്ങളും ഭഗവത്ഗീതാ പഠനങ്ങളും തയ്യാറാക്കിയ ആളിന്റെ ഈ മാതൃക ശ്രദ്ധേയമാകുന്നു. "അതുകൊണ്ട് എപ്പോഴും എന്നെ ഓർക്കുക കർത്തവ്യ കർമ്മം ചെയ്യുക അങ്ങനെ എന്നിൽ മനസ്സും ബുദ്ധിയും അർപ്പിച്ചിട്ടുള്ള നീ എന്നെതന്നെ പ്രാപിക്കും സംശയമില്ല." ഇത്തരം ഉറപ്പിൻമേൽ മരിച്ച ഒരാൾക്ക് ശരീരം ഉപേക്ഷിച്ചു കളഞ്ഞ കൂടുമാത്രം. ആ പഞ്ജരം ആർക്കെങ്കിലും ഉപകാരപ്പെടുമെങ്കിൽ അതും സാധ്യമാകുകയെന്ന നമ്പൂതിരി സാറിന്റെ അവസാന പാഠവും മനസ്സിൽ സൂക്ഷിക്കുന്നു.

# ECHOES OF LIFE

It was getting dark. The sparrow babies on the mango trees delightfully cried when they heard their mom coming back to the nest. Their mother affectionately kissed them and put food into their mouth. There was the chirping sound, of them sharing the day's happenings. Vimala joyfully watched the scene. Nowadays it had become a hobby for her to watch the sparrow's family everyday. There were three babies in the nest. Two weeks back, when Maniyan was plucking the coconuts, one fell on the mango tree's branch and the nest fell down with the four small sparrows....one of them was heavily injured and nobody could help it. Vimala tried her level best to cure it, but it died that night. She asked Maniyan to place the nest back on the mango tree and he did so. When the mother sparrow returned , she was heart broken to see what had happened. She sat on the window and sadly looked at her dying child... Vimala couldn't bear to see the scene and when the small one died, she ran away trying to shut out the mother's cry.

Vimala suddenly turned back when the telephone began ringing. It was Murugan on the other side. "Vimalechi, there is one...the first one in the new cradle. She looks 5 days old ...a cute little one" she couldn't realize whether because of sorrow or joy that she cried . "bring her here fast. She needs care". They have to complete some formalities, Murugan said. Police will come very soon. Vimala sighed deeply and went to inform others.

The 'Love Shore' become lively the moment they heard the news. Everybody began making arrangements to receive the new member. Some started thinking about a beautiful name to name her. Seetha, who was supposed to breast feed the child came within 10 minutes and everybody eagerly waited for 'Lakshmi'.

She was as cute as an angel. Her small feet reminded one of rose flowers. Her face was reddish and she was covered in a beautiful woollen cloth on which was printed rose flowers. There was a tag around her wrist. Vimala took it and read. "Ammukkutty"...everybody looked at the tag and was surprised. "She has an identity...thank god....she is luckier than the other children we got" Seetha sighed. Vimala took out the tag carefully and kissed her with a forced smile. "Lakshmikkutty...."

While lying with Lakshmikkutty that night Vimala couldn't sleep but was haunted by memories..... "I am not fighting with anyone". she said herself "and I am not taking revenge either". Its my dedication...my passion... I do not feel loneliness now. I am happy and satisfied being



with these kids..They are the angels who have resurrected me from that pandemonium". She kissed Lakshmy. "My dear child, whoever be the one who gave you up in the cradle, I am sure he or she cannot sleep tonight...even if thousands of nights they may sleep without any disturbance. tonight,their sleep will be haunted by you...your rosy face..i am sure my angel....and believe me my sweet, that, one day they will cry for you, they will desperately thirst for your presence and they will regret throwing you away without mercy..." she couldn't control her tears.

Even after five years of this great venture she was amazed at the heartlessness of these cursed childrens' parents. When she was brutally beaten and thrown out outcasted by the so called community and laws for not being able to give birth to a child, while she cried aloud to all Gods to bless her with a child. When she was given up by her once loving husband and his

people; There were many people considering their child as a curse, as an unwanted piece of disturbance....she falls unconscious at the meaninglessness of this mad world and its big mass of inhabitants. Later, many times she told herself.." It was not a curse that you were not gifted with fertile womb...instead, it was a bliss. Now you are mother of not just one or two kids, but to twelve little angels...And many more to come....". It was a fearful dream to think of the yet to be thrown up kids, but the world was too hectic, she knew well.... Oh god! , you are one who has the best plans for everybody...

All the kids were around their new sister throughout the next day. They even competed to play with her. The blue coloured dress she ware was even prettier..she seemed to enjoy the presence of all around her. Her cry lightened Loveshore's each nick and corner..a new music that enlivened the entire members.

It was in the evening that the young man came in a luxury car. He was more handsome than anyone she had ever seen. His gestures and even his silence proved his dignity and high living. He pretended to be a well wisher. Vimala smiled to herself. "I have seen your kind of men before..". He talked in a dignified manner and throughout he tried to convince her of his innocence. "I read a news in today's newspaper. And it was my friend who suggested the idea to sponser a child. You know, I had discussed it with him, about doing some charity work... so I thought it would be a good idea to sponsor this new baby.." he was talking without looking at her. There was a long silence. She didn't say anything and he looked at her in a pleading manner. She looked at his pleading eyes in hate and disgust. "you coward",she called in mind, if you are not courageous enough to accept her in public she doesn't need your charity either...you must not be allowed repentance...you are trying to cheat your own conscience by affording her expenses, that you have done your duty and that you have not been cruel to her and that you have washed out the dirt that has fallen upon you when you threw her away..I wont let you do that...."

He tried to keep up the mask until the very end and tried to convince her in whatever manners he could. But she was stern and rigid. She said she was not running an orphanage to accept



such charity. "five mothers are here and all those are our own children. We give them family life and everything in a natural way and we raise them up from the income we earn from our jobs. We don't need money from anyone to feed our children"...

Finally, before getting into the car, he requested Vimala to show him the new baby. He looked at the baby in a deep melancholic manner and resisting his urge to call her by her name, asked Vimala. "Well, what's her name..?.." Vimala took the baby and looking at his eyes and said. "Lakshmy, we call her Lakshmikkutty.." his face turned pale..without looking at them again he got in to the vehicle and rode fast.

Vimala looked at Lakshmi and kissed her hands.."my dear, I am sure you are not angry with me. Yes, I know,that you are not. Because, you are going to be a strong women with self respect and pride who won't like the charity from someone who was not ready to value you about his prestige and name..." she kissed her again and again and found out the light in her eyes reflecting in her own heart. The sparrow mother had returned and the babies began chirping endlessly...Vimala felt she was one among them, like that sparrow mother, holding her child in her arms......

Raseena Naseem
II M. A English

അക്ഷരങ്ങളിലൂടെ മനസ്സു തുറന്ന് മലയാളക്കരയുടെ മനസ്സിനെ കീഴടക്കിയ എന്റെ മാധവിക്കുട്ടിയ്ക്ക്......................

# മലയാളത്തിന്റെ പൈങ്കിളി



നീർമാതളത്തിന്റെ ഗന്ധത്തിൽ
വിരിഞ്ഞ മലയാളത്തിൻ മലരായി
സ്നേഹം നടിച്ചൊരു ലോകത്ത്
സ്നേഹത്തിനായി കേണ വേഴാമ്പലായി
പ്രണയിക്കാൻ മറന്ന യുവത്വത്തിന്
പ്രേമത്തിൻ മധുരമേകിയ കൽക്കണ്ടമായി
മനസിലെ അനന്തമായ നിഗൂഢതയെ
കരിയിൽ ചാലിച്ച ചിത്രകാരിയായി
പുരുഷമേധാവിത്വത്തിനു നടുവിൽ
പീഢയേൽക്കേണ്ടി വന്ന താമരയിതളായി
സംഘപരിവാരങ്ങളുടെ വാക്ശരങ്ങളിൽ
ഗതിമാറാതെ ഒഴുകിയ അരുവിയായി
കനത്ത രാവിൽ മുങ്ങും ഭീഷണികളിൽ
സ്വയം ഉരുകിത്തീർന്ന കർപ്പൂരമായി
സ്നേഹത്തിനുറവ തേടിയൊടുവിൽ
പർദ്ദയിട്ടു മേനി മറച്ച സുരയ്യയായി
വാർദ്ധ്യകൃത്തിൻ ചുക്കി ചുളുവിലും
പെൺകാഴ്ചയെ വർണ്ണിച്ച ധീരയായി
മരിക്കാതിരിക്കാൻ എഴുതിക്കൊണ്ടിരുന്ന്
മരണത്തെ പേടിച്ച മാൻപേടയായി
ചിത്രങ്ങൾ മിന്നി മാഞ്ഞൊടുവിൽ
വാകയും മഹാഗണിയും തണൽ വിരിച്ച
പൂമരങ്ങൾ തൻ ചുവട്ടിൽ നീ
എന്നേന്നേക്കുമായി ഉറങ്ങി
എങ്കിലും നിലയ്ക്കില്ലൊരിക്കലും
ഇവിടെ ഈ നീർമാതളത്തിനോർമ്മകൾ.................



Haina Hariharan
III B.Sc. Chemistry

# ഓർമ്മ

**വെ**ണ്ണീർ വേർതിരിച്ചപ്പോൾ
കണ്ണീരും ചോരയും
കണ്ടു തീരാത്ത കാഴ്ചയുടെ പാതിയും
വെന്തു തീരാത്ത ഹൃദയ ഗർത്തവും
അഴിഞ്ഞു വീണ തണൽച്ചേലകൾ
എടുത്തണിയാനാവാത്ത വിധം
ആയുസ്സറ്റ ജീവതന്തുക്കൾ
കാലമുരുകി വർത്തമാനത്തിൻ മീതേ
കരിഞ്ഞ വർണ്ണപ്പെയ്ത്ത്
ചിതലെടുത്ത പുഴയിൽ
കട്ടെടുത്ത നാഭിദേശങ്ങൾ
കാറ്റെടുത്ത കടത്തു വഞ്ചികൾ
ശവം തീനികൾ പെറ്റുപെരുകുന്ന
നഗര ഗർഭച്ചുഴികൾ
ഇനി തിന്നു തീർക്കുക
കൊന്നൊടുക്കുക ചൊടിപ്പൂവുകൾ
എണ്ണി നോക്കുക;
വീണുടഞ്ഞ വിഷുക്കണികൾ-
കാത്തിരിക്കുക
പോയ്മറഞ്ഞ ശലഭ സന്ധ്യകളെ
കാത്തിരിക്കുക ചിലപ്പോൾ വരും
ചിലപ്പോൾ വരാതിരിക്കാം
വിളമ്പിയ ചോറും വീർത്ത വയറും
ആധിയും സാക്ഷിയായ്
പടിയിറങ്ങിയ പച്ചവെയിലിന്
പാതിരാവിന്റെ ചുംബനം
പിന്നെയും ബാക്കി

Prinson George
III B. A Psychology



ഇപ്പോൾ മിണ്ടാതിരുന്നാൽ....

കഥ

# മാർട്ടിൻ പുണ്യവാളന്റെ തിരോധാനം



**വെ**ളുപ്പിനഞ്ചരക്ക് പള്ളിയിൽ എത്തി പ്രഭാതമണി കൊട്ടണമെന്നാണ് പീലിപ്പോസച്ചന്റെ കല്പനയെങ്കിലും കുഞ്ഞവറായുടെ ചായപ്പീടികയിൽ നിന്നും ഒരു കട്ടനും കുടിച്ച് സാവധാനത്തിലേ ഞാനങ്ങെത്തൂ എന്ന് അച്ചനറിയാം. നിവൃത്തിയില്ലാത്തതുകൊണ്ട് തന്നത്താൻ മണിയും കൊട്ടി എന്നെയും കാത്തിരിക്കാറുള്ള പീലിപ്പോസച്ചൻ ഇന്നു രാവിലെ ദാണ്ടേ. എനിക്കു മുമ്പേ ചായപ്പീടികയിൽ താടിക്കു കൈയും കൊടുത്തിരിക്കുന്നു. കുഞ്ഞവറാൻ ഭയഭക്തി ബഹുമാനത്തോടെ അച്ചനു ചായയടിക്കുന്നു.

എന്നതാ അച്ചാ ഈ വഴി? ഞാൻ തിരക്കി. കപ്യാരേ നമ്മുടെ മാർട്ടിൻ പുണ്യാളനെ കാണാനില്ല. രൂപക്കൂടു തുറന്നു കിടക്കുന്നുണ്ട്. കള്ളന്മാരാവാൻ തരമില്ല. വേറൊന്നും പോയിട്ടില്ല. വാർത്ത കേട്ടു ഞാൻ വാപൊളിച്ചു. സ്വർണ്ണത്തിന്റെ കാസയും പീലാസയുമെടുക്കാതെ മാർട്ടിൻ പുണ്യവാളനെ മാത്രം പൊക്കിയ വിരുതനോ. അതൊന്നു കണ്ടു പിടിക്കണമല്ലോ. ചായ കുടിക്കാതെ ഞാൻ അച്ചനോടൊപ്പം പള്ളിയിലേക്കു പോയി.

സംഗതി ശരി തന്നെ. മാർട്ടിൻ പുണ്യാളനെ കാൺമാനില്ല. അടുത്തിരിക്കുന്ന സുസ്മേരവദനയായ മാതാവിനും കാരുണ്യവാനായ അന്തോണീസു പുണ്യവാളനും യാതൊരനക്കവുമില്ല. കുർബ്ബാന തുടങ്ങാൻ നേരമാവും വരെ ഞങ്ങൾ തിരഞ്ഞു. കുർബ്ബാന കഴിഞ്ഞ് ഞാനും അച്ചനും രണ്ടു വഴിക്കിറങ്ങി. പള്ളി പരിസരത്തൊക്കെ പരതുമ്പോൾ ഞാനോർത്തു മാർട്ടിൻ പുണ്യവാളൻ ആളൊരു ഭാഗ്യക്കേടുക്കാരൻ തന്നെ. പുണ്യാളൻ രൂപക്കൂട്ടിലിരിക്കുമ്പോഴും ആരും പുണ്യാളനെ ഗൗനിക്കാറില്ല. അച്ചൻ പറഞ്ഞപ്പോഴാണ് പുണ്യാളനെ കാണുന്നില്ലെന്നു തന്നെ നാട്ടുകാരറിയുന്നത്. മാതാവിന്റെയും അന്തോണീസു പുണ്യാളന്റെയും മുന്നിൽ എണ്ണമില്ലാത്ത മെഴുകുതിരികളെരിഞ്ഞു തീരുമ്പോൾ മാർട്ടിൻ പുണ്യാളനു കിട്ടിയിരുന്ന ഒരേയൊരു മെഴുകുതിരി പീലിപ്പോസച്ചന്റെ വകയായിരുന്നു. പനിനീർപ്പൂക്കളും മുല്ലയും കൊണ്ടു കോർത്ത സുഗന്ധപൂരിതമായ മാലകളും മാർട്ടിൻ പുണ്യാളനു ലഭിക്കാറില്ല. എങ്കിലും യാതൊരു പരാതിയുമില്ലാതെ ഒരു മൂലയ്ക്കിരിക്കുന്ന പുണ്യാളനെയാണ് കാണാതായിരിക്കുന്നത്.

ഉച്ചവരെ നോക്കി. പിന്നെ നിർത്തി. രാത്രി എട്ടിന് കുരിശു മണിയും കൊട്ടി. ഈ പുണ്യാളനെന്നാലും എവിടെപ്പോയെന്നോർത്ത് ഞാൻ വീട്ടിലേക്കു നടക്കുമ്പോഴാണ് ഷാപ്പിൽ നിന്നുമിറങ്ങി വരുന്ന പാഞ്ചിയെ കണ്ടത്. സാധാരണ ഇത്തരം കൂടിക്കാഴ്ചകളിൽ നാലുകാലിൽ നടക്കാറുള്ള പാഞ്ചി സംസാരിച്ചു കൊണ്ടിരിക്കുകയും രണ്ടു കാലിൽ നടക്കാറുള്ള ഞാൻ നിശബ്ദനായി കേട്ടു നിൽക്കുകയുമാണ് ചെയ്യാറ്. ഇന്നും പാഞ്ചി നാട്ടു വർത്താനമൊക്കെ പറയുന്ന കൂട്ടത്തിൽ പറയുകയാണ്. "ഞാൻ നമ്മുടെ പള്ളിയിലെ മാർട്ടിൻ പുണ്യാളനില്ലേ. മൂപ്പിലാനെ വടക്കേപ്പാലത്തിലെ കലുങ്കിന്റെ അടിയിൽ കൊണ്ടിട്ടു." ഈ കറുകറെ കറുത്ത നീഗ്രോയെ ആരാ പുണ്യവാനാക്കിയത്. കരിവീട്ടി പോലെ കറുത്ത മാർട്ടിൻ പുണ്യാളൻ നമ്മുടെ വെളുവെളെയുള്ള മാതാവിന്റെയും അന്തോണീസു പുണ്യാളന്റെയും അടുത്തിരിക്കുന്നതേ ഒരൈശ്വര്യക്കേടാ!

Arya M. P.
I B. A English

## ആകർഷണീയമായ ഡിസൈനുകളിൽ വ്യത്യസ്ത മോഡലുകളിൽ...

- ഫാൻസി
- ബ്യൂട്ടികളക്ഷൻ
- ടോയ്സ്
- ഗിഫ്റ്റ്
- ഓഫീസ് സ്റ്റേഷനറി
- ഗോൾഡ്കവറിംഗ്
- ഹോംഅപ്ലയൻസ്

Orange Beauty Collections

**Orange Beauty Collections**
Aluva, Muppathadam
Ph: 9037520343, 9847741627







# INSTITUTE OF COMMUNICATION AND INFORMATION TECHNOLOGY
## UNION CHRISTIAN COLLEGE

Accredited by the Dept. of Electronics, Govt. of India
Regional Centre Mahatma Gandhi University
U..C.College P.O., Aluva – 683 102, Kerala
Ph: 0484-604613, E-mail: uccicit@md2.vsnl.net.in

### COURSES
**Full - Time**
B.C.A. (3 year):M.G.University
BLISc (1 year):M.G.University
PGDCA & A Level (1 year) DOEACC, Govt. of India
DCA & O Level (1 year) DOEACC, Govt. of India
**Part time**
CCC ( 6 months) DOEAC
DCA & ADCA (1 YEAR) FOR College Students

# Fear mongering & Politics: Strategy Nouveau

Ms. Geethika .G

*Have you recently experienced moments of panic that the world is collapsing from global warming or that your neighbor could be a fundamentalist or terrorist by US standards or that you are so vulnerable to death from viral infections? Do you repeatedly think that the government needs to act more on protecting you from these imminent dangers? Do you feel that you deserve better security? Please read on .......*

Politics is a characteristic of human social behaviour. Simply put, it is the process by which groups of people make decisions. Conventionally politics is associated with the affairs of the State and its Government. It consists of "social relations involving authority or power" and refers to the regulation of a political unit, and to the methods and tactics used to formulate and apply policy.

In every political system, the attempt is always on to establish and sustain power by any one individual or group at any time. This puts the politicians and their aides into a vulnerable position and over the years they have developed multiple ways to procure and secure the loyalty of their voters. This article reflects on a new discreet strategy gaining prominence among politicians towards this purpose.

**Fear is an emotional response to threats and danger. It is a basic survival mechanism occurring in response to a specific stimulus, such as pain or the threat of pain. Psychologists John B. Watson, Robert Plutchik, and Paul Ekman have suggested that fear is one amongst a small set of basic or innate emotions.**

**As an individual emotional state, fear can affect the unconscious mind, where it can become manifested in the form of nightmares. Fear may also be experienced within a larger group or social network. In this way, personal fears are compounded by social influence to become mass hysteria. Fear may overwhelm a person to the point of making irrational choices and atypical behavior.**

**Fear mongering** (or **scaremongering**) is the use of fear to influence the opinions and actions of others towards some specific end. The feared object or subject is sometimes exaggerated, and the pattern of fear mongering is usually one of repetition, in order to continuously reinforce the intended effects of this tactic. Fear mongering is often used in wartime, as a political tactic to frighten citizens and influence their political views.

It seems that one of the principal discoveries made by twenty-first century

media pundits is that governments use fear to sustain their authority. The defining feature is the belief that people are confronted by powerful destructive forces that threaten our everyday existence. It has been recycled in different forms for decades throughout the 20th century. Fear of communism underpinned Cold War ideology, with periodic outbursts of fear of crime, fear of immigrants, and fear of nuclear war. And in the recent past, we have witnessed a very precise application of this strategy to influence the public. The US Presidential elections 2004 which saw the reinstallation of George Bush is said to have cashed on the fear created by the 9/11 incident. The propaganda strategies of George W. Bush largely dealt with promises of better security options.

Recently the attempt has been to aim not at a large community but at individuals by promoting fears of death. Studies have found that unconscious reminders of death can prompt anger, and a subtle hardening of political views. Late journalist H. L. Mencken wrote that "The whole aim of practical politics today is to keep the populace alarmed [and hence clamorous to be led to safety] by menacing it with an endless series of hobgoblins, all of them imaginary."

Fear is recently not about anything specific - it is about everything. Newspapers compete with one another in the promotion of different scare stories, whether it's terrorism, fundamentalism, global warming, BT foods, lack of affordable medicines, scarcity of resources including drinking water, AIDS panic, viral diseases and epidemics, 'value-less' youth, mobile phone manias etc. Overnight we discover that obesity is an 'epidemic' and is likely to kill more people than smoking does. Discussions about new technology, drugs, health or the environment invariably focus on worst-case scenarios. Political disagreements are often over which risk the public should worry about the most.

It is not being suggested that these issues are mere fantasies but we are failing to see through the actual severity of the issues. The authorities repeatedly remind us of these problems and all of a sudden we wake up to a profound sense of powerlessness/helplessness, with a diminished sense of security and willingly accepts any source of protection. The fear has now become so much a part of our life that we seldom realize that all our social interactions end with passive complaints that 'we are frightened' or 'the end is near'. This culture of fear is internalized by all societies and the politicians are able to manipulate our attention to various scare stories and thereby appear as messiahs offering the long sought security. Also they take this as the opportunity to divert funds meant for welfare to sectors of defense and national security.

Media in any form, including blogs and

discussion forums thrive at large on various 'death warrants' like global warming. To keep the pace we are further made to believe that we are not scared enough and that the public should be more 'aware' of the risks they face. The presentation of gory images and gruesome reports on any casualities affecting a community aims at imprinting our minds with a profound sense of fear which they repeatedly kindle with follow-ups, reviews and discussions. This strategy helps establish another distinct corollary of this fear tactic -the cultivation of vulnerability.

Given the nature of the problem, the benefactors are politicians, businessmen and various advocacy groups. We may be simply reduced to mere puppets in their hands who play us to swing to the exaggerations of our vulnerability. The reality seldom revealed is that fear mongering is a powerful tool in the hands of many in the position of authority even in an institution. It not only renders us vulnerable but also distracts our attention from real issues. This kind of distraction very well serves the purpose of many who wish to preserve the power they possess.

This is not a promising scenario. Politics has internalised the culture of fear. Our education should render us the power to break down these attempts of fear mongering. Human betterment must again be the prime focus of politics. The need of the hour is an attentive and politically conscious community that is not easily swayed by the overstated information provided by the authorities. The youth should be able to understand the gravity of the situation/problem and at the same time not be scared by mere gimmicks broadcast by the authorities. This calls for a very sensible and strong youth force.



# ഓർമ്മച്ചിത്രങ്ങൾ

മാർച്ചിലെ രാത്രി.....................

14-ാം നമ്പർ മുറിയിലെ CFL വെളിച്ചത്തിൽ ഞാൻ
മാത്രം.............................

സമീപത്തെ ശ്മശാനത്തിൽ നിന്ന് ശവം കത്തിക്കുന്ന മണം.

വെറുതെ ഇറങ്ങി നടക്കാൻ തോന്നി. ഇനി ചിലപ്പോ അതിനു കഴിഞ്ഞില്ല എന്നു വരും. ഞാൻ നടന്നു. സിസിയിലെ പടവുകളിൽ ഇരുന്നു. ചെവിയിൽ ഹെഡ്സെറ്റ് തിരുകി. കടലിന് കരയോട് ഇനിയും പാടാൻ സ്നേഹമുണ്ടോ ? മെഴുകുതിരികളായി ഉരുകാൻ ഇനിയും പ്രണയം മനസ്സിലുണ്ടോ ? ഫോൺ ശബ്ദിച്ചു കൊണ്ടിരുന്നു. മനസ്സിൽ ഓർമ്മയുടെ മഞ്ഞു പൊഴിയുന്നുണ്ടായിരുന്നു. എന്റെ കാഴ്ചയുടെ അറ്റത്ത് ...ിലെ അരങ്ങ് വെളിച്ചം കാണാമായിരുന്നു.

## ...കാലം

...തകർത്തു പെയ്തിരുന്ന
...ജൂലൈ മാസത്തിലാണ്
...മായി യുസിയുടെ പടവുകൾ
...റുന്നത്.............................
...പിന്നീട് എത്ര മഴകൾ.............................
...യ്ക്ക് മണ്ണിന്റെ ഗന്ധമായിരുന്നു.

## അരങ്ങ് കാണാതെ പോയ നാടകം

'യുവത'യെന്ന സാംസ്ക്കാരിക സംഘ...യ്ക്കു വേണ്ടി നാടകമെഴുതി കൊണ്ടാണ് ...കം. നാടകം വെളിച്ചം കണ്ടില്ല. യുവതയെന്ന ...സംഘടനയുടെ സ്ഥാപകന്റെ മറ്റൊരു പാർട്ടിയിലേ...ള്ള പെട്ടെന്നുള്ള ചുവടു മാറ്റം നിരാശപ്പെടുത്തി. അതുവരെ ...ഹം പറഞ്ഞ ആശയങ്ങൾക്ക് വിപരീതമായിരുന്നു, ആ ...മാറ്റം. ആ വർഷം യൂണിയൻ ജയിച്ചപ്പോൾ അദ്ദേഹം ...ട്ട് ക്ലബ് നോമിനിയാവുകയും ചെയ്തു. പിന്നീട് പല ...കം കളരികളും ഞാൻ കണ്ടു. പലരും രാഷ്ട്രീയ ചേരി തിര...ള്ളവ. യുസിയിലൊരു നാടകമെഴുതുന്ന എന്റെ ...ഹം ബാക്കിയാവുന്നു.

## Edit or Real ന്റെ പിന്നിലെ റിയാലിറ്റി

അഞ്ച് ഒന്നാം വർഷ വിദ്യാർത്ഥികൾ ചേർന്ന് ആരംഭിച്ച എഡിറ്റോറിയൽ എന്ന ക്യാംപസ് പത്രം ക്യാപസിലെ ചർച്ചാ വിഷയമായിരുന്നു. 2007 നവംബറിൽ ആദ്യ പതിപ്പ്. ഇതിനു പുറമേയുള്ള ഇലക്ഷൻ ഫോട്ടോകളുടെ പ്രദർശനം, രാഷ്ട്രീയ സംവാദം, പത്രം ഒരു തരംഗമായി മാറി. NSS നെക്കുറിച്ചുള്ള ലേഖനം വിവാദമായതോടെ പത്രം കൂടുതൽ ചർച്ച ചെയ്യപ്പെട്ടു. അജു സാറായിരുന്നു സ്റ്റാഫ് അഡ്വൈസർ. പത്രത്തിന്റെ പേര് നിർദ്ദേശിച്ചതും അദ്ദേഹമായിരുന്നു. വളരെ തിരക്കേറിയ അദ്ദേഹം വളരെയധികം ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ഹോളങ്ങിലെ അദ്ദേഹത്തിന്റെ വീട്ടിലിരുന്നാണ് ഞങ്ങൾ ആദ്യ പത്രത്തിന്റെ ലേഔട്ട്, ഡി.റ്റി.പി. അടക്കമുള്ള കാര്യങ്ങൾ ചെയ്തത്.

വിജയം പോലെ തന്നെ തകർച്ചയും വളരെ പെട്ടെന്നായിരുന്നു. ഞാൻ ഉൾപ്പെടെയുള്ളവരുടെ അംഗങ്ങൾക്കിടയിലെ ഈഗോക്ലാഷസ്, പത്രത്തിനു പുറത്തുള്ളവരുടെ ഇടപെടലുകൾ, ഇവയെല്ലാം പത്രത്തെ ദുർബലപ്പെടുത്തി. പത്രം കടുത്ത സാമ്പത്തിക പ്രതിസന്ധിയും നേരിട്ടു. പലരും പുതിയ സങ്കേതങ്ങൾ തേടി..............ടൂറോ ഫെസ്റ്റും, മീഡിയാക്ലബുമൊക്കെ വന്നപ്പോൾ പലർക്കും എഡിറ്റോറിയലെന്ന ചെറിയ പത്രത്തെ ഓർക്കാൻ നേരം ഉണ്ടായില്ല..... ആരോഗ്യകരമായ ഒരു വാശിയുണ്ടായിരുന്നു. മനസ്സിൽ എന്നെങ്കിലും ഒരു ന്യൂസ് ലെറ്ററോ, മാഗസിനോ, ചെയ്യണമെന്ന് അതിന്റെ ഫലമാണ്

'വസന്തം ചെറി മരങ്ങളോട് ചെയ്യുന്നത്', 'Island of Silence', 'പറയാൻ മറന്നത്' എന്നിവ.



ഇപ്പോൾ മിണ്ടാതിരുന്നാൽ....

UC College

## എൻ. എസ്. എസ്.

ഒരു ആത്മകഥയെഴുതാനുള്ള അത്രയും അനുഭവങ്ങൾ ഉണ്ട്. എൻ.എസ്.എസിൽ എനിക്ക്. പക്ഷേ ഒന്നും പറയുന്നില്ല. എൽദോസാറിനോട് നന്ദിയുണ്ട്. പ്രകടമായി ഒന്നും നിങ്ങൾക്ക് സാറിൽ നിന്ന് കാണാനാവില്ല. പക്ഷേ നിശബ്ദനായി അദ്ദേഹം തന്റെ കർത്തവ്യങ്ങൾ നിർവ്വഹിച്ചിരുന്നു. എനിക്ക് അദ്ദേഹത്തോടുള്ള ബഹുമാനം കൂടിയൊരു സംഭവമുണ്ട്. മേയ്മാസം NSS റിപ്പോർട്ടും അവാർഡുകൾക്കുള്ള അപേക്ഷയും പൂരിപ്പിച്ചു നൽകണം. പ്രോഗ്രാം ഓഫീസിനോടുള്ള അവാർഡ് ഫോമിൽ എൽദോ സാറ് തന്റെ പേര് മനപൂർവ്വം ഒഴിവാക്കി. യാദൃശ്ചികമായിട്ടാണെങ്കിലും 2008-09 വർഷത്തെ മികച്ച പ്രോഗ്രം ഓഫീസറിൽ ഒരാളായി അദ്ദേഹത്തെ തെരഞ്ഞെടുത്തു എന്നറിഞ്ഞപ്പോൾ എനിക്കു സന്തോഷം തോന്നി.

ഓർക്കുന്നോ ക്യാപസിലെ ക്രിസ്മസ് ........................ ലോകം മുഴുവനും സന്തോഷിക്കുമ്പോൾ നമ്മൾ എല്ലാവരും തകർന്ന മനസ്സുമായി മെസ് ഹാളിൽ കൂടിയിരുന്നു സങ്കടം പങ്കുവച്ചത്........................ അന്നാരോ പറഞ്ഞു........................ ഈ ക്രിസ്തുമസ് ഒരിക്കലും മറക്കില്ല. അതു പോലൊരു ക്രിസ്മസ് ഇനിയില്ല.

രാജൻ ചേട്ടന്റെ രുചികൾ മറക്കില്ല. യുസി കോളേജിന്റെ എൻഎസ്എസിന്റെ അത്ര തന്നെ പ്രായമുണ്ട് രാജൻ ചേട്ടന്റെ അനുഭവങ്ങൾക്ക് ചിലപ്പോൾ അതിലുമേറെ. NSS എനിക്ക് സമ്മാനിച്ചത് കുറേ ശത്രുക്കളെയും, പരാതികളും പരിഭവങ്ങളും, പിന്നെ അറ്റൻൻസ് ഷോർട്ടേജുകളും. 2008-09ലെ മികച്ച യൂണിറ്റായപ്പോൾ എന്നെ വാഴ്ത്തപ്പെട്ടവനാക്കി പലരും. ഞാൻ മനസിൽ ചിരിച്ചു.

ഇപ്പോഴും എന്നെ പലരും വിളിക്കാറുണ്ട്. ഭവന നിർമ്മാണത്തിന് സഹായം തേടി, റെയർ ഗ്രൂപ്പ് അന്വേഷിച്ച്, പിന്നെ ഗ്രേസ് മാർക്കിന്റെ കാര്യം ശരിയായോ എന്നറിയാൻ. മനസ്സു മാത്രം നന്നായില്ല.....

**ചാക്കോസ്**

ചാക്കോസ്, ഹൃദയത്തോട് ചേർത്തു വച്ച വികാരമാണ് അത്. ഹോംസിക്നസാണെന്നു പറയുന്ന ലേഡീസ് ഹോസ്റ്റലിലെ സുന്ദരിമാരോട് ഞങ്ങൾ പറയും ഞങ്ങൾക്ക് ഹോസ്റ്റൽ സിക്നസാണെന്ന്. എല്ലാം മറന്ന് ചത്തു കിടന്ന് ഒന്നു ഉറങ്ങാൻ എല്ലാം മറന്ന് കാളരാഗത്തിൽ ബാത്ത്റൂമിൽ നിന്ന് ഒന്ന് പാടാൻ ബേർത്ത്ഡേകാരന്റെ തലയിൽ വെള്ളം കമഴ്ത്താൻ ഇനി കഴിയില്ല.

എ. കെ ബേബിക്കും യു.സി കപ്പിനും ഞങ്ങൾ തീർത്ത ആരവങ്ങൾ; യുസിയുടെ ആകാശത്ത് ഞങ്ങൾ തീർത്ത ക്രിസ്തുമസ് നക്ഷത്രങ്ങൾ; മഴയുടെ കൂട്ട് പിടിച്ച് തന്ത്രിയുടെ സംഗീതം തേടിയുള്ള യാത്രകൾ; ചാപ്പലിലെ ഞങ്ങളുടെ മാത്രമായ മലയാളം പ്രയർ, മെസ്സ് ഹാളിലെ ടിവിക്ക് മുന്നിലെ ട്വന്റി ട്വന്റി ആവേശങ്ങൾ; ഓണം; ഹോസ്റ്റൽ ടാഗോറിലെ ക്ഷണിക്കാത്ത എത്രയോ കല്യാണങ്ങൾക്ക് അതിഥികളായത്; ക്രിസ്മസ് കരോളിനൊടുവിൽ സിസിയിൽ കൂടി നിന്ന് സിക്സറിലേക്ക് നോക്കി ഏകാന്തചന്ദ്രികേ പാടിയത്. എല്ലാം കാല യവനികയ്ക്കുള്ളിൽ പോയി മായുന്നു.

## ക്ലാസ് റൂം

'ഹോസ്റ്റലിൽ നിന്ന് ബസ്സ് കിട്ടിയില്ലേ' എന്ന സ്ഥിരം ചോദ്യം ലെയ്റ്റ് സ്ലിപ്പ് യുസി യിലെ എന്റെ ക്ലാസ് മുറികൾക്ക് ഞാൻ എന്നോ അന്യനായി തീർന്നിരുന്നു സഹപാഠികൾക്ക് ഞാനൊരു അധികപറ്റും.

" Enter the Class room atleast to show that u r not dead"

എന്റെ സഹപാഠി അയച്ച മേസേജും ഇപ്പോഴുമുണ്ട് എന്റെ ഇൻബോക്സിൽ.

## ഓർമ ചിത്രം

സെയ്സ് ബോൾ മത്സരങ്ങൾക്ക് ഒടുവിൽ അസ്ലമിന്റെ വാപ്പ യുസി ടീമിനോടൊപ്പം ചേർന്നു കരയുന്നുണ്ടായിരുന്നു. ആ പിതാവിന്റെ ചിത്രം മനസ്സിൽ നിന്ന് മായുന്നില്ല. ജൂൺ 3 ന് രാത്രി പിറ്റേന്നത്തെ ലാംഗ്വേജ് എക്സാമിനു പഠിച്ചുകൊണ്ടിരുന്നപ്പോൾ ഇക്കയാണ് വിളിച്ചു പറഞ്ഞത് അസലു പോയെന്ന്.



## NR പടവുകൾ

കാത്തിരിപ്പിനും പ്രാർത്ഥനകൾക്കും കണക്കു കൂട്ടലുകൾക്കു മൊടുവിൽ അടച്ചിട്ടിരിക്കുന്ന ഗ്രില്ലുകൾ വലിച്ചു തുറന്ന് ആകാശ ത്തിലേക്ക് മുദ്രാവാക്യങ്ങൾ വിതറി അവർ ഓടിയടുക്കും നിങ്ങ ളുടെ ഹൃദയമിടിപ്പുകൾക്ക് വേഗം കൂട്ടാൻ.

## ഇലക്ഷൻ

ചെഗുവരേയും വിവേകാനന്ദനും ഗാന്ധിയും ക്രൂശി ക്കപ്പെടുന്ന മാസം.

## ഇവരെ സൂക്ഷിക്കുക

വിളിക്കുന്ന മുദ്രാവാക്യത്തിന്റെ അർത്ഥവും എടുക്കുന്ന സമരങ്ങ ളുടെ കാരണവും അറിയാത്ത ചിലരുണ്ട് ഇവിടെ.

## ഇവരെ മറക്കില്ല

ഓരോ വാക്കിലും എനിക്ക് ആത്മവിശ്വാസം പകർന്നു തന്ന പ്രിയ പ്പെട്ട ഗുരുനാഥനെ (സെബാസ്റ്റ്യൻ സാർ)

കോളേജിലെ ക്രിസ്മസ് കരോളിന് സ്ഥിരമായി നക്ഷത്രങ്ങൾ ആക്കിയിരുന്ന ചാക്കോസിലെ കുട്ടികളെ പലരും കൂലിക്കാരാ യിട്ടാണ് നോക്കി കൊണ്ടിരിക്കുന്നത്. ഈ കാഴ്ചപ്പാടിന് '08 ഡിസംബ റിൽ ഒരു മാറ്റംവന്നു. ഞങ്ങളുടെ അദ്ധ്വാനത്തിന്റെ വിലമനസ്സിലാ ക്കാനും ഒരാളുണ്ടായി. പ്രിയപ്പെട്ട റീന മിസ്. മറക്കില്ല ഒരിക്കലും.

3 day ക്യാംപിൽ ഒരായിരം ചോദ്യങ്ങൾ എനിക്കു നേരെ ഉയർന്നപ്പോൾ.... പലരും എന്നെ ഒറ്റപ്പെടുത്തിയപ്പോൾ..... ഒരു താങ്ങായി തണലായി എന്നെ പിടിച്ചു നിർത്തിയ പ്രിയ കൂട്ടുകാരി. മറക്കില്ല നിന്നെ ഈ ജന്മം.

Last but not the Least...... പെണ്ണുങ്ങളുടെ പ്രാർത്ഥനകളെ.....

## പ്രണയം

ചാക്കോസിന് സൂസനോട് പ്രണയം തോന്നിയത് തെറ്റാണോ ?
അറിയില്ല....
വച്ചു കൊണ്ടിരുന്ന കാറിന്റെ പിൻസീറ്റിൽ അവ്യക്തമായി അവസാന മായി ഒന്നു കണ്ടു......
ഒരു നാൾ ഞാൻ തിരികെ വരും എം.ബി. ബ്ലോക്കിലെ കിണറിനരികി ലായി ഒരിക്കൽ കൂടി എന്റെ പ്രണയം നിനക്കു നൽകാൻ.

## അടരുവാൻ വയ്യാ...............

നിരയിലെ പടവുകളിൽ ഞാൻ തനിച്ചാണ് ഇപ്പോഴും.
തിരികെ നടക്കാൻ സമയമായി......
കാതുകളിൽ ഇപ്പോൾ കേൾക്കുന്നത്

'അടരുവാൻ വയ്യ നിൻ ഹൃദയത്തിൽ
നിന്ന് നിനക്കേതു സ്വർഗ്ഗം വിളിച്ചാലും
ഉരുകി നിൻ ആത്മാവിൽ ആഴങ്ങളിൽ
വീണു പൊലിയുമ്പോഴാണെന്റെ സ്വർഗ്ഗം
നിനടിയുന്നതാരോ നിത്യ സത്യം'

ചീവീടുകൾ ചിലയ്ക്കുന്നുണ്ട്...
വം, മത്തുന്ന മണം....

Sudhi C. J.
III B.A History



ഇപ്പോൾ മിണ്ടാതിരുന്നാൽ....

# കാരണങ്ങൾ

എന്തോ എഴുതുവാൻ കൊതിച്ചു
പക്ഷേ മനസ്സ് ശൂന്യമായിരുന്നു.
സ്നേഹിക്കാൻ കഴിയാത്തതിന്റെ,
സ്നേഹിക്കപ്പെടാത്തതിന്റെ,
അമർഷം നിറഞ്ഞിരുന്നു.
മനസ് സ്ട്രൈക്ക് വിളിച്ചിരിക്കുന്നു.
എന്നും ഇങ്ങനെമതിയോ?
ഒരു മാറ്റം അനിവാര്യമാണ്.
ഇന്ന് ഹർത്താലായതിനാൽ
അക്ഷരങ്ങൾക്ക് വരാൻ കഴിയില്ലത്രേ
മനസ്സുള്ളപ്പോൾ വന്നാൽ പോരെ?
സ്വസ്ഥതയ്ക്ക് ബിസിയായിരുന്നു.
നിന്റെ അടുത്ത് മാത്രം വന്നാൽ മതിയോ?
എത്ര പേരെ കാണേണ്ടതുണ്ട്
സങ്കടം ഫ്രീയായിരുന്നു.
നിന്നെ എനിക്ക് വലിയ ഇഷ്ടമാണ്
ഞാൻ കൂടെ വരട്ടെ?
സമയത്തിന് ബെല്ലും ബ്രേക്കുമില്ലായിരുന്നു
അത് ഓട്ടത്തിലായിരുന്നു.
ഒന്നു വിശ്രമിക്കാൻ പോലും സമയമില്ലാതെ
ഞാൻ മാത്രം............
ഞാൻ മാത്രം ഇവിടെ ഒറ്റയ്ക്കുണ്ട്
കാരണം................
എല്ലാവരും മത്സരിക്കുകയായിരുന്നു
എന്ത് കൊണ്ടെന്നല്ലേ?
എന്നെ തോല്പിക്കാൻ............

Divya K. V.
III B.Sc. Physics

# ഒരിടം തേടി

**ഇ**ന്നലെ കോളേജിൽ ചിത്രകലാപ്രദർശനമായിരുന്നു. രണ്ടാഴ്ച മുമ്പ് നടന്ന മത്സര വിജയികളുടേയും അദ്ധ്യാപകരുടേയും കുറേയധികം ഛായചിത്രങ്ങളും സൃഷ്ടികളും കാണാൻ ഞങ്ങളൊരുകൂട്ടം സുഹൃത്തുക്കൾ ക്യാമ്പസിന്റെ ഭാഗമായ വിശാലമായ ഹാളിലെത്തി. നിരത്തിവച്ച ബഹുവർണ്ണങ്ങളിലൂടെയും ചിത്രരചനകളിലൂടെയും കണ്ണോടിക്കുമ്പോൾ കൂട്ടത്തിൽ നിന്ന് ഒറ്റപ്പെട്ട മനസ്സിനുടമയാവുകയായിരുന്നു ഞാൻ. മിക്കവാറും സ്ത്രീസൃഷ്ടികൾ കുറവായിരുന്നെങ്കിലും സ്ത്രീ ഭാവങ്ങളെ പകർത്താനുള്ള വളർന്നുവരുന്ന ചിത്രകാരന്മാരുടെ വ്യഗ്രത ഇവയിലൂടെ കാണുകയായിരുന്നു. വിതുമ്പുവാനൊരുങ്ങി നിൽക്കുന്ന പെൺകുട്ടിയുടെ കണ്ണുകളും കൈവിട്ട കണ്ണുനീരിനെ കൈത്തലങ്ങളിലേറ്റുവാങ്ങാനിരിക്കുന്ന വനിതയും വിഷാദവും നിർവ്വികാരതയും വേർതിരിക്കാനാവാത്ത ഭാവത്തോടെ യൗവ്വനത്തിലേക്ക് നടന്നടുക്കുന്ന പെൺകുട്ടിയും ആർത്തലച്ചുകരയുന്ന സ്ത്രീയുമെല്ലാം എന്റെ ചിന്തകൾക്ക് ജീവൻകൊടുക്കാൻ തുടങ്ങി കൂട്ടുകാരുടെ ആസ്വാദനവും വിമർശനവുമൊക്കെ എന്റെ ചെവികളിലൂടെ കയറിയിറങ്ങിപ്പോകുന്നുണ്ട്. എന്നാൽ ഈ ചിത്രങ്ങളിലെ ഭാവങ്ങളിലൂളിയിടുകയായിരുന്നു ഞാൻ.

നീണ്ടവരിയിൽ നടന്നു നീങ്ങുമ്പോൾ അതാ മറ്റൊരു ചിത്രം. വളരെ എളുപ്പത്തിൽ കോറിയിട്ടതുപോലൊരു സൃഷ്ടി. അതിന്റെ സൃഷ്ടാവിനെത്തേടി എന്റെ കണ്ണുകൾ പരതി. പ്രയാണം ..........ത്രീജ - ആ തലക്കെട്ടും ചിത്രവും എന്നെ വല്ലാതാകർഷിച്ചു. ശ്രദ്ധിച്ചു നോക്കുന്തോറും ആ വരകൾക്ക് ജീവൻ വയ്ക്കുന്നു, ശ്വാസം ഉണ്ടാകുന്നു. നാലഞ്ചു പെൺകുട്ടികൾ വിഹ്വലമായ മനസ്സോടെ, വിഭ്രാന്തിയോടെ ധൃതിയിൽ രക്ഷപ്പെടാനുള്ള വെമ്പലുമായി ഓടുകയാണ്. പ്രയാണം - വരകളിലെ പൂർണ്ണത ചികയാനൊരുങ്ങുമ്പോൾ ചിത്രത്തിന്റെ തലക്കെട്ടും സന്ദേശവും മനസ്സിലേക്കാഞ്ഞു കയറി. ചുറ്റും ഞാൻ കാണുന്ന പലരുടേയും മുഖങ്ങൾ അവയിലൂടെ കാണുകയാണ്. പഠിച്ചുയരാൻ അത്യാഗ്രഹവുമായി നടന്ന ഉഷ, പ്രണയാഭ്യർത്ഥനകളിൽ നിന്നോടി രക്ഷപ്പെടാനാഗ്രഹിച്ച ഉമ, കഴുകൻ കണ്ണുകളോടെ ചുറ്റും കൂടുന്നവരിൽ നിന്നും പഠിക്കാനുള്ള ശ്രദ്ധ നഷ്ടപ്പെട്ട വാണി, വയ്യായ്കയിൽ നട്ടം തിരിയുന്ന അമ്മയെ രക്ഷിക്കാൻ ജോലി തേടി കോളേജിന്റെ വർണ്ണപ്രപഞ്ചത്തിൽ നിന്നടർന്നു പോയ സുമ, എസ്.എം.എസ്സുകളുടെ തുടർക്കഥകളിൽ വഞ്ചിക്കപ്പെട്ട മായ, അങ്ങനെ കുറേപ്പേർ എന്നെ ഭ്രാന്തു പിടിപ്പിക്കാൻ തുടങ്ങി. പിറകേ നിന്ന് മുന്നോട്ടായുന്നവരുടെ ഇടയിലൊരുവളായി ഞാനറിയാതെ നീങ്ങുകയാണ്. പിന്നീടു കണ്ട ചിത്രങ്ങളൊന്നും വേറിട്ടൊരു ദൃശ്യം എനിക്കു പകർന്നു തന്നില്ല. അച്ചടക്കമുള്ള വരിയിൽ നിന്നും രക്ഷപ്പെട്ട് പുറത്തേക്കിറങ്ങുമ്പോൾ ഉച്ച കഴിഞ്ഞിരുന്നു. രാവിലെ അമ്മ തന്നു വിട്ട ഊണ് അനങ്ങാതെ ബാഗിനുള്ളിലുണ്ട്. ജോലി തീർക്കും പോലെ അതൊഴിവാക്കാൻ ഞാൻ ശ്രമിച്ചില്ല. അവിടെ നിന്ന് പുറത്തേക്കിറങ്ങിയവരുടെ കണ്ണുകളിൽ അപരിചിതമായൊന്നുണ്ടായിരുന്നില്ല.

പ്രയാണത്തിലെ പെൺകുട്ടികളുടെ എണ്ണം കൂടി, ക്യാൻവാസിനെ എത്രകണ്ട് വലുതാക്കേണ്ടി വരുമെന്ന ആശങ്ക എന്നെ ദുഃഖിപ്പിക്കാൻ തുടങ്ങി. സമ്പന്നതയിൽ ജീവിതയാഥാർത്ഥ്യങ്ങളറിയാതെ ദിവസങ്ങളാഘോഷങ്ങളാക്കാൻ തുടങ്ങി. ഈ പ്രയാണം എവിടെ വരെ. അവർക്കൊരിടം കണ്ടെത്താനാവുമോ. ഈ ചിത്രത്തിനു പുറത്ത് സ്വാധീനം നഷ്ടപ്പെട്ട കാലുകളും ഓടിത്തളർന്ന പാദങ്ങളും അങ്ങകലെ എവിടെയോ സുരക്ഷിതമായൊരിടം ഉണ്ടോ? ഈ ചോദ്യങ്ങൾക്കിടയിൽ ചിന്തകൾക്കിടയിൽ ഒരാൾ കൂടെ വരകളിലിടം നേടിക്കഴിഞ്ഞിരുന്നു.

K. ChithraLekha
I M.A English



# കപ്രിക്കാട് - ചില വിഹ്വലചിന്തകൾ

**തി**കച്ചും അവിചാരിതമായിരുന്നു, കപ്രിക്കാട്ടേക്കുള്ള യാത്ര....
മലമടക്കുകൾക്കിടയിലൂടെ വശ്യഭംഗിയോടെ പതഞ്ഞൊഴുകുന്ന പെരിയാറിന്റെ തീരത്തെ സുന്ദരഗ്രാമം....
പെരുമയുടെ കഥപറയുന്ന പെരുമ്പാവൂരിന് സമീപത്തെ മലയാളിയുടെ സ്വന്തം ആനത്തൊട്ടിലായ കോടനാടുനിന്നും, മൂന്നുകിലോമീറ്റർ അകലെ കപ്രിക്കാട്.....
പ്രകൃതിഭംഗിയെ പരിപാലിക്കുന്നിടം....
സത്യത്തിൽ എത്രവേഗമാണ് മലയാളിയുടെ വിനോദസഞ്ചാരസങ്കല്പങ്ങൾ മാറുന്നത്.
അണക്കെട്ടുകളുടെ അഗാധതയും, അംബരചുംബികളായ കോൺക്രീറ്റ് സൗധങ്ങളും, പൂന്തോട്ടങ്ങളുടെ ആകർഷകത്വവും മറന്ന് മലയാളി വീണ്ടും പ്രകൃതിയിലേക്ക് മടങ്ങുകയാണ്......
യാഥാർത്ഥ്യത്തിന്റെ പച്ചപ്പുതേടി.... ഇത് സ്വന്തം അസ്ഥിത്വം തേടിയുള്ള മടക്കയാത്ര.....

ഒരിക്കൽ ടൂറിസത്തിനുവേണ്ടി നവകേരളശില്പികൾ പ്രകൃതിയെ കടപുഴക്കി പുതിയ അദ്ധ്യായങ്ങൾ രചിച്ചു. വീരഗാഥകൾ പാടി......
തനതുകലകളും, തച്ചുശാസ്ത്രവും എന്തിനേറെ, ഭൂപ്രകൃതിയെപ്പോലും മാറ്റിയെഴുതി.......
മലയാളത്തെ മറക്കുന്നത് മലയാളിയുടെ മലയാണ്മയാണ്.
യഥാർത്ഥ മലയാളമെന്ന് അഭിനവബുദ്ധിജീവികൾക്കൊപ്പം പാടാൻ ആരാണ് മുന്നിലല്ലാതിരുന്നത്.....?

അണിയുന്ന പൊയ്മുഖങ്ങൾ അഴിച്ചെറിയേണ്ടുന്ന കാലം വിദൂരമല്ല എന്നത് ചരിത്രസത്യം......
സ്വയമറിയാതെ അപരന്റെ നാട്യങ്ങളെ പുല്കുവാനുള്ള മലയാളിയുടെ ഉദാത്തപ്രേമത്തിന്റെ തിക്തഫലങ്ങൾ ഏറെ അറിഞ്ഞിട്ടും അറിയാതെ നാം വീണ്ടും മുന്നേറിക്കൊണ്ടിരിക്കുന്നു.......
ഇത് പോസ്റ്റ് മോഡേണിസം.....

ഒടുവിൽ പന്തയക്കുതിരകളാകുന്ന ഓട്ടത്തിനൊടുവിൽ നാമും കിതച്ചുൾവലിയുമ്പോൾ പിന്നിട്ട അബദ്ധങ്ങൾക്കൊടുവിൽ വിചാര



**ഇപ്പോൾ മിണ്ടാതിരുന്നാൽ....**

വിഷണ്ണരാകുമ്പോൾ പിന്നാലെയെത്തുന്ന അഭിനവ തലമുറ നമ്മെയും കാർന്നുതിന്നോടും. കാരണം, ഇത് ഒന്നാമനുമാത്രമായുള്ള ലോകം........
ഭൂമി, കാലം, ഋതുക്കൾ.........വാണിഭം........എല്ലാം......എല്ലാം.......എന്നുമൊന്നാമത്.
രണ്ടാമന്മാരെന്നും ചണ്ടിയുടെ ഗണത്തിലത്രേ!!!
വികലമായ അനുകരണങ്ങളിൽ
ഉഴലും മനമില്ലാ മനുജർ
ഇനിയെങ്കിലും സ്വയമറിഞ്ഞീടേണം
യാനം യാഥാർത്ഥ്യത്തിലേക്കാക്കുവാൻ.....
സ്വയം തിരിച്ചറിയുമ്പോഴോ
സ്നേഹിക്കുവാനാകിലേ
നാമും മനുജരാകൂ....നിശ്ചയം......

ഇത് പ്രകൃതിയുടെ പച്ചപ്പിലൂടെയുള്ള യാത്രയിലുയർന്നുവന്ന വിഹ്വലചിന്തകൾ...........

'നമുക്കു ഗ്രാമങ്ങളിൽചെന്നു രാപാർക്കാം
അതികാലത്തെഴുന്നേറ്റു മുന്തിരിത്തോട്ടങ്ങളിൽ പോയി
മുന്തിരിവള്ളി തളിർത്തു പുത്തുവിടരുകയും
മാതളനാരകം പൂക്കുകയും ചെയ്തുവോ എന്നു നോക്കാം.....'

*ബൈബിൾ : ശാലോമോന്റെ ഉത്തമഗീതം*

....തൽക്ഷണേ കാനനം
ദേവേന്ദ്രലോകസമാനമായ് വന്നിതു;
ദേവകളായിച്ചമഞ്ഞു തരുകയും
ദേവവനിതമാരായി ലതകളും......

*അദ്ധ്യാത്മരാമായണം : അയോദ്ധ്യാകാണ്ഡം*

പന്തലിൽ പടർത്തപ്പെടുന്നവയും
പടർത്തപ്പെടാത്ത തോട്ടങ്ങളേയും
ഫലങ്ങൾ വ്യത്യസ്തങ്ങളായ ഈന്തപ്പനകളേയും
സസ്യവർഗ്ഗത്തെയും സാദൃശ്യമുള്ളതും ഇല്ലാത്ത
തുമായ
ഒലിവുമരം ഉറുമാൽ പഴമരം എന്നിവയേയും
അവനാണ് ഉൽപാദിപ്പിച്ചിരിക്കുന്നത്.
അവ കായ്ച്ചാൽ
അതിന്റെ ഫലത്തിൽ നിന്നും നിങ്ങൾ
ഭക്ഷിക്കുകയും, അത് പറിച്ചെടുക്കുന്ന ദിവസം
അതിലുള്ള അവകാശം കൊടുക്കുകയും ചെയ്യു
ക.
നിങ്ങൾ അമിതമാക്കരുത്
അമിതമാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നത
ല്ല.

*ഖുർ ആൻ : അൻ ആം 141*

വേദങ്ങളിൽ സാഹിത്യത്തിൽ പ്രഭാഷണങ്ങളിൽ
പ്രകൃതിയെത്ര സുന്ദരി......വശ്യമോഹിനി.....
നമുക്കായ് നിർമ്മിക്കപ്പെട്ടവൾ
നാം കാത്തുസൂക്ഷിക്കേണ്ടവൾ.......
കാട്ടാറിന്റെ നാദവും മുളംകാടിന്റെ മർമ്മരവും
വള്ളിക്കുടിലുകളും, മാമരങ്ങളും, ഏറുമാടങ്ങളും
നമുക്കന്യമാകുന്ന ഊഞ്ഞാലാട്ടവും
പുഴയുടെ തെളിമയും തീരത്തെ പാറക്കെട്ടുകളും
വനയാത്രയും ചങ്ങാട സവാരിയും
ചുറ്റും മാമലകളും.... ഇത് കപ്രിക്കാട്.......
ശുദ്ധജലം, വായു, ഭൂമി, ആകാശം.....
വികസനത്തിൽ നമുക്കന്യമായവ
സ്വന്തമായ കപ്രിക്കാട്.....
നമ്മുടെ സ്വന്തം ഇക്കോ ടൂറിസ്റ്റ് കേന്ദ്രം
വരു വന വിശുദ്ധിയിലേക്ക്........
നമ്മുടെ മലകളെ, വനങ്ങളെ, പുഴകളെ, പുഞ്ചപ്പാടങ്ങളെ....
എല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരധമസംസ്കാരം ഉയർന്നുവരുന്നതു നാം കാണാതിരുന്നുകൂടാ....
പ്രകൃതിയുമായി സമരസപ്പെടാത്ത ലാഭക്കാഴ്ചയാണ് സമകാലീനതയുടെ ഏറ്റവും വലിയ ദുരന്തം.
കപ്രിക്കാടിന്റെ ഈ മനോഹാരിതയെ മനസ്സിലാവാഹിച്ച് പ്രകൃതിയുടെ നിലനില്പിന്റെ പ്രവാചകരായി നമുക്ക് നീങ്ങാം...
ഓർക്കുക...
ഇവിടമെങ്കിലും നമുക്കിവിടമായിതന്നെ നിലനിർത്താം.

Basil. P. Baby
II B.Sc. Botany





# പഠിക്കാനുണ്ട് ഓസ്ക്കർ ജേതാക്കളിൽ നിന്ന്



ഇന്ത്യയ്ക്കു സ്വപ്നം കാണാനാവാത്ത വിശ്വാംഗീകാരമാണ് 2008 ലെ ഓസ്ക്കർ വിജയപ്പട്ടികയിൽ നാല് ഓസ്ക്കർ മൂന്ന് ഇന്ത്യാക്കാർക്ക് ലഭിച്ചപ്പോൾ ചരിത്രത്തിൽ രേഖപ്പെട്ടത്. അറ്റൻ ബോറോവിന്റെ ഗാന്ധിയുടെയും സത്യജിത്ത് റായുടെയും അഭിമാന കഥകൾ പോലും ഇതോടെ തെല്ല് മങ്ങിപ്പോയി. ഒരു ഇംഗ്ലണ്ടുകാരൻ സംവിധാനം ചെയ്ത് ഒരു ആംഗല കമ്പനി മുതൽ മുടക്കി ആംഗലകലാകാരൻമാരും ഇംഗ്ലണ്ടിന്റെ സാങ്കേതിക ജ്ഞാനവും ചേർന്നുണ്ടാക്കിയ സ്ലംഡോഗ് മില്യനെയർ ഇന്ത്യൻ സിനിമയാണെന്ന് സാങ്കേതികമായി അവകാശപ്പെടാനാവില്ല. എന്നാൽ ഇന്ത്യാക്കാരനായ ഒരു നോവലെഴുത്തുകാരന്റെ കഥയെ ഉപജീവിച്ച് മുംബൈയിലെ അടിയാള ജീവിതത്തിലെ സംഭവങ്ങളെ ഉപയോഗിച്ച് ഇന്ത്യൻ കലാകാരന്മാരുടെ തികഞ്ഞ പങ്കാളിത്തത്തോടെ രൂപം കൊണ്ട ഈ സിനിമ ഇന്ത്യൻ ചിത്രമെന്ന് പറയാനും എളുപ്പമല്ല. ഈ സിനിമയ്ക്ക് ആകെ ലഭിച്ച ഓസ്ക്കർ സമ്മാനങ്ങളിൽ പകുതിയും കരസ്ഥമാക്കിയത് ഇന്ത്യാക്കാരാണെന്നു വരുമ്പോൾ ഇന്ത്യാക്കാരുടെ പങ്കാളിത്തം എത്ര സർഗ്ഗാത്മകമായിരുന്നുവെന്ന് വ്യക്തമാകും.

സമ്മാനിതരെയും നാട്ടുകാരെയും നമ്മെയും വിസ്മയം കൊണ്ട് വീർപ്പു മുട്ടിച്ച ഈ വിശ്വവിജയാപദാനം നമ്മെ എന്തു പഠിപ്പിക്കുന്നു. ഇന്ത്യൻ സിനിമയ്ക്ക് പലതും പഠിക്കാനുണ്ട്. ഇപ്പോൾ നമുക്ക് ലോകത്തിലുള്ള സ്ഥാനം വർഷത്തിൽ ഏറ്റവും കൂടുതൽ ചിത്രങ്ങൾ നിർമ്മിക്കുന്ന രാജ്യം എന്നത് മാത്രമായിരിക്കാം. കണക്കെടുക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ നിലവാരം കുറഞ്ഞ ചിത്രങ്ങൾ ഉണ്ടാക്കുന്ന നാടും നമ്മുടേതു തന്നെയാകാം. എണ്ണമല്ല ഗുണമാണ് ലോകം ആദരിക്കുക എന്ന വാദം എന്നോ പഠിക്കേണ്ടിയിരുന്ന നാം അടുത്ത കൊല്ലം തന്നെ അത് പഠിച്ചുവെന്ന് തെളിയിക്കാനിടയില്ല. എങ്കിലും നമുക്ക് ലോകസിനിമയിൽ എത്താൻ പറ്റില്ല എന്ന തെറ്റിദ്ധാരണയുടെ മന്ത്രക്കെട്ട് പൊട്ടിക്കാൻ 2008 ഓസ്ക്കർ ധൈര്യം തരുന്നു.

മുംബൈയിലെ ചേരികളിൽ പട്ടിയെപ്പോലെ തെണ്ടി ജീവിച്ച മാലിക്കിനെയും രാംപൂരിലെ പാവപ്പെട്ട മുച്ചുണ്ടുകാരിയായ പിങ്കിയെയും പോലുള്ളവരുടെ ഉള്ളുലയ്ക്കുന്ന കഥകൾ ഇവിടെ ധാരാളമുണ്ടെന്ന് ഇവിടത്തെ സിനിമകൾ കണ്ടാൽ തോന്നില്ല. സിനിമകളുടെ സൃഷ്ടികർത്താക്കളോട് ഒരു പക്ഷേ ആവർത്തിച്ച് വിരസമായ പ്രേമത്തിന്റെ ആട്ടവും പാട്ടും കുടുംബച്ചിത്രങ്ങളുടെ കണ്ണീരും നെടുവീർപ്പും കൊണ്ട് മടുത്തു കഴിഞ്ഞ ജനങ്ങൾക്ക് വല്ലപ്പോഴും ഒരു വിമോചനം നൽകണമെന്ന സൽപ്രേരണയ്ക്ക് വഴങ്ങാൻ ലോസ് ആഞ്ജലസിൽ നിന്നുയർന്ന പുതിയ ശബ്ദങ്ങളെ നിങ്ങൾ അനുവദിച്ചാൽ നന്നായിരുന്നു. ഇത്തരം ചിത്രങ്ങൾ പൊട്ടിപ്പൊളിഞ്ഞു പോയാൽ പോലും കിട്ടുന്ന ഫിലിം അവാർഡുകളുടെ എണ്ണത്തിൽ കുറവുണ്ടാവുകയില്ല.

ഒരു ജേതാവ് ലോകത്തെ ശരിക്ക് ജയിക്കുന്നത് ജയിച്ച കർമ്മം കൊണ്ടെന്നതിനേക്കാൾ ജയിച്ചതിനു ശേഷം അയാൾ പറയുന്ന വാക്കുകൾ കൊണ്ടാണ്. ഇന്ത്യാക്കാരെ ഒരു പക്ഷേ ലോകത്തെ തന്നെയും പുളകം കൊള്ളിച്ച വാക്കുകളാണ് റഹ്മാൻ റസൂൽ ഗുൽസാർ ത്രയം പറഞ്ഞത്. ഇന്ത്യാക്കാരും ഇവിടത്തെ പ്രവർത്തകരും എന്നും ഓർത്ത് പ്രവർത്തിക്കേണ്ട വാക്കുകൾ. പ്രതീക്ഷകളില്ലാതെ പ്രവർത്തിക്കണമെന്ന് റഹ്മാൻ പറഞ്ഞപ്പോൾ ആ ഹാൾ കുരുക്ഷേത്രവും ആ ഉപദേശം ഗീതയിലെ നിഷ്കാമകർമ്മ സന്ദേശവും റഹ്മാൻ മഹാനായ ഒരു ഗുരുവും ആയി മാറുകയായിരുന്നു.

ഈ അളവു കോൽ കൊണ്ട് അളന്നാൽ നമ്മുടെ സമുന്നതരായ നടീനടന്മാർ വാമനരായി ചുരുങ്ങുന്നതു കാണാം. നൂറു ആശകളോടെയാണ് ഇവർ രംഗപ്രവേശം നടത്തുന്നത്. സിനിമക്കുള്ള സമർപ്പണമെന്നത് എങ്ങുമില്ല. കൊല്ലന്തോറും പുരസ്ക്കാരങ്ങൾ വാങ്ങുന്ന ഇവർക്ക് പണത്തിനോടാണ് അർപ്പണം. അതുകൊണ്ട് പരസ്യങ്ങളിൽ അഭിനയിച്ച് ലക്ഷങ്ങൾ വാങ്ങുന്നു. വൃദ്ധതാരങ്ങൾ മുതൽ ഇന്നലെ ഉദിച്ച നക്ഷത്രങ്ങൾ വരെ വാണിജ്യച്ചരക്കുകളുടെ വില്പനക്കാരായി നമ്മുടെ മുന്നിൽ കൂസലില്ലാതെ കളിച്ചു കൊണ്ടിരിക്കുന്നു. സെയിൽസ്മാൻ എന്നു പറയാൻ നാണം തോന്നുന്നതു കൊണ്ടാവാം ഇവർ തങ്ങളെ അംബാസഡർ എന്നു വിളിക്കുന്നത്.

ഇപ്പോൾ സർവ്വ ജനങ്ങളുടെയും അനുഗ്രഹത്തോടെ ഇന്ത്യയുടെ അംബാസഡർമാരായത് റഹ്മാനും റസൂൽ പൂക്കുട്ടിയുമാണ്. ഓംകാരത്തിന്റെ നാദം ലോകത്തിനു നൽകിയ രാജ്യത്തു നിന്നാണ് താൻ വന്നത് എന്നു പറഞ്ഞ റസൂൽ അനശ്വരനാണ്. വാക്കുകളുടെ പൂക്കൾ ഉതിർത്ത ഈ പൂക്കുട്ടിയാണ് അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ. എനിക്കു ചുറ്റും ഒരു പാട് ക്രൂരതയും കുറച്ചു സ്നേഹവും കണ്ടപ്പോൾ ഞാൻ സ്നേഹം കൈക്കൊണ്ടു എന്ന് പ്രഖ്യാപിച്ച റഹ്മാൻ ഇന്ത്യയുടെ അഭിമാനം മാത്രമല്ല മനുഷ്യരാശിയുടെ ഹൃദയഗായകൻ കൂടിയാണ്.

Namitha. S.
1 B.Sc. Physics

# പ്രണയിച്ചപ്പോൾ

മൗനം ഇടയ്ക്കൊരു
മഞ്ഞുതുള്ളിയായ് പെയ്യുമെന്ന്
നക്ഷത്രം പുൽക്കൊടിയോട്
പണ്ടെങ്ങോ മന്ത്രിച്ചിരുന്നു
പുൽനാമ്പുകൾ നിറങ്ങളണിഞ്ഞപ്പോൾ
പൂക്കൾ വിചാരിച്ചു
മഴവില്ലാണെന്ന്
പുൽക്കൊടിത്തുമ്പിൽ
ചിലന്തി വല നെയ്തപ്പോൾ
നക്ഷത്രം കരുതി
പ്രണയം നഷ്ടമായെന്ന്
നക്ഷത്രമായ് പുനർജനിക്കാൻ പ്രാർത്ഥിച്ച
പുൽക്കൊടി മിഴിപൂട്ടി
ഭൂമിയെ ചുംബിച്ച് ഉറങ്ങിയപ്പോൾ
നക്ഷത്രം പറഞ്ഞു
നിലയാം നിലാവിൽ
മഴത്തുള്ളി ചുവന്നിരുന്നു
അത് ഹൃദയത്തിൽ നിന്നും
പൊഴിഞ്ഞ പ്രണയമെന്ന നിമിഷം മാത്രം
മറുപടിയായ് പുൽക്കൊടി ഇങ്ങനെ പറഞ്ഞു
സ്വപ്നങ്ങളിൽ നാം എത്രയോ അടുത്തായിരുന്നു.

Shaharazadha T.
III B.A English

# സാമൂഹ്യജീവി

നിനക്കു പ്രണയമുണ്ട്
നിനക്കു സൗഹൃദമുണ്ട്
സുഹൃത്തുക്കളുണ്ട്
ഒരു പ്രളയം വന്നാൽ
നീയെങ്ങനെ ഒറ്റയ്ക്കു രക്ഷപ്പെടും?
അതിനാൽ ഇന്നിതെല്ലാം ഒരധികപറ്റാണ്
ഞാൻ ഭാഗ്യം ചെയ്തവനാണ് കാരണം
ഞാനിവിടെ തനിച്ചല്ലേ?

Deepak Gopalakrishnan
II B.Sc. Physics



ഇപ്പോൾ മിണ്ടാതിരുന്നാൽ....



# എന്റെ പ്രിയസുഹൃത്തിന്

ഇന്ന്..
പുതുവർഷത്തിലെ പ്രഥമദിനം
ഈ ദിനത്തിലും കൺമുമ്പിൽ
ഉത്തരം തേടുന്ന ചോദ്യങ്ങളാണ്
അരുമയറ്റ ഈ വിശ്വം
ഉത്തരീയവും വിലക്കുന്നതുവരെ,
നമുക്ക് ചോദ്യമുതിർക്കാം...
ആശംസിക്കാനൊന്നുമില്ല
ആശിക്കുക.
ഒടുങ്ങാത്ത, മരിക്കാത്ത, ഇച്ഛയെ.
തേജസറ്റ
ഓജസടർന്ന,
ഈ കാലത്തിൻ മാറിൽ കിടന്ന്,
സൗഹൃദ വസന്ത-
സൃഷ്ടിക്കായി
എന്തെഴുതാൻ ?
കാലവും,
കാലത്തിൻ കോലവും
നശിക്കട്ടെ
എങ്കിൽ പിന്നെ
നമുക്ക് മാത്രമായി
ജീവിക്കാമല്ലോ... !
ആർഷഭാരതത്തിൽ നൈർമല്യത
ഹൃത്തിൽ സ്നേഹക്കാറ്റായ്,
നീ പറത്തുക
ഒരു നേരത്തെയന്നത്തിനായ്.....
വയറ്റത്തടിച്ച് പാടുമൊരു കുഞ്ഞിൻ
പാട്ടിൽ നീ
വിശ്വത്തെ ദർശിക്കുക.
അന്നത്തിനായ് മാനം വിൽക്കുന്ന
ഭാരത സ്ത്രീയുടെ,
പട്ടുടയാടയായി മാറുക

നിറുത്തട്ടെ ഞാൻ, എൻ മഹാ വാക്കുകൾ
സ്നേഹപൂർവ്വം,
ആഞ്ജലോ
(ഒരു കത്താണ്)

Angelo Thomas
III B. A English

# ഒരു കുഞ്ഞു ഭൂമി കുലുക്കം



ജീവിതം അവസാനിക്കാത്ത യാത്രയുടെ ഒരു സമാഹാരം. എങ്ങോട്ടെന്നില്ലാതെ നമ്മളോരോരുത്തരും ആ യാത്ര തുടരുന്നു. എങ്ങോട്ടെന്ന് ബോധമില്ലാത്ത ഒരു യാത്രയിലായിരുന്നു ഞാനും.

ആരുടെയൊക്കെയോ കരങ്ങൾ എന്റെ പുറത്തു വന്നു വീണപ്പോഴാണ് ദീർഘമായ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നത്. കണ്ണുതുറന്നപ്പോൾ ചുറ്റും തുറിച്ച കണ്ണുകളോടെ കുറെ മനുഷ്യർ കൂടെ കക്ഷത്തിൽ ബാഗുള്ള, കാക്കി ഷർട്ടിട്ട ഒരു മനുഷ്യനും. കണ്ണുതിരുമ്മി ഒന്നുകൂടി നോക്കിയപ്പോൾ ആണ് മനസ്സിലായത്, അത്..... അതേ, അത് കണ്ടക്ടർ കണാരേട്ടൻ തന്നെ. അപ്പോൾ താനിപ്പോഴും ബസ്സിൽ തന്നെയാണ്. ഉറക്കത്തിൽ നിന്നുള്ള ഊർജ്ജം ഊർജ്ജിതമായി തിരിച്ചറിഞ്ഞപ്പോഴാണ് ആ നഗ്നസത്യം ഞാൻ മനസ്സിലാക്കിയത്. ഈശ്വരാ ഇറങ്ങേണ്ട സ്റ്റോപ്പ് കഴിഞ്ഞു! പിന്നെ ഒട്ടും താമസിച്ചില്ല സീറ്റീൽ നിന്നും ചാടിയെഴുന്നേറ്റൊരോട്ടം അപ്പോഴേക്കും കണ്ടക്ടർ കണാരേട്ടൻ ഒരു കരുണയും ഇല്ലാതെ എന്നെ ശകാരിക്കാൻ തുടങ്ങിയിരുന്നു. ചീത്ത കേൾക്കുന്നത് ഒരു പുതിയ സംഭവം അല്ലാത്തതു കൊണ്ട് അതു വകവയ്ക്കാതെ മണിയടിക്കുന്ന വാസുവേട്ടന്റെ അടുത്ത് എത്തി. വാസുവേട്ടാ ഇറങ്ങേണ്ട സ്ഥലം കഴിഞ്ഞു; ഒരു മണിയടിക്കാമോ? ഇത് കേട്ടതും ദേഹത്ത് എന്തോ ബാധ കേറിയതു പോലെ എന്നെ നോക്കി. ഇവിടെ ഇറങ്ങണമെങ്കിൽ കൂടുതൽ സഞ്ചരിച്ചതിന്റെ ബസ് കാശ് നീ തരണം. വാസുവേട്ടനോട് വാദിക്കാൻ ശ്രമിച്ചത് കത്തിച്ചെറിഞ്ഞിട്ട് പൊട്ടാത്ത പടക്കം പോലെ ചീറ്റിപ്പോയി. അവസാനം ഒരു നഗ്നസത്യം കൂടി എനിക്ക് അയാളോട് പറയേണ്ടി വന്നു. എന്റെ കൈയ്യിലിനി 25 പൈസാ പോലും എടുക്കാനില്ല. ഇതു കേട്ടതും ഉടനെ ബസ്സിലുള്ളവർ എല്ലാവരും ഏതോ അന്യഗ്രഹത്തിൽ നിന്നും വന്ന ജീവിയെപ്പോലെ എന്നെ നോക്കി. അവർ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. മാങ്ങാണ്ടി പോയ അണ്ണാറക്കണ്ണനെപ്പോലെ എന്തു ചെയ്യണമെന്നറിയാതെ ഞാൻ പകച്ചു നിന്നു. അവസാനം ബസ്സിൽ നിന്നും ഇറക്കി വിട്ടു. മേലാൽ ഈ ബസ്സിൽ കയറിപോയേക്കരുത് എന്നൊരു കമന്റും. കയ്യിൽ കാശില്ലാതെ പോയത് ഒരു കുറ്റം ആണോ? ബസിലിരുന്നു ഉറങ്ങിപോയത് ഒരു കുറ്റമേ അല്ല. പിന്നെ ബസിൽ കയറരുത് എന്നു പറയാൻ ബസ് അയാളുടെ സ്വന്തമൊന്നുമല്ലല്ലോ. അല്ലെങ്കിലും സ്ത്രീജനങ്ങളോടുള്ള അയാളുടെ മണിയടി ഇത്തിരി കൂടുതലാണ് ഒരു ദിവസം അയാളുടെ ഒടുക്കത്തെ മണി ഞാൻ അടിക്കും. ഏതായാലും കഷ്ടപ്പെട്ട് നടന്ന് വീട്ടിലെത്തി.

ബാഗ് കിടക്കയിലേക്കു വലിച്ചെറിഞ്ഞു. യൂണിഫോം ഊരി എങ്ങോട്ടെക്കെയോ എറിഞ്ഞു കളഞ്ഞ് അടുക്കളയിലേക്ക് ഓടി. അമ്മേ ചായ! നടന്നതിന്റെ ക്ഷീണം കാരണം ഫുഡിനോട് ഒരു കാരുണ്യവും ഞാൻ കാണിച്ചില്ല. വലിച്ചു വാരി തിന്നുന്നതിനിടയിലാണ് അമ്മയുടെ ശബ്ദം ഞാൻ ശ്രദ്ധിച്ചത്. യൂണിഫോമും ബാഗും വലിച്ചെറിഞ്ഞതിനായിരുന്നു അതെന്ന് രണ്ട് അടി കിട്ടിയപ്പോൾ എനിക്കു മനസ്സിലായി.'സ്ക്കൂളീന്നു വന്നാൽ അടുക്കും ചിട്ടയുമായി കാര്യങ്ങൾ ചെയ്തോണം എന്ന് നിന്നോട് എത്ര തവണ പറഞ്ഞിരിക്കുന്നു.' ഇതും പറഞ്ഞ അമ്മ അലക്കാൻ പോയി; ഞാൻ വീണ്ടും തിന്നാനും പോയി.

സന്ധ്യയായപ്പോൾ എന്റെ മെയിൻ പാരയായ എന്റെ സ്വന്തം അനിയൻ കരഞ്ഞോണ്ടു വന്നു. അവനേയാണങ്കീ എല്ലാരും കൂടി കൊഞ്ചിച്ച് അങ്ങ് കൊമ്പത്തു കേറ്റി വച്ചേക്കുവാ. ദോഷം പറയരുതല്ലോ ഞാനും അവനും കൂടെ നിന്നാൽ സുന്ദരമായി കത്തിക്കൊണ്ടിരിക്കുന്ന ഒരു കുഞ്ഞി നിലവിളക്കിനടുത്ത് ഒരു വല്യ കരിവിളക്ക് കത്തുന്നത് പോലുണ്ടാകും. ഏതായാലും അവൻ വന്ന് എന്റെ പുറത്തിന്റെ വലത്തുഭാഗത്തായിട്ട് രണ്ടിടി തന്നു. ഹോ.... പൊറം പൊളിഞ്ഞുപോയി. കുഞ്ഞനിയനായതുകൊണ്ട് അവൻ തന്നത് ഞാൻ സന്തോഷത്തോടെ സ്വീകരിച്ചു. പക്ഷേ എന്തിനാണ് അത് അവൻ തന്നെ തെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. പുറം തിരുമ്മികൊണ്ട് ഞാൻ പഠിക്കാൻ ബുക്കെടുത്തു. പഠിക്കാനാണെങ്കിൽ യാതൊരു ഉന്മേഷവും ഇല്ല. അപ്പോഴാണ് ക്ലാസിലെ വനജയുടെ കാര്യം ഞാൻ ഓർത്തത്. കുറച്ചു ദിവസം ആയിട്ട് അവൾക്കു എന്നെ കാണുമ്പോൾ ഒരു ഇത്. എനിക്കു മനസ്സിലാവുന്നുണ്ട്. അവളു വെളുത്തതാണെങ്കിലും ഒരു മാതിരി ഉണ്ടക്കണ്ണും പതിഞ്ഞ മൂക്കും ജിറാഫിന്റെ പൊക്കോം..... അയ്യേ.

8 മണിയായപ്പോഴേക്കും എന്റെ പിതാജി ജോലി കഴിഞ്ഞ് എത്തി. പാര ഓടിച്ചെന്നു. അച്ഛൻ

ഇപ്പോൾ മിണ്ടാതിരുന്നാൽ....

വരുമ്പോൾ ചോക്ലേറ്റ് കൊണ്ടു വരുമെന്ന് അവന് അറിയാം. പക്ഷേ പതിവിന് വിപരീതം ആയിട്ട് അവൻ അച്ഛന്റെ അടുത്ത് എന്തൊക്കെയോ കൊഞ്ചി പറഞ്ഞു. ഞാൻ പ്രതീക്ഷിച്ചതു പോലെ അച്ഛൻ എന്റെ അടുത്ത് എത്തി. 'അവന്റെ പുതിയ പെൻസിൽ എന്ത്യേടാ?' 'എനിക്കറിയുല' ഞാൻ കൈമലർത്തി. എന്റെ മലർത്തിയ സ്വന്തം കൈയ്യി ലേക്കു ഒരു ചെറിയ പിച്ചു കിട്ടി അത്രേം ഭാഗത്തെ തൊലി പോയതൊഴിച്ച് മറ്റൊന്നും പറ്റിയില്ല വൈകു ന്നേരം കിട്ടിയ ഇടിയുടെ കാര്യം എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. എന്തായാലും അവൻ അങ്ങനെ ഒരു പെൻസിൽ വാങ്ങിയ കാര്യം പോലും ഞാൻ അറിഞ്ഞില്ല........

പരീക്ഷ പേപ്പർ ഒപ്പിടാത്തതിന് രണ്ട് ദിവസം ക്ലാസിനു പുറത്തായിരുന്നു. ഇനിയും ഒപ്പിട്ടോണ്ടു വന്നില്ലെങ്കിൽ റ്റി.സി തരുമത്രേ.... തന്നാപ്പോ ഞാനത് വീട്ടികൊണ്ടന്നു വയ്ക്കും അല്ല. പിന്നേ.... എന്നാലും എനിക്ക് മാത്രം അത് തന്നാ മറ്റു കുട്ടികൾക്ക് വിഷമമാവില്ലെന്ന് വിചാരിച്ച് ഞാൻ അത് അച്ഛനെ കാണിക്കാൻ തീരുമാനിച്ചു. മലയാള ത്തിനും ഹിന്ദിക്കും കഷ്ടി തോറ്റതൊഴിച്ച് ബാക്കി വിഷയങ്ങൾക്കൊക്കെ 5 മാർക്കിൽ കൂടുതലില്ല. എങ്ങനെ കാണിക്കും പേപ്പർ ? ഇനിയിപ്പോ അച്ഛന്റെ ഒപ്പിടാന്നു വച്ചാ..... എനിക്കെന്നല്ലാ ലോകത്തിലൊ രുത്തനും ആ ഒപ്പ് ഇടാൻ സാധിക്കില്ല. ഈ ഒപ്പ് കണ്ടു പിടിച്ചവനെ എന്റെ കയ്യിൽ കിട്ടിയിരുന്നെങ്കിൽ അവനെ ഞാൻ..

കാണിക്കുക തന്നെ വഴി. ഈശ്വരനെ മന സ്സിൽ ധ്യാനിച്ചു 'കടവുളേ കാപ്പാത്തുങ്കോ"...

മലയാളത്തിന്റെ പേപ്പർ കണ്ടതും എല്ലാം കൂടെ എടുത്ത് തൊഴുത്തില് നിൽക്കണെ നന്ദിനി പശുവിന്റെ പാത്രത്തിലേക്ക് ഇട്ടു. അവളത് രുചിയോടെ കടിച്ചു ചവച്ചു തിന്നു. ഹാവൂ.... ഇനിയിപ്പോ ഒരു ക്ലാസിലും കേറണ്ടല്ലോ ഇനിയും ഇതു പോലെ എന്തെങ്കിലും കിട്ടു മോന്ന രീതിയിൽ അവള് എന്നെയും അച്ഛ നെയും മാറി മാറി നോക്കി. ഇനി അടുത്ത പരീക്ഷ പേപ്പർ ഒപ്പിടാൻ കൊണ്ടുവരുമ്പോൾ തരാന്ന രീതിയിൽ ഞാനും അവളെ നോക്കി. അച്ഛൻ എന്നെയെടുത്ത് എറിയാതിരുന്നത് എന്റെ അമ്മയുടെ ഭാഗ്യം .

വിചാരിച്ചില്ല അപ്പോഴേക്കും അമ്മ എത്തി. അങ്കം തുടങ്ങി.അമ്മയ്ക്കറിയേണ്ടത് കിഷോറിന്റെ മാർക്കായിരുന്നു. അവൻ എല്ലാ ത്തിനും ജയിച്ചു എന്നേ ഞാൻ പറഞ്ഞേയുള്ളൂ. എല്ലാ വിഷയത്തിനും നല്ലമാർക്ക് ഉണ്ടന്നറിഞ്ഞാർന്നങ്കി എന്റെ ശവമടക്കും പതി നാറടിയന്തിരവും ഒന്നിച്ചു നടന്നേനെ. അത്രേം പറഞ്ഞിട്ട് തന്നെ അവനെ കണ്ട് പഠിക്കെടാ എന്നും പറഞ്ഞ് എന്നെയൊന്നു കൊടഞ്ഞു. ഇ നിയിപ്പൊ നീ പഠിക്കാൻ പോകെണ്ടന്നായി അച്ഛൻ....

പിന്നേ.... ഞാൻ മനസ്സിലോർത്തു ഉത്തരവും അച്ഛൻ തന്നെ പറഞ്ഞു. കുട്ടപ്പേട്ടന്റെ വർക്ക് ഷോപ്പിൽ വിട്ടാൽ ദിവസവും നല്ല കാശ് കിട്ടുത്രേ ഹായ്.... അത് കൊള്ളാം. അന്ന് വീട്ടിൽ ഒരു കുഞ്ഞു ഭൂമികുലുക്കം തന്നെ സംഭവിച്ചു.

അന്ന് എനിക്ക് ചോറ് തന്നില്ല. കിഷോ റിനെ കണ്ട് പഠിക്കണോത്രേ!! എന്ത് ? അവൻ കാണാൻ സുന്ദരനൊക്കെ സമ്മതിച്ചു. പക്ഷേ എല്ലാ തല്ലുകൊള്ളിത്തരവും അലവലാതിത്ത രവും അവന്റെ കൈയ്യിലുണ്ട്. എന്നിട്ടും അവനെ ങ്ങനെ ഇത്രേം മാർക്ക് വാങ്ങുന്നു കിഷോറിനെ ങ്ങനെ സാധിക്കുന്നു എനിക്ക് കരച്ചിൽ വന്നു. പക്ഷേ ഞാൻ കരഞ്ഞില്ല. ചുണയുള്ള ആൺകു ട്ട്യോള് കരയാൻ പാടില്ല. മുത്തശ്ശി എപ്പോഴും പറയും അടുക്കും ചിട്ടയും ഇല്ലാത്ത എന്റെ ജീവി തത്തെക്കുറിച്ച് എനിക്ക് തന്നെ ലജ്ജതോന്നി. എന്താണ് എന്റെ ജീവിതലക്ഷ്യം. അച്ഛനും അമ്മയും കഷ്ടപ്പെട്ട് പഠിപ്പിക്കുന്നു ഞാനാ ണെങ്കി പഠിക്കുന്നും ഇല്ല. എന്തൊരു ജീവിതമാ ണെന്റെ? ഞാനെന്താ ഇങ്ങനെയായിപ്പോയെ അപ്പോ എനിക്കു കരച്ചിലു വന്നു. മുത്തശ്ശി പറ യാറുള്ളത് ഞാൻ മറന്നു പോയി. കരഞ്ഞ് കരഞ്ഞ് ഞാൻ ഉറങ്ങിപ്പോയി.

പിറ്റേദിവസം സൂര്യൻ ഉദിച്ചതു മുതൽ എല്ലാം യാന്ത്രികമായി തോന്നി. കാര്യങ്ങളെ ല്ലാം ഞാൻ വളരെ ചിട്ടയോടെ ചെയ്തു. യൂണിഫോം തേച്ചിട്ടു. ഭക്ഷണം എടുത്തു കഴിച്ചു. ബാഗെടുത്ത് പോകാനിറങ്ങി. "ഞാൻ ഇന്നിവന്റെ സ്കൂളിൽ ചെല്ലുന്നുണ്ട്" അടുക്കള യില് വച്ച് അച്ഛൻ അമ്മയോട് പറയുന്നതുകേട്ടു. ബസ് സ്റ്റോപ്പിൽ എത്തി, ബസ്സും എത്തി ഒരി ക്കലും അവസാനിക്കാത്ത യാത്ര എങ്ങോട്ടെന്ന റിയാത്ത യാത്ര... ആ യാത്ര തുടരുകയാണ്. ആ നിലയില്ലാകയത്തിൽ മുങ്ങി പോകാതിരി ക്കാൻ....... ഈശ്വരാ........ നീയെനിക്ക് തുണയാക ണേ. സീറ്റിലിരുന്നു ഞാൻ മനമുരുകി പ്രാർത്ഥിച്ചു.

***സമർപ്പണം : പരീക്ഷകളെ ധീരമായി നേരിട്ട് , തോൽക്കുന്ന എന്റെ കൂട്ടുകാർക്ക്***

Sharon Varghese
II B.Sc. Computer Science



Nivas. C Ahamed
IInd Bsc Zoology

# SPORTS TEAM



FOOTBALL



HOCKEY



KABADI



BASKET BALL / NETBALL



FOOTBALL



CRICKET



TENNIS

# ജീവിതത്തിന്റെ തംബുരു ശ്രുതി മീട്ടുമ്പോൾ

ഇന്നുമീ ഭൂവിൽ ജീവന്റെ തുടിപ്പ് ശേഷിക്കവേ
മനസ്സിന്റെ തന്ത്രികൾ ശ്രുതിചേർത്ത
ഈണങ്ങളെല്ലാം ശോകത്തിൽ ലയിച്ചു
ഇന്നലെ കയ്പുനീരാകുമ്പോൾ
എന്റെ ജീവിതത്തിൽ നാളയെക്കുറിച്ചുള്ള
ആശകൾ ഏറെ എന്നാകിലും
എനിക്കെന്നും കൂട്ടായി ക്ഷണിക്കാതൊര-
തിഥിയായി "മരണവും"
സ്മൃതികൾ ഹരിതമാകവേ
നിഴൽപോലെ പിന്തുടരും
ദുരിതങ്ങളെല്ലാം വിധിയെന്നാശ്വാസിക്കാം
ആഴത്തിൽ പതിഞ്ഞ ചിത്രങ്ങളെല്ലാം
വെൺനിലാവായ് തെളിയവേ
തേങ്ങുമെന്നുള്ളം അറിയാതെന്നും
തേങ്ങലിൽ കൂട്ടായിയെന്നും കണ്ണീരു മാത്രം
സപ്തസ്വരങ്ങളില്ലാതെ മാരിവില്ലിൻ
ചാരുതയില്ലാതെ കോറിയിട്ട വരികൾക്കും
മനം ഏറ്റു പാടിയ ഗാനത്തിനും
തേങ്ങലിൻ ഈണമായിരുന്നു
ജീവിതവഴിത്താരയിൽ കാലിടറുമ്പോഴും
തേങ്ങുന്നു എന്നുള്ളം തേങ്ങലിൻ കൂട്ടായി
എന്നും കണ്ണീരു മാത്രം.....
ഓരോ നിമിഷവും മുൻപിൽ താണ്ഡവ-
നൃത്തമാടുമ്പോഴും അറിയാതെ തേങ്ങു-
മെന്നുള്ളം, ഒരായിരം താരകങ്ങൾ
വിരിയുമീ നിമിഷം എന്നിൽ അസ്തമിച്ച
ഒരാർദ്ര പ്രതീക്ഷയുടെ നാളങ്ങൾ അണയാതെ നിൽക്കുവാൻ
എവിടെയോ
സാന്ത്വനത്തിൻഗീതം.....

Manju K.
II BA Economics



# ജനപ്രിയതയുടെ രാഷ്ട്രീയം

കല സവിശേഷമായ മാനുഷിക ആവശ്യങ്ങളിൽ നിന്ന് ഉടലെടുക്കുകയും കേവലം ഭൗതികവും സാമ്പത്തികവുമായ ആവശ്യങ്ങൾക്കപ്പുറം പോവുകയും ചെയ്യുന്നു. സവിശേഷമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുക വഴി കല ആവശ്യങ്ങളെ സൃഷ്ടിക്കുകയും ശക്തിപ്പെടുത്തുകയും കൂടി ചെയ്യുന്നു. കല ഒരു വിൽപനച്ചരക്കാകുന്നത് ചില അധിശവർഗ്ഗങ്ങളെ തൃപ്തിപ്പെടുത്താനുള്ള ആസ്വാദനോപാധിയായി മാറുമ്പോഴാണ്. ഒരു സാമൂഹിക വ്യവഹാരമാണ് കല എന്നതുകൊണ്ട് തന്നെ അന്യവത്ക്കരിക്കപ്പെടാനുള്ള സാധ്യത കലയിൽ നില നിൽക്കുന്നുണ്ട്. വിപണിയുടെ ആവശ്യവിതരണ നിയമങ്ങൾ കലാകാരനെ സ്വാധീനിക്കുമ്പോഴാണ് അന്യവത്ക്കരണം സംഭവിക്കുന്നത്. ഇങ്ങനെയാണ് ജനപ്രിയ ചലച്ചിത്രങ്ങൾ, പൈങ്കിളി നോവലുകൾ തുടങ്ങിയവ പിറന്നുവീഴുന്നത്.

'കലയ്ക്ക് തീർച്ചയായും പ്രത്യയശാസ്ത്രവുമായി സവിശേഷവും സുവ്യക്തവുമായ ഒരു ബന്ധമുണ്ട്. ' എന്ന് അൽത്യൂസ്സർ അഭിപ്രായപ്പെടുന്നുണ്ട്. കല നമുക്കു കാണിച്ചു തരുന്നത് കൃത്യമായ ഒരു യാഥാർത്ഥ്യത്തെ അല്ലെങ്കിലും യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുന്ന എന്തോ ഒന്ന് അത് ധ്വനിപ്പിക്കുന്നുണ്ട്. **ജനപ്രിയ കലകളെ സസൂക്ഷ്മം നിരീക്ഷിച്ചാൽ അധീശപ്രത്യയശാസ്ത്ര നിർമ്മിതികളാണിവയെന്ന് മനസ്സിലാക്കാം. ജനപ്രിയ ചലച്ചിത്രങ്ങളെ ഗൗരവമായി സമീപിക്കുന്ന പഠനങ്ങൾക്കുള്ള പൊതുവേയുള്ള പരിമിതി, ജനപ്രിയതയെ പ്രതിരോധിക്കുക എന്നാൽ അതിനെ തിരസ്കരിക്കലാണ് എന്ന മുൻവിധിയാണ്.**

ഇത് നൽകുന്ന ഹർഷത്തെ നിഷേധിക്കാതെ എങ്ങനെ ഇവ ആസ്വാദ്യകരമായിത്തീർന്നു എന്നന്വേഷിക്കുമ്പോഴാണ് ജനപ്രിയതയുടെ രൂപനിർമ്മിതി വ്യക്തമാകുന്നത്.

മാധ്യമങ്ങളുടെയെല്ലാം നിർമ്മിതി ഒരു പ്രത്യേക രീതിശാസ്ത്രപ്രകാരമാണ്. ഇവ സ്ഥിരമായി എങ്ങോട്ടെങ്കിലുമൊക്കെയോ ചായ്‌വുകൾ സൃഷ്ടിക്കുന്നു. ആൺകോയ്മാ വ്യവസ്ഥിതിയിൽ നിർമ്മിക്കപ്പെടുന്ന ജനപ്രിയ സിനിമകളുടെയും സ്ഥിതി ഇതാണ്. ഏതൊരു ജനപ്രിയ സിനിമയും പ്രേക്ഷകർക്കുവേണ്ടി ഉല്പാദിപ്പിക്കുന്ന ആഹ്ലാദം ഒരു രാഷ്ട്രീയനിർമ്മിതിയാണ്. എക്കാലത്തെയും മികച്ച ജനപ്രിയ ചിത്രങ്ങളിലൊന്നായ 'ചിന്താവിഷ്ടയായ ശ്യാമള' യുടെ കഥാന്ത്യത്തെ മുൻനിർത്തി ഇതു വിശദമാക്കാം.

പുരുഷാധിപത്യവ്യവഹാരത്തെ പരിപാലിച്ചുപോരുന്ന പ്രേക്ഷകരുടെ ഇടയിലേക്ക് സ്ത്രീയുടെ പ്രശ്നവുമായി എത്തിയ 'ചിന്താവിഷ്ടയായ ശ്യാമള' എന്ന ചിത്രം ഒരു ജനപ്രിയത സ്ഥാപിച്ചെടുക്കുന്നുണ്ടെങ്കിൽ ഇത് പ്രേക്ഷകരുടെ എന്തിനെയൊക്കെയോ സംരക്ഷിക്കുകയോ തൃപ്തിപ്പെടുത്തുകയോ ചെയ്യുന്നുണ്ട്. പേരുപോലെതന്നെ 'ചിന്താവിഷ്ടയായ' ശ്യാമളയുടെ പ്രശ്നങ്ങളാണ് അധികവും. ഇതിലെ നായിക, കഥാപാത്രം തന്നെ നിർമ്മിക്കപ്പെട്ടിരിക്കുന്നത് പുരുഷാധിപത്യ വ്യവസ്ഥിതിയെ അസ്ഥിരപ്പെടുത്തുന്ന വിധത്തിലാണ്. എല്ലായിടത്തുനിന്നും പുറത്താക്കപ്പെടുന്ന വിടുവായത്തം കൈമുതലായുള്ള എല്ലായിടത്തും കോമാളിയാക്കപ്പെടുന്ന, നായക കഥാപാത്രമായ വിജയൻ. ഒടുവിൽ വിജയന്റെയും ശ്യാമളയുടെയും ഒന്നിച്ചുചേരലിലൂടെയാണ് സിനിമയിലെ പ്രശ്നങ്ങൾ അവസാനിക്കുന്നത്. നിരവധി പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്ന നായകൻ ഒടുവിൽ ഉത്തരവാദിത്വബോധമുള്ള ഭർത്താവ് / പുരുഷൻ ആയി മാറുന്നു. കുടുംബം എന്ന സ്ഥാപനത്തിനുള്ളിൽ സുരക്ഷിതത്വവും സംതൃപ്തിയും കണ്ടെത്തുന്ന, അച്ചടക്കമുള്ള ഭാര്യയായി നായികയും മാറുന്നു. പിന്നീടങ്ങോട്ട് ഒരു ബൂർഷ്വാ അണുകുടുംബത്തിന്റെ കർതൃത്വമാണ് വിജയൻ നയിക്കുന്നത്. കുട്ടികളെക്കൊണ്ട് 'അയ്യോ അച്ഛാ പോകല്ലേ' എന്നു വിളിപ്പിച്ചാണ് ഈ അച്ഛൻ പിതൃ കേന്ദ്രീകൃത വ്യവസ്ഥയുടെ അധിപനായി വാഴുന്നത്. സിനിമയുടെ അവസാനഭാഗത്ത് വിജയൻ വിദ്യാർത്ഥികളോട് പറയുന്ന ഡയലോഗ് ശ്രദ്ധിക്കുക. 'ഒരു പ്രായത്തിൽ നമ്മൾ നിരീശ്വരവാദികളാകും. വിപ്ലവകാരികളാകും. അച്ഛനമ്മമാരെ നിഷേധിക്കും. പിന്നെയും നമ്മൾ നിരീശ്വരവാദികളായെന്നുവരാം.....തത്വജ്ഞാനികളായെന്നു വരാം....' ഇങ്ങനെ ഒരുപാട് മലക്കം മറിച്ചിലുകളിലൂടെ നാം യഥാർത്ഥ നമ്മളായി മാറുന്നു. സിനിമ നമ്മളാഗ്രഹിക്കുന്ന യഥാർത്ഥ സ്ഥിരതയിൽ എത്തിച്ചേരുന്നു. അപ്പോൾ സിനിമ അതിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ ശ്യാമളയുടെ ചിന്താവിഷയങ്ങളിൽ അല്ല വ്യാപരിക്കുന്നത്. അഥവാ വ്യാപരിക്കുന്നുണ്ടെങ്കിൽ തന്നെ സിനിമയുടെ അവസാനഭാഗം, സിനിമയുന്നയിച്ച മറ്റെല്ലാ പ്രശ്നങ്ങളേയും നിർവ്വീര്യമാക്കുന്നു. കഥാന്ത്യമാണ് പ്രേക്ഷകനുണ്ടാകുന്ന എല്ലാ ആഹ്ലാദങ്ങൾക്കും ഹേതു. ഇങ്ങനെയാണ് 'ചിന്താവിഷ്ടയായ ശ്യാമള' എല്ലാ വിഭാഗം പ്രേക്ഷകർക്കും പിടിക്കുന്ന ചിത്രമായി മാറുന്നത്. ജനപ്രിയ സംവിധായകന്മാരിലൊരാളായ സത്യൻ അന്തിക്കാടിന്റെ ചിത്രങ്ങളിലും ഇതേ കെമിസ്ട്രി തന്നെയാണുള്ളത്. ഉദാഹരണത്തിന് രസതന്ത്രം എന്ന സിനിമയെടുക്കാം.



ചിത്രത്തിലെ നായക കഥാപാത്രമായ പ്രേമചന്ദ്രനെ അവതരിപ്പിച്ചിരിക്കുന്നത് മോഹൻലാലാണ്. ഒരു സാധാരണ മരപ്പണിക്കാരനായ എന്നാൽ ഭൗതികശാസ്ത്രത്തിൽ നല്ല പിടിപാടുള്ള സുമുഖനും സുശീലനുമായ നായകൻ. ഒരിക്കൽ ഒരു ജോലിസ്ഥലത്തുവച്ച് അയാൾ കൺമണി എന്ന പെൺകുട്ടിയെ കണ്ടുമുട്ടുന്നു. (മീരാ ജാസ്മിനാണ് കണ്മണിയായി അഭിനയിച്ചിരിക്കുന്നത്.) വീട്ടുവേലക്കാരിയായ എല്ലാവരാലും അകറ്റപ്പെട്ട അബലയായ ഒരു പാവം പെൺകുട്ടി. പ്രേമ



ചന്ദ്രനോടൊപ്പം അവൾ ഇറങ്ങിപ്പുറപ്പെടുന്നു. സിനിമയുടെ രണ്ടാം പകുതിയിൽ പ്രത്യക്ഷപ്പെടുന്നത് രൂപത്തിലും ഭാവത്തിലും ഏറെ വ്യത്യസ്തതകളുള്ള 'വേലായുധൻ' എന്ന പേരു സ്വീകരിച്ച മറ്റൊരു കണ്മണിയാണ്. മുണ്ടുമടക്കിക്കുത്തി, മീശവച്ച് പുരുഷശരീരഭാഷ ആവാഹിച്ച കണ്മണി സിഗ്മണ്ട് ഫ്രോയിഡിന്റെ ഭാഷയിൽ പറഞ്ഞാൽ 'ലിംഗമുള്ള സ്ത്രീ' ( Phalic Woman). പുരുഷനെന്നും ഭയപ്പെടുകയും കൗതുകപ്പെടുത്തുകയും അതേസമയം അവന്റെ കൈപ്പിടിയിലൊതുക്കാൻ ആഗ്രഹിക്കുന്നതുമായ ഒരു ഭ്രമാത്മക സൃഷ്ടി. അവൾ ഒരേസമയം ഒരു പ്രച്ഛന്നവേഷവും പുരുഷന്റെ ഫാന്റസിയെ അസ്വസ്ഥപ്പെടുത്തുന്ന യാഥാർത്ഥ്യവുമാണ്. പ്രേക്ഷകന്റെ ആസ്വാദനത്തിൽ കല്ലുകടിയുണ്ടാക്കുന്ന ഈ 'വേലായുധൻ' അങ്ങനെയാണ് നന്നായി അടുക്കളപ്പണിചെയ്യുന്ന, വീടിന്റെ ഐശ്വര്യമായ വേലക്കാരനായി മാറുന്നത്. പ്രേക്ഷകന്റെ ആസ്വാദനം കഥാപാത്രസൃഷ്ടിയുമായി എങ്ങനെ ബന്ധപ്പെട്ടുനിൽക്കുന്നു എന്നതിന് ഉദാഹരണമാണിത്.

സിനിമയുടെ അവസാനഭാഗത്ത് പ്രേമചന്ദ്രൻ കണ്മണിയെ താലികെട്ടി ഭാര്യയാക്കുന്നു. ഇടയിൽ ഒരു സ്റ്റീരിയോടൈപ്പ് കഥാപാത്രമായി ജഗതിശ്രീകുമാറും പ്രത്യക്ഷപ്പെടുന്നുണ്ട്. സത്യൻ അന്തിക്കാടിന്റെ മിക്ക സിനിമകളും ഇത്തരത്തിലുള്ള 'ശുഭാന്ത്യ'ത്താൽ സമൃദ്ധമാണ്. 'ഇന്നത്തെ ചിന്താവിഷയം' എന്ന സിനിമ, വിവാഹമോചനത്തിന്റെ വക്കിൽവരെ എത്തിനിൽക്കുന്ന മൂന്ന് കുടുംബങ്ങൾ ഓരോന്നും കഥാന്ത്യത്തിൽ ഒന്നിക്കുന്നു. പിന്നിടങ്ങോട്ട് കർതൃനിഷ്ഠരായ ഭർത്താക്കന്മാരാണ് കുടുംബജീവിതം നയിക്കുന്നത്. സിനിമയുടെ അവസാനഭാഗം ശ്രദ്ധിച്ചാൽ ഇതു മനസ്സിലാകും.



ഇതിൽ നിന്നും ജനപ്രിയതയുടെ പ്രത്യയശാസ്ത്ര സൂചനകൾ നിർദ്ധാരണം ചെയ്യാൻ, പ്രേക്ഷകന്റെ ആനന്ദം, തൃഷ്ണ തുടങ്ങിയവയെക്കുറിച്ചുള്ള സൂക്ഷ്മമായ സൈദ്ധാന്തികരണം കൂടിയേ തീരൂ എന്നു കാണാം. ഒരാളുടെ ആനന്ദത്തെയും ചിന്തകളെയും തൃഷ്ണയെയും രൂപപ്പെടുത്തുന്നതും ഭാവനയെ വരെ ഡിസൈൻ ചെയ്യുന്നതും അയാ ഉൾപ്പെടുന്ന സാമൂഹിക വ്യവഹാരമാണ്. **സിനിമ എന്ന മാധ്യമത്തിന് പ്രേക്ഷകന്റെ തൃഷ്ണയെ സാങ്കല്പികതലത്തിൽ സാധിച്ചെടുക്കാൻ കഴിയുന്നു എന്നത് സിനിമയുടെ ജനപ്രിയതക്കു പിന്നിലെ ഒരു കാരണമാണ്.** കർത്താവും ഭാഷയും തമ്മിലുള്ള, വിഷയവും വിഷയിയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ 'തൃഷ്ണ' യെ വിശദമാക്കാൻ ശ്രമിക്കാം. കർത്താവിന്റെ നിർമ്മിതിയിൽ അപരിഹാര്യവും അനിവാര്യവുമായ ഒരു പ്രാഥമിക നഷ്ടം അടങ്ങിയിട്ടുണ്ട്. മനഃശാസ്ത്രപരമായി ഇത് മാതാവിൽ നിന്നുള്ള വേർപാടാണ്. 'തൃഷ്ണ' ഈ നഷ്ടം പരിഹരിക്കാൻ നിരന്തരം ശ്രമിക്കുന്ന ചാലകശക്തിയാണ്. എന്നാൽ കണ്ടെത്തുന്ന വസ്തുക്കളുടെ അപര്യാപ്തത ഈ തിരച്ചിലിനെ അശാന്തമാക്കിത്തീർക്കുന്നു. അതുകൊണ്ടുതന്നെ ഏതെങ്കിലും വസ്തുവിനെ അഭിലഷി



ക്കുമ്പോൾ പോലും തൃഷ്ണ അതിനെ സദാ അതിവർത്തിച്ചുകൊണ്ടേയിരിക്കുന്നു. വസ്തു കേന്ദ്രിതമായ ആവശ്യത്തെമറികടന്നുപോകുന്ന ഒന്നാണ് തൃഷ്ണയെന്നതുകൊണ്ട് അപേക്ഷയുടെ രൂപത്തിൽ തൃഷ്ണ അതിന്റെ സാന്നിദ്ധ്യം ഭാഷയിൽ അറിയിക്കുന്നു. മറ്റൊന്നിനെ മുൻകൂറായി നിശ്ചയിക്കുന്ന / ലക്ഷ്യമിടുന്ന അപേക്ഷ എപ്പോൾ വേണമെങ്കിലും അപരത്താൽ നിരസിക്കപ്പെടാം. അപേക്ഷയെ സസൂക്ഷ്മം വിലയിരുത്തുന്ന നിയമം സദാ പ്രവർത്തനനിരതമാണെന്ന് സാരം. ഇങ്ങനെ തൃഷ്ണ അതിനിർണ്ണയം ചെയ്യപ്പെടുന്നു. നിയമത്തെ അനുസരിക്കാനും അതിവർത്തിക്കാനുമുള്ള സാധ്യത അപേക്ഷകനിൽ അടങ്ങിയിട്ടുണ്ട്. അതിനാൽ പ്രേക്ഷകരുടെ അഭിലാഷം / പ്രതീക്ഷ (ആ ചിത്രം പ്രതീക്ഷക്കൊത്തുയർന്നില്ല........) അല്ലെങ്കിൽ ജനപ്രിയതയെ നിർദ്ധാരണം ചെയ്യാൻ പ്രത്യയശാസ്ത്രപരമായ നിരൂപണസങ്കേതങ്ങൾ വേണ്ടിയിരിക്കുന്നു.

മലയാളത്തിലെ എക്കാലത്തെയും സാമ്പത്തിക വിജയങ്ങളിലൊന്നായ 'മണിച്ചിത്രത്താഴ്' എന്ന ചിത്രത്തെ മുൻനിർത്തി ജനപ്രിയതയെ നിർദ്ധാരണം ചെയ്യാൻ ശ്രമിക്കാം.


ഇപ്പോൾ മിണ്ടാതിരുന്നാൽ....

UC College

ഈ ചിത്രത്തിന്റെ പുതുമ അന്നത്തെ വലിയ സംസാരവിഷയമായിരുന്നു. എന്താണ് ഈ സിനിമയുടെ വ്യത്യസ്തത? നിയമങ്ങളും വിലക്കുകളും ലംഘിച്ച് അന്യപുരുഷനെ അബോധമായി കാമിക്കുന്ന സ്ത്രീ കഥാപാത്രം, മനഃശാസ്ത്രത്തിന്റെ ജ്ഞാനാധികാരത്തിൽ ആധികാരികത കണ്ടെത്തുന്ന നായകൻ, അവസാനം അരങ്ങേറുന്ന മനോവിശ്ലേഷണ നാടകം. ഇതെല്ലാം അന്നത്തെ മലയാളസിനിമക്ക് അപ്രാപ്യമായിരുന്നു.

ചിത്രത്തിന്റെ മുഴുനീള പശ്ചാത്തലമാണ് 'മാടമ്പിള്ളി' തറവാട്. തറവാട് സ്വന്തമാക്കാത്തതിൽ കാരണവർക്ക് (നെടുമുടി വേണു) വിഷമമുണ്ട്. കൽക്കട്ടയിലുള്ള കാരണവരുടെ മൂത്തസഹോദരി, അതായത് നകുലന്റെ അമ്മയാണ് 'മാറമ്പിള്ളി ' തറവാടിന്റെ ഉടമ. എന്നാൽ ഈ കഥാപാത്രം സിനിമയിൽ ഒരിക്കൽപോലും പ്രത്യക്ഷപ്പെടുന്നില്ല. മാറമ്പിള്ളിയിൽ പ്രശ്നങ്ങൾ സംഭവിക്കുമ്പോൾ അമ്മയെ കാണാനോ വിവരങ്ങൾ അറിയിക്കാനോ നകുലൻ തയ്യാറാകുന്നില്ല. തറവാട് ഇപ്പോൾ അടക്കി




ഭരിക്കുന്നത് 'നാഗവല്ലി' എന്ന യക്ഷിയാണ്. നാഗവല്ലിയും നകുലന്റെ അമ്മയും ഒരുപോലെ കേട്ടുകേൾവികൾ മാത്രമാണ്. രണ്ടുപേരും ഒരുപോലെ തറവാടിനുടമകൾ, അസന്നിഹിതർ. സിനിമയുടെ വിശാലമായ ദൃശ്യപരതയിൽ ഇവരെ മാതാവിന്റെ രൂപങ്ങളായി കണക്കാക്കാം. നകുലന്റെ അമ്മയും യക്ഷിയായ നാഗവല്ലിയും 'നല്ല അമ്മ / ചീത്ത അമ്മ' (Good Mother / Bad Mother) എന്ന ദ്വന്ദ്വത്തെയാണ് പ്രേക്ഷകന്റെ മനസ്സിൽ സൃഷ്ടിക്കുന്നത്. രോഗം മാറിയ ഗംഗയോട് ഡോക്ടർ സണ്ണി ഇനി തെക്കിനിയിലേക്ക് പൊയ്ക്കൊള്ളാൻ പറയുമ്പോൾ ഗംഗ പറയുന്ന മറുപടി ശ്രദ്ധിക്കുക. ' വേണ്ട ...... എനിക്കിനി എത്രയും പെട്ടെന്ന് കൽക്കട്ടയിലേക്ക് മടങ്ങണം........ എന്റെ നകുലേട്ടന്റേതുമാത്രമാകാൻ......'. ഗംഗയ്ക്ക് നകുലന്റേതുമാത്രമാകാൻ കൽക്കട്ടയിലേക്ക് (നകുലന്റെ അമ്മയുടെ സാന്നിദ്ധ്യം) പോകേണ്ടിയിരിക്കുന്നു. നാഗവല്ലിയിൽ നിന്നും നകുലന്റെ അമ്മയിലേക്കുള്ള പലായനം അതായത് 'ചീത്ത അമ്മ' യെ നിഷേധിച്ചുകൊണ്ട് 'നല്ല അമ്മ' നേടുന്ന മേൽക്കോയ്മ പുരുഷാധിപത്യ പ്രത്യയശാസ്ത്രത്തിന് അനുയോജ്യമായ കഥാന്ത്യമാണ്.

സണ്ണിയുടെ ചികിത്സയിൽ ചില അധികാര വ്യവസ്ഥിതികളുടെ സംരക്ഷണം പ്രകടമാണ്. മാടമ്പിള്ളിയുടെ ഫ്യൂഡൽ പാരമ്പര്യത്തിന്റെ തുടർച്ചയും അണുകുടുംബത്തിന്റെ സ്ഥിരതയുമാണ് ഗംഗയുടെ രോഗശാന്തി ഉറപ്പുവരുത്തുന്നത്. ഗംഗയുടെ ഭ്രാന്തിനെ അങ്ങേയറ്റം ഗൗരവമായി സമീപിക്കുന്ന അയാൾ, കാട്ടുപറമ്പന്റെ (കുതിരവട്ടം പപ്പു) ഭ്രാന്തിനെ ഒരു തമാശയായിട്ടാണ് കാണുന്നത്. സവർണ്ണനായ ബ്രഹ്മദത്തൻ നമ്പൂതിരിയുടെ താന്ത്രികക്രിയകൾക്ക് ബദലായാണ് കീഴ്ജാതിക്കാരനായ കാട്ടുപറമ്പന്റെ മന്ത്രവാദം അവതരിപ്പിക്കപ്പെടുന്നത്. അതിനാൽ അയാളുടെ ഭ്രാന്ത് സണ്ണിക്ക് തമാശയായിട്ടെടുക്കാനെ സാധിക്കൂ. കാരണം കാട്ടുപറമ്പന്റെ ഭ്രാന്ത് ഒരധികാരവ്യവസ്ഥയെയും ചോദ്യം ചെയ്യുന്നില്ല. ഗംഗയുടെ രോഗശാന്തിക്കായി പരക്കം പായുന്ന സണ്ണി, ബ്രഹ്മദത്തൻ നമ്പൂതിരിയോട് പറയുന്നത്, താൻ പഠിച്ച മനശ്ശാസ്ത്രത്തിന്റെ നിയമങ്ങളെയെല്ലാം തെറ്റിച്ചുകൊണ്ട് ഒരു ഭ്രാന്തനെപ്പോലെ അലയും എന്നാണ്. അതായത് രോഗശാന്തിക്കായി സണ്ണിക്ക് ഭ്രാന്തനാകേണ്ടിയിരിക്കുന്നു. ഇത് സിനിമയുണ്ടാക്കുന്ന മറ്റൊരു തമാശയാണ്.




സിനിമയിൽ സണ്ണി കയ്യേറുന്ന റോളുകൾ പലതാണ്. ചികിത്സകൻ, മതവിശ്വാസി, ആധുനികൻ, കുറ്റാന്വേഷകൻ, സെക്കുലറിസ്റ്റ്...... ഇതെല്ലാം അനായാസമായി കൈകാര്യം ചെയ്യുവാൻ മോഹൻലാൽ എന്ന നടന്റെ താരമൂല്യം പ്രയോജനപ്പെടുത്തുന്നു. പരസ്പരവിരുദ്ധമായ പല വ്യവഹാരങ്ങളെയും സണ്ണിയുടെ അതിഭാഷ സമന്വയിപ്പിക്കുന്നത് അതുകൊണ്ടാണ്. ഉദാഹരണത്തിന് പാരമ്പര്യവും ആധുനികതയും. ബ്രഹ്മദത്തൻ നമ്പൂതിരിയുമായുള്ള സണ്ണിയുടെ ഗാഢമായ സൗഹൃദം ആധുനിക - പാരമ്പര്യ സമന്വയത്തിനുള്ള ഉദാത്ത മാതൃകയാണ്. സണ്ണിയും അയാളുടെ ഗുരു ബ്രാഡ്ലിയും ബ്രഹ്മദത്തൻ നമ്പൂതിരിയും മനഃശ്ശാസ്ത്രചികിത്സയുടെ മൂർത്ത വക്താക്കളായാണ് അവതരിപ്പിക്കപ്പെടുന്നത്. സൈക്കോസിസിന്റെ അവസ്ഥാന്തരങ്ങളെപ്പറ്റി സണ്ണിയും ബ്രഹ്മദത്തൻ നമ്പൂതിരിയും തമ്മിൽ നടത്തുന്ന ഗഹനമായ ചർച്ച നമ്മുടെ പാരമ്പര്യ യൂണിവേഴ്സാലിറ്റി എന്ന ക്ലിഷേയെ സ്ഥാപിച്ചെടുക്കുന്ന ഒരു തമാശയല്ലാതെ മറ്റെന്താണ്?

'ജനപ്രിയത' എന്ന രാഷ്ട്രീയ ഉല്പന്നത്തെ സസൂക്ഷ്മം നിരീക്ഷിക്കുക എന്നതാണ് ശരിയായ പ്രതിരോധം. ഇതിന്റെ രൂപനിർമ്മിതിയെ സംബന്ധിച്ചുള്ള പഠനങ്ങൾക്കാണ് ഇന്ന് പ്രസക്തി. ഭാവന വരെ ആഗോളീകരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ജനപ്രിയതയുടെ രാഷ്ട്രീയത്തെ തിരിച്ചറിയേണ്ടതുണ്ട്. ജനപ്രിയതയുടെ ആസ്വാദനത്തെ നിഷേധിക്കാതെ, എങ്ങനെ എന്തുകൊണ്ട് ഇവ ആസ്വാദ്യകരമായി തീർന്നു എന്ന കുറച്ചുകൂടി സങ്കീർണ്ണമായ വ്യവഹാരത്തിലൂടെ മാത്രമേ നമുക്ക് മാധ്യമങ്ങളെ വീണ്ടെടുക്കാനാവൂ.

Sreeraj
I B.Sc Maths

കടപ്പാട് 1. സ്ത്രീപക്ഷ മാധ്യമപഠനങ്ങൾ - എഡിറ്റർ : ജൂസ് മേരി ജോർജ്ജ്
2. കാൾ മാക്സിന്റെ കലാദർശനം : സച്ചിദാനന്ദൻ



## പിറവി

ആളുന്ന കനലിലേക്ക് വീണ്ടും ഊതി
എൻ ഹൃദയം വേവുവോളം
ചോര വാർന്നുണങ്ങി കരിഞ്ഞു
പിന്നെ ചാരമായി
ചോരയും മാംസവും ഇഴപിരിഞ്ഞ്
വായുവിൽ ഉയർന്ന് പൊങ്ങി
ഭാരമില്ലാതെ ആകാശത്തിലലഞ്ഞ്
ഭൂമിയ്ക്ക് മേൽ പരന്നു
അടുത്ത കാലവർഷത്തിൽ
മഴയായ് പെയ്തിറങ്ങാൻ

Anju P. V.
III B.A Economics



## ശൈലി

അബദ്ധത്തിലകപ്പെട്ടൊരു
എലിയോട് അല്പം അലിവ് തോന്നി
നല്ല നാളുകൾ നേർന്നൊരു വിട
യോഗ്യതാ ബുക്കിലൊരു
വിള്ളൽ കണ്ടു പകച്ചു
തനിക്കോണം കാണിച്ച മൂഷികൻ
തന്നാലാവും വിധം എന്നെ കരണ്ടി

Bijo K. A.
III B.A History


any type of new genaration cars
Denting,painting,accidentrepair, mechanicalwork,polishing.etc......, less than 30% discount from dealerworkshop and other service center, fast delivery, pickup & doordelivery, we are using only world class painting metirials,
Colour Zone Auto Body
Insurance Claim Work Also
COLOUR Zone
CAR PAINTING & SERVICE CENTRE
N.H. Ambattukavu, Aluva, Ph : 0484 3236813, Mob : 9349142081, E-mail : colourzonecarpainting@gmail.com

# ചിത

തെളിവെള്ളമൊഴുകുന്നതെവിടെ നിന്നോ മുള
ങ്കാട്ടിൽ നിന്നോ എന്റെ കനവിൽ നിന്നോ
മൊഴി വാർത്ത കഞ്ഞിക്കലത്തിൽ കരിപ്പാട്
മിഴിയിൽ വരഞ്ഞ മാമലയിൽ നിന്നോ
ചുടുവെയിൽ പുകയുന്ന ചൂളയിൽ പെറ്റിട്ട
ചാപിള്ള പോലൊരീ നീർച്ചോലകൾ
ജാതകം നോക്കി പറഞ്ഞതിനിയേതേതു
പൂർവ്വ ജന്മത്തിന്റെ ശാപമാകാം
മുട്ടോളമെത്തുന്ന മുടിപിഴുത പെണ്ണിന്റെ
മാഞ്ഞ സിന്ദൂരമായ് കനൽ മാലകൾ
തീയാട്ടു തുടരുന്നു വേനൽ മരങ്ങളെ
തിന്നു തിന്നാർത്തിക്കൊടുക്കമില്ലേ?
ഓരോ മുറിപ്പാടുമൊരു നേരിപ്പോടാക്കി
യർബുദം തിങ്ങിയ മരുപ്പച്ചകൾ
തെളിയുന്ന വെയിലത്തു തളരുന്ന തണലിന്റെ
മരവിച്ച നാളേയ്ക്കു കൂട്ടിരുപ്പായ്
കാലത്തെയുലകത്തെ കാദംബരി രാഗം
ചൊല്ലി പഠിപ്പിച്ച കിളിയൊച്ചകൾ
കൂടൊഴിഞ്ഞകലവേ മുജ്ജന്മ പാപങ്ങ
ളോർത്തോർത്തു ജരിതയെ സ്മരിക്കയാവാം

Riya Joy
III B.A English

# ഭാരതീയ ശാസ്ത്രീയ നൃത്തസങ്കല്പം



പ്രശസ്ത നർത്തകിയും നിരവധി തവണ യൂണിവേഴ്സിറ്റി തലത്തിൽ കലാതിലകമാവുകയും ചെയ്തിട്ടുള്ള വിദ്യാ മോൾ റ്റി. പി. ഭാരതീയ ശാസ്ത്രീയ നൃത്ത സങ്കല്പത്തെക്കുറിച്ച് 'Incomplete' Magazine (History dept) ന്റെ അണിയറ ശില്പികളോട് സംസാരിക്കുന്നു. കാലടി സംസ്കൃ സർവ്വകലാശാലയിലെ അദ്ധ്യാപികയാണ് വിദ്യാമോൾ ഇപ്പോൾ. ഭിന്ന സംസ്ക്കാരങ്ങളുടെ കൂടിച്ചേരലിലൂടെ രൂപപ്പെടുകയും ദേശമെന്ന പൊതു സങ്കല്പത്തിൽ നിലനിൽക്കുന്നതുമായ ഒന്നാണ് ഭാരതീയത........

വേഷം, ഭാഷ , ജീവിതരീതി തുടങ്ങി സമസ്ത മേഖലകളിലും വൈവിധ്യം സൂക്ഷിക്കുകയും ഏകതയിലധിഷ്ഠിതമായ ഒരു പാരമ്പര്യത്തിന് ഊന്നൽ നല്കുകയും ചെയ്യുന്ന ഒരു പൊതു ഇടത്തിലാണ് ഭാരതീയ പാരമ്പര്യത്തിന്റെ സാംസ്ക്കാരിക മുദ്രകളായി കലാപ്രകടനങ്ങൾ മാറുന്നത് പ്രത്യേകിച്ചും ശാസ്ത്രീയ നൃത്തരൂപങ്ങൾ.

ഒരു മടക്കയാത്ര ..........ചരിത്രപരമായ ചില തുടർച്ചകൾ.........രംഗാവതരണ രൂപങ്ങളുടെ കൈമാറ്റങ്ങൾ......... അതിന്റെ വർത്തമാന കാലപ്രയോഗങ്ങൾ.............കാലവും ദേശവും തമ്മിലുള്ള ദൃഢമായ ഈ ബന്ധം അന്വേഷിച്ചു പോകുമ്പോൾ നാം നാട്യശാസ്ത്രത്തിൽ എത്തിച്ചേരുന്നു. കർത്തൃത്വത്തെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങളും കാലഗണനയെക്കുറിച്ചുള്ള സ്വരഭിന്നതകളും മാറ്റി നിർത്തിയാൽ നാട്യശാസ്ത്രത്തെ നാട്യവിഞ്ജാന ഗ്രന്ഥം എന്ന നിലയിൽ പരിഗണിക്കും. ഭാരതീയരെ സംബന്ധിച്ചിടത്തോളം നാട്യശാസ്ത്രം രംഗാവതരണ മാതൃകകൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ അവലംബമാകാറുണ്ട്.

ഒരു പ്രത്യേക താളത്തിലും ഗതിയിലുമുള്ള ക്രമീകൃതമായ അംഗചലനങ്ങളാണ് നൃത്തം. ഈ ചലനങ്ങൾ ഒരു പ്രത്യേക ആശയത്തെയോ അർത്ഥത്തെയോ ഭാവത്തെയോ ദ്യോതിപ്പിക്കുന്നതിലുപരി അനുഭവങ്ങളെ ആവിഷ്ക്കരിക്കുകയോ വൈകാരിക അവസ്ഥകളെ പ്രകടിപ്പിക്കുകയോ ആണ് ചെയ്യുന്നത്

'താളം' എന്ന സങ്കേതമാണ് ഇന്ത്യൻ നൃത്തത്തിന്റെയും സംഗീതത്തിന്റെയും ആത്മാവ്. സ്വരങ്ങൾക്കും ജതികൾക്കും അനുസ്യൂതമായി ഏതെങ്കിലും ഒരു താളത്തിൽ സാധ്യമാകുന്ന വ്യത്യസ്ഥമായ അംഗചലനങ്ങളാൽ ദൃശ്യകാവ്യം രചിക്കപ്പെടുന്നു. തന്ത്രിവാദ്യങ്ങൾ, സുഷിരവാദ്യങ്ങൾ, തുകൽ വാദ്യങ്ങൾ ഇവയിൽ നിന്നുമുണ്ടാകുന്ന ശബ്ദവ്യത്യാസങ്ങളെ വായ്ത്താരികളിലൂടെ കേൾപ്പിക്കുന്നതാണ് ജതി എന്ന് പുരാതന സംഗീതലക്ഷണ ഗ്രന്ഥങ്ങൾ പറയുന്നു.

ചടുല മൃദുല ഭാവങ്ങളുടെ കൂടിച്ചേരൽ ..........



അതിലൂടെ രൂപപ്പെടുന്ന സന്തുലിതാവസ്ഥ...... സ്ത്രീ പുരുഷ ഭാവ ലയനം...... ശിവ പാർവ്വതി സംയോഗം.......... അർദ്ധനാരീശ്വര സങ്കല്പം ഇപ്രകാരം താണ്ഡവ ലാസ്യ ഭാവങ്ങളുടെ കൂടിച്ചേരലിലൂടെയാണ് ഭാരതീയ നൃത്തരൂപങ്ങൾ ആവിഷ്ക്കരിക്കപ്പെടുന്നത്.

അവസ്ഥകളുടെയും അനുഭവങ്ങളുടെയും വ്യാഖ്യാനം അഥവാ നൃത്തം കൂടിച്ചേരുമ്പോഴാണ് നൃത്തം പൂർണ്ണമാകുന്നത്. ഇത് ചില സാംസ്ക്കാരിക അവസ്ഥകളെ പ്രതിഫലിപ്പിക്കുകയും വൈകാരികതലങ്ങളെ രേഖപ്പെടുത്തുകയും ചരിത്രപരമായ ചില അനിവാര്യതകളെ അവശേഷിപ്പിക്കുകയും ചെയ്യുന്നു.

ഭാരതീയ നൃത്തരൂപങ്ങളിൽ ശരീരം തന്നെയാണ് മാധ്യമം. അത് ശബ്ദത്തേയും പദത്തേയും വ്യാഖ്യാനിക്കുന്നു. അർത്ഥത്തിന്റെ ആസ്വാദ്യകരമായ അവസ്ഥ കണ്ടെത്തുന്നു. ശാരീരിക മാനസിക അവസ്ഥകളുടെ തുലനാവസ്ഥയിലുള്ള ലയത്തിലൂടെ ഉണ്ടാകുന്ന രസം അനുഭവമായി മാറുമ്പോഴാണ് നൃത്തം അതിന്റെ ലക്ഷ്യത്തിലെത്തുന്നത്.

കൃത്യമായി രൂപപ്പെടുത്തിയെടുത്ത സങ്കേതങ്ങളാണ് ആംഗികാഭിനയത്തിന് ആധാരമാകുന്നത്. മുദ്രകളാൽ നിർമ്മിച്ചെടുത്ത ഒരു ചിഹ്ന വ്യവസ്ഥയ്ക്കടുത്തു നിന്നു കൊണ്ടു തന്നെ തന്റെ ആവിഷ്ക്കാര സ്വാതന്ത്ര്യം തിരിച്ചറിയുകയും വൈയക്തികാനുഭവങ്ങളെ രംഗാവതരണത്തിന്റെ അന്തർധാരയായി മാറ്റിയെടുക്കുകയും ചെയ്യുമ്പോൾ മാത്രമാണ് പാരമ്പര്യകാലരൂപങ്ങൾ സമകാലിക പ്രസക്തി നേടുന്നത്.

ശാസ്ത്രീയ നൃത്തരൂപങ്ങൾ തന്നെ ഏറെയുണ്ടെങ്കിലും ഏകപത്രരംഗാവതരണമാണ് പ്രചാരത്തിൽ കൂടുതൽ. അതുമൂലമുള്ള സ്വാതന്ത്ര്യം കലാകാരൻ അരങ്ങിൽ അനുഭവിച്ചറിയുന്നു.

സ്ഥലകാലങ്ങളെ നിർമ്മിച്ചെടുക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിലൂടെ ഓർമ്മകളിലെയും സ്വപ്നങ്ങളിലെയും സ്ഥലനിർമ്മിതി പോലെ തന്നെ അരങ്ങിൽ ഓരോ നിമിഷവും പുതിയ ഇടങ്ങൾ നിർമ്മിക്കപ്പെടുന്നു. ഇതിനെ വായിച്ചെടുക്കാനുള്ള സ്വാതന്ത്ര്യം പ്രേക്ഷകർക്കുണ്ട്. കാഴ്ചയും കാണിയും സമന്വയിക്കുമ്പോഴാണ് അരങ്ങ് പ്രസക്തമാകുന്നത്. നൃത്തം സാംസ്ക്കാരിക വിനിമയത്തിനുള്ള മാധ്യമമായി മാറുന്നത്. കാലത്തിന്റെ ആന്തരിക പാഠങ്ങളെ രേഖപ്പെടുത്തുന്ന സാംസ്ക്കാരിക മുദ്രകളായി മാറുന്നതും.






ഒരു കറുത്ത തുണി പോലെ.
നിർവികാരത ഈ ഗ്രാമത്തെ പൊതിഞ്ഞിരിക്കുന്നു.
ഒരു നെടുവീർപ്പെങ്കിലുമയച്ച് ഈ നിർവികാരത
നീ ഭഞ്ജിക്കുക.
ഈ വരണ്ട മൗനത്തിന്റെ മേൽ ഒന്ന് വിയർക്കുക.
.......................
അതുകൊണ്ടു നമുക്കന്യോന്യം ഉരിയാടുകയെങ്കിലും ചെയ്യാം
നമുക്ക് ചിരിക്കാം, അല്ലെങ്കിൽ കരയാം,
അല്ലെങ്കിൽ-
അർത്ഥമില്ലാത്ത വാക്കുകളെങ്കിലും കൈമാറാം
(കടമ്മനിട്ട)

തെറ്റു കണ്ടാൽ പരിഹരിക്കാത്തതാണ്
വലിയ തെറ്റ്
(കൺഫ്യൂഷ്യസ്)

അധർമ്മത്തിന്റെ നെടുംകോട്ട
പൊട്ടിക്കാൻ ശക്തി നേടുക,
ധർമ്മത്തിൻ കൊടി താഴാതെ
പിടിയ്ക്കാൻ ബലമേകുക
(സുഗതകുമാരി)

ഭൂമിയ്ക്കടിയിൽ വേരുകൾ തമ്മിൽ കെട്ടിപ്പിടിയ്ക്കുന്നു.
ഇലകൾ തമ്മിൽ തൊടുമെന്ന് പേടിച്ച് നാം അകറ്റി നട്ട മരങ്ങൾ
(വീരാൻകുട്ടി)

പറയാത്ത തെറിവാക്ക്
കെട്ടികിടന്നെന്റെ
നാവ് കയ്ക്കുന്നു
പോകാത്ത നേർവഴികൾ
പറ്റി പിണഞ്ഞെന്റെ
കാൽ കനയ്ക്കുന്നു.
(കെ.ജി. ശങ്കരപ്പിള്ള)

എന്നുമീ ദുരന്തത്തിൽ
തുടർനാടകം കാൺകെ, എന്നിലെയനുകമ്പയും
ദയയും ചോർന്നിടുന്നു.
(ഒ.എൻ.വി.)

ഒരു ലക്ഷം ബയണറ്റുകളേക്കാൾ
മൂന്നു പത്രങ്ങളെ ഞാൻ ഭയപ്പെടുന്നു.
(നെപ്പോളിയൻ)

എന്നിലുള്ള ജീവിതത്തിന്റെ ശബ്ദത്തിന്
നിങ്ങളിലുള്ള ജീവിതത്തിന്റെ
കാതുകളിലെത്താൻ കഴിഞ്ഞില്ല,
എന്നാൽ, നാം ഏകാകികളാണെന്ന്
തോന്നാതിരിക്കാൻ
നമുക്കെന്തെങ്കിലും
സംസാരിക്കാം
(ഖലീൽ ജിബ്രാൻ)

നിങ്ങൾക്കൊരാളെ കൊല്ലാനായേക്കും,
തോല്പിയ്ക്കാനാവില്ല.
വിശ്വാസത്തിന്റെ ശിരസ്സ് സംരക്ഷിയ്ക്കുന്നിടത്തോളം
കാലം മാത്രമേ ഒരാൾക്ക് എല്ലാം അതിജീവിക്കാനാവൂ.
(ഹെമിംഗ്‌വേ)

ഒരു ദിവസം എന്റെ രാജ്യത്തെ അരാഷ്ട്രീയ ബുദ്ധിജീവികൾ ചോദ്യം ചെയ്യപ്പെടും
ഏകാന്തവും ചെറുതുമായ ജ്വാല കണക്കെ എന്റെ രാജ്യം കത്തി നശിക്കുമ്പോൾ
നിങ്ങൾ എന്തു ചെയ്യുകയായിരുന്നുവെന്ന് അവരോട് ചോദിക്കും............
(ഒട്ടോറെനെ കാസ്റ്റിലോ)

മെലിഞ്ഞ സൂചികൾ കൂട്ടിമുട്ടുമ്പോൾ
ജനതയെ തൂക്കാൻ വിധിച്ച് കോടതി പിരിയുന്നു.
(ബാലചന്ദ്രൻ ചുള്ളിക്കാട്)

ഒരു രാഷ്ട്രത്തിന് അതിന്റെ സ്വാതന്ത്ര്യം ഒരു നിമിഷം കൊണ്ട് നഷ്ടപ്പെട്ടേക്കാം.
ഒരു ദശാബ്ദം കൊണ്ട് അതു തിരിച്ചു കിട്ടിയില്ലെന്നും വരാം.
(മോണ്ട് ടെസ്ക്യൂ)

സ്വന്തമായ അഭിപ്രായങ്ങൾ
ഇല്ലാത്തവൻ അടിമയാണ്.
(ക്ലോപ്സ്റ്റോക്ക്)

പൊതുജനം! പൊതുജനം! പൊതുജനം! പൊതുജനം!
പൊതുജനമാകാൻ എത്ര വിഡ്ഢികൾ വേണ്ടിവരും
(ഷാംഫർട്ട്)

രാവിന്റെ ഇരുട്ടിൽ ആട്ടിൻകുട്ടിയെ ചെന്നായ്ക്കൾ
കടിച്ചു കീറിയേക്കാം
പക്ഷേ, അതിന്റെ രക്തം നേരം പുലരും വരെ താഴ്‌വരയിലെ കല്ലുകളിൽ പറ്റിപ്പിടിച്ചിരിക്കും
(ഖലീൽ ജിബ്രാൻ)

ചിതയിൽ നിന്നു ഞാൻ ഉയർത്തെഴുന്നേൽക്കും
ചിറകുകൾ പൂ പോൽ വിടർന്നെഴുന്നേൽക്കും.
ഇപ്പോൾ മിണ്ടാതിരുന്നാൽ....
(ഒ.എൻ.വി. )

# WHAT MATTERS WORD'S

What matters words, when they
are silenced ?
They call you 'traitor'
put you away.
They come armed in groups,
cut your right thumb.
They form crowds,
burn your books.
What matters words, when they
are censored ?
They call a meeting,
cut up your words.
They give you choices,
put words in your mouth.
They hold your purse-strings,
money matters after all.
What matters words, when they
aren't heard:
They have no time,
your words are dull.
They want more passion,
your words lack action.
They want you to dance ,
but you dont know how.
What matters words , when they
aren't written.
They peer over your shoulders,
the words refuse to come.
They speak about expectations,
you aren't expected to write.
They say they love you,
you love them after all.
what matters words , when you
have no voice?
They make you work,
you walk with drooping shoulders.
They forget to teach you ,
What use have you for learning?
They look down upon you,
mock you,
(unfortunately)
you simply believe them

Fathima Hanna
III B. A Psychology

# സ്വാതന്ത്ര്യത്തിനു വയസ്സാകുന്നു

Mr. Saju Mathew

**ഇങ്ങനെ ഒരു മനുഷ്യൻ രക്തമാംസങ്ങളിൽ ഈ ഭൂമുഖത്തു ജീവിച്ചിരുന്നു എന്ന് ഭാവി തലമുറ വിശ്വസി ച്ചെന്നു വരില്ല.** ***ആൽബർട്ട്ഐൻസ്റ്റീൻ***

മഹാത്മാഗാന്ധിയുടെ കേരള സന്ദർശനങ്ങൾ എല്ലാം ചരിത്രത്തിൽ ഇടം തേടിയിട്ടുള്ളതാണ്. 1920, 1925, 1927, 1934, 1937 എന്നി വർഷങ്ങളിലായി അഞ്ചുപ്രാവശ്യമാണ് ഗാന്ധിജി കേരളം സന്ദർശിച്ചത്. തിരുവിതാംകൂർ , കൊച്ചി , മലബാർ എന്നി പ്രദേശങ്ങളിലായി വേർതിരിഞ്ഞു കിടന്നിരുന്ന കേരളത്തെ ആദ്യം ഏകീകരിച്ചത് ഗാന്ധിജിയുടെ യാത്രകളായിരുന്നു. അദ്വൈത സംഗമഭൂമിയായ ആലുവ ഗാന്ധിജിയുടെ കടന്നു വരവോടെയാണ് സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെയും ജനാധിപത്യ മുന്നേറ്റങ്ങളുടെയും കർമ്മ മണ്ഡലമായി മാറിയത്. ഭാവി ചരിത്രത്തിന്റെ ഗതി നിർണ്ണയിച്ച നിരവധി മഹാസംഭവങ്ങൾക്ക് ആലുവ വേദിയായി. ഇതിന് ദൃക്സാക്ഷികൾ ആയവരിൽ പലരും കാലയവനികയ്ക്കു പിന്നിൽ മറഞ്ഞു കഴിഞ്ഞു. ചിലർ ഇപ്പോഴും നമ്മുടെ ഇടയിൽ ജീവിച്ചിരിക്കുന്നു. 1937 ൽ ആലുവ മണപ്പുറത്ത് എത്തിയ ഗാന്ധിജിയെ 11-ാം വയസ്സിൽ മാലയിട്ട് സ്വീകരിച്ചതിന്റെ ആവേശം വാർദ്ധക്യത്തിലും കെടാതെ സൂക്ഷിക്കുന്ന ഗാന്ധി കാർത്യായനി ആ തലമുറയിലെ അവസാനത്തെ കണ്ണിയാണ്. 73 വർഷങ്ങൾക്കു മുൻപേ നടന്ന ഐതിഹാസികമായ സംഭവത്തിന്റെ ഇന്നു ജീവിച്ചിരിക്കുന്ന ഏക തെളിവാണ് കാർത്യായനി. 84 വയസ്സിൽ രോഗപീഢകൾക്കു നടുവിലും മഹാത്മാവിനെക്കുറിച്ചുള്ള ജ്വലിക്കുന്ന ഓർമ്മകൾ കാർത്യായനി പങ്കു വയ്ക്കുന്നു.



## ഗാന്ധിമാവിന്റെ വേരുകൾ

ഗാന്ധിജി രണ്ടു തവണയാണ് ആലുവ സന്ദർശിച്ചത്. ഗാന്ധിജിയുടെ ആദ്യ സന്ദർശനം വൈക്കം സത്യാഗ്രഹത്തോട് അനുബന്ധിച്ച് ആയിരുന്നു. ക്ഷേത്ര വഴികളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കാൻ വേണ്ടി ആരംഭിച്ച വൈക്കം സത്യാഗ്രഹത്തിലെ സമരസേനാനികൾക്ക് അഭിവാദ്യം അർപ്പിക്കാൻ ആണ് ഗാന്ധിജി എത്തിയത്. ഈ പര്യടനത്തിന് ഇടയിൽ വിദ്യാർത്ഥികളുടെ അഭ്യർത്ഥന മാനിച്ച്



ഗാന്ധിജി 1925 മാർച്ച് 18 ന് ആലുവ യു സി കോളേജ് സന്ദർശിച്ചു. വിദ്യാർത്ഥികളെ അഭിസംബോധന

ചെയ്തു കൊണ്ട് അദ്ദേഹം സംസാരിച്ചു. ഗാന്ധി കോളേജിനു
മുന്നിൽ ഒരു മാവ് നടുകയും സന്ദർശന ഡയറിയിൽ delight
with the ideal situation എന്ന പ്രസക്തവാക്യം എഴുതുകയും
ചെയ്തു. യുസി കോളേജിലെ അദ്ധ്യാപകരിലും വിദ്യാർത്ഥിക
ളിലും ദേശീയ പ്രക്ഷോഭത്തോട് ആഭിമുഖ്യം വളർത്താൻ ഈ
സന്ദർശനം ഏറെ സഹായിച്ചു. ഗാന്ധിജിയുടെ അദ്വൈതാശ്രമ
സന്ദർശനവും ഈ അവസരത്തിൽ ആയിരുന്നു. തുടർന്ന്
പറവൂർ മുനിസിപ്പാലിറ്റി ഗാന്ധിജിക്ക് വമ്പിച്ച സ്വീകരണം നൽകി.

## ഒരു ഖദർമാലയുടെ കഥ

ഗാന്ധിജി രണ്ടാം തവണ ആലുവായിൽ എത്തുന്നത്
1937 ൽ ആയിരുന്നു. ഉപ്പു സത്യാഗ്രഹത്തെ തുടർന്ന് ദേശീയ
ബോധം അതിന്റെ പാരമ്യത്തിലേക്ക് കടന്നിരുന്നു. ബ്രിട്ടീഷ്
വിരുദ്ധ പ്രക്ഷോഭത്തോടൊപ്പം സാമൂഹിക തിന്മകൾക്കെതിരെ
യുള്ള പോരാട്ടങ്ങളിലേക്കും ഗാന്ധിജി ജനശ്രദ്ധ തിരിച്ചു വിട്ട ഘട്ട
മായിരുന്നു അത്. അയിത്തോച്ചാടന പ്രവർത്തനത്തിന്
പിന്തുണ ആർജ്ജിക്കാൻ ഗാന്ധിജി അഖിലേന്ത്യാ പര്യടനം ആരം
ഭിച്ചു. അയിത്തത്തിനെതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ചു
കൊണ്ട് ഖാദിക്ക് പ്രചാരണം നൽകി കൊണ്ട് ഗാന്ധിജി ആലുവാ
യിൽ എത്തി. **ശിവരാത്രി മണൽപുറത്ത് ആയിരങ്ങൾ
തടിച്ചു കൂടിയ ചടങ്ങിൽ രാഷ്ട്ര പിതാവിനെ ഖദർ മാലയിട്ടു
സ്വീകരിക്കുവാൻ നിയോഗമുണ്ടായത് അന്ന് 11 വയസ്സ്
പ്രായമുണ്ടായിരുന്ന കാർത്യായനിക്കായിരുന്നു.** കേരള
ത്തിലെ സർവ്വോദയ മദ്യ നിരോധന പ്രസ്ഥാനത്തിന്റെ സ്ഥാപക



നേതാവായിരുന്ന പ്രൊഫ. എം.പി. മന്മഥന്റെ ആത്മകഥ ആയ സ്മൃതിദർപ്പണത്തിൽ അന്നത്തെ സ്വീകരണ പരിപാടി വിശദീകരിക്കുന്നുണ്ട്.

ഗാന്ധിജി വന്ന് പ്ലാറ്റ്ഫോറത്തിലെ ഉയർന്ന മേശയിൽ കയറി കൈയിലുണ്ടായിരുന്ന കുഷ്യൻ ഇട്ട് ഉപവിഷ്ടനായി. ഗാന്ധിജിയുടെ കഴുത്തിൽ ഖദർ നൂലു കൊണ്ടുള്ള ഒരു മാല അണിയിക്കാൻ ഞങ്ങൾ കണ്ടു പിടിച്ചത് കഷ്ടിച്ച് 11 വയസ്സായ ഒരു ഹരിജനബാലികയെയായിരുന്നു. പ്ലാറ്റ്ഫോറത്തിൽ കയറി മാലയും കൈയിൽ പിടിച്ചു നിന്ന ബാലിക കുറച്ചൊരു പരിഭ്രമിച്ച മട്ടിലായിരുന്നു. മാല കഴുത്തിൽ ഇടാൻ പുറകിൽ നിന്നു ഞങ്ങൾ നിർദ്ദേശിച്ചു. കുട്ടി മാല ഗാന്ധിജിയെ അണിയിക്കുന്നതിനിടയിൽ അവൾ ഒരു ഹരിജന ബാലിക ആണെന്നു കൂടി ഞങ്ങൾ പറഞ്ഞു. അത്യാഹ്ലാദത്തോടെ ഗാന്ധിജി രണ്ടു കൈയും കൊണ്ട് അവളെ പിടിച്ചു മടിയിലിരുത്തി. അവളുടെ താടിപിടിച്ചുയർത്തി അവളോട് നിറഞ്ഞ കണ്ണുകളോടെ അദ്ദേഹം ഇംഗ്ലീഷിൽ പറഞ്ഞ വാക്കുകൾ ഇങ്ങനെയായിരുന്നു. 'എന്റെ പ്രിയപ്പെട്ട കുഞ്ഞേ, എന്റെ ഭാഷ നിനക്കറിയില്ല. എന്നാൽ എന്റെ ഹൃദയത്തിന്റെ ഭാഷ നിനക്കു മനസ്സിലാകും; എന്റെ കണ്ണുകൾ നിന്നോടു പറയുന്ന ഭാഷയും.' സ്തംഭിച്ചിരുന്ന കുട്ടിയോട് പുറകിൽ നിന്ന് പൊയ്ക്കൊള്ളൂ എന്നു ഞങ്ങൾ പറഞ്ഞപ്പോൾ ഗാന്ധിജിയും മലയാളത്തിൽ 'പൊയ്ക്കൊള്ളൂ പൊയ്ക്കൊള്ളൂ' എന്നു സന്തുഷ്ടനായി അവളെ യാത്രയാക്കി.

ഗാന്ധിജിക്ക് ആലുവ മണൽപ്പുറത്ത് നൽകിയ **സ്വീകരണ പരിപാടികൾക്ക് നേതൃത്വം നൽകിയത് യുസി കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന ഒരു സംഘമായിരുന്നു.** മാത്തമാറ്റിക്സ് പ്രൊഫസർ ആയിരുന്ന ടി.എസ്. വെങ്കിട്ടരാമൻ ആയിരുന്നു അന്നത്തെ സ്വീകരണ കമ്മറ്റിയുടെ പ്രസിഡന്റ്. പ്രിൻസിപ്പൽ പ്രൊഫ. എം.എം. വർക്കിയുടെയും അദ്ധ്യാപകരായിരുന്ന ടി.പി.രാമാനുജം വി.എം. ഇട്ടിയവിര, സി.പി. മാത്യു എന്നിവരുടെയും വിദ്യാർത്ഥികളായിരുന്ന എം.പി. മന്മഥൻ , പനമ്പിള്ളി രാഘവൻ പിള്ള എന്നിവരുടെയും നേതൃത്വത്തിൽ ആണ് ഗാന്ധിജിയെ സ്വീകരിച്ചത്. ഗാന്ധിജിയുടെ പ്രസംഗം അന്ന് തർജ്ജമ ചെയ്തത് മലയാളം വിഭാഗത്തിലെ പ്രൊഫ. ഡി. പി. ഉണ്ണി ആയിരുന്നു. കേരളത്തിലെ സ്വകാര്യ മാനേജ്മെന്റ് സ്ഥാപനങ്ങൾ പലതും ദേശീയപ്രസ്ഥാനത്തോട് അകലം പാലിച്ച കാലഘട്ടത്തിൽ വളരെ പരസ്യമായി അദ്ധ്യാപകരും വിദ്യാർത്ഥികളും ഗാന്ധിജിക്ക് സ്വീകരണം നൽകി മാതൃക കാട്ടി. ഗാന്ധിയൻ സ്വപ്നങ്ങൾക്കു ചിറകു നൽകിയ അനവധി മഹാൻമാരെ സംഭാവന ചെയ്യാൻ യുസി കോളേജിനു കഴിഞ്ഞു.

**ഓർമ്മകൾക്ക് മരണം ഇല്ല**



ലോകത്തെ ഏറ്റവും മഹാനായ മനുഷ്യനെ മാലയിട്ടു സ്വീകരിക്കാനും അനുഗ്രഹം വാങ്ങാനും ഭാഗ്യം സിദ്ധിച്ച കാർത്ത്യായനി വളർന്നപ്പോൾ നാട്ടുകാരുടെ ഗാന്ധി കാർത്ത്യായനി ആയി. സാമൂഹിക നീതിക്കെതിരെയുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടിന്റെ നിദർശനമായി കാർത്ത്യായനിയുടെ ഹാരാർപ്പണം ചരിത്രത്തിൽ ഇടം നേടി. സാമൂഹിക പരിവർത്തനത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ അനേകർക്ക് ആവേശം പകരാൻ ഈ സംഭവം ഇടയാക്കി. നവഭാരതത്തിന്റെ പ്രതീക്ഷയുടെ കിരണമായ ഗാന്ധിജി ആശ്ലേഷിച്ച കാർത്ത്യായനിയുടെ പില്ക്കാല ജീവിതം ദുരിതങ്ങൾ നിറഞ്ഞതായിരുന്നു. ഭർത്താവിന്റെ മരണവും മകന്റെ രോഗവും എല്ലാം ഈ അമ്മയുടെ ജീവിതം പ്രതിസന്ധിയിലാക്കി. ദുരിതമേറിയ ജീവിത സാഹചര്യത്തിലും മഹാത്മാവിനെക്കുറിച്ചുള്ള ഊഷ്മള സ്മരണകളിൽ ഗാന്ധി കാർത്ത്യായനി ആശ്വാസം കണ്ടെത്തുന്നു.



# നിറങ്ങൾ

ഓരോ ദിവസവും ഓരോ നിറങ്ങളായിരുന്നു.
ആദ്യം വന്നപ്പോൾ അജ്ഞതയുടെ കറുപ്പ്
പിന്നീട് വെൺമയെ അന്വേഷിച്ചു
നടന്നപ്പോൾ, ഇടയിലെവിടെയോ
ഒരുപാട് നിറങ്ങളുണ്ടെന്ന് തിരിച്ചറിഞ്ഞു
അറിവുകൾക്കും തിരിച്ചറിവുകൾക്കുമിടയിൽ
മാഞ്ഞു പോകാതെ പിൻതുടരുന്ന
കാലടി പാടുകളിൽ-
അന്വേഷണാത്മകതയുടെ നീലിമ
സൗഹൃദത്തിന്റെ പച്ചപ്പ്
വിപ്ലവത്തിന്റെ ചുവപ്പ്
പിന്നീട്
നിറങ്ങൾ നിറക്കൂട്ടുകളായപ്പോൾ
പുതിയ നിറക്കൂട്ടുകളിൽ നിന്ന്
നിറങ്ങളെ വേർതിരിച്ചെടുക്കുവാൻ
ശ്രമിച്ചപ്പോൾ,
നിറങ്ങൾക്കെല്ലാം
നിറങ്ങളില്ലാതാകുന്നതറിഞ്ഞ്
ആ വെൺമയിൽ ലയിച്ച്
എന്നെ ഞാൻ അറിയുന്നു.

Anupama Augustine
III B.A Economics

# രുദ്രവീണ



ഒരൊറ്റ സ്പർശം കൊണ്ടായിരം മുറിവുകൾ
ഒരായിരം മുറിവുകൾ കൊണ്ടൊരു മരണം
നീ അറിഞ്ഞു കൊണ്ടിരുന്നത് ഞാൻ അറിഞ്ഞില്ല
ഞാൻ അറിയാത്തത് ഉണ്ണിഭഗവാനും അറിഞ്ഞില്ല
നളിന രഥങ്ങളിൽ കയറി നീ പോയപ്പോൾ
ഞാൻ അറിഞ്ഞ വേദന നീ അറിഞ്ഞില്ല
എന്നിലെ നിന്നെ ഞാൻ തച്ചുടച്ചതും
നീയാം സ്നേഹം മായയായി തീർന്നതും
ഇന്ന് ഓർക്കാൻ ഭയക്കുന്ന പേടിസ്വപ്നം
പൊട്ടിപ്പോയ വീണ കമ്പികൾ മെല്ലെ കോർത്ത്
ചിരിക്കാൻ ശ്രമിക്കുന്നു ശ്രുതികൾ പൊയൊരു രുദ്രവീണ

Megha P.
History





# തെരുവ്

**ഈ** തെരുവ് ഇന്നും കലുഷിതമായിരുന്നു. ചിറകു മുളച്ചു പറന്നുയരാൻ കൊതിക്കുന്ന പക്ഷിയെപ്പോലെ. പക്ഷേ പറന്ന് ഉയരാൻ ആകാതെ കലാപങ്ങളുടെ നിഴൽ പാടുകൾ പേറിനിൽക്കുന്നു. ഇന്നും വർത്തമാന പത്രങ്ങളിലെ കണക്കെടുപ്പ് കലാപത്തിൽ നഷ്ടപ്പെട്ട ജീവിതങ്ങളെപ്പറ്റിയാണ്. ചിലപ്പോൾ തോന്നും തേങ്ങി പെയ്യുന്ന മഴ ഈ തെരുവിന്റെ ദുർഗന്ധവും പാപങ്ങളും കഴുകി കളയുകയാണെന്ന്, എവിടെനിന്നോ വന്നു ചേരുന്ന കാറ്റിൽ വരെ കലാപങ്ങൾ. കലാപങ്ങളിലൂടെ നഷ്ടപ്പെട്ട ഈ ആത്മാക്കളുടെ തേങ്ങൽ ഉള്ളതായി തോന്നുന്നു. അത് മരണത്തിന്റെ തേങ്ങലാണോ? പക്ഷേ ഇതൊന്നും ഗൗനിക്കാതെ മനുഷ്യർ പറയുന്നു, വർത്തമാനകാലത്തിന്റെ വിഴുപ്പ് നീക്കാനായി രാവിന്റെ ഇരുളിൽപ്പെടാനാകാതെ അവർ അക്ഷമരായിരുന്നു.

തെരുവിന്റെ മൗനം കീറിമുറിച്ചു കൊണ്ട് ചുവപ്പ് പരവതാനി വിരിച്ച പാതയിലൂടെ ബസ് വന്നു നിന്നു. ആരൊക്കെയോ ഇറങ്ങുകയോ കയറുകയോ ചെയ്തു. മുഖം വ്യക്തമല്ലാത്ത ഒത്തിരി മനുഷ്യർ. പലരുടെയും മുഖത്തു നിന്നു അവർ ഈ മഴയെ വെറുപ്പോടെയാണ് കാണുന്നതെന്നു തോന്നി. ഒരു പക്ഷേ അവർ ഈ മഴയെ വെറുപ്പോടെയായിരിക്കും കാണുന്നത്. ഒരു പക്ഷേ അവർ ഈ മഴയിൽ നഷ്ടപ്പെടുന്ന സ്വസ്ഥതകളെക്കുറിച്ചായിരിക്കും ചിന്തിക്കുന്നത്.

തെരുവ് ശൂന്യമായി തുടങ്ങിയിരിക്കുന്നു. നേർത്ത് നേർത്ത് തെരുവ് ചുരുങ്ങുകയാണ്. ഒപ്പം ഞാനും. ഒരു ഒഴിയാബാധ പോലെ എന്നെ തന്നെ പിൻതുടരുന്ന എന്റെ ഓർമ്മകളുടെ കൂട്ടിലേക്ക്. അവിടെ എല്ലാവരുടെയും ചിന്തയിലും സ്വപ്നത്തിലും ഒരേ നിറവും മണവും ഉള്ളവരാണ്. കീഴടക്കിയ കൊടുമുടികളും കീഴടക്കുവാനുള്ള ഒരു പാട് ലക്ഷ്യങ്ങളെപ്പറ്റി ആവലാതി കൊള്ളുന്ന ഒരുപാട് മുഖങ്ങൾ. അതെ അവരിലും ഒരു സമാനതയുണ്ട് വേഗമേറിയ കാറ്റു പോലെ ഒരു ഏകതയും.

Aswathy joy
II B.Sc. Computer Science



# മൊബൈൽ ചിലയ്ക്കുമ്പോൾ നാം കേൾക്കുന്നത് ...



Dr. Aju K. Narayanan

ഇന്നു മിക്കപ്പേർക്കും മൊബൈൽ ഫോണുകളുണ്ട്. ആവശ്യത്തിനും അനാവശ്യത്തിനുമായി ഇത് ഉപയോഗിക്കപ്പെടുന്നു. ഒരാളുടെ ആവശ്യം മറ്റൊരാൾക്ക് അനാവശ്യമായി തോന്നുന്നതുമാവാം. ആവശ്യം-അനാവശ്യം എന്ന ചർച്ചയിലേക്കു തൽക്കാലം കടക്കുന്നില്ല.

മൊബൈൽ ഫോണിന്റെ ഉപയോഗികതയ്ക്കപ്പുറം അതിനെ ഒരു സൗന്ദര്യ വസ്തുവാക്കി നിലനിർത്തുന്നതിലും കൊണ്ടുനടക്കുന്നതിലും ഉപഭോക്താക്കൾ പൊതുവെ ശ്രദ്ധവയ്ക്കുന്നു. കാണാൻ ഭംഗിയുള്ള മൊബൈൽ വാങ്ങുക. അനുയോജ്യമായ ഉടുപ്പണിയിക്കുക. ഇമ്പമുള്ളതോ കൗതുകമുള്ളതോ ആയ റിംഗ് ടോൺ സെറ്റ് ചെയ്യുക. വിളിക്കുന്നയാൾ കേൾക്കാനായി കോളർ ടോണോ പാട്ടോ ഉൾച്ചേർക്കുക - എന്നിങ്ങനെ നീണ്ടുപോകുന്നു സൗന്ദര്യവല്ക്കരണങ്ങൾ.

റിംഗ് ടോണും കോളർ ടോണും തെരഞ്ഞെടുക്കുമ്പോൾ ഫോണുടമ അറിഞ്ഞോ അറിയാതെയോ അയാളെ സ്വയം നിർവചിക്കുകയാണ്. അയാളുടെ സ്വത്വത്തിന്റെ മൊത്തം പ്രകാശനമാണ് ഇതെന്ന അതിവാദം അവതരിപ്പിക്കുകയല്ല. എന്നാൽ അയാളുടെ ആത്മത്തിന്റെ ചെറിയ തോതിലെങ്കിലുമുള്ള പ്രകടനമാണിത് എന്നു പറയാതെ വയ്യ. കാരണം ഈ ടോണുകളുടെയും പാട്ടുകളുടെയും ശ്രോതാവ് അയാൾ മാത്രമല്ല. റിംഗ് ടോണിന്റെ ശബ്ദപരിസരത്തുള്ളവരെല്ലാം ശ്രോതാക്കളാണ്. കോളർ ടോണിന്റെ വിളിക്കുന്നവരെല്ലാം ടോൺ ശ്രോതാക്കളായി മാറുന്നുമുണ്ട്. ശ്രോതാക്കൾക്ക് ഇവിടെ പാസ്സീവായ കർത്തൃസ്ഥാനം (വ്യാകരണ പരമായി കർമ്മസ്ഥാനം) മാത്രമേയുള്ളുവെങ്കിലും അങ്ങനെയൊരു സംവർഗ്ഗത്തെ മുൻനിർത്തിയാണ് മൊബൈൽ ഫോണുടമ ടോണിന്റെയും പാട്ടിന്റെയും തെരഞ്ഞെടുപ്പിലൂടെ സ്വയം വെളിപ്പെടുന്നത്. താൻ സാംസ്കാരികമായി എങ്ങനെയെന്നു മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗം കൂടിയാണിത്.



'ചോരവീണമണ്ണിൽ' എന്നുതുടങ്ങുന്ന വിപ്ലവപ്പാട്ടോ 'ഓം ഭൂർ ഭുവസ്വഃ' എന്നാരംഭിക്കുന്ന ഗായത്രീമന്ത്രമോ 'വരുവാനില്ലാരുമിന്നൊരുനാളും എന്നു തുടങ്ങുന്ന സിനിമാക്കവിതയോ റിംഗ് ടോൺ - കോളർ ടോൺ ആയി കേൾക്കുമ്പോൾ അതു സെലക്ട് ചെയ്ത ഫോണുടമയെക്കുറിച്ചൊരു വീണ്ടുവിചാരം ശ്രോതാവ് നടത്തിപ്പോകും. ഈ വിചാരം താല്ക്കാലികവും നൈമിഷികവുമാകാ

ഇപ്പോൾ മിണ്ടാതിരുന്നാൽ....

**മെങ്കിലും റിംഗ് ടോൺ – കോളർ ടോൺ പ്രകടനങ്ങൾ സംസ്കാരബദ്ധമാണ്.** സാംസ്കാരിക പ്രകടനങ്ങളായി ഇവയെ മനസ്സിലാക്കാൻ കഴിയും. അടിപൊളിപ്പാട്ടുകളോ ശുദ്ധസംഗീതമോ ഒന്നും ഉൾച്ചേർക്കാതെ പഴയകാല ലാന്റ് ഫോണിന്റെ റിംഗിംഗ് ശബ്ദം റിംഗ്ടോണോ കോളർ ടോണോ ആയി ക്രമീകരിക്കുന്നവരും മറ്റൊരു തരത്തിലുള്ള പ്രകടനമാണ് കാഴ്ച വയ്ക്കുന്നത്.

മൊബൈൽ ഫോണുടമയുടെ കലാബോധം, രാഷ്ട്രീയം, ലോകബോധം തുടങ്ങിയവയൊക്കെ അയാളുടെ മൊബൈലിലൂടെ റിംഗ് ടോണായി, കോളർ ടോണായി ശാബ്ദീകരിക്കപ്പെടുന്നുവെന്നു സാരം. നാം നിസ്സാരമെന്നു കരുതുന്ന തിൽവരെ സൗന്ദര്യപരതയും പ്രത്യയശാസ്ത്രവും അടങ്ങിയിരിക്കുന്നു. ഒറ്റവാക്കിൽ 'സംസ്കാരം' കൂടിയിരിക്കുന്നുവെന്നു പറയാം. മൊബൈൽ ഫോണുടമയുടെ സ്വത്വ പ്രകാശനം, കപടസ്വത്വ പ്രകാശനവുമാകാനുള്ള (കർണ്ണാടകസംഗീതം തീരെ ഇഷ്ടമില്ലാത്തവൻ ഒരു കീർത്തനം റിംഗ് ടോണോ കോളർ ടോണോ ആയി സെറ്റു ചെയ്യുന്നത് ഉദാഹരണം) സാധ്യതയുമുണ്ട് എന്നു വരുമ്പോഴാണ് 'റിംഗ് ടോണുകളും കോളർ ടോണുകളും സാംസ്കാരികപ്രകടനങ്ങളാണ്' എന്ന പ്രസ്താവനയിലെ സാംസ്കാരികം എന്ന വാക്കിന്റെ അർത്ഥം സമഗ്രവും സമ്പൂർണ്ണവുമാവുന്നത്.






# ദുർഗന്ധം

നാറ്റം വരുന്നുണ്ടല്ലേ
മൂടിയില്ലാത്ത ഈ ചവറ്റുകുട്ട
കളയാമെന്നെങ്ങാനും കരുതിയാലോ
പിന്നെ കളയാനുള്ളതൊക്കെ എന്തു ചെയ്യും ?

രാവിലെ മറിയച്ചേടത്തി- മുടി-
തുറന്നെല്ലാം എടുത്തു കഴിഞ്ഞാലും
നാറ്റം തന്നെ
മുല്ലപ്പൂമ്പൊടിയേറ്റതല്ലേ
കല്ലിനു സൗരഭ്യമുണ്ടാകാതിരിക്കുമോ ?!

ചിലർ കൂടുകളിലാക്കി നാറ്റം നിക്ഷേപിക്കുമ്പോൾ
മറ്റു ചിലർ വെറുതേയെടുത്തെറിയുന്നു.
പിന്നെ പലരും ചവറ്റു കുട്ടയെ ബുദ്ധിമുട്ടിക്കാതെ
വഴിയോരത്തു തന്നെ നിക്ഷേപിക്കുന്നു.

ചവറ്റുകുട്ട ബസ്സ്റ്റോപ്പിനടുത്താണ്.
അതിനാൽ ഡ്രൈവർ സ്റ്റോപ്പിൽ
ബസ്സ് നിർത്തുവാൻ തുനിയില്ല
ആരും കയറുവാനും.

ശകുനം മുടക്കുവാൻ മാത്രമറിയുന്ന
പഴകി നിറം മങ്ങി ദ്രവിച്ചു തുടങ്ങിയവ.
രാജാവിനെപ്പോലും വിലവയ്ക്കാതെ
പള്ള വീർപ്പിച്ച് മയങ്ങുന്ന വീപ്പ.

ചവറുകൾ തേടി അവിഞ്ഞ
സഞ്ചാരം നടത്തുന്ന ഈച്ചാപ്പുഴു
ക്രിമികളെല്ലാം വട്ടമിരുന്ന് -വിശേഷം-
പറയുന്ന വൃത്തികെട്ട മടിത്തട്ടല്ലേ നിന്റേത്.

നിന്റെ മടിശ്ശീല എനിക്ക് പേടിയാണ്.
മനുഷ്യന് പേരിട്ടു രസിക്കാൻ ദിനവും
പുതിയ രോഗങ്ങളെ സംഭരിച്ചുവച്ച
ഇരുട്ടു നിറഞ്ഞ ഭൂതത്താൻ കോട്ട.

പിന്നെ നിന്റെ പരിസരത്തു നിന്ന്
രാത്രി പട്ടികൾ ഓരിയിടുന്നത് ഞാൻ കേൾക്കും
നിന്നോടു കൂടാൻ കൊള്ളില്ല-കാരണം-
ഞാനൊരു നല്ല കുട്ടിയല്ലേ

ഇടയ്ക്കിടെ ഞാനും ചിലതൊക്കെ
നിനക്ക് തരാറുണ്ട്. ഉച്ചയ്ക്ക്-
ഉണ്ണാതെ കളിച്ചു നടന്നിട്ട്
വൈകിട്ട് പോരുമ്പോൾ- അത്-
നിന്റെ വയറ്റിൽ കുടഞ്ഞിടാറുണ്ട്.

ചിലപ്പോൾ പത്രവും അതിനുള്ളിൽ
ഇലയും അതിന്റെയുമുള്ളിൽ
ചോറും കറികളും വച്ച്- അത്-
മുഴുവനായി നിനക്ക് തരാറുണ്ട് ഞാൻ

പിന്നെ ചിലപ്പോൾ, അതുവഴി പോകുമ്പോൾ
ആ വളിച്ച പൊതിയെടുക്കാൻ
അടി പിടികൂടുന്ന മുഷിഞ്ഞ
നരച്ചു തുടങ്ങിയ ബാല്യങ്ങളും
കാണാറുണ്ട് ഞാൻ

ആർത്തിയോടവരത് വായിൽ വയ്ക്കുമ്പോൾ
ഞാനറിയാതെ അമ്മയുടെ
വാക്കുകൾ ഓർത്തു പോകും
'മക്കളേ.................കൈ കഴുകീട്ട് വന്ന് കഴിയ്ക്ക്'
രണ്ടു തുള്ളി കണ്ണുനീർ

Susan Joseph
II B.A. English

# 'हे जवान, तुम्हें सलाम।'

देश की शान है वह,
देश का अभिमान है वह,
देश की धडकन है वह,
देश का साथी है वह।

उसकी माँ, धरती माँ
उसकी माँ, धरतती माँ
धरती माँ की गोदी में खेलता,
धरती माँ की रक्षा करता,
उसकी प्यास अपने खून से बुझाता,
उसकी तड़प खुद साहीद होकर मिटाता,
उसकेलिए जीने वाला और मरनेवाला,
उसके हर सपने को साकार करनेवाला,
'हे जवान', तुम्हें सलाम।
न कोई फर्क उसमें
न कोई भेद - भाव उसमें
अपनी धरती माँ को सजाता,
अपनी धरती माँ को प्यार करता
हरपल हम से यह कहनेवाला-
'हे देश वासियों,
तुम सब सो सकते हो
क्योंकि मैं, यहाँ जागा हूँ।'
'हे जवान', तुम्हें सलाम।
माँ - बाप को बैटे जेसा,
बहनों को भाई जैसा,
दुशमन को दुशमन - सा,
दोस्त को दोस्त - सा,
न डरता वह बंढूक से,
न डरता वह दुशमन से,
न डरता वह तबाही से,
सबकी रक्षा करने वाला,
सबकी सहायता करने वाला
'हे अमर जवान,' तुम्हें सलाम।

शायरी....., इस दिल की....

चल पड़े थे थामने तेरे हाथ को....।
लेकिन तेरे हाथ में किसी और को हाथ।।.....
.....न सह सकी मैं...., मुड़कर चल पड़ी.....
पर न चल सका........
......यार ............. तुमने तो मेरी हाथों को कभी छोड़ा ही न था।।

"मत तड़पाओ अपने दिल को किसीकेलिए.....
अगर उसने कभी ठुकरा दिया तो.....
......ये कमबध्त धड़कना ही बंद कर देंगे....।'

**Surya Sekhar**
II B.Sc. Computer Science



# സഞ്ചാരം

ദൂരെ തീരങ്ങളുണ്ട്
തെറ്റിന്റെയറ്റത്തു നിന്ന്
താഴേക്കുള്ള സഞ്ചാരത്തിൽ
എനിക്കത് കണ്ടെത്താൻ
കഴിയുമോ?
കലണ്ടറിന്റെ കുതിച്ചു ചാട്ടത്തിൽ
നീ എന്നെ നീന്താൻ പഠിപ്പിച്ചു
പക്ഷേ,
ഇന്ന് ഞാനാ വിദ്യ മറന്നു പോയി.
പ്രളയങ്ങളിൽ പതയ്ക്കാൻ
ഞാനൊരാലില തേടുമ്പോൾ
നീ അന്വേഷിച്ചത്
ആൽമരമാണ്
അതാണ് ഞാനും നീയും
തമ്മിലുള്ള അന്തരം!
എന്നെ ശ്യൂന്യമാക്കാൻ വെമ്പുന്ന
ഒഴുക്കിൽ പോലും
നീ എന്നെയോ, ഞാൻ നിന്നെയോ
അറിയാൻ ശ്രമിച്ചില്ല
തിരിഞ്ഞൊന്നു നോക്കുമ്പോൾ
ഒരിക്കലും കൂട്ടിമുട്ടാത്ത
സമാന്തര രേഖകളാണു നാം.

Jibina A. S.
I M. A. Malayalam

# മഴ ഓർമ്മപ്പെടുത്തുന്നത്

ഓർമ്മയിലെ
മഴക്കാലങ്ങൾക്ക്......
മനസിൽ കവിതയുടെ
നടവരമ്പുകൾ തീർത്ത
യു.സി.യിലെ
മഴച്ചാലുകൾക്ക്........
മഴക്കാറ്റുപോലെ ആർദ്ര
മായ സൗഹൃദങ്ങൾക്ക്....
പിന്നെ......
നിനക്കും......

ആർദ്രഭാവങ്ങളെല്ലാമഴിച്ചിട്ട്
പുറത്തു മഴയാണ്.....
ഈ മഴ പെയ്തൊഴിയാതിരിക്കട്ടെ..
അതെന്റെ അലസതയുടെയോ
സുഖവാഞ്ഛയുടെയോ പ്രാർത്ഥന......
സത്യമല്ല...
മഴ നിലയ്ക്കും.....
മാനം തെളിയും...
പെയ്തൊഴിഞ്ഞുപോയി
വീണ്ടും ആഞ്ഞുനിൽക്കുന്ന
മേഘങ്ങൾക്കിടയിൽ ..........
നമ്മൾ മനുഷ്യർ വീണ്ടും
നടന്നു പോകും .......
തളം കെട്ടിനില്ക്കുന്ന വെള്ളത്തിൽ
പ്രതിബിംബങ്ങൾ സംസാരിക്കും
ജലം അതിന്റെ ഉപരിതലത്തിൽ
മനുഷ്യന് മുകളിലും താഴെയുമായും
ഉള്ളിലേക്കും ഉള്ളിൽ നിന്നുമായും
ഒഴുകിക്കൊണ്ടിരിക്കും....
മഴ ഓർമ്മപ്പെടുത്തുകയാണ്
ഞാനും നീയും പ്രവാഹം മാത്രമാണെന്ന്....
പരിണാമത്തിന്റെ
ഭാവങ്ങൾ മാത്രമാണെന്ന്
മഴ പെയ്യട്ടെ... എനിക്കു വേണ്ടിയും..............
നിനക്കു വേണ്ടിയും..................


...................................
Midhun Murali
I M. A. Malayalam




# പരിപ്പുവട, കട്ടൻ ചായ മൂന്നരപ്പതിറ്റാണ്ട് ചരിത്രം

നവതിയുടെ നിറവിലെത്തി നിൽക്കുന്ന യുസിയുടെ ലിഖിത ചരിതം യുസി കോളേജുമായി ബന്ധപ്പെട്ടു ഓരോരുത്തർക്കും സുപരിചിതമാണ്. പഠിച്ചിറങ്ങിയ വിദ്യാർത്ഥിയുടെയും സേവനമനുഷ്ഠിച്ച അദ്ധ്യാപകരുടെയും പെരുമ കാത്തു സൂക്ഷിച്ചു പോരുന്ന മൂല്യങ്ങളുടെ മഹാത്മ്യം ഇതെല്ലാം യുസിയുടെ ലിഖിത ചരിത്രത്തിന്റെ മുഖമുദ്രയാണ്. അക്കാദമിക മേഖലകളിലെല്ലാം അംഗീകൃത ചരിത്രത്തിൽ നിന്നു വിട്ടു ചിന്തിക്കുന്ന പ്രവണത നിലനിൽക്കേ തൊണ്ണൂറു വർഷത്തെ ചരിത്രത്തെ അംഗീകൃത ചരിത്രത്തിന് പുറമേനിന്നു വീക്ഷിക്കേണ്ടതും സുപ്രധാനമാണ്.

രേഖപ്പെടുത്തിയവയ്ക്കപ്പുറവും ഇപ്പുറവും എന്തായിരുന്നു യുസി കോളേജ് എന്ന അന്വേഷണത്തിന്റെ ആദ്യ ചോദ്യം അത്തരമൊരു ചരിത്രത്തിന്റെ ശ്രോതസ്സ് ലഭ്യമാക്കുന്നത് എവിടെ നിന്നാണ് എന്നത് തന്നെയാണ്. ഏകദേശം ഒരു നൂറ്റാണ്ട് കാലത്തോളമെത്തുന്ന ചരിത്രം യുസിയുടെ മാത്രം ചരിത്രമല്ല കോളനിവത്ക്കരണത്തിന്റെ അവസാനഘട്ടവും ദേശീയ പ്രസ്ഥാനങ്ങളുടെ മുന്നേറ്റവും ഉത്തരാധുനിക ചിന്തകളുമെല്ലാം ഈ 90 വർഷത്തിന്റെ ഭാഗമാണ്. ഒരു ഉത്തമകലാലയമെന്ന നിലയിൽ യുസി ചരിത്ര ഗതിയിൽ ഏതെല്ലാം രീതികളിൽ ഇടപെടലുകളും യുസി എന്ന വിദ്യാഭ്യാസ കേന്ദ്രം പുറപ്പെടുവിച്ച വിദ്യാർത്ഥി സമൂഹത്തിന്റെ രൂപപ്പെടലുകളും രൂപാന്തരണവും എത്തരത്തിലായിരുന്നു എന്നതിന് ലിഖിത ചരിത്രങ്ങൾക്കപ്പുറം വ്യാപരിക്കേണ്ടതുണ്ട്. ലിഖിത ചരിത്രത്തിന് രേഖപ്പെടുത്തലിന്റെയും വസ്തുതാവിവരണത്തിന്റെയും ഭാഷയാണ് അതല്ലാത്ത ചരിത്ര സമീപനത്തിന് കേട്ടറിവുകളുടെ വാമൊഴി വിവരണങ്ങളുടെയും അതിൽ നിന്നുൾക്കൊള്ളുന്ന ദർശനങ്ങളുടെയും രൂപമാണ്.

മൂന്നരപതിറ്റാണ്ട് കാലം യുസി കോളേജിന്റെ ഒഴുക്കിന്റെ ഭാഗമായിരുന്ന ഒരു വ്യക്തിയിലൂടെയാണ് ഈ ചരിത്രം വായിച്ചെടുക്കുന്നത്. ലിഖിത ചരിത്രത്തിന്റെ കല്പിത പൂർണ്ണതകളുടെ അഭാവം നിലനിൽക്കേ തന്നെ അപൂർണ്ണതയുടെ (മറ്റൊരു തലത്തിലെ വ്യത്യസ്തമായ പൂർണ്ണത തന്നെയാണത്) ചരിത്ര സൗന്ദര്യം പറഞ്ഞു തരുന്നത് കാന്റീനിലെ രാജൻ ചേട്ടനാണ്.

35 വർഷമായി യു.സി. കോളേജ് കാന്റീനിന്റെ ഭാഗമായ ശ്രീ രാജശേഖരൻ കൗമാരപ്രായത്തിലാണ് യു.സി. കോളേജിൽ എത്തുന്നത്. പിന്നീടങ്ങോട്ട് കാന്റീനിന്റെ ഭാഗമായ അദ്ദേഹം മുഖ്യ പാചകക്കാരനായി മാറിയിട്ട് ഏകദേശം 20 വർഷങ്ങൾ പിന്നിടുന്നു. "ഇന്നു കാന്റീൻ നിലനിൽക്കുന്നത് തന്നെ രാജൻ ചേട്ടന്റെ കൈപുണ്യം കൊണ്ടാണ്. ഇത്രയും



വർഷം ഒരേ സ്ഥാപനത്തിൽ തുടർന്നു പോന്നത് തന്നെ അദ്ദേഹത്തിന്റെ നല്ല വ്യക്തിത്വത്തിനുദാഹരണമാണ് ". കാന്റീൻ നടത്തിപ്പുകാരൻ ശ്രീ പ്രദീപ് അഭിപ്രായപ്പെടുന്നു. യു.സി. കോളേജിന്റെ രാത്രികൾ ഏറ്റവും അധികം കണ്ട വ്യക്തിയാണ് രാജൻ ചേട്ടൻ. യു.സി. യിലെ വിദ്യാർത്ഥികളുമായി അദ്ധ്യാപകരെക്കാൾ അടുപ്പം കാത്തു സൂക്ഷിക്കുന്ന വ്യക്തി. പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുമായി ഏറ്റവുമധികം സൗഹൃദം കാത്തു സൂക്ഷിക്കുന്നതും ഇദ്ദേഹമാണ്.

വിദ്യാർത്ഥികൾ ഒരുമിച്ചുകൂടിയിരുന്ന യുസി

യുടെ പ്രധാന ഇടം കാന്റീൻ തന്നെയായിരുന്നു എല്ലാക്കാലത്തുമെന്ന് രാജൻചേട്ടൻ ഓർമ്മിക്കുന്നു. കൂടുതലും സൗഹൃദചർച്ചകളാണ് ഇവിടെ നടന്നിരുന്നതെന്നും, അല്ലാതെയുള്ള അക്കാദമികചർച്ചകൾ ഒറ്റപ്പെട്ടും മറ്റും കണ്ടുതുടങ്ങിയത് അടുത്തകാലഘട്ടത്തിലാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

ക്യാംപസിന്റെ പൊതുസ്ഥലങ്ങളിൽ ആരോഗ്യകരമായ അക്കാദമിക ചർച്ചകൾ ഈ മൂന്നരപ്പതിറ്റാണ്ട് കാലയളവിനിടക്ക് വളരെ അപൂർവ്വമായി മാത്രം നടന്നിരുന്നു എന്ന ഖേദകരമായ വസ്തുത എന്തുകൊണ്ടാണ് നിലനിന്നത് എന്ന്, പാരമ്പര്യ മഹിമയുടെ ഒരു കലാലയത്തിന്റെ ഭാഗമായ ഓരോരുത്തരും ചിന്തിക്കേണ്ടതുണ്ട്.

കാന്റീനിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ ഹാളിലിരുന്ന് ഭക്ഷണം കഴിക്കാവുന്ന തരത്തിലുള്ള സാഹചര്യം ഉണ്ടായിട്ട് വളരെ കുറച്ച് വർഷങ്ങളെ ആയിട്ടുള്ളൂ. അതിന് മുൻപ് വെവ്വേറെ വേർതിരിച്ചവയായിരുന്നു ഇരുകൂട്ടരുടെയും ഇടങ്ങൾ. വിമർശനാത്മകമായി വിലയിരുത്തുകയാണെങ്കിൽ, സ്ത്രീപുരുഷസമത്വത്തിന്റെ ചിന്താധാരകൾക്ക് ഒരു നൂറ്റാണ്ടോളം പഴക്കമെത്തിയിട്ടും ഒരു അക്കാദമിക ഇടത്തിനുള്ളിൽപ്പോലും ഇത്തരം സങ്കുചിതമനോഭാവങ്ങളുടെ മതിലുകൾ നിലനിന്നിരുന്നുവെന്നത് ഖേദപൂർവ്വം നിരീക്ഷിക്കേണ്ടിവരുന്നു. യൂണിയൻ പ്രവർത്തനങ്ങളും നാടകസമിതി പ്രവർത്തനങ്ങളും രാത്രിപോലും പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്ന കാലഘട്ടം യുസി കോളേജിനുണ്ടായിരുന്നു എന്ന് രാജൻ ചേട്ടൻ പറയുന്നു. അത്തരം പ്രവർത്തനങ്ങളിൽ ഹോസ്റ്റൽ വിദ്യാർത്ഥികളായിരുന്നു കൂടുതലും ഉൾക്കൊള്ളിച്ചിരുന്നത്. കുറച്ച് വർഷങ്ങളായി മാത്രമാണ് അത്തരം അതിസജീവമായ പരിവർത്തനങ്ങൾ യൂണിയനുകളുടെയും സാംസ്കാരികവേദികളുടെയും ഭാഗത്തുനിന്ന് കുറഞ്ഞത്. നീണ്ടു നിന്നിരുന്ന അതിശക്തമായ സമരങ്ങൾക്കും യുസി കോളേജ് എല്ലാക്കാലത്തും സാക്ഷ്യം വഹിച്ചിട്ടുണ്ട്. അത്തരത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട ഒരു സമരം അടുത്തകാലത്ത് സാംസ്കാരികവേദികൾ അനുവദിച്ചുകിട്ടാൻ നടന്ന സമരമായിരുന്നുവെന്നും അദ്ദേഹം ഓർക്കുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങൾ എല്ലാക്കാലത്തും വിദ്യാർത്ഥിസംഘടനകൾ സജീവമായി നയിച്ചിരുന്നു, പലപ്പോഴും മാനേജ്മെന്റിന്റെ എതിർപ്പുകളെ നേരിട്ടുകൊണ്ടുതന്നെ. ഇതോടൊപ്പം തന്നെ ചേർക്കേണ്ടതാണ് യുസിയൻ രാഷ്ട്രീയം. എല്ലാ കാലഘട്ടത്തിലും അക്രമരഹിതമായി തന്നെയാണ് നിലകൊണ്ടിരിക്കുന്നത് എന്ന മഹത്തായ വസ്തുത. മറ്റ് NSS, NCC സംഘടനകളുമായി വളരെ വൈകാരികമായി തന്നെ ചേർന്നു പ്രവർത്തിച്ച വ്യക്തിയാണ് രാജൻ ചേട്ടൻ. വർഷങ്ങളായി NSS ദശദിന ക്യാംപിന്റെ ഒഴിച്ചു കൂടാനാവാത്ത ഒരു ഘടകം തന്നെയാണ് രാജൻ ചേട്ടൻ പാചകം ചെയ്യുന്ന ഭക്ഷണം. ക്യാംപുകളിൽ ഇത്രത്തോളം സജീവമായിരുന്നത് കൊണ്ട് തന്നെ NSS പൂർവ്വ വിദ്യാർത്ഥികളുടെ സ്നേഹവും ഏറ്റവും കൂടുതൽ ഏറ്റു വാങ്ങുന്ന വ്യക്തിയാണദ്ദേഹം. NSS ന്റെ പ്രവർത്തനങ്ങൾ ഏറ്റവും അധികം കാര്യക്ഷമതയോടെ നടക്കുന്നത് അവസാന രണ്ടു വർഷങ്ങളിലായാണ് എന്നദ്ദേഹം എടുത്തു പറയുന്നു. സ്പോർട്സ് വിഭാഗവും എല്ലാക്കാലവും കാര്യക്ഷമമായിരുന്നു. യുസി കോളേജിൽ ഏറ്റവും അധികം അദ്ദേഹം ഓർക്കാനിഷ്ടപ്പെടുന്ന കാലം പ്രിൻസിപ്പാൾ ശ്രീ രാജൻ വർഗ്ഗീസ് സാറിന്റെ കാലഘട്ടമാണ്. പ്രവർത്തനങ്ങൾ കൊണ്ടും ഇടപെടലുകൾ കൊണ്ടും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇടയിൽ ഒരു പോലെ ജനകീയനായിരുന്ന പ്രിൻസിപ്പാളായിരുന്നു ശ്രീ രാജൻ വർഗ്ഗീസ് എന്നും അദ്ദേഹം ഓർക്കുന്നു.

ഇതിനോടു ചേർത്തു വായിക്കാൻ കഴിയുമ്പോഴാണ് ചരിത്രത്തിന്റെ അനവധി തലങ്ങൾ വ്യക്തമാവുക. അത്തരമൊരു ചരിത്രത്തിന്റെ ജീവിക്കുന്ന സാക്ഷിയാണ് യുസിയൻ വിദ്യാർത്ഥികളുടെ സ്വന്തം രാജൻ ചേട്ടൻ.

തയ്യാറാക്കിയത്
Anu
Ramesh
Syam



# ഒരിക്കൽക്കൂടി



മകൾ ക്ലാസിൽ നിന്നും പതിവില്ലാതെ വളരെ വിഷാദയായാണു വീട്ടിലേക്കു വന്നത്. അവൾ ബാഗ് താഴെ വച്ച് കട്ടിലിൽ കയറികിടന്നു. ഞാൻ അവളുടെ അടുത്തേക്കു ചെന്നു അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. "അമ്മേ, ഇന്ന് കോളേജിലെ അവസാന നിമിഷമായിരുന്നു." അവളുടെ സ്വരം ഇടറിയിരുന്നു. അവളെ സമാധാനിപ്പിക്കാൻ ഒരു വാക്കു പോലും പറയാൻ അവൾക്കു കഴിഞ്ഞില്ല. കാരണം താനും ഈ ഒരവസ്ഥ നേരിട്ടിട്ടുണ്ടല്ലോ.

21 വർഷങ്ങൾക്കു ശേഷം വീണ്ടും അവൾ തന്നിലെ മറവിയുടെ മറ നീക്കി പുറത്തു വന്നു. ഉരുകുന്ന ക്യാംപസ് ജീവിത്തിലെ ഓർമ്മകളെ പുതുക്കി ചികഞ്ഞെടുത്ത് ഓർത്തു വയ്ക്കാൻ കാര്യമായി ഒന്നുമില്ലാത്ത തന്റെ ജീവിതത്തിലെ ആകെയുള്ള ഏതാനും ഏടുകൾ മാത്രമായിരുന്നു അവ.

അന്നു ക്യാംപസിന്റെ ഇടനാഴികളിൽ ഈണം തെറ്റാതെ കൊലുസിന്റെ നാദമുയർത്തി നിശബ്ദതയുടെ കിലുക്കാം പെട്ടിയായി മാറിയ അവളെ കുറച്ചു നേരം അവൾ ഓർത്തു. അവളുടെ ബാല്യം മുതൽ അവൾ ഏകയായിരുന്നു. തനിക്ക് ആശ്വാസം നൽകിയത് തന്റെ കലാലയ ജീവിതമായിരുന്നു. ഒരു പാടു നാളത്തെ സൗഹൃദം നിറഞ്ഞ ക്യാംപസ് ജീവിതത്തിൽ അവൾക്കു ധാരാളം സുഹൃത്തുക്കൾ ഉണ്ടായിരുന്നു. അവിടെനിന്നായിരുന്നു, അവരിൽ നിന്നായിരുന്നു തന്നിൽ ആശയങ്ങൾ നിറഞ്ഞത്. തന്നിലെ വൃന്ദസ്വപ്നങ്ങൾ ഉണർന്നത് അവിടെ നിന്നായിരുന്നു. തന്നിൽ ഒരു പുതിയ വ്യക്തിത്വം രൂപപ്പെട്ടത് അവിടെ വച്ചായിരുന്നു തന്നിൽ ആദ്യം പ്രണയം വിടർന്നതും.

തന്റെ പ്രണയം നിലാവു പോലെ അവനെ പുതപ്പിച്ചിരുന്നു മൗനത്തിന്റെ ക്രൂരഹസ്തങ്ങളായിരുന്നു അന്നു തമ്മിൽ അകറ്റിയിരുന്നത് പ്രണയസമ്പാദ്യമായി എന്നിലവശേഷിച്ചതു ഒരു പിടി വാക്കുകളും പ്രണയത്തിന്റെ എക്കാലത്തെയും ശാപമായ ഒരു കുന്നോളം ഓർമ്മകളും മാത്രമാണ്.

അതു പോലെ വിദ്യയുടെ ഓരോ പടികൾ കയറുമ്പോഴും ജീവിതസങ്കല്പത്തിന്റെ ഓരോ പടിയും കൂടി കൂടി വരുന്നതായി അന്ന് തനിക്ക് അനുഭവപ്പെട്ടിരുന്നു ആ തോന്നലാകാം എന്നെ ഇന്നത്തെ ഈ നല്ല ജീവിത നിലയിലേക്കുയർത്തിയത്; എന്നെ ഞാനാക്കിയത് ഒരു പക്ഷേ അതു കൊണ്ടു മാത്രമാകാം ദുഃഖങ്ങൾ ഹൃദയത്തിനുള്ളിലൊതുക്കി മനോഹരമായി പുഞ്ചിരിക്കുവാൻ എനിക്കു കഴിയുന്നതും.

ഞങ്ങൾ അന്നു പങ്കുവച്ചത് കഥകളായിരുന്നോ - കവിതകളായിരുന്നോ - അതോ ഏതാനും വർഷത്തെ ജീവിതാവസ്ഥകളോ - അതോ ഒരായുസ്സ് മുഴുവനുമോ? എന്റെ കലാലയമാദ്യമെന്റെ സ്വപ്നമായിരുന്നു; പ്രതീക്ഷയും പിന്നീടത് സ്വപ്നസാഫല്യവുമായി. ഇപ്പോൾ അത് താൻ കണ്ടു മറന്ന ഒരു കുട്ടുകുടുംബമാണ് കണ്ടുതളർന്ന ഒരു സ്വപ്നമാണ്. ഒരു പക്ഷേ എനിക്കായി പങ്കുവച്ച് എന്റെ പ്രിയ കൂട്ടുകാരിയുടെ സുഹൃത്തുക്കളുടെ ഉൾത്തുടിപ്പുകളാവാം എന്നെ ഇന്നു കൂടുതൽ സങ്കടപ്പെടുത്തുന്നത് ഇന്ന് ആ ഉൾത്തുടിപ്പുകൾ എന്നിൽ നിന്നും അന്യം നിന്നു പോയിട്ടുണ്ടാകുമോ? ഏകദേശം എന്റെ ജീവിതാസ്വാദനത്തിന്റെ അവസാനഘട്ടത്തിലെത്തി നിൽക്കുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ ഞാൻ മറ്റുള്ളവരെ നോക്കി ഒരു ചുമട് ഓട്ടോഗ്രഫിനുള്ളിൽ തന്റെ കലാലായ ജീവിതം ഒതുക്കാനുള്ള തിരക്കിലായിരുന്നു... ഞാനും അവരെ പിൻതുടർന്നു

അന്നു ഞാനെന്റെ പ്രിയ സുഹൃത്തിന്റെ ഓട്ടോഗ്രാഫ് ചോദിച്ചു. അവൾ നിറഞ്ഞ കണ്ണുകളുമായി എന്നെ നോക്കി. ഞാൻ പറഞ്ഞു "പലരും അനുവാദം കൂടാതെയാണു ജീവിതത്തിലേക്കു കടന്നു വരുന്നത്. അനുവാദം കൂടാതെ പോകാനുള്ള അവകാശമുണ്ട് നീ തടയരുത്."

ജീവിതം ഒരു കടലാസു തോണിയെ പോലെ ഓളങ്ങളിലും തീരങ്ങളിലും മുങ്ങിത്താഴുമ്പോൾ ഓളത്തിനും തീരത്തിനുമറിയില്ലല്ലോ മുങ്ങിത്താഴുന്ന കടലാസു തോണിയുടെ മനസ്സ്.

ആഹ്ലാദ വേളകൾ തല്ലിത്തകർത്തു വിധിയുടെ കരങ്ങൾ തന്നിലേക്കണഞ്ഞപ്പോൾ ആ കാലത്തെ ഓർത്തു നെടുവീർപ്പെട്ടു കരയാനാകാതെ വിങ്ങുന്ന മനസ്സുമായി അവൾ തന്റെ മകളോടു പറഞ്ഞു.

അവരെല്ലാം നമ്മുടെ ജീവിതത്തിൽ അനുവാദം കൂടാതെ വന്നവരാണ് അവരെ നമ്മൾ തടയരുത് അവര് പൊയ്ക്കോട്ടെ. തന്റെ കണ്ണുകൾ പതുക്കെ നിറഞ്ഞ് ഒഴുകുന്നത് മകൾ ശ്രദ്ധിക്കുന്നുണ്ടെന്നു മനസിലാക്കിയ അവൾ പതുക്കെ നടന്നു അവളുടെ ആ ദിവസത്തെ ലോകത്തേക്ക്...

Shamila V A
II BSc Zoology

# ഭൗതികശാസ്ത്രവും - തത്വശാസ്ത്രവും -

## ഒരവിശ്വസനീയ ബന്ധത്തെപ്പറ്റിയുള്ള പഠനം



## Physics & Philosophy - A Study on Extraordinary Relation

ശാസ്ത്രവും ഫിലോസഫിയും തമ്മിലെന്താണ് ബന്ധം? യഥാർത്ഥത്തിൽ ഇവ രണ്ടും ഒരേ തോണിയുടെ രണ്ടു തുഴച്ചിൽക്കാരാണ്. രണ്ടും ജീവിതവുമായി അങ്ങേയറ്റം ബന്ധപ്പെട്ടു കിടക്കുന്നവയാണ്. രണ്ടും ശാസ്ത്രലോകത്തെ എന്നും വിസ്മയിപ്പിച്ചിട്ടുള്ളവയാണ്.

ഐസക് ന്യൂട്ടൺ എന്ന മഹാനായ ശാസ്ത്രജ്ഞനെ ഓർക്കുന്നില്ലേ ? തലയിൽ ആപ്പിൾ വീണ അതേ ന്യൂട്ടൺ തന്നെ ഭൗതിക ശാസ്ത്രത്തിന്റെ പഴയ പതിപ്പായ ക്ലാസിക്കൽ ഫിസിക്സിന്റെ കുലപതി, ന്യൂട്ടന്റെ കൃത്യതയാർന്ന നിയമങ്ങളാണ്, ഭൗതികശാസ്ത്രവും ഫിലോസഫിയും തമ്മിലുള്ള ബന്ധം പുറത്തു കൊണ്ടു വന്നത്.

### ന്യൂട്ടന്റെ ഒന്നാം നിയമം ( Newton's First Law)

Every body Continues to be in its state of rest or uniform motion untill a force (external) acts on it.



മനുഷ്യന്റെ സ്വതസിദ്ധമായ മാനസിക അവസ്ഥയെയാണ് ഇത് കാണിക്കുന്നത്. ഏതൊരു വ്യക്തിക്കും സ്വന്തം അവസ്ഥയിൽ തുടരുവാനുള്ള പ്രേരണ ഉണ്ടായിരിക്കും. ഒരു ബാഹ്യശക്തിയുടെ ഇടപെടൽ മാത്രമേ ആ അവസ്ഥയിൽ നിന്നും അയാളെ പിന്തിരിപ്പിക്കുവാൻ സഹായകമാവുകയുള്ളൂ. അതിനുള്ള ഏറ്റവും നല്ല ഉദാഹരണം നമ്മുടെ വിദ്യാർത്ഥി സമൂഹമാണ്. ഉഴപ്പലും അലമ്പരുമായ കുട്ടികളെ നേർവഴിക്കു കൊണ്ടു വരാൻ ഒരു നല്ല ബാഹ്യശക്തിക്കേ സാധിക്കൂ.

### ന്യൂട്ടന്റെ രണ്ടാം നിയമം (Newton's Second Law)

The rate of change of momentum of a body is directly proportional to the applied force and the change takes place in the direction of the force.




The same force exerted on a larger mass produces a correspondingly smaller acceleration

ഒന്നാം നിയമത്തിന്റെ പിൻ തുടർച്ചയാണ് രണ്ടാം നിയമം. ഇവിടെ momentum എന്നുദ്ദേശിക്കുന്നത് ഒരു വസ്തുവിന് അവസ്ഥയിൽ തുടരുവാനുള്ള ത്വരയാണ്. തീർച്ചയായും ബാഹ്യ ശക്തിയുടെ പ്രേരണയിൽ നീങ്ങുന്ന ഒരു വ്യക്തിയുടെ മനസ്സ് അതേ ദിശയിലാണ് നീങ്ങുന്നത്.

ഇപ്പോൾ മിണ്ടാതിരുന്നാൽ....




## ന്യൂട്ടന്റെ മൂന്നാം നിയമം (Newton's Third Law)

To every action, there is an equal and opposite reaction



ജീവിതത്തിലെ ഏറ്റവും വലിയ തത്വം ഏതു പ്രവൃത്തിക്കും അതിനെഎതിർക്കാൻ കഴിവുള്ള തുല്യ പ്രവൃത്തി ഉണ്ടാകുമെന്നാണ്. ഒരു രാത്രിയുണ്ടെങ്കിൽ പകലുണ്ടെന്നുള്ളത് സംശയമില്ലാത്ത കാര്യമാണ്. സുഖവും ദുഃഖവും ജീവിതത്തിന്റെ തന്നെ രണ്ടു മുഖങ്ങളാണ്. ഒരിക്കലും ഇതിലൊന്നു മാത്രമായി നടക്കില്ല. ഒരു പാടു സന്തോഷിക്കുന്ന ഒരു വ്യക്തിക്കും കുറേ നേരം കഴിഞ്ഞാൽ അറിയാതെ ഒന്നു കരയാൻ തോന്നും അത് മനസ്സിന്റെ ഒരു തത്വമാണ്.

ന്യൂട്ടന്റെ ഓരോ നിയമങ്ങളും മനുഷ്യ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെയാണ് ചിത്രീകരിക്കുന്നത്. ന്യൂട്ടനുശേഷം ശാസ്ത്രലോകം കണ്ട ഏറ്റവും മഹാനായ ശാസ്ത്രജ്ഞനാണ് ആൽബർട്ട് ഐൻസ്റ്റൈൻ. ആപേക്ഷിക സിദ്ധാന്തവും ഫോട്ടോ ഇലക്ട്രിക് ഇഫക്ടും ശാസ്ത്രലോകത്തിന് സമ്മാനിച്ച അദ്ദേഹവും ഫിലോസഫിയോട് കൂറ് പുലർത്തിയിരുന്നു. ആപേക്ഷികസിദ്ധാന്തത്തിന്റെ മൂലതന്തുവാണ് എല്ലാം ആപേക്ഷികമാണ് എന്നുള്ളത്. ഭൗതിക ശാസ്ത്രം അതിനെ നീളം ചുരുക്കൽ എന്നും സമയം വർദ്ധിക്കൽ എന്നും മനസിലാക്കുമ്പോൾ ഫിലോസഫി അതിന് കൊടുക്കുന്ന മാനങ്ങൾ പലതാണ്. ഒന്നും ഒരിക്കലും സ്ഥിരമല്ല. എല്ലാം ആപേക്ഷികമാണ്. ഒരു വ്യക്തിയുടെ ജീവിതം അവനുമായി ബന്ധപ്പെട്ട മറ്റു വ്യക്തികളിൽ നിക്ഷിപ്തമാണ്.

അത് അവന്റെ ചുറ്റുപാടിനെ ആശ്രയിച്ചിരിക്കുന്നു. എല്ലാം മായയാണ് എന്ന് മഹർഷിമാർ പറയുന്നതും ഇതു തന്നെ. ഒരാൾ ഒരു സംഭവത്തെ അല്ലെങ്കിൽ ഒരു വസ്തുവിനെ വീക്ഷിക്കുന്നതുപോലെയല്ല മറ്റൊരാൾ അതിനെ വീക്ഷിക്കുന്നത്. വീക്ഷണവും അപേക്ഷികമാണ്. ലോകശാസ്ത്രത്തെ ഞെട്ടിച്ച ആപേക്ഷിക സിദ്ധാന്തത്തിന് ഇത്ര ലളിതമായ വിഭാവനം നൽകാൻ മറ്റ് ഏത് വിഷയത്തിനാണ് സാധിക്കുക ഐൻസ്റ്റൈനുശേഷം പലസിദ്ധാന്തങ്ങളും ശാസ്ത്രലോകത്തിൽ വന്നും പോയും കൊണ്ടിരുന്നു എല്ലാം മഹത്തരം. എല്ലാത്തിനും ഉറപ്പായും ഫിലോസഫിയുമായി ബന്ധവുമുണ്ടായിരുന്നു. എന്നാൽ പ്രപഞ്ചത്തിന്റെ അടിസ്ഥാനതത്വം നിർവചിക്കാൻ കെൽപ്പുള്ള ഏറ്റവും പുതിയ സിദ്ധാന്തമാണ് കയോസ് (chaos) അഥവാ അസ്ഥിരത കയോടിക് ചലനം എന്ന നിയമമനുസരിച്ച് അസ്ഥിരമായ ഏതു വസ്തുവും ഒരു പ്രത്യേക സമയം കഴിയുമ്പോൾ സ്ഥിരത (stability) കൈവരിക്കുന്നതാണ്. പ്രപഞ്ചത്തിൽ ഏതു വസ്തുവും, ഏതു സംവിധാനവും ഇതേ നിയമമാണ് പിൻതുടരുന്നത്. എന്തിനേറെ പറയുന്നു. മനുഷ്യമനസ്സിന്റെ മൂലസ്വഭാവവും ഇതു തന്നെയാണ്. ഒരു പാട് അസ്ഥിരതകളിൽപെട്ട് ചാഞ്ചാടുന്ന മനസ് എന്നെങ്കിലും എപ്പോഴെങ്കിലും സ്ഥിരത കൈവരിക്കും. കാരണം അതാണ് പ്രകൃതിയുടെ നിയമം, ഭൗതികശാസ്ത്രത്തിന്റെ നിയമം. ഭൗതികശാസ്ത്രം എന്നത് ബുദ്ധിയുള്ളവർക്കു മാത്രം പഠിക്കുവാനും ചിന്തിക്കുവാനുമുള്ള ശാസ്ത്രമല്ല. ജീവിതത്തിന്റെ നിർവചനങ്ങൾ അറിയുവാൻ താൽപര്യമുള്ള ഏതൊരു സാധാരണക്കാരനും ഒന്നു ശ്രമിച്ചാൽ എളുപ്പം ഗ്രഹിക്കത്തക്കവിധമുള്ള ഒരു കടങ്കഥയാണ്. ന്യൂട്ടനും, ഐൻസ്റ്റൈനും, ഹോക്കിങ്ങ്സും പിന്നെ വരും തലമുറയിലെ പുതിയ ശാസ്ത്രകുതുകികളും ചേർന്ന് ചുരുളഴിക്കാൻ ശ്രമിക്കുന്ന ഒരു വലിയ കടങ്കഥ. ഉത്തരമില്ലാത്ത ഒരു കടങ്കഥ.

Divya Divakaran
III B.Sc. Physics

# JAIN TEMPLE



The mountains of Wyanad have a history of thier own. The centuries have seen armies march through its passes, blood flow in its jungles, civilizations grow and disappear and a variety of people inhabit its land. One reminder of this nearly forgotten past is the few abandoned stone temples, imposing relics of an era lost in history. These shrines believed to have been used by Jain migrants from Karnataka are vestiges of a bygone culture. An age before the Wyanad of today, before the battles, before the plantations and long before the tourist traffic. The astounding architecture of the buildings leads us to believe that they were built during the reign of the Hoysalas.

The temple at Sulthan Bathery is a renovated, well maintained complex frequented by tourists. The opposite can be said about the shrines at Punjavayal of a few kilometers northeast.These two temples justover a kilometer apart are crumbling stone buildings;this somehow seems to enhance thier beauty. They seem to have a certain virginity to them that the renovated temple lacks. Moreover unlike the temple at Bathery these shrines are adorned with a layer of carvings of human and animal forms, artistic masterpeices that have all but lost their charm. Their pillars are adorned with magnificiant depictions of minstrels, animals and gods. These majestic peices of art have survived the coarse tests of nature. The woman of stone, look as beautiful as they were hundreds of years ago. The dark interior of the temple is shrouded in an eerie silence, water trickles down its cracks as if the structure was bleeding. Nothing remains inside the sanctum sanctorum, but the echoes of thousands of workshipers still resonate with in its walls. The premises of the temples are littered with damaged remains of once extensive complex. Ruined stone steps and disintegrated pathways, the local legends speak of a stone path connecting the two temples. But this has disappeared with the eroding forces of time.

The minstrels who live in these walls are enticing beauties who stare at us, like they have at the thousands of others before us. They are silent witnesses, who have seen the land change. If only they could speak, they would have told us of the rise and fall of bustling Jain 'bastrs' of the jungles, that then grew over the remains, of the travelers who have passed them by, of armies who have shed blood, how the land was claimed once again, only this time for plantations (the temples are still surrounded by fields of coffee) and finally to what it is now. It is a liberating experience knowing that the walls of thus temple we stand in were once filled with people. Who they were and what they did, we may never know, but history does point out that they were much kinder to these. Lands than we are, considering the beliefs of their religion.

Anand
III B. A. History



# യാത്രാമൊഴി

കാലങ്ങളേറെ കടന്നു പോയ് കാറ്റിലെ
കരിയിലകളെന്നപോൽ ഈ കലാലയ വീഥിയിൽ
കനലുകൾ കത്തി കരിയും കണക്കെയെൻ
ഓർമ്മകൾ വീണ്ടുമെൻ മിഴികൾ നനയ്ക്കുന്നു
സ്നേഹതീരം തേടിയലയും പുഴയുടെ
ദാഹമായ് ഇവിടെ ഞാൻ ഒഴുകിയടുത്തതും
ഈ കല്പടവിൽ ഒന്നിച്ചു കുടിയിട്ടിതൾ
വിടർത്തിയ സൗഹൃദ പൂക്കളും
ഇല പൊഴിഞ്ഞു പിന്നെയും പൂത്ത പ്രണയത്തിൻ
സാക്ഷിയായ് തീർന്ന ഈ ഇടനാഴിയും
കച്ച മുറുക്കിയ കലാലയ രാഷ്ട്രീയ
സമരമുഖത്തിലെ ശക്തിയായ് നിന്നതും
ഓണപൂക്കളിലോണ നിലാവൊളി
മേളപ്പെരുമയിൽ അന്നാടി തിമിർത്തതും
സൗഹൃദം പൂക്കുന്ന ഈ ഇടവഴികളിൽ
കൊച്ചു പിണക്കങ്ങൾക്കൊപ്പം നടന്നതും
ഇനി വെറും മായാത്ത ഓർമ്മകൾ മാത്രമായ്
ഈ ചക്കമരത്തണലിൽ സുഖമായുറങ്ങട്ടെ.

Midhun
III B.Sc. CM & E



# RETIREMENTS

## Teaching Staff


Prof. A.C. Ushadevi Kunjamma


Dr. Thomas P. Zachariah


Dr. Mary Alexander


Dr. V. P.Sheela


Ms. Usha Rani


Prof. Sulatha Annie Thomas

## Non - Teaching Staff


Mr. T. C. Jose


Ms. Rosamma Samuel

## PhD Honors


Dr. Mini Alice


Dr. Markose V.P

# NEW APPOINTMENTS



Mr. Alwin Alexander



Ms. Seena Mathai



Ms. Neelima Renjith



Ms.Tresa Devesya T.J



Ms. Twincy Varghese



Dr. Jenee Peter



Ms. Liji Lawrence



Ms. Nino Baby



Ms. Anu Nuthan



Ms. Jeena Joy



Ms. Anumol Jose



Mr.Lyjo K. Joseph

# CONGRATULATIONS



Anu
Kalathilakam



Ance
Kalathilakam



Sreeraj
Kalaprathibha

# UNION CABINET


Mathews Joseph (Chairman)


Haritha. P (Vice Chairperson)


Abu Tahir. C. A. (Gen. Secretary)


Sinto Paul (Magazine Editor)


Ron Antony (Arts Club Secretary)


Sandu John Sajan (U.U.C)


Nithin Thomas (U.U.C)


Neethu Krishna T (Lady Rep)


Geethu T. V (Lady Rep)


Jinto P.A (1st DC Rep)


Sandeep V. Dinesh (2nd DC Rep)


Rahul B. Thomas (3rd DC Rep)


Sreeraj K.S (1st PG Rep)


Rejith K. R (2nd PG Rep)


Najeeb N. M (General Captain)


Athira Reji (Debate Club)


Mohammed Irshad K. K (Canteen Secretary)


Jinesh A.B (SC / ST Secrerary)


Ramesh K. R (Planning Forum)


Anjelo Thomas (Quiz Club Secretary)


Jinto thomas (Cine Club Secretary)


Lt.K.S.Narayanan (Union Staff Advisor)


Dr. Aju K. Narayanan (Arts Club Staff Advisor)


Dr. Sibu M. Eapen (Magazine Staff Advisor)



# COLLEGE UNION INAUGURATION & ARTS DAY

















# UNIVERSITY / STATE / NATIONAL PLAYERS


Vinayesh Kumar
(Basket & Softball)Hockey


Siyad P. S
(Baseball)


Sanoop. S
(Baseball)


Rajesh. C
(Baseball)


Paul John
(Netball)


Krishna Prasad
(Netball)


Yadhu Krishnan
(Netball)


Jayalal K. J.
(Softball)


Prabhath P. T
(Hockey)


Shiju N. Shiju.
(Hockey)


Ramez Rahim
(Hockey)


Jijith. P.
(Hockey)


Bijo. P. R.
(Hockey)


Jithesh. P.
(Hockey)


Ajas. M. A.
(Softball)


Sanu Mohan
(Softball)


Mohammed Mansoor S.F.
(Softball)


Marin P.Jose.
(Netball)


Reghu Zachariah
(Netball)


Sudheesh Kailas
(Hockey)


Chitrasenan R
(Hockey)


Salaj. A. S.
Baseball


Santhosh M.T.
(Judo)


Jackson Antony
( Judo )


Rahul Raj
( Kabadi )

# UNIVERSITY/ STATE/ NATIONAL PLAYERS



SUSAN MATHEW
( Hockey )



PRAVITHA K.
( Netball )



JINU MERRY
(Table Tennis)



ATHIRA ANIL
(Football)



RASHMI R.
(Hockey)



ANU V.S
(Hockey)



NEETHU R.
(Softball, Hockey)



PRAJITHA P.V.
(Hockey)



SHALMA C.K.
(Hockey)



JIMSHEY T.S.
(Hockey)



CHITHRA RAJ
(Softball)

# SPORTS DAY















# VISIT OF Dr. A.P.J. ABDUL KALAM

## Inauguration of Navathy Celebrations



# PRINCIPAL'S REPORT, 2009 - 2010

The year 2009-10 was another year of commendable achievements for Union Christian College. A good number of students secured first, second or third positions in the M.G University examinations of March/ April 2009. The rank holders were

## BA/BSc

| | | |
|---|---|---|
| Ms. Athira T R | Third Rank | B.A Malayalam |
| Ms. Hima J Menon | Third Rank | B.A History |
| Ms. Mizaj K V | First Rank | B.A Psychology |
| Ms. Indu Nair | Second Rank | B.A Psychology |
| Mr. Ajesh Vijayan | Third Rank | B.Sc. Chemistry |
| Ms. Bhagyalakshmi G | First Rank | B.Sc. BT&SP |
| Ms. Ancy Issac | Second Rank | B.Sc. BT&SP |
| Ms. Neethu K U | Third Rank | B.Sc. BT&SP |
| Mr. Renjith R Nair | First Rank | B.Sc. CM&E |
| Ms. Vidhya Krishnan | Second Rank | B.Sc. CM&E |
| Mr. Aneesh K S | Third Rank | B.Sc. CM&E |
| Ms. Athira Sudhakaran | Second Rank | BCA |
| Mr. Latif Sheikh | Third Rank | BCA |

## MA/MSc

| | | |
|---|---|---|
| Ms. Deepa Vijayan | First Rank | M.A Economics |
| Ms. Rafeena C R | Third Rank | M.A History |
| Ms. Sangeetha P S | First Rank | M.A Psychology |

The college fared well in terms of the success rate of students in different courses too. Here are the results of the final year BA/BSc and MA/ MSc examinations 2009.

## A. Undergraduate Courses

| BA/BSc | Number of students appeared | Pass percentage | First Class | Second Class | Third Class |
|---|---|---|---|---|---|
| History | 32 | 84.37 | 6 | 6 | 15 |
| Economics | 58 | 87.93 | 18 | 14 | 19 |
| English | 51 | 88.23 | 9 | 22 | 14 |
| Psychology | 28 | 92.85 | 17 | 5 | 4 |
| Malayalam | 45 | 86.66 | 25 | 9 | 5 |
| Mathematics | 36 | 97.22 | 32 | 3 | 0 |
| Physics | 48 | 95.83 | 37 | 9 | 0 |
| Chemistry | 48 | 89.58 | 40 | 3 | 0 |
| Botany | 27 | 100 | 23 | 4 | 0 |
| Zoology | 26 | 100 | 19 | 7 | 0 |
| BT & SP | 16 | 100 | 14 | 2 | 0 |
| Computer Scien | 32 | 81.25 | 26 | 0 | 0 |
| Computer Maint | 30 | 90 | 22 | 4 | 1 |

| MA/MSc. | Number of Students appeared | Percentage | Distinction | First Class | Second Class |
|---|---|---|---|---|---|
| History | 14 | 100.00 | 0 | 8 | 6 |
| English | 17 | 82.35 | 0 | 14 | 0 |
| Psychology | 5 | 100.00 | 0 | 4 | 1 |
| Economics | 15 | 73.33 | 0 | 6 | 5 |
| Botany | 11 | 81.81 | 3 | 6 | 0 |
| Physics | 15 | 80.00 | - | 4 | 8 |
| Mathematics | 14 | 64.28 | 2 | 7 | - |
| Chemistry | 13 | 92.30 | 5 | 7 | - |
| Malayalam | 17 | 76.47 | | 12 | 1 |
| Biotechnology | 20 | 35.00 | - | 7 | |
| Bioinformatics | 19 | 68.40 | | 13 | |

V562 V562 V562.2 V V562.2

## Choice Based Credit Semester and Grading System

With other colleges under Mahatma Gandhi University, Union Christian College has switched over to the Choice Based Credit Semester and Grading System for the students of first year BA and BSc classes with admissions in 2009.

## Research

Several teachers of the college have undertaken major and minor research projects funded by the UGC and other funding agencies (details later, under 'grants received'). More members of the faculty of the College have become recognised research guides of the M G University. Dr. Sibu M Eapen and Dr. Aju K N of the Department of Malayalam and Dr. Sebastian Joseph of the Department of History are the new research guides.

## Award of PhDs

Mr. M I Punnoose and Ms. Mini Alice of the Department of Malayalam were awarded Ph.D. by Mahatma Gandhi University. Mr. Joe Varghese Yeldho, Department of English was awarded Ph.D. by IIT Kanpur.

Several scholars who did their doctoral research in the research centers of the College have been awarded PhD degrees during this year: Ms. Philomina MT, Ms. Sobha Devi and Ms. Lissy Cherian in Mathematics (research guide: Dr. A Sunny Kuriakose); Ms. K K Vaheeda (Botany; research guide: Dr. Thara K Simon); Ms. Ligy Paul (Botany; research guide: Dr. P Thomas Mathew); Mr. Philip Cherian in History (research guide: Dr. P D Johny); Ms. Tessy Anthony (English; research guide: Dr. P M Chacko) and Ms. Saji K S (English; research guide: Dr. Varghese John)

## Research Journal

The research journal of the College named ***Discourses*** has been revived. The first issue, devoted to Social Sciences and Humanities, already released, is to be followed by an issue devoted to the sciences. V

## Online Journal Database

The College Library has acquired an online journal database, EBSCO, of nearly 3000 academic journals in various disciplines, with financial support from alumni in the US.

## Academic Assignments of Faculty outside the College

V562

Dr. A. Sunny Kuriakose, Department of Mathematics, has taken up assignment as the Principal of BPC College, Piravom.

Dr. David Saj Mathew is currently in the United States, in the second phase of the United Board Freeman Fellowship.

A good number of teachers served as members of the Boards of Studies in the undergraduate and postgraduate sections, and in Boards of Examiners of Mahatma Gandhi University and other universities, and as resource persons in workshops, refresher courses and seminars. Principal Dr. Varghese John served as member of the Academic Council of Mahatma Gandhi University.

## Major Grants, Received and Sanctioned

A grant of Rs. 1, 01,50,000/- has been sanctioned to the College by the University Grants Commission for the 11th Plan period, under the heads of Undergraduate Assistance, Postgraduate Assistance and Merged Schemes Grants. The Department of Science and Technology (DST) has sanctioned Rs. 49,60,000/- under the FIST scheme against a proposal presented by the Botany Department, in addition to the amount allotted earlier to the Chemistry Department. The UGC has sanctioned a further amount of Rs. 56,05,000/- under special scheme for construction of women's hostels during the 11th Plan period and a one time grant of Rs. 10,00,000/- for strengthening of infrastructure

The UGC has sanctioned Minor Research Projects to Dr. E S Jeevanand

( Maths Dept Rs. 1,20,000/-); Dr. P M Kuriachen (Botany; Rs.1,20,000/-); Dr. Muse Mary George ( Malayalam; Rs. 1,20,000/-); and to Dr. Manju M George (Botany; Rs. 1,35,000/-). This is in addition to the ongoing projects of Dr. A Sunny Kuriakose (Maths), Dr. E I Anila (Physics), and Dr. Aju K N (Malayalam). The major research projects of Dr. E S Jeevanand supported by the National Board of Higher Mathematics (NBHM) and of Dr. Rachel Reena Philip funded by the Kerala State Council for Science, Technology and Environment (KSCSTE) are making progress.

The ISRO funded respond project of Dr. A Benny Cherian and Dr. K P Unnikrishnan in the Dept. of Chemistry has reached successful culmination.

## New Initiatives

### *Ford Pathways Programme*

The Centre for the Study of Culture and Society, Bangalore, has selected Union Christian College along with eight other colleges from Maharashtra, Karnataka and Kerala for the Ford Pathways Programme of ICT initiatives and other specified campus initiatives, and offered financial support of Rs. 15 lakhs from the Ford Foundation.

### *Journals Database*

The College has subscribed to the *EBSCO Academic Search Elite*, an online database of nearly 3000 research journals (full text) covering most subjects in the humanities, sciences, and social sciences. This has been funded by *alumni* in the US.

### *Campus Networking and Office Automation*

Networking of the College campus was a major task taken up by the college last year. Various possibilities regarding this have been studied in detail, and steps are under way for the completion of campus networking. The task of office automation, started early in 2009-10 academic year, has not been completed because proper automation can be effected only when the computers are networked.

## New Appointments

Twelve teachers have been newly appointed in permanent posts in different departments during the year. They are Ms. Seena M. Mathai and Dr. Neelima Renjith in Psychology; Ms. Ligi Lawrence and Ms. Nino Baby in Economics; Ms. Anu Nuthan Joshua and Ms. Geena Joy in Mathematics; Ms. T.J Treesa Divya, Dr. Jenee Peter, and Ms. Twincy Varghese in History; Mr. Lyjo K Joseph in Physics; Mr. Alwin Alexander in English; and Ms. Anumol Jose in Botany.

## Guest Lecturers

Nearly twenty guest lecturers served for varying lengths of time in different departments of the college. The college remembers their service with gratitude.

## Additional Responsibilities held by Teachers

The position of a third Dean, Dean for Student Affairs and Public Relations, was created in 2009-10. The names of teachers who held additional responsibilities are given below:

1. Bursar
   Dr. T Thomas Philip
2. Dean, Administration
   Prof. P J Aleyamma
3. Dean, Academic
   Prof. Annie M Thomas
4. Dean, Student Affairs and Public Relations: Lt. K S Narayanan
5. Works Superintendent
   Dr. A Benny Cherian
6. Secretary of the PTA
   Dr. M I Punnoose

7. Secretary of the Staff Council
Prof. A C Ushadevikunjamma

8. Secretary of the Staff Association
Prof. Latha Mathew

9. Staff Advisor of the Placement cell
Dr. Lopez Mathew

